# തീർത്ഥാടനം

## ഏദേൻ മുതൽ പറുദീസ വരെ

## ഒന്നാം ഭാഗം

# ഡോ. മൈക്കിൾ കാരിമറ്റം

പതിനഞ്ചു വർഷക്കാലം തലശ്ശേരി അതിരൂപതയിൽ ബൈബിൾ അപ്പോസ്റ്റോലേറ്റിന്റെ ഡയറക്ടറായും നാലുവർഷം മുരിങ്ങൂർ ഡിവൈൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പലായും പ്രവർത്തിച്ച ഡോ. മൈക്കിൾ കാരിമറ്റം 2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരിയിൽ അദ്ധ്യാപകനായി 20 വർഷം സേവനം അനുഷ്ഠിച്ചതിനുശേഷം ഇപ്പോൾ രൂപതയുടെ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു.

മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ ബൈബിൾ വ്യാഖ്യാനമായ ആൽഫാ ബൈബിൾ വ്യാഖ്യാനത്തിന്റെ ചീഫ് എഡിറ്റർ കൂടിയാണ് അദ്ദേഹം.

## ഞങ്ങൾ പ്രസാധനം ചെയ്ത ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

1. അങ്ങയുടെ ചിറകിൻ കീഴിൽ
2. വെളിപാടുപുസ്തകം ഒരു വ്യാഖ്യാനം
3. കുരിശിന്റെ സുവിശേഷം
4. ആത്മാക്കളുടെ ലോകം
5. പുതിയനിയമത്തിലെ സ്ത്രീകൾ
6. കഴുതകൾ സംസാരിക്കുമ്പോൾ
7. നസ്രത്തിൽനിന്നൊരു പ്രവാചകൻ
8. കാണാപ്പുറം
9. പരാജിതരുടെ സുവിശേഷം
10. വിശ്വാസത്തിന്റെ വേരുകൾ
11. 101 വാഗ്ദാനങ്ങൾ
12. ഗുരുമൊഴികൾ
13. പാതയിൽ പ്രകാശം
14. പ്രത്യാശയിൽ സന്തോഷം
15. ദൈവം, ദൈവപുത്രൻ, ദൈവമാതാവ്
16. മോശയെപ്പോലൊരു പ്രവാചകൻ
17. ഇപ്പോഴെങ്കിലും
18. സഹായകൻ
19. തിരുനാളുകൾ
20. അബ്ബാ - യേശു പഠിപ്പിച്ച പ്രാർത്ഥന
21. കാൽവരിക്കപ്പുറം
22. ജ്യോതിർഗമയ
23. വെളിച്ചംതേടി
24. വഴിവിളക്കുകൾ
25. World of Spirits
26. A Guide to Bible Study
27. Prophet Like Moses
28. The Helper
29. Change the Track
30. Who is Your God
31. Abba - The Prayer Jesus Taught
32. Social Justice in the Bible
33. A Guide to Bible Study
34. Beyond Calvary
35. Hidden Treasure

# തീർത്ഥാടനം

## ഏദേൻ മുതൽ പറുദീസ വരെ

## ഒന്നാം ഭാഗം

ഡോ. മൈക്കിൾ കാരിമറ്റം

pavan atma®
book with a soul

atmabooks@gmail.com

Malayalam
Theerthadanam: Eden muthal Parudeesa vare
(Scripture)
Author: Dr. Michael Karimattam
Copyright: Author

Layout: Sheeja M
Cover Design: Sreejith George

First Published: November 2024
ISBN:

Printed, Published & Distributed by

Atma Books
Pavanatma Publishers Pvt. Ltd.
Parayanchery, Kuthiravattam (P.O.)
Kozhikode - 673 016
Ph: +91 9746077500, +91 9746440800
E-mail: atmabooks@gmail.com
www.atmabooks.com

# ഉള്ളടക്കം


ആമുഖം 07

1. ഏദേൻ - ദൈവത്തിന്റെ ഉദ്യാനം 09
2. ഏദേൻ 2 - ഐക്യത്തിന്റെ പ്രതീകം 11
3. ഏദേൻ 3 - നഷ്ടപ്പെട്ട പറുദീസാ 13
4. നോദ് - ചോരപുരണ്ട നാട് 15
5. അറാറാത്ത് - കപ്പൽ ഉറച്ച കൊടുമുടി 17
6. ബാബേൽ - ചിതറിക്കുന്ന ഗോപുരം 19
7. ഊർ - ഉപേക്ഷിച്ച ഉറവിടം 21
8. ഹാരാൻ - വിട്ടുപോകേണ്ട ഇടത്താവളം 23
9. ഷെക്കെം - ആദ്യതാവളം 25
10. ബേർല്ഹായ് റോയ് - ദൈവത്തിന്റെ കിണർ 28
11. സോദോം - ശാശ്വതമായ താക്കീത് 30
12. ബേർഷെബാ - ശപഥത്തിന്റെ കിണർ 32
13. മോറിയാ - ബലിനിലം 34
14. മക്പേലാ - വാഗ്ദത്തഭൂമിയിലെ ആദ്യത്തെ അവകാശം 37
15. മാമ്റേ - പിതാക്കന്മാരുടെ താവളം 39
16. ഹെബ്രോൺ - പൂർവ്വികരുടെ ശവകുടീരം 42
17. ഗെരാർ - പരദേശിയുടെ പാർപ്പിടം 45
18. കാനാൻ - വാഗ്ദത്തഭൂമി 47
19. ഗോഷെൻ - അടിമത്തത്തിലേക്കു നയിച്ച സമൃദ്ധി 50
20. റാമ്സേസ് - അടിമകൾ നിർമ്മിച്ച സംഭരണനഗരം 52
21. ഈജിപ്ത് - അടിമത്തത്തിന്റെ വീട് 54
22. നൈൽ - ഫലപുഷ്ടിയുടെ ഉറവിടം 57
23. ചെങ്കടൽ - മറികടക്കേണ്ട പ്രതിബന്ധം 60
24. പിഹഹിറോത്ത് - ദൈവം ഒരുക്കിയ കുടുക്ക് 63
25. മാറാ - മരം മധുരിപ്പിച്ച കയ്പുനീർ 65
26. സിൻ - അപ്പം വർഷിച്ച മരുഭൂമി 67
27. യാഹ്വേ നിസ്സി - വിരിച്ച കൈകൾ വരിച്ച വിജയം 70
28. റഫിദിം - അധികാരവികേന്ദ്രീകരണം 72
29. സീനായ് - ഹോറെബ്, ഉടമ്പടിയുടെ പർവ്വതം 74
30. കിബ്റോത്ത് ഹത്താവ - ആർത്തി തീർത്ത ശവപ്പറമ്പ് 77
31. ഹസേറോത്ത് - കുഷ്ഠം വരുത്തിയ അസൂയ 80
32. കാദെശ് ബർണെയാ - ഭീരുത്വത്തിന്റെ ശിക്ഷ 82
33. എഷ്കോൾ - സമൃദ്ധിയുടെ അടയാളം 84
34. ഹോർമ - ഔദ്ധത്യത്തിന്റെ അന്ത്യം 86

35. മാസാ - മെരീബാ: വിശ്വാസത്തിന്റെ ഉരകല്ല് 88
36. ഏദോം - വഴിതടയുന്ന സഹോദരൻ 91
37. ഹോർ മല - പൗരോഹിത്യത്തിന്റെ പിന്തുടർച്ച 94
38. ഷിത്തിം - ഉത്സവാഘോഷങ്ങളുടെ വശ്യത 96
39. നെബോ - വാഗ്ദത്തഭൂമിയുടെ വിഹഗവീക്ഷണം 99
40. ജോർദാൻ - ശുദ്ധീകരിക്കുന്ന ജലം 101
41. ഗലീലി തടാകം - വെളിപാടിന്റെ കടൽ 103
42. ചാവുകടൽ - ദുഷിപ്പിക്കുന്ന സ്വാർത്ഥത 105
43. ജെറീക്കോ - തകർന്നുവീഴുന്ന പ്രതിബന്ധം 108
44. ഗിൽഗാൽ - ആദ്യത്തെ പാളയം 110
45. ആദാം - ദൈവം കെട്ടിയ ചിറ 112
46. ഗിലയാദ് - സൗഖ്യം നല്കാത്ത ഔഷധം 114
47. ബാഷാൻ - വന്ധ്യമായ സമൃദ്ധി 116
48. ബെഥേൽ - പരാജിതന്റെ ദൈവം 118
49. പെനുവേൽ - കരുത്തുപകരുന്ന ദൈവം 120
50. ആയി - വിശുദ്ധിയിലൂടെ വിജയം 122
51. ആഖോർ താഴ്‌വര - മോഹം വിതച്ച വിനാശം 124
52. ഗിബെയോൺ - സഖ്യത്തിലൂടെ സംരക്ഷണം 126
53. ഗിബെയാ - അധർമ്മത്തിന്റെ പ്രതീകം 129
54. ഗെരിസിം - അനുഗ്രഹത്തിന്റെ മല 131
55. സമറിയാ - അധഃകൃതർക്കും രക്ഷ 133
56. ഹെർമോൺ - വിശുദ്ധമല 136
57. ഷാരോൺ - സമൃദ്ധിയുടെ സമതലം 139
58. ഷീലോ - കർത്താവ് കൈവെടിഞ്ഞ ആലയം 141
59. റാമാ - വിലാപത്തിന്റെ മല 144
60. റാമാ -2: അഭിഷേകത്തിന്റെ മല 146
61. മിസ്പാ - കാവൽ ഗോപുരം 149
62. അഫെക്ക് - തകർന്നുവീഴുന്ന കോട്ട 152
63. എബെനേസർ - അഭയശില 154
64. എൻദോർ - പാതാളത്തിലേക്കുള്ള പാഥേയം 156
65. ഗിൽബൊവാ - വില്ലൊടിച്ച മല 159
66. ബേത്ഷാൻ - ബീഭത്സമായ വിജയസ്മാരകം 161
67. യാബെഷ്ഗിലയാദ് - മരണത്തെ മറികടന്ന കൃതജ്ഞത 163
68. മെഗിദോ - അന്തിമപോരാട്ടത്തിന്റെ പർവ്വതം 165
69. ജെസ്രേൽ - രക്തം തളം കെട്ടിയ തോട്ടം 168
70. കാർമ്മൽ - തീരുമാനത്തിന്റെ മല 170
71. ജറുസലെം - സമാധാനത്തിന്റെ നഗരം 173

# ആമുഖം

"ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തി. ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ചു. അങ്ങനെ അവൻ ജീവനുള്ളവനായി" (ഉൽപ. 2:7).

ദൈവത്തിന്റെ ജീവശ്വാസം നിറഞ്ഞ മൺഭരണി, ജീവന്റെ ദൈവം വസിക്കുന്ന കളിമൺ കൂടാരം, അതാണ് മനുഷ്യൻ. അമർത്യതയുടെ ബീജം പേറുന്ന മർത്യശരീരം, ദൈവത്തിന്റെ മുഖം വഹിക്കുന്ന മഹനീയ സൃഷ്ടി.

മനുഷ്യനെ ദൈവം കിഴക്ക് ഏദെനിൽ നിർമ്മിച്ച തോട്ടത്തിലാക്കി. അവിടെ മനുഷ്യൻ ദൈവത്തോടൊന്നിച്ചു വസിച്ചു, സന്തോഷത്തിൽ ഐക്യത്തിൽ. എന്നാൽ ഏതോ ഒരഭിശപ്ത നിമിഷത്തിൽ ആ കൂട്ടായ്മയ്ക്കു കോട്ടം തട്ടി. ഉറവിടത്തോടു ബന്ധിക്കുന്ന ജീവന്റെ ചരടറുത്ത്, പറുദീസായുടെ പടിയിറങ്ങിയ മനുഷ്യൻ ഏകാന്തതയുടെ മരുഭൂമിയിൽ അലഞ്ഞു. അവനെ തേടി ദൈവം പിന്നാലെ വന്നു. ഒരു തീർത്ഥാടനം ആരംഭിക്കുകയായി. പിതൃഭവനം വിട്ട് അലയുന്ന മനുഷ്യൻ, മനുഷ്യനെ സ്വഭവനത്തിലേക്ക് ക്ഷണിക്കുന്ന ദൈവം.

മാനവചരിത്രത്തോളം തന്നെ പഴക്കമുള്ള ഈ യാത്രയിൽ ദൈവത്തിന്റെ കാലടികൾ ആഴത്തിൽ പതിഞ്ഞ ചില ഇടങ്ങൾ, അവിടുത്തെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങിയ, കൊള്ളിയാൽ പോലെ മിന്നിമറഞ്ഞ, ചില മുഹൂർത്തങ്ങൾ. ചരിത്രത്തെ ഉദ്ദീപ്തമാക്കുന്ന, ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്ന, ലക്ഷ്യം വ്യക്തമാക്കുന്ന സ്ഥല കാലങ്ങൾ എന്നും മാർഗ്ഗദീപങ്ങളായി നിലകൊള്ളുന്നു.

പറുദീസായുടെ പടിയിറങ്ങി, പുത്തൻ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയവൻ ചെന്നെത്തിയ മണൽക്കാടുകൾ, പിന്തുടർന്ന മരീചികകൾ, വിയർപ്പിലും കണ്ണീരിലും രക്തത്തിലും കുതിർന്ന പ്രയാണം. മർദ്ദിതന്റെ നിലവിളിയും മർദ്ദകന്റെ കൊലവിളിയും

സാത്താന്റെ അട്ടഹാസവും മുഴങ്ങിക്കേൾക്കാം ആ തീർത്ഥാടന വീഥികളിൽ, ഒപ്പം ദൈവത്തിന്റെ ശബ്ദവും. മന്ദമാരുതന്റെ മൃദു മർമ്മരം പോലെ, കൊടുങ്കാറ്റിന്റെ ഇരമ്പൽപോലെ, മേഘഗർജ്ജനംപോലെ, ഇതാണ് വഴി ഇതിലേ, ഇതിലേ എന്നു നിമന്ത്രിക്കുന്ന ആത്മാവിന്റെ സ്പന്ദനം പോലെ.

കിഴക്ക് ഏദെനിൽ തുടങ്ങിയ യാത്ര, ചോരപുരണ്ട കൈകൊണ്ടു നിർമ്മിച്ച നോദും പ്രളയജലത്തിനുമധ്യേ പേടകമുറച്ച അറാറാത്തും ആകാശത്തെ വെല്ലുവിളിച്ച് തല ഉയർത്തിയ ബാബേലും കടന്ന്, ദൈവം ഉടമ്പടിയുടെ പ്രമാണങ്ങളുമായി ഇറങ്ങിവന്ന ഹോറെബും, കൺസ്യൂമറിസം ശവക്കുഴി തോണ്ടിയ ക്രിബ്രോത്ത് ഹത്താവായും, പിതാക്കൾ ശയിക്കുന്ന മക്പോലായും, അബ്രാഹം ബലിപീഠം ഒരുക്കി, മനുഷ്യപുത്രന്റെ രക്തം വീണു കുതിർന്ന മോറിയായും പിന്നിട്ട്, സ്വർഗ്ഗീയ ജറുസലെം വരെ നീളുന്ന, പറുദീസാ മുതൽ പറുദീസാ വരെ, ഏദേൻ മുതൽ പുതിയ ജറുസലെം വരെയുള്ള ഒരു തീർത്ഥയാത്ര.

ഈ തീർത്ഥാടനത്തിൽ ജറുസലെം സുപ്രധാന കേന്ദ്രമാണ്. വിലക്കപ്പെട്ട കനിതിന്ന് മരണത്തിനധീനനായി ഏദേന്റെ പടിയിറങ്ങിയ മനുഷ്യന്, മനുഷ്യപുത്രനായി അവതരിച്ച ദൈവപുത്രൻ മരണത്തിന്മേൽ വിജയം നല്കിയ ഇടമാണ് ജറുസലെം. അതു പഴയനിയമത്തിന്റെ അവസാനാവും പുതിയനിയമത്തിന്റെ തുടക്കവും കുറിക്കുന്നു. അതിനാൽ ഈ തീർത്ഥാടനം രണ്ടു ഭാഗമായി തിരിക്കാം. ഏദേൻ മുതൽ ജറുസലെം വരെയുള്ള ആദ്യഭാഗം ഇവിടെ അവതരിപ്പിക്കുന്നു. പഴയനിയമത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളാണ് ഇവിടെ പഠനവിഷയമാക്കുന്നത്. പുതിയനിയമത്തിൽ പരാമർശവിഷയമാകുന്ന ജറുസലെം മുതൽ പറുദീസാ അഥവാ പുതിയ ജറുസലെംവരെയുള്ള രണ്ടാംഭാഗം മറ്റൊരു വാല്യമായി പ്രസിദ്ധീകരിക്കുന്നതാണ്.

ഓടിയകലുന്ന മനുഷ്യന്റെയും തേടിയെത്തുന്ന ദൈവത്തിന്റെയും കാല്പ്പാടുകൾ പിൻതുടർന്ന് ജീവജലത്തിന്റെ ഉറവിടങ്ങളിലേക്ക്, അമർത്യതയുടെ തീർത്ഥം തേടിയുള്ള ഒരു യാത്ര ആരംഭിക്കുന്നു. സ്വാഗതം!

# 1

# ഏദേൻ
# ദൈവത്തിന്റെ ഉദ്യാനം

*"അവിടുന്ന് കിഴക്ക് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി. താൻ രൂപം കൊടുത്തു മനുഷ്യനെ അവിടെ താമസിപ്പിച്ചു" (ഉൽപ 2,8).*

സമൃദ്ധിയുടെ നാടാണ് എദേൻ. ജലം മുറ്റിയൊഴുകുന്ന നാലു മഹാനദികൾ അതിനെ ഫലപുഷ്ടമാക്കുന്നു. സൗന്ദര്യവും സ്വാദുമുള്ള പഴങ്ങൾ കായ്ക്കുന്ന എല്ലാത്തരം മരങ്ങളും അവിടെ തിങ്ങി വളരുന്നു. സ്വർണ്ണം വിളയുന്ന മണ്ണ്. പവിഴം പുഷ്പിക്കുന്ന പാറകൾ. മനോഹാരിതയുടെ, സമ്പൽസമൃദ്ധിയുടെ, സന്തോഷത്തിന്റെ എല്ലാം വിളനിലമാണ് ഏദേൻ.

സമതലം എന്നർത്ഥമുള്ള *അദിനു* എന്ന അക്കാദിയൻ പദത്തിൽനിന്നായിരിക്കും എദേൻ എന്ന ഹീബ്രു നാമത്തിന്റെ ഉത്ഭവം എന്നു ഭാഷാ പണ്ഡിതർ കരുതുന്നു. മെസൊപ്പൊട്ടാമിയൻ സമതലത്തിലെവിടെയെങ്കിലുമാവാം അത്. കിഴക്കാണ് ഏദേൻ. ആരുടെ കിഴക്ക് എന്നു ചോദിച്ചാൽ ഗ്രന്ഥകാരന്റെയെന്ന് ഉത്തരം. പലസ്തീനായ്ക്ക് കിഴക്ക് എന്നു വ്യക്തം. അവിടെ ഒഴുകുന്ന യുഫ്രട്ടീസ് - ടൈഗ്രീസ് നദികളും മെസൊപ്പൊട്ടോമിയായിലേക്കു വിരൽ ചൂണ്ടുന്നു. എന്നാൽ അതുകൊണ്ടുമാത്രം സ്ഥലം നിർണ്ണയിക്കാനാവില്ല. പിഷോൺ - ഗീഹോൻ നദികൾ എവിടെയെന്ന് ആർക്കും അറിയില്ല.

തോട്ടം എന്നു വിവർത്തനം ചെയ്യുന്ന *ഗൻ* എന്ന ഹീബ്രു വാക്ക് *പാരദെയ്സോസ്* എന്നാണ് സപ്തതി ഗ്രീക്കിലേക്കു പരി

ഭാഷപ്പെടുത്തിയത്. സന്തോഷത്തിന്റെ സ്ഥലം എന്ന് അർത്ഥം. അതിൽ നിന്നാണ് *പറുദീസാ* എന്ന വാക്കുവരുന്നത്. ഏദേനിലെ പറുദീസാ സന്തോഷത്തിന്റെ സ്ഥലമാണ്. സമൃദ്ധിയുടെ മധ്യേ മനുഷ്യൻ സന്തോഷമായി കഴിയുന്ന സ്ഥലം. ദൈവത്തിന്റെ ഉദ്യാനം എന്നാണ് പ്രവാചകന്മാർ അതിനെ വിശേഷിപ്പിക്കുന്നത് (ഏശ 51,3; എസെ 28,13, 31,8; ജോയേൽ 2,3).

മെസൊപ്പൊട്ടാമിയായിൽ നിലവിലിരുന്ന പല പുരാണങ്ങളിലും ദൈവത്തിന്റെ ഉദ്യാനത്തെക്കുറിച്ചു പരാമർശമുണ്ട്. *ദിൽമൂൻ* എന്നാണ് ഇത് അറിയപ്പെടുന്നത്. ദേവന്മാരുടെ അധിവാസസ്ഥലമായ *ദിൽമൂൻ* എല്ലാവിധ സന്തോഷങ്ങളും നിറഞ്ഞ ഉദ്യാനമാണ്. എന്നാൽ അവിടെ മനുഷ്യർക്കു പ്രവേശനമില്ല. ഏദേൻ തോട്ടമാകട്ടെ മനുഷ്യനുവേണ്ടി ദൈവം നിർമ്മിച്ചതാണ്. ദൈവം തന്നെയാണ് മനുഷ്യനെ അവിടെ കുടിപാർപ്പിച്ചതും. അവിടെ മനുഷ്യൻ എന്നേക്കും വസിക്കണം എന്ന് ദൈവം ആഗ്രഹിച്ചു. അവന് ആവശ്യമായതെല്ലാം ദൈവം നൽകി. ആഹാരവും സൗന്ദര്യവും സന്തോഷവും അസ്തമിക്കാത്ത ജീവനും. ഇതൊക്കെത്തന്നെയാണ് ഏദേൻ തോട്ടം, അഥവാ പറുദീസാ. എന്തായിരുന്നു ഈ സന്തോഷത്തിന്റെയും സമൃദ്ധിയുടെയും നിദാനം?

# 2

## ഏദേൻ 2
## ഐക്യത്തിന്റെ പ്രതീകം

*"ദൈവമായ കർത്താവ് അരുളിച്ചെയ്തു: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; അവന് ചേർന്ന ഇണയെ ഞാൻ നൽകും" (ഉൽപ. 2,18).*

ദൈവത്തിന്റെ തോട്ടത്തിൽ ഏകാന്തതയോ? തോട്ടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല എന്നു വ്യംഗ്യം. എല്ലാ ജീവജാലങ്ങളും മനുഷ്യനെ അനുസരിച്ചു. സകല സമ്പത്തും അവന് അധീനമായി. എന്നിട്ടും പറുദീസാ പൂർണ്ണമായില്ല. ഒടുവിൽ തന്റെ അസ്ഥിയുടെ അസ്ഥിയും മാംസത്തിന്റെ മാംസവുമായ സ്ത്രീയുടെ വരവോടെയാണ് മനുഷ്യന്റെ പറുദീസാ പൂർണ്ണമാകുന്നത്.

ഏദേൻതോട്ടം ഒരു പ്രതീകമാണ് – ഐക്യത്തിന്റെ പ്രതീകം. അവിടെ പുരുഷനും സ്ത്രീയും പരസ്പരം ഐക്യത്തിൽ, ഞാൻ – നീ എന്ന ആത്മദാനത്തിന്റെയും സ്വീകരണത്തിന്റെയും ബന്ധത്തിൽ, ഒന്നായി കഴിയുന്നു. ജീവജാലങ്ങൾ എല്ലാം പരസ്പരം ഐക്യത്തിൽ കഴിയുന്നു. മനുഷ്യൻ തന്നോടുതന്നെ ഐക്യത്തിലാണ്. ഭയമില്ല, ലജ്ജയില്ല, കുറ്റബോധമില്ല. താൻ ആയിരിക്കുന്ന അവസ്ഥയിൽ സ്വയം അംഗീകരിക്കുന്നു, പരസ്പരം അംഗീകരിക്കുന്നു, അതിൽ സന്തോഷിക്കുന്നു. ഇതിനെല്ലാം ഉപരി മനുഷ്യൻ ദൈവത്തോടും ഐക്യത്തിലാണ്. ദൈവത്തിന്റെ കൂടെ മനുഷ്യൻ സായാഹ്നസവാരിക്കിറങ്ങുന്ന ഉദ്യാനമാണ് ഏദേൻ.

ഈ ഐക്യമാണ് സന്തോഷത്തിന്റെ നിദാനം; ഇതാണ് ജീവന്റെ ഉറവിടം.

ഇവിടെ താൻപോരിമയില്ല, മത്സരമില്ല, അസൂയയും ശത്രുതയുമില്ല. കീഴടക്കാനുള്ള ശ്രമമില്ല, വാരിക്കൂട്ടി സ്വന്തമാക്കാനുള്ള വ്യഗ്രതയില്ല. വലിയവനെന്ന ഭാവമില്ല. സൃഷ്ടപ്രപഞ്ചം മുഴുവൻ സ്രഷ്ടാവിന്റെ ഹിതമനുസരിച്ചു വർത്തിക്കുന്ന അവസ്ഥ. അതാണ് ഏദേൻതോട്ടം. അതാണ് പറുദീസാ.

ആരും ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത, ദുഃഖമെന്തെന്നറിയാത്ത, വേദനയോ നിലവിളിയോ ഇല്ലാത്ത, അതിരുകളറിയാത്ത, അനന്തമായ സന്തോഷത്തിന്റെ അവസ്ഥ. അതാണ് ദൈവം മനുഷ്യനു നൽകിയ പറുദീസാ. ബന്ധങ്ങളാണ് ഇതിന് അടിസ്ഥാനം; ഐക്യമാണ് ബന്ധങ്ങൾക്കാധാരം. നാലുവിധത്തിലുള്ള, തന്നോടുതന്നെയും സഹോദരങ്ങളോടും സൃഷ്ടപ്രപഞ്ചത്തോടും ദൈവത്തോടുമുള്ള, ഈ ഐക്യദാർഢ്യം നിലനിൽക്കുന്നിടത്തോളം കാലം പറുദീസാ ഉണ്ടായിരിക്കും, അഥവാ മനുഷ്യൻ ഏദേൻ തോട്ടത്തിലായിരിക്കും.

തോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും അവന് ഉത്തരവാദിത്വമുണ്ട്. ഉടമയല്ല, കാര്യസ്ഥനാണ് മനുഷ്യൻ, ദൈവത്തിന്റെ എസ്റ്റേറ്റിലെ മാനേജർ. ആ നില അവൻ മറക്കരുത്; ജോലിയിൽ വീഴ്ച വരുത്തുകയുമരുത് (ഉൽപ 2,16-17). എല്ലാം അവന് അധീനമാണ്; എന്നാൽ അവൻതന്നെ ദൈവത്തിന് അധീനനായിരിക്കണം. ഈ ബന്ധമാണ് പറുദീസായുടെ നിദാനം. അതു മറന്നാൽ പറുദീസാ നഷ്ടമാകും.

# 3

## ഏദേൻ 3
## നഷ്ടപ്പെട്ട പറുദീസാ

*"കർത്താവ് അവരെ ഏദേൻ തോട്ടത്തിൽ നിന്നു പുറത്താക്കി; മണ്ണിൽ നിന്നെടുത്ത മനുഷ്യനെ മണ്ണിനോടു മല്ലടിക്കാൻ വിട്ടു" (ഉൽപ. 3,23).*

സന്തോഷത്തിന്റെയും സമൃദ്ധിയുടെയും നാട്ടിൽ എന്തേ ശാപം പേറുന്ന വൃക്ഷം നട്ടു? ഐക്യത്തിന്റെ തോട്ടത്തിൽ അനൈക്യത്തിനു തിരിതെളിക്കുന്ന സർപ്പത്തെ വിട്ടു? ജീവന്റെ വൃക്ഷത്തിനടുത്ത് മരണം വിളയുന്ന മരവും വളർന്നു? ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ - പക്ഷേ നിഷേധിക്കാനാവാത്ത ഒരു സത്യം ഈ ചോദ്യങ്ങൾക്കെല്ലാം പിന്നിൽ നിൽക്കുന്നു. മനുഷ്യന് പറുദീസാ നഷ്ടമായി. ജീവശ്വാസം നഷ്ടപ്പെട്ട മൺഭരണി ഉടഞ്ഞുപോകുന്നു; ദൈവത്തിന്റെ സാന്നിധ്യം നഷ്ടപ്പെട്ട കളിമൺകൂടാരം തകർന്നടിയുന്നു. *"നീ പൊടിയാണ്; പൊടിയിലേക്കു തന്നെ മടങ്ങും" (ഉൽപ. 3,15).*

അറിവിന്റെ വൃക്ഷവും സർപ്പവും പ്രതീകങ്ങളാണ്. മനുഷ്യന്റെ വിശ്വാസത്തെയും അനുസരണത്തെയും, സർവ്വോപരി സ്നേഹത്തിൽ അധിഷ്ഠിതമായ വിധേയത്വത്തെയും പരീക്ഷണ വിധേയമാക്കുന്ന പ്രതീകങ്ങൾ. സ്നേഹബന്ധത്തിൽമാത്രം നിലനിൽക്കുന്ന യാഥാർത്ഥ്യമാണു പറുദീസാ. ദൈവത്തോടുള്ള വിധേയത്വം ഈ സ്നേഹത്തിന്റെ അവശ്യഘടകമാണ്, തന്നെ സംബന്ധിച്ച സത്യം അംഗീകരിക്കുന്ന മനുഷ്യൻ ബോധപൂർവ്വം നൽകുന്ന വിധേയത്വം.

നിന്റെ കണ്ണു തുറക്കും, നീ ദൈവത്തെപ്പോലെയാകും - ഇതാണ് പ്രലോഭനം. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ട വൻ, ദൈവത്തിന്റെ ശ്വാസത്താൽ ജീവിക്കുന്നവൻ, ദൈവത്തിന്റെ തോട്ടം സൂക്ഷിപ്പുകാരൻ - മഹനീയമായ ഈ സ്ഥാനംകൊണ്ടു തൃപ്തിവരാതെ, സ്വയം ദൈവമായിത്തീരാനുള്ള ത്വരയാണ് പ്രലോ ഭനത്തിന്റെ കാതൽ. എനിക്കു മാനദണ്ഡം എന്റെ ഇഷ്ടം, എല്ലാ റ്റിനും ഉപരി ഞാൻ മാത്രം എന്ന മനോഭാവമാണ് പ്രലോഭന ത്തിലും പതനത്തിലും പ്രകടമാകുന്നത്. ഇതുതന്നെയാണ് പാപ ത്തിന്റെയും കാതൽ. ഞാൻ എന്ന ഭാവം പത്തിവിടർത്തി, എല്ലാ റ്റിന്റെയും മേൽ താണ്ഡവമാടാൻ ശ്രമിക്കുന്നിടത്ത് പറുദീസാ ഉണ്ടാ വില്ല. ദൈവം പ്രത്യക്ഷപ്പെട്ടു വിചാരണ ചെയ്തു വിധി പ്രസ്താ വിക്കുന്നതിനു മുമ്പുതന്നെ മനുഷ്യന് പറുദീസാ നഷ്ടപ്പെട്ടുകഴി ഞ്ഞിരുന്നു. അരമറയ്ക്കാൻ പ്രേരിപ്പിക്കുന്ന ലജ്ജയും ഒളിക്കാൻ നിർബന്ധിക്കുന്ന ഭയവും സഖിയെ തള്ളിപ്പറയുന്ന സ്വാർത്ഥതയും എല്ലാം തെളിവുകളാണ്. ദൈവം പുറത്താക്കുന്നതിനുമുമ്പേ മനു ഷ്യൻ പറുദീസായിൽനിന്നു പുറത്തുകടന്നു കഴിഞ്ഞു.

അടച്ച വാതിലിനു മുമ്പിൽ തീ ചീറ്റുന്ന വാളുമായി കാവൽ നിൽക്കുന്ന കെരൂബുകൾ പറുദീസാ നഷ്ടത്തിന്റെ പ്രതീകങ്ങ ളാണ്. എന്നാൽ ഇതല്ല മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ അവസാനവാക്ക്. നാണം മറയ്ക്കാൻ തോലുകൊണ്ടുണ്ടാക്കിയ ഉടയാട ഉടുപ്പിച്ച്, മണ്ണിനോടു മല്ലിടാനായി മനുഷ്യനെ മരുഭൂമി യിലേക്ക് ഇറക്കിവിട്ട ദൈവം അവനെ പിന്തുടരുന്നു, അവൻ പറുദീസായിൽ  മടങ്ങിയെത്തുന്നതുവരെ.

ഏകാന്തതയുടെ മരുഭൂമിയിൽ അലയുന്ന മനുഷ്യനെ തന്റെ ഉറവിടത്തെയും ലക്ഷ്യത്തെയും കുറിച്ച് അനുസ്മരിപ്പിക്കുന്ന ചൂണ്ടുപലകയാണ് ഏദേൻതോട്ടം. നിരാശയുടെ പന്നിക്കൂട്ടിൽ കഴിയുന്നവന്റെ (ലൂക്കാ. 15, 15-18)മുമ്പിൽ തെളിയുന്ന സുഭിക്ഷ തയുടെ പിതൃഭവനമാണ് പറുദീസാ. പടിയിറങ്ങിപ്പോകുന്ന ധൂർത്തന്റെ ഹൃദയത്തിൽ കൊളുത്തി പിന്നിലേക്കു വലിക്കുന്ന ചൂണ്ടയാണ് നഷ്ടപ്പെട്ട പറുദീസാ- ഉൾവിളിക്കു കാതോർത്താൽ വ്യക്തമായി കേൾക്കാം: *"ഇന്ന് നീ എന്നോടുകൂടെ പറുദീസാ യിലായിരിക്കും" (ലൂക്കാ 23). "വിജയം വരിക്കുന്നവന് ദൈവ ത്തിന്റെ പറുദീസായിലുള്ള ഈ വൃക്ഷത്തിൽനിന്നു ഞാൻ ഭക്ഷി ക്കാൻ കൊടുക്കും" (വെളി. 2,7).*

# 4

# നോദ്
# ചോരപുരണ്ട നാട്

*"കായേൻ കർത്താവിന്റെ സന്നിധി വിട്ട് ഏദേനു കിഴക്ക്, നോദ് ദേശത്തു വാസമുറപ്പിച്ചു" (ഉൽപ. 4,16).*

ഊരുപേടികൊണ്ട് ഒരുമിച്ചു നടക്കുക, ലക്ഷ്യമില്ലാതെ അലയുക എന്നൊക്കെയാണ് ഹീബ്രുഭാഷയിൽ *നോദ്* എന്ന ക്രിയാധാതുവിന്റെ അർത്ഥം. വന്യമൃഗങ്ങൾ അലഞ്ഞു നടക്കുന്നതിനെയും കുറ്റവാളികൾ ഒരുമിച്ചു നടക്കുന്നതിനെയും മറ്റും സൂചിപ്പിക്കുന്ന ഒരു പദമാണിത്. ഈ പദമാണ് കായേൻ വന്നു പാർത്ത പ്രദേശത്തിന് പേരായി ബൈബിൾ നൽകിയിരിക്കുന്നത്. ബൈബിളിൽ മറ്റൊരിടത്തും ഈ പേരു പ്രത്യക്ഷപ്പെടുന്നില്ല. ഏതെങ്കിലും ഒരു രാജ്യത്ത് ഈ പേരിൽ ഒരു പ്രദേശമുള്ളതായി ഭൂമിശാസ്ത്രജ്ഞന്മാർക്ക് അറിവുമില്ല. അതിനാൽത്തന്നെ ഈ പ്രദേശവും പേരും പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ഇവിടെ വാസമുറപ്പിക്കുന്ന കായേന്റെ അവസ്ഥയും മനോഭാവവുമാണ് ഏറ്റം ശ്രദ്ധേയം. സഹോദരൻ ആബേലിന്റെ രക്തക്കറ അവന്റെ കൈകളിലുണ്ട്. പ്രതികാരത്തിനുവേണ്ടിയുള്ള രക്തത്തിന്റെ നിലവിളി അവന്റെ കാതുകളിൽ മുഴങ്ങുന്നു. "*നിന്റെ സഹോദരന്റെ രക്തം കുടിക്കാൻ വാ പിളർന്ന ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും*" (ഉൽപ. 4,11) എന്ന കർത്താവിന്റെ ശിക്ഷാവിധി അവന്റെ തലയ്ക്കുമുകളിൽ, "*കാണുന്നവരെല്ലാം എന്നെ കൊല്ലാൻ നോക്കും*" (ഉൽപ 8,14) എന്ന ഭയം ഹൃദയത്തിൽ; അതോടൊപ്പം നെറ്റിയിൽ കർത്താവു പതിച്ച സംരക്ഷ

ണമുദ്രയും. ശിക്ഷ വിധിക്കുമ്പോഴും സംരക്ഷണം നൽകുന്ന കർത്താവിന്റെ മുദ്രയും വഹിച്ചാണ് കായേൻ നോദിലേക്കു വന്നത്.

അതു കർത്താവിൽനിന്ന് അകലെയായിരുന്നു. കർത്താവിന്റെ സന്നിധിവിട്ടു എന്ന് പ്രത്യേകം എടുത്തുപറയുന്നു. ദൈവം ബഹിഷ്ക്കരിച്ചതല്ല, സ്വയം പ്രവാസിയായിത്തീർന്നതാണ്. പറുദീസായുടെ പടിയിറങ്ങിയവരുടെ ആദ്യസന്തതി ദൈവത്തിന്റെ മുമ്പിൽ നിന്ന് അകന്നുപോവുകയാണ്. അതുതന്നെയാണ് നോദിന്റെ ആദ്യത്തെ സവിശേഷത. ഒടുങ്ങാത്ത പകയും തീരാത്ത കുറ്റബോധവും പേറി, ദൈവത്തിൽനിന്ന് ഒളിച്ചു നടക്കുന്നവൻ അലയുന്ന മരുഭൂമിയാണ് നോദ്. അത് കിഴക്കാണ്, ദൈവത്തിന്റെ തോട്ടമായ ഏദേനും കിഴക്ക്. ദൈവിക സാന്നിദ്ധ്യത്തിന്റെ സ്ഥലമാണ് കിഴക്ക്; പക്ഷേ പിന്നെയും കിഴക്കോട്ടു പോയാൽ നോദിലെത്തും - ശൂന്യതയുടെ മണലാരണ്യത്തിൽ!

നോദിൽ വന്നവൻ, പക്ഷേ, അലഞ്ഞുതിരിയുകയല്ല, വിവാഹം കഴിച്ച്, മക്കളെ ഉല്പാദിപ്പിച്ച്, നഗരം നിർമ്മിച്ച്, ശക്തനാവുകയാണ്. അത് നോദിന്റെ മറുവശം. എന്തേ ദുഷ്ടൻ ശക്തിയാർജ്ജിക്കുന്നു? നീതിമാൻ പിടഞ്ഞുമരിക്കുമ്പോൾ കൊലയാളി തടിച്ചുകൊഴുക്കുന്നു? കായേന്റെ നെറ്റിയിൽ ദൈവം പതിച്ച സംരക്ഷണമുദ്രയുടെ രഹസ്യമാണ് ഇവിടെയും വിശദീകരണം നല്കാതെ ഒളിഞ്ഞിരിക്കുന്നത്.

ദൈവത്തിൽനിന്ന് അകന്നതുകൊണ്ട് ഉടനെ എല്ലാം നഷ്ടപ്പെടുന്നില്ല - അഥവാ, തന്നിൽ നിന്ന് അകലുന്നവനെ ദൈവം ഉടനെ ഉപേക്ഷിക്കുന്നില്ല. അനന്തകാരുണ്യം മടങ്ങിവരവിന് അവസരം നൽകുന്നു. പക്ഷേ, അതിനും ഒരതിരുണ്ട് എന്ന് നോഹയുടെ കാലത്തെ പ്രളയം ഓർമ്മിപ്പിക്കുന്നു.

മനുഷ്യൻ ആദ്യം നഗരം പണിതത് നോദ് ദേശത്താണ്. സഹോദരന്റെ ചോരപുരണ്ട കൈകൊണ്ടാണ് നഗരനിർമ്മാണം നടത്തിയത്. അക്രമങ്ങളുടെയും അധർമ്മത്തിന്റെയും വിളനിലങ്ങളായ നഗരങ്ങളെല്ലാം നോദിലാണ് എന്ന തിരിച്ചറിവിലേക്കാണോ ഇതു നയിക്കുക?

# 5

# അറാറാത്ത്
# കപ്പൽ ഉറച്ച കൊടുമുടി

*"ഏഴാം മാസം പതിനേഴാം ദിവസം പെട്ടകം അറാറാത്തു പർവ്വതത്തിൽ ഉറച്ചു" (ഉൽപ. 8,4).*

ഇറാൻ, അർമേനിയാ, തുർക്കി എന്നീ മൂന്നു രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഉന്നതമായ ഒരു പർവ്വതനിരയാണ് അറാറാത്ത്. ഹിമാലയം കഴിഞ്ഞാൽ ഭൂമിയിലെ ഏറ്റം ഉയരം കൂടിയ പർവ്വതനിരയാണത്. തുർക്കിയുടെ തെക്കുകിഴക്കെ അറ്റത്ത്, *വാൻ* തടാകത്തിനടുത്തായുള്ള ആ പർവ്വതനിരയിലെ ഏറ്റം വലിയ കൊടുമുടിയാണ് ഉൽപത്തി പുസ്തകത്തിൽ പരാമർശിക്കുന്ന അറാറാത്ത്. ഏകദേശം അയ്യായിരം മീറ്റർ ഉയരമുണ്ട്, എന്നും മഞ്ഞുമൂടി കിടക്കുന്ന ആ കൊടുമുടിക്ക്. അതിനു മുകളിലാണ് നോഹയുടെ പേകടം ഉറച്ചത്.

പ്രളയജലത്തിൽ മുങ്ങി എല്ലാം ചത്തൊടുങ്ങുമ്പോൾ ജീവന്റെ കണിക നിലനിർത്തി, പുതുസൃഷ്ടിക്കു തുടക്കം കുറിക്കുന്ന പേടകം ഉറച്ചത് അറാറാത്ത് കൊടുമുടിയിലാണ്. പതഞ്ഞുയർന്നിരമ്പുന്ന പെരുവെള്ളത്തിനുമുകളിൽ ഉറപ്പുള്ള ഒരു സങ്കേതം, ഇളകാത്ത ഒരടിത്തറ, മുങ്ങിത്താഴാതെ ജീവന്റെ പേടകം നിലനിർത്തുന്ന നങ്കൂരം - ഇതൊക്കെയാണ് അറാറാത്ത്.

ദൈവം നൽകുന്ന സംരക്ഷണത്തിന്റെ പ്രതീകമാണത്. *"നോഹയെയും പേടകത്തിലുണ്ടായിരുന്ന എല്ലാ ജീവജാലങ്ങളെയും ദൈവം ഓർത്തു"* (ഉൽപ 8,1). അപ്പോഴാണ് പ്രളയം

നിലച്ചതും പേടകം കൊടുമുടിയിൽ ഉറച്ചതും. പ്രളയച്ചുഴിയിൽ തകർന്നടിയാതെ ജീവിതയാനത്തെ താങ്ങിനിർത്തുന്ന ദൈവ കരത്തെ അറാറാത്ത് കൊടുമുടിയിൽ കാണാം.

ഭൂമുഖത്തെ അധർമ്മത്തിൽനിന്നു കഴുകിത്തുടച്ച സംഹാര ജലം പിൻവാങ്ങിയപ്പോൾ പേടകത്തിൽ നിന്നിറങ്ങിയ നോഹയും മറ്റു ജീവജാലങ്ങളുമായി ദൈവം ഉടമ്പടി ചെയ്തതും അറാറാത്തിൽവച്ചാണ്. ഇനിയൊരിക്കലും ജലപ്രളയത്തിലൂടെ ഭൂമിയെ നശിപ്പിക്കില്ല എന്ന വാഗ്ദാനത്തിന്റെ അടയാളമായി മഴവില്ലു സ്ഥാപിച്ചത് ആ പർവ്വതത്തിനു മുകളിൽ. വരാനിരി ക്കുന്ന സകല ഉടമ്പടികളുടെയും തുടക്കം അറാറാത്തിൽ കാണാം. ഹോറെബും മോറിയായും താബോറും ഗോൽഗോ ഥായും എല്ലാം അതിന്റെ പുത്തൻ പകർപ്പുകളാണ്.

കപ്പൽ ഉറച്ച കൊടുമുടി തേടിയോ, കൊടുമുടിയിൽ ഉറച്ച കപ്പൽ തേടിയോ, പുരാവസ്തു ഗവേഷകർ ക്ലേശിക്കേണ്ടതില്ല. മൂടിക്കിടക്കുന്ന മഞ്ഞുമലകൾക്കടിയിൽ പേടകത്തിന്റെ അവശി ഷ്ടങ്ങൾ അന്വേഷിക്കേണ്ടതുമില്ല. അന്വേഷിക്കേണ്ടത് ജീവനെ താങ്ങിനിർത്തുന്ന ദൈവകരങ്ങളെയാണ്. അതിനാവശ്യം ഗവേ ഷകന്റെ യന്ത്രങ്ങളല്ല, ജീവനുള്ള വിശ്വാസമാണ്; ഒപ്പം നന്മ തിര ഞ്ഞെടുക്കാനുള്ള ധാർമ്മികശക്തിയും സ്നേഹം നിറഞ്ഞ ഹൃദ യവും.

# 6

# ബാബേൽ
# ചിതറിക്കുന്ന ഗോപുരം

*"അവർ പരസ്പരം പറഞ്ഞു: നമുക്ക് ഒരു പട്ടണവും ആകാശം മുട്ടുന്ന ഒരു ഗോപുരവും പണിത് പ്രശസ്തി നില നിർത്താം" (ഉൽപ. 11,4).*

ആദിചരിത്രത്തിന്റെ അവസാനത്തെ അധ്യായത്തിലാണ് ബാബേൽ ഗോപുരത്തിന്റെ കഥ വിവരിക്കുന്നത്. കിഴക്കുനിന്നു വന്നവർ ഷീനാറിൽ ഒരു സമതലപ്രദേശം കണ്ടെത്തി; അവിടെ ഒരു നഗരവും നഗരമധ്യത്തിൽ ഉയർന്ന ഗോപുരവും നിർമ്മിച്ച് തങ്ങളുടെ പേരും പെരുമയും നിലനിർത്താൻ തീരുമാനിച്ചു. ഇന്നത്തെ ഇറാൻ - ഇറാക്ക് രാജ്യങ്ങൾ ഉൾപ്പെടുന്ന മെസൊപ്പൊട്ടാമിയായിലാണ് ഷീനാർ സമതലം. ബാബിലോണിന്റെ പര്യായമാണ് ഷീനാർ.

ചുട്ടെടുത്ത ഇഷ്ടികയും കളിമണ്ണും ഉപയോഗിച്ചു നിർമ്മിച്ച ഗോപുരങ്ങളുടെ അവശിഷ്ടങ്ങൾ ഈ രാജ്യങ്ങളിൽ ഇന്നും ദൃശ്യമാണ്. മർദുക്ക് ദേവന്റെ ബഹുമാനാർത്ഥം പണിയപ്പെട്ടിരുന്ന ക്ഷേത്രങ്ങൾക്കുമുന്നിൽ ഉയർത്തിയ ഗോപുരങ്ങൾ *സിഗുറാത്ത്* എന്ന പേരിൽ അറിയപ്പെടുന്നു. ബാബിലോൺ നഗരത്തിൽ ആറുനിലകളിലായി തല ഉയർത്തിനിന്ന അംബരചുംബിയായ സിഗുറാത്ത് ഇവയിൽ ഏറ്റം വലുതും പ്രാധാന്യമേറിയതുമാണ്. ആകാശം മുട്ടി നിൽക്കുന്ന ഗോപുരമുകളിലേയ്ക്ക് ദൈവം ഇറങ്ങിവരും, പുരോഹിതൻ കയറിച്ചെല്ലും. അങ്ങനെ ഗോപുരമുകളിൽ ദൈവവും മനുഷ്യനും കണ്ടുമുട്ടും. ഇതായി

രുന്നു പുരാതന സങ്കല്പം. ഇതുപോലൊരു ഗോപുരമാവാം വി. ഗ്രന്ഥകാരന്റെ വിവരണത്തിനു പിന്നിലുള്ളത്.

അതോടൊപ്പം മറ്റൊന്നുകൂടിയുണ്ട്. ഭൂമിക്കുമുകളിൽ വിരിച്ച കമാനത്തിനും മീതെയാണ് ദൈവത്തിന്റെ ഭവനമായ സ്വർഗ്ഗം. ഭൂമിയിൽ നിന്ന് ഉയർന്നുപൊങ്ങുന്ന ഗോപുരം സ്വർഗ്ഗത്തിൽ എത്തിനിൽക്കും. അപ്പോൾ ഗോപുരം പണിത മനുഷ്യനും സ്വർഗ്ഗത്തിൽ ഇരിക്കുന്ന ദൈവവും തുല്യരാകും. ദൈവതുല്യനാകാൻ, തനിക്കു മുകളിൽ ആരുമില്ലാത്ത അത്യുന്നതനാകാൻ, മനുഷ്യൻ നടത്തുന്ന വ്യർത്ഥശ്രമമായിട്ടാണ് വിശുദ്ധഗ്രന്ഥകാരൻ ഗോപുരനിർമ്മാണത്തെ കാണുന്നത്. പറുദീസായിൽ വച്ചുണ്ടായ പ്രലോഭനത്തിന്റെ ഒരു പുതിയ പതിപ്പ്.

*''കർത്താവ് അവരെ ഭൂമുഖത്തെല്ലാം ചിതറിച്ചു. അവർ പട്ടണംപണി ഉപേക്ഷിച്ചു. അതുകൊണ്ടാണ് ആ സ്ഥലത്തിന് ബാബേൽ എന്ന പേരുണ്ടായത്. അവിടെവച്ചാണ് കർത്താവ് ഭൂമിയിലെ ഭാഷ ഭിന്നിപ്പിച്ചത്'' (ഉൽപ 11,8-9).*

കൂട്ടിക്കുഴയ്ക്കുക, കലർത്തുക, കുഴപ്പമുണ്ടാക്കുക എന്നിങ്ങനെ അർത്ഥമുള്ള "*ബലാൽ*" എന്ന ഹീബ്രു മൂലവുമായി ബന്ധപ്പെട്ടതാണ് "*ബാബേൽ*" എന്ന പേര്. പിന്നീട് അത് *ബാബിലോൺ* ആയി. ജറുസലെം നശിപ്പിക്കുകയും ദേവാലയം ചുട്ടെരിക്കുകയും ചെയ്ത ബാബിലോൺ പിന്നീട് അധർമ്മത്തിന്റെയും ദൈവനിഷേധത്തിന്റെയും പ്രതീകമായിത്തീർന്നു, കർത്താവിന്റെ ശിക്ഷാവിധി ഏറ്റുവാങ്ങാൻ കാത്തിരിക്കുന്ന മഹാനഗരം (വെളി. 18). പ്രളയശേഷമുണ്ടായ പുതുസൃഷ്ടിയിലെ കുഴപ്പങ്ങൾ അവിടെ തുടങ്ങി. ദൈവത്തിനുപകരം അത്യുന്നതനാകാനുള്ള മനുഷ്യന്റെ ശ്രമമാണ് അതിനു കാരണം. അഹങ്കാരം നാശത്തിനു വഴിയൊരുക്കുന്നു. അപരനെ കീഴടക്കി വലിയവനാകാൻ ശ്രമിക്കുന്നവർ ചിതറിത്തകരുന്നു.

ബാബേൽ എന്നും ഒരു താക്കീതാണ്. ആകാശം മുട്ടുന്ന ഗോപുരങ്ങൾ പണിത് വലുപ്പം കാണിക്കാൻ ശ്രമിക്കുന്നവർ മനുഷ്യരെ പരസ്പരം അടുപ്പിക്കുകയല്ല തമ്മിലടിപ്പിച്ച് ചിതറിക്കുകയാണ്; സ്വയം ഒറ്റപ്പെടുകയും. അഹങ്കാരികൾക്കു പരസ്പരം മനസ്സിലാക്കാനാവില്ല. ഒരേ ഭാഷയാണ് സംസാരിക്കുന്നതെങ്കിലും ഹൃദയത്തിൽ നിന്നുയരുന്ന സ്നേഹത്തിന്റെ ഭാഷയേ ഐക്യത്തിലേക്കു നയിക്കൂ.

# 7

## ഊർ
## ഉപേക്ഷിച്ച ഉറവിടം

*"തേരഹ് കൽദായരുടെ ഊറിൽനിന്ന് കാനാൻ ദേശത്തേക്ക് യാത്ര പുറപ്പെട്ടു" (ഉൽപ 12,30).*

ഇന്നത്തെ ഇറാക്കിൽ, ബാഗ്ദാദിൽനിന്ന് ഏകദേശം 350 കിലോമീറ്റർ തെക്ക്, യൂഫ്രട്ടീസ് നദീതീരത്ത് സ്ഥിതിചെയ്തിരുന്ന അതിപുരാതന നഗരമാണ് ഊർ. ആറായിരം വർഷം പഴക്കമുള്ള പുരാവസ്തുക്കൾ നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങളിൽനിന്ന് ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്. ബി.സി. നാലാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ അതിശക്തമായൊരു സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഊർ. ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ അനേകം യുദ്ധങ്ങൾ വഴി തകർന്നുവീണ നഗരം വിട്ടുപോന്നവരുടെ കൂടെയാവണം അബ്രാഹത്തിന്റെ പിതാവായ തേരാഹും കുടുംബവും യാത്ര തിരിച്ചത്. വലിയ കുടിയേറ്റങ്ങളുടെയും പടയോട്ടങ്ങളുടെയും കാലമായിരുന്നു അത്.

പൂർവ്വികർ ഉപേക്ഷിച്ചുപോന്ന നഗരത്തെ *കൽദായരുടെ ഊർ* എന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത്. ബി.സി. 7-6 നൂറ്റാണ്ടുകളിൽ മധ്യപൗരസ്ത്യദേശം അടക്കിവാണ വൻശക്തിയായ ബാബിലോണിന്റെ പര്യായമാണ് *കൽദായ*. കണിശമായി പറഞ്ഞാൽ ബി.സി. ഒമ്പതാം നൂറ്റാണ്ടുമുതൽ വടക്ക് ബാബിലോൺ നഗരത്തിനും തെക്ക് പേർഷ്യൻ ഉൾക്കടലിനും മധ്യേയുള്ള

മെസൊപ്പൊട്ടേമിയൻ പ്രദേശം *കൽദായദേശം* എന്ന പേരിൽ അറിയപ്പെടുന്നു. ആ പ്രദേശത്തെ ഗോത്രങ്ങളാണ് ബി.സി. ഏഴാം നൂറ്റാണ്ടിൽ സമീപരാജ്യങ്ങളെല്ലാം കീഴടക്കി രണ്ടാം ബാബിലോണിയൻ അഥവാ കൽദായ സാമ്രാജ്യം സ്ഥാപിച്ചത്. അതിനാൽ "*കൽദായരുടെ ഊർ*" എന്ന വിശേഷണം കാലത്തിനു നിരക്കാത്തതാണ്. അതേസമയം എവിടെയായിരുന്നു ഊർ എന്നു സമകാലികർക്കു ഗ്രഹിക്കാൻ ഇതു സഹായിച്ചു.

കാനാൻ ദേശത്തേക്കു പോകാൻ വേണ്ടിയാണ് തേരാഹ് കുടുംബസമേതം ഊർ വിട്ടത്. അതിനുമുമ്പേ പുത്രൻ ഹാരാൻ ജന്മനാടായ ഊറിൽ വച്ചു മരണമടഞ്ഞു (ഉൽപ 12,28). ഈ മരണമാണോ നാടും നഗരവും വിട്ടു പോകാൻ പ്രേരിപ്പിച്ചത് എന്ന് ബൈബിൾ പറയുന്നില്ല. വിട്ടുപോരുന്ന നഗരത്തിൽ മരണം പതിയിരിക്കുന്നു എന്ന സൂചന ഇതിൽ കാണാൻ കഴിയുമോ?

ഊർ പിന്നീട് ഒരിക്കലും രക്ഷാചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. ഒരിക്കൽമാത്രം പരാമർശവിഷയമാകുന്നത് ഉപേക്ഷിച്ചുപോന്ന ഒരു പട്ടണമായിട്ടു മാത്രമാണ് (ഉൽപ 15,7). പൂർവ്വികരുടെ ഉറവിടമാണ് കൽദായരുടെ ഊർ. അത് ഉപേക്ഷിച്ചിട്ടാണ് തേരാഹും കുടുംബവും യാത്രയായത്. കർത്താവുതന്നെയാണ് പിതാക്കന്മാരെ അവിടെനിന്നും പുറത്തേക്കു കൊണ്ടുവന്നത്. പോകേണ്ടത് കാനാനിലേക്കാണ്, തിരിച്ച് ഊറിലേക്കല്ല!

ഉറവിടങ്ങളിലേക്കു മടങ്ങാൻ ശ്രമിക്കുമ്പോൾ ഏത് ഉറവിടങ്ങൾ എന്നു ശ്രദ്ധിക്കണം. ഉപേക്ഷിച്ചവയും ഉപേക്ഷിക്കേണ്ടവയുമുണ്ട്; അറിഞ്ഞോ അറിയാതെയോ കൈമോശം വന്നവയുമുണ്ട്. എല്ലാ ഉറവിടങ്ങളും ജീവജലത്തിന്റെ ഉറവകളല്ല. ഉറവിടങ്ങൾ തേടിയുള്ള പ്രയാണത്തിൽ ഈ വിവേചനം ആവശ്യമാണ്. അവകാശം കൽദായരുടെ ഊറിലല്ല, കാനാനിലാണ്. കാലത്തിന്റെ ചൂണ്ടുപലകയായി നിൽക്കുന്നു കർദായരുടെ ഊർ.

# 8

# ഹാരാൻ
# വിട്ടുപോകേണ്ട ഇടത്താവളം

മെസൊപ്പൊട്ടാമിയായുടെ വടക്ക്, യൂഫ്രട്ടീസ് നദിയുടെ ഒരു പോഷകനദിയായ ബാലിക്ക് നദിയുടെ കരയിൽ, സ്ഥിതിചെയ്തിരുന്ന ഒരു പുരാതന നഗരമാണ് ഹാരാൻ. ഇന്നത്തെ ടർക്കിയുടെ തെക്കുകിഴക്കെ അതിർത്തിയിൽ, സിറിയായുടെ വടക്കൻ അതിർത്തിയോടു ചേർന്നാണ് ആ നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുള്ളത്. "*വഴിക്കവല*" എന്നാണ് ഹാരാൻ എന്ന വാക്കിന്റെ അർത്ഥം. അസ്സീറിയായുടെ തലസ്ഥാനമായിരുന്ന നിനെവേയിൽനിന്ന് ഈജിപ്തിലേക്കുപോകുന്ന രാജപാത ഹാരാൻ കടന്നാണ് പോയിരുന്നത്. ബി.സി. രണ്ടാം സഹസ്രാബ്ദത്തിന്റെ ആരംഭം മുതൽ വലിയ ഒരു വ്യാപാരകേന്ദ്രമായിരുന്നു ഹാരാൻ. സുപ്രധാനമായ വാണിജ്യപാതകൾ സന്ധിച്ച സ്ഥലമായതിനാലാവാം ഹാരാൻ എന്ന പേരുണ്ടായത്. ബി.സി. 612-ൽ ബാബിലോണിന്റെ ആക്രമണത്തിൽ നിനെവേ നിലംപതിച്ചപ്പോൾ അസ്സീറിയായുടെ തലസ്ഥാനവും അവസാനത്തെ ചെറുത്തുനിൽപ്പിന്റെ കേന്ദ്രവുമായിരുന്നു ഹാരാൻ.

ഊറിൽനിന്ന് കാനാനിലേക്കു പോകാൻ ഇറങ്ങിത്തിരിച്ച തേരാഹും കുടുംബവും ഹാരാനിൽ വാസമുറപ്പിച്ചു (ഉൽപ 13,31). അവിടെവച്ച് പിതാവുമരിച്ചതിനുശേഷമാണ് അബ്രാഹത്തിന് ദൈവത്തിന്റെ വിളി ലഭിച്ചത്. നാടും വീടും വിട്ടുപേക്ഷിച്ച് യാത്ര തിരിക്കാനായിരുന്നു ആ വിളി (ഉൽപ 12, 1-3). കർത്താവു കൽപിച്ചതനുസരിച്ച് അബ്രാഹം പുറപ്പെട്ടു. പിന്നെ അങ്ങോട്ട് തിരിച്ചു

വന്നതുമില്ല. എന്നാൽ തന്റെ പുത്രൻ ഇസഹാക്കിന് ഒരു ഭാര്യയെ തേടി ഹാരാനിലേക്കാണ് ദാസനെ അയച്ചത് (ഉൽപ 24). വഞ്ചിതനായ സഹോദരൻ തന്നെ കൊല്ലും എന്നു ഭയന്ന യാക്കോബ് പ്രാണരക്ഷാർത്ഥം പലായനം ചെയ്തതും ഹാരാനിലേക്കാണ് അവിടെവച്ച് ഭാര്യമാരെയും 12 മക്കളെയും ലഭിച്ചു. എന്നാൽ യാക്കോബിനും വിട്ടുപേക്ഷിച്ചു പോകേണ്ട ഒരു ഇടത്താവളം മാത്രമായിരുന്നു ഹാരാൻ. ബെഞ്ചമിൻ ഒഴികെയുള്ള 11 ഗോത്ര പിതാക്കന്മാരും ഹാരാനിലാണ് ജനിച്ചതെങ്കിലും പിന്നീട് രക്ഷാ ചരിത്രത്തിൽ ആ പട്ടണത്തിനു വലിയ പ്രാധാന്യമില്ല.

അമോര്യരുടെ പട്ടണമായിരുന്നു ഹാരാൻ. *സിൻ* എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചന്ദ്രനെയാണ് അവർ ദൈവമായി ആരാധിച്ചിരുന്നത്. ഊർ നഗരവാസികളും ഇതേ ദേവനെ ആരാധിച്ചിരുന്നു. അബ്രാഹത്തിന്റെ പൂർവ്വികർ ചന്ദ്രാരാധകരായിരുന്നു. പിതാക്കന്മാരുടെ നാടും നഗരവും വിട്ടുപേക്ഷിക്കുന്നതോടൊപ്പം അവരുടെ വിശ്വാസങ്ങളും ആചാരങ്ങളും പൂർണ്ണമായി ഉപേക്ഷിക്കാൻ അബ്രാഹം നിർബന്ധിതനായി. പുതുതായി തന്റെ ജീവിതത്തിലേക്കു കടന്നുവന്ന ദൈവത്തെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ട് പുതിയ ഒരു ചരിത്രത്തിന് അങ്ങനെ തുടക്കം കുറിച്ചു.

പഴയതു വിട്ടുപേക്ഷിച്ചെങ്കിലേ പുതിയതു സ്വീകരിക്കാനാവൂ. സുരക്ഷിതത്വം നൽകിയിരുന്ന പഴയതിന്റെ പ്രതീകമാണ് ഹാരാൻ. അത് വിട്ടുപേക്ഷിക്കേണ്ട ഒരു ഇടത്താവളം മാത്രമാണ്. വഴിയമ്പലത്തിൽ വാസമുറപ്പിച്ചാൽ സ്വന്തം വീട്ടിൽ ചെന്നെത്താനാവില്ലല്ലോ. ദൈവം കാണിച്ചുതരുന്ന ദേശത്തെ ലക്ഷ്യം വച്ചു യാത്ര ചെയ്യുന്നവർക്ക് വഴിയിൽ സ്ഥിരവാസമില്ല. യാത്രയുടെ സാഹസികതയിലാണ് അവർ എന്നും, പിതൃഭവനത്തിൽ ചെന്നെത്തുംവരെ. ഏതാണ് വിട്ടുപേക്ഷിക്കേണ്ട എന്റെ ഹാരാൻ? യാത്രാമദ്ധ്യേ തടഞ്ഞുനിർത്തി, ലക്ഷ്യം മറക്കാൻ പ്രേരിപ്പിക്കുന്ന താവളം ഏതായാലും ഉപേക്ഷിച്ചേ മതിയാകൂ!

# 9

# ഷെക്കെം
# ആദ്യതാവളം

കർത്താവിന്റെ വിളികേട്ട് ഹാരാനിൽനിന്ന് യാത്ര തിരിച്ച അബ്രാഹം കാനാൻദേശത്ത് ആദ്യം താവളമടിച്ച സ്ഥലമാണ് ഷെക്കെം (ഉൽപ 12,6). ചുമൽ, തോൾ, ചരിവ് എന്നൊക്കെയാണ് വാക്കിനർത്ഥം. ഗെരിസിം - ഏബാൽ മലകൾക്കു മധ്യേയുള്ള സ്ഥലമായതിനാൽ മലഞ്ചെരിവ് എന്നോ മലയുടെ ചുമൽ എന്നോ അർത്ഥമാക്കാവുന്ന ഈ പേരുണ്ടായി. ജറുസലേമിൽനിന്ന് ഏകദേശം 60 കിലോമീറ്റർ വടക്ക്, സമറിയായിൽനിന്ന് 10 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന അതിപുരാതനമായ ഒരു പട്ടണമാണിത്. ജറുസലേമിൽനിന്നു വടക്കോട്ടും സമറിയായിൽനിന്നു കിഴക്കോട്ടും പോകുന്ന വാണിജ്യപാതകൾ ഈ പട്ടണത്തിലൂടെയാണ് കടന്നുപോയിരുന്നത്. മലയടുക്കായതിനാൽ തന്ത്രപ്രധാനമായ ഒരു പട്ടണമായിരുന്നു അത്.

ബി.സി. നാലാം സഹസ്രാബ്ദം മുതൽ ഷെക്കെമിൽ ആൾവാസമുണ്ടായിരുന്നു. അബ്രാഹത്തിന് അവിടെവെച്ച് ദൈവത്തിന്റെ അരുളപ്പാടു ലഭിച്ചു. *"ഈ നാട് നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും"* (ഉൽപ 12,7). അവിടെയാണ് അബ്രാഹം ആദ്യമായി കർത്താവിനു ബലിപീഠം പണിതത്. യാക്കോബിന്റെ ജീവിതത്തിൽ ഷെക്കെമിന് വലിയ പ്രാധാന്യമുണ്ട്. താമസത്തിനുവേണ്ടി ആദ്യമായി പണംകൊടുത്തു സ്ഥലം വാങ്ങിയത് അവിടെയാണ് (ഉൽപ 33,18-20). ഹാമോറിന്റെ മക്കളിൽ നിന്നാണ് യാക്കോബ് സ്ഥലം വാങ്ങിയത്. "*കഴുത*" എന്നാണ് *ഹാമോർ*

എന്ന വാക്കിന്റെ അർത്ഥം. കഴുതയെ വിശുദ്ധമൃഗമായി കരുതിയിരുന്നവരാണ് നഗരവാസികൾ എന്നു കരുതപ്പെടുന്നു.

ഹാമോറിന്റെ മകൻ ഷെക്കെം യാക്കോബിന്റെ ഏകമകൾ ദിനായെ പിടിച്ചുകൊണ്ടുപോയി അപമാനിച്ചു. അതിനു പ്രതികാരമായി ശിമയോനും ലേവിയും ചേർന്ന് വഞ്ചനയിലൂടെ നഗരവാസികളെ വധിച്ചു (ഉൽപ 34). പിൽക്കാലത്തെ ഇസ്രായേൽ ചരിത്രത്തിൽ ഷെക്കെമിന് സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശം കയ്യടക്കിയ ഇസ്രായേൽജനവും അവരോടു ചേർന്നവരും ഷെക്കെമിൽ വച്ചാണ് കർത്താവുമായുള്ള ഉടമ്പടി നവീകരിച്ച് വീണ്ടും ഒറ്റ ജനതയായത് (ജോഷ്വാ 24). ന്യായാധിപന്മാരുടെ കാലത്ത് ഇസ്രായേലിൽ രാജാവായിത്തീർന്ന അബിമെലെക്ക് ഷെക്കെംകാരനായിരുന്നു; പിന്നീട് അയാൾതന്നെ ഷെക്കെം നിവാസികളെ വധിക്കുകയും നഗരം നശിപ്പിക്കുകയും ചെയ്തു (ന്യായാ 9).

സോളമന്റെ മരണത്തിനുശേഷം ഇസ്രായേൽഗോത്രങ്ങളുടെ മുഴുവൻ രാജാവായി അഭിഷേചിക്കപ്പെടാൻവേണ്ടി റെഹൊബൊവാം ഷെക്കെമിൽ വന്നു. പക്ഷേ രാജാഭിഷേകത്തിനുപകരം വലിയൊരു കലാപവും ദേശത്തിന്റെ പിളർപ്പുമാണ് അവിടെ അരങ്ങേറിയത് (1 രാജാ 12). യൂദായിൽ നിന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ച വടക്കൻ ഗോത്രങ്ങൾ കുറച്ചുനാളത്തേക്ക് ഷെക്കെം തലസ്ഥാനനഗരമായി സ്വീകരിച്ചു. പിന്നീട് തിർസായിലേക്കും അവസാനം സമറിയായിലേക്കും തലസ്ഥാനം മാറ്റിയെങ്കിലും ഷെക്കെമിന്റെ പ്രാധാന്യം നഷ്ടപ്പെട്ടില്ല.

ബി.സി. 721-ൽ ഇസ്രായേലിന്റെ പതനത്തെ തുടർന്ന് ഷെക്കെമിന്റെ പ്രാധാന്യം കുറഞ്ഞു. ആറാം നൂറ്റാണ്ടുമുതൽ അത് സമറിയാക്കാരുടെ ഒരു കേന്ദ്രമായി തുടർന്നു. നഗരത്തിനടുത്ത് ഗെരിസിം മലയിലായിരുന്നു. സമറിയാക്കാരുടെ ഏറ്റം പ്രധാനപ്പെട്ട ആരാധനാലയം. ബി.സി. 107-ൽ ഹസ്മൊണേയൻ രാജാവായ ജോൺ ഹിർക്കാനൂസ് ഷെക്കെം ഇടിച്ചുനിരത്തി. യേശുവിന്റെ കാലത്ത് ഷെക്കെം ഒരു കൽക്കൂന മാത്രമായിരുന്നു. യേശു സമറിയാക്കാരിയെ കണ്ടുമുട്ടിയ സിക്കാർ എന്ന പട്ടണം ഷെക്കെമിന്റെ അവിഷ്ടങ്ങൾക്കു സമീപം ഉയർന്ന ഗ്രാമമാണെന്നു കരുതപ്പെടുന്നു. നൂറടിയിലധികം ആഴമുള്ള "യാക്കോബിന്റെ കിണർ"

ഇന്നും അവിടെ കാണാം. എ.ഡി. 66–70 യുദ്ധത്തിനുശേഷം റോമാക്കാർ ഷെക്കെം പുതുക്കിപ്പണിത്, *ഫ്ളാവിയ നെയാപോളിസ്* എന്നു പേരിട്ടു. നാബ്ലൂസ് എന്ന പേരിൽ ഇന്നു നിലനിൽക്കുന്ന ചെറിയ പട്ടണം ഷെക്കെമിന്റെ പിന്തുടർച്ചയാണ്.

ഇരുപതാം നൂറ്റാണ്ടിലെ പുരാവസ്തുഗവേഷകർ കണ്ടെടുത്ത പട്ടണത്തിന്റെ അടിത്തറകൾ രക്ഷാചരിത്രം കടന്നുപോന്ന വഴിയിലെന്നും നാഴികക്കല്ലായി അവശേഷിക്കുന്നു; കുടിച്ചാൽ ദാഹം ശമിപ്പിക്കാത്ത ജലത്തിനു പകരം നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന ഉറവ വാഗ്ദാനം ചെയ്ത യേശുവിന്റെ തിരുവചനങ്ങൾ അനുസ്മരിപ്പിച്ചുകൊണ്ട് യാക്കോബിന്റെ കിണറും.

# 10

## ബേർല്ഹായ് റോയ്
## ദൈവത്തിന്റെ കിണർ

കാനാൻദേശത്തുനിന്ന് ഈജിപ്തിലേക്കുള്ള വഴിയിൽ, കാദെശ്ബർണെയായ്ക്കും ബേറെദിനും മധ്യേ മരുഭൂമിയിലുള്ള ഒരു സ്ഥലമാണിത്. ആകെ മൂന്നു തവണ മാത്രമേ ബൈബിളിൽ ഈ സ്ഥലത്തെക്കുറിച്ചു പരാമർശിക്കുന്നുള്ളൂ. ഹാഗാറിന്റെ ജീവിതവുമായി ബന്ധപ്പെട്ടാണ് ഈ സ്ഥലം ആദ്യമായി ബൈബിളിൽ പ്രത്യക്ഷപ്പെടുന്നത് (ഉൽപ 16,14). പിന്നീട് ഇസഹാക്ക് അവിടെ വസിച്ചിരുന്നതായി രണ്ടുതവണ സൂചിപ്പിക്കുന്നുണ്ട് (ഉൽപ 24,62; 25,11). കാദെശ് ബർണെയായിൽനിന്ന് ഏകദേശം 12 കി.മീ. പടിഞ്ഞാറ്, അയിൻ വെയ്ലെ എന്ന് ഇന്ന് അറിയപ്പെടുന്ന സ്ഥലമായിരുന്നു ഇതെന്ന് കരുതപ്പെടുന്നു.

മരുഭൂമിയിൽ ധാരാളം ജലമുള്ള കിണർ കാരവൻ സംഘങ്ങളുടെ സംഗമസ്ഥലമാകും. അങ്ങനെ ഒരു സ്ഥലമാണിത്. ഇതിനു നൽകിയിരിക്കുന്ന പേരും പേരു നൽകിയ സാഹചര്യവും പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. വന്ധ്യയായ തനിക്കു പകരം ഒരു ശിശുവിനെ പ്രസവിക്കാൻ സാറാ അബ്രാഹത്തിനു നൽകിയ ദാസിയാണ് ഹാഗാർ. അവൾ പ്രസവിക്കുന്ന ശിശു അന്നു നിലവിലിരുന്ന നിയമത്തിന്റെ ദൃഷ്ടിയിൽ സാറായുടേതായിരിക്കും. എന്നാൽ താൻ ഗർഭിണിയാണെന്നറിഞ്ഞ ഹാഗാർ ദാസിയെന്ന സ്വന്തം സ്ഥാനംമറന്ന്, യജമാനത്തിയെ പുച്ഛിക്കാൻ തുടങ്ങിയപ്പോൾ സാറാ ക്രുദ്ധയായി. സഹികെട്ട ഹാഗാർ ജന്മനാടായ ഈജിപ്തിലേക്ക് ഒളിച്ചോടി. മരുഭൂമിയിൽ അലഞ്ഞുനടന്ന അവളെ ഒരു കിണറിന്റെ അടുത്തുവച്ച് കർത്താവിന്റെ ദൂതൻ കണ്ടുമുട്ടി.

*"സാറായുടെ ദാസിയായ ഹാഗാറേ, നീ എവിടെനിന്നു വരുന്നു, എങ്ങോട്ടു പോകുന്നു"? (ഉൽപ 16,8).* തന്റെ അവസ്ഥയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും കുറിച്ച് വ്യക്തമായ അവബോധത്തിലേക്കു വരാൻ പ്രേരിപ്പിക്കുന്നതാണ് ദൂതന്റെ ഈ ചോദ്യം. തുടർന്ന് വലിയൊരു വാഗ്ദാനവും നൽകി, ദൈവം അവളെ യജമാനത്തിയുടെ അടുക്കലേക്കു തിരിച്ചയച്ചു. *"എണ്ണിയാൽ തീരാത്തവണ്ണം അത്രയധികമായി നിന്റെ സന്തതിയെ ഞാൻ വർദ്ധിപ്പിക്കും..... നീ ഒരാൺകുട്ടിയെ പ്രസവിക്കും അവന് നീ ഇസ്മായേൽ എന്ന് പേരിടണം. കാരണം കർത്താവ് നിന്റെ രോദനം ചെവിക്കൊണ്ടിരിക്കുന്നു" (ഉൽപ 16,10-11).*

തന്നോടു സംസാരിച്ച കർത്താവിനെ അവൾ "*ഏൽറോയ്*" എന്നു വിളിച്ചു. കാരണം എന്നെ കാണുന്ന ദൈവത്തെ ഞാൻ ഇവിടെ വച്ചു കണ്ടു എന്ന് അവൾ പറഞ്ഞു. *എന്നെ കാണുന്ന ദൈവം* എന്നാണ് *ഏർറോയ്* എന്ന വാക്കിന്റെ അർത്ഥം. സ്വന്തം ധിക്കാരത്തിന്റെയും അഹങ്കാരത്തിന്റെയും പേരിൽ അവഗണിക്കപ്പെടുകയും കുറ്റബോധവുംപേരി ഒളിച്ചോടുകയും ചെയ്ത ഗർഭിണിയായ അടിമയെ ദൈവം കൈവിട്ടില്ല. *"നിലവിളി കേൾക്കുന്ന ദൈവം"* എന്ന തന്റെ സ്വഭാവം ആദ്യമായി അവൾക്കാണ് ദൈവം വെളിപ്പെടുത്തിയത്. *"ദൈവം കേട്ടു"* എന്ന് അർത്ഥമുള്ള *ഇസ്മായേൽ* എന്ന പേരിലൂടെ ആ സവിശേഷത ശാശ്വതീകരിക്കുകയും ചെയ്തു.

*"എന്നെ കാണുന്ന സജീവദൈവത്തിന്റെ കിണർ"* എന്ന് അവൾ കിണറിനു പേരിട്ടു. ആരെയും അവഗണിക്കാത്ത, വഞ്ചകനെയും കൊലപാതകിയെയും ധിക്കാരിയെയും തേടിയെത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നവനാണ് ദൈവം എന്ന് ഈ പേരിലൂടെ ഏറ്റുപറയുന്നു. നോദും ബെഥേലും പെനുവേലും പോലെ രക്ഷാചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് ബേർല്ഹായ്റോയ്. ഹാഗാർ പേരിട്ട സ്ഥലത്ത് പിന്നീട് ഇസഹാക്ക് വാസമുറപ്പിച്ചു എന്നു പറയുന്ന വിശുദ്ധഗ്രന്ഥകാരൻ, ജനതകൾ തമ്മിൽ, പ്രത്യേകിച്ചും ഇസഹാക്കിന്റെയും ഇസ്മായേലിന്റെയും പിൻതലമുറകൾ തമ്മിൽ, നിലനിൽക്കേണ്ട ഐക്യത്തിലേക്കു വിരൽചൂണ്ടുന്നു. അതിലുപരി, ഞാൻ ഏതവസ്ഥയിലായാലും ദൈവം എന്നെ കാണുന്നു, സ്നേഹിക്കുന്നു, സംരക്ഷിക്കുന്നു എന്ന സത്യമാണ് ബേർല്ഹായ്റോയ് എന്ന പേരിലൂടെ വെളിപ്പെടുന്നത്.

# 11

## സോദോം
## ശാശ്വതമായ താക്കീത്

അധാർമ്മികതയുടെ പര്യായമായിട്ടാണ് സോദോം അറിയപ്പെടുന്നത്. ചാവുകടലിന്റെ തെക്ക് താഴ്‌വരയിൽ ഉണ്ടായിരുന്ന അഞ്ചു നഗരങ്ങളായിരുന്നു സോദോം, ഗെമോറ, അദ്മാ, സെബോയിം, ബേലാ അഥവാ സോവാർ. ദേശവാസികളുടെ അക്ഷന്തവ്യവും സീമാതീതവുമായ അധർമ്മം മൂലം ദൈവം അഗ്നിയിറക്കി ഈ നഗരങ്ങൾ നശിപ്പിച്ചു എന്ന് ബൈബിൾ രേഖപ്പെടുത്തിയിരിക്കുന്നു (ഉൽപ 19). അബ്രാഹത്തിന്റെ മധ്യസ്ഥപ്രാർത്ഥന കർത്താവു സ്വീകരിച്ചെങ്കിലും പത്തു നീതിമാന്മാരെപ്പോലും അവിടെ കണ്ടെത്താൻ കഴിയാഞ്ഞതിനാൽ നഗരം നശിപ്പിക്കപ്പെട്ടു.

താഴ്‌വരയിലെ പഞ്ചനഗരങ്ങളെക്കുറിച്ച് ബൈബിൾ നൽകുന്ന വിവരണം അനുസരിച്ചുള്ള ഒരു നഗരത്തിന്റെയും അവശിഷ്ടങ്ങൾ കണ്ടെത്താൻ പുരാവസ്തു ഗവേഷകർക്കു കഴിഞ്ഞിട്ടില്ല. അതിനാൽ ആ നഗരങ്ങളെല്ലാം ഇന്നു ചാവുകടലിനടിയിലാണെന്ന് കരുതപ്പെടുന്നു. പൊതുവേ നാനൂറു മീറ്ററിലധികം ആഴമുള്ള ചാവുകടലിന്റെ തെക്കേ അറ്റത്ത് വെറും അഞ്ചുമീറ്റർ മാത്രം ആഴമേയുള്ളൂ. ഈ പ്രദേശം പണ്ട് കരയായിരുന്നുവെന്നും പിന്നീട് വെള്ളത്തിൽ മുങ്ങിപ്പോയതാണെന്നും ചരിത്രകാരന്മാർ കരുതുന്നു. ബൈബിൾ പറയുന്ന അഞ്ചുനഗരങ്ങളും ഈ പ്രദേശത്തായിരുന്നു എന്നു വിശ്വസിക്കാൻ മതിയായ ന്യായമുണ്ട്.

പഴയനിയമത്തിൽ 39 ഉം പുതിയ നിയമത്തിൽ 9 ഉം തവണ സോദോമിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. കലഹം ഒഴിവാ

ക്കാൻവേണ്ടി അബ്രാഹത്തിൽനിന്നു വേർപിരിഞ്ഞ ലോത്ത് തനിക്കുവേണ്ടി തിരഞ്ഞെടുത്തതാണ് സമതലവും സോദോം നഗരവും (ഉൽപ 13,8-13). സോദോം നഗരവാസികൾ ദുഷ്ടന്മാരും പാപികളുമായിരുന്നു എന്ന് വി. ഗ്രന്ഥകാരൻ തുടക്കത്തിലേ പറയുന്നുണ്ട്. ആടുകൾക്കു നല്ല മേച്ചിൽസ്ഥലം തേടിയാണ് ലോത്ത് പോയതെങ്കിലും വാസമുറപ്പിച്ചത് സോദോം നഗരത്തിലാണ്. അവിടെവച്ച് യുദ്ധത്തിൽ തടവുകാരനാക്കപ്പെട്ട ലോത്തിനെ സാഹസികമായി അബ്രാഹം രക്ഷപ്പെടുത്തി (ഉൽപ 14).

നഗരവാസികളുടെ ദുഷ്ടത സകല അതിരുകളെയും മറികടന്നിരിക്കുന്നു എന്നു കണ്ട ദൈവം നഗരത്തെ നശിപ്പിച്ചപ്പോൾ ലോത്തിനെയും കുടുംബത്തെയും നാശത്തിൽനിന്ന് ഒഴിവാക്കി. ദൈവത്തിന്റെ നീതിയും കരുണയും ഒപ്പം പ്രതിഫലിപ്പിക്കുന്നതാണ് ഈ വിവരണം.

എന്തായിരുന്നു സോദോമിന്റെ പാപം? ഉൽപത്തിയിലെ വിവരണത്തിൽനിന്ന് അത് ലൈംഗിക അധാർമ്മികത, പ്രത്യേകിച്ചും സ്വവർഗ്ഗരതി, ആയിരുന്നു (ഉൽപ 19,1-11). എന്നാൽ എസെക്കിയേൽ പ്രവാചകൻ മറ്റൊരു ചിത്രമാണ് വരച്ചുകാട്ടുന്നത് "*പ്രൗഢിയും ഭക്ഷ്യസമൃദ്ധിയും സ്വസ്ഥതയും സമാധാനവും ഉണ്ടായിട്ടും അവളും അവളുടെ പുത്രിമാരും നിർദ്ധനരെയും അഗതികളെയും തുണച്ചില്ല*" (എസെ 16,49). ലൈംഗിക അരാജകത്വം, പാവപ്പെട്ടവരോടുള്ള അവഗണന, സീമാതീതമായ ധൂർത്ത് ഇതെല്ലാമാണ് സോദോമിന്റെ നാശം വിളിച്ചുവരുത്തിയത്. ഇത് എന്നും ഒരു താക്കീതാണ് - പ്രത്യേകിച്ചും ഇന്ന്.

ശക്തമായ ഭൂമികുലുക്കത്തെ തുടർന്ന് പെട്രോളിയവും വാതകങ്ങളും പുറത്തുവരികയും ഇടിമിന്നലിൽനിന്ന് തീ കത്തിപ്പടരുകയും ചെയ്തതാവാം ആകാശത്തിൽ ഇറങ്ങിയ അഗ്നിയെന്ന് ഭൂഗർഭശാസ്ത്രകാരന്മാർ കരുതുന്നു. ഭൂമികുലുക്കത്തിന്റെ ഭാഗമായി ചാവുകടലിലെ വെള്ളം തെക്കോട്ട് ഒഴുകി, താഴ്വര വെള്ളത്തിനടിയിലായതാവാം സംഭവിച്ചത്. എന്തായാലും പ്രകൃതിശക്തികളിലൂടെ, ദുരന്തങ്ങളിലൂടെ, ദൈവം ശക്തമായ താക്കീതുനൽകുന്നു എന്ന പാഠമാണ് സോദോമിന്റെ വിവരണം. ആ താക്കീത് ദൈവം ഇന്നും നൽകുന്നു. അവഗണിക്കുന്നത് സമൂലനാശത്തിനു കാരണമാകും! സോദോമിന്റെ ഉദാഹരണത്തിലൂടെ യേശു നൽകുന്ന പാഠവും ഇതുതന്നെയാണ് (ലൂക്കാ 10,13-15).

# 12

## ബേർഷെബാ
## ശപഥത്തിന്റെ കിണർ

പൂർവ്വപിതാക്കന്മാരുടെ ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ട ഒരു സ്ഥലമാണ് ജറുസലെമിൽനിന്ന് 77 കി.മീ. തെക്ക്, മരുഭൂമിയുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ബേർഷെബാ. ഇസ്രായേൽ രാജ്യത്തിന്റെ തെക്കേ അതിർത്തിയായിട്ടാണ് ഈ പട്ടണം അറിയപ്പെടുന്നത്. "*ദാൻ മുതൽ ബേർഷെബാവരെ*" എന്ന പ്രയോഗം (ന്യായാ 20,1–2, സാമു 3,10) "ഇസ്രായേൽ മുഴുവൻ" എന്നു സൂചിപ്പിക്കുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നീ പൂർവ്വപിതാക്കന്മാർ മൂവരും അവിടെ വസിച്ചിട്ടുണ്ട്, അവിടെ അവർ ദൈവത്തിനു ബലിയർപ്പിച്ചിട്ടുമുണ്ട്. അവിടെ വച്ച് ദൈവം തന്റെ വാഗ്ദാനം ആവർത്തിച്ചിട്ടുമുണ്ട് (ഉൽപ 21,33; 26,23–25; 46,3–4)

ബേർഷെബാ എന്ന പേരിന്റെ ഉത്ഭവത്തെക്കുറിച്ച് ബൈബിൾ രണ്ടു വ്യത്യസ്ത വിവരണങ്ങൾ നൽകുന്നുണ്ട്. താൻ കുഴിച്ച കിണറിനെച്ചൊല്ലിയുണ്ടായ തർക്കത്തിന് പരിഹാരമായി അബ്രാഹം അബിമെലെക്കിന് ഏഴു പെണ്ണാടുകളെ നൽകുകയും ഇരുവരും ശപഥം വഴി തർക്കം പരിഹരിക്കുകയും ചെയ്തതിനാൽ ആ സ്ഥലത്തിന് *ബേർഷെബാ* എന്ന പേരുണ്ടായി എന്നതാണ് ആദ്യത്തെ വിവരണം (ഉൽപ 21,22–34). "ബേർ" എന്ന ഹീബ്രുവാക്കിൽ "കിണർ" എന്നാണർത്ഥം "ഷെബാ" എന്നാൽ "ഏഴ്" എന്നും "ശപഥം" എന്നും അർത്ഥമുണ്ട്. അതിനാൽ *ഏഴിന്റെ കിണർ* എന്നും *ശപഥത്തിന്റെ കിണർ* എന്നും പേരിന് അർത്ഥമാകാം. കിണറുമായി ബന്ധപ്പെട്ടതാണ് രണ്ടാമത്തെ വിവ

രണവും (ഉൽപ 26,26-35). ദേശത്തെ രാജാവും ഇസഹാക്കും തമ്മിൽ ശപഥംവഴി സന്ധിചെയ്തു. അന്ന് കിണറ്റിൽ വെള്ളം കണ്ടതിനാൽ ശപഥത്തിന്റെ കിണർ എന്ന പേരുണ്ടായി.

പിതാക്കന്മാരുമായി ബന്ധപ്പെടുത്തി പരാമർശിക്കുന്നതിനു മുമ്പേ വി. ഗ്രന്ഥകാരൻ ബേർഷെബായെക്കുറിച്ചു പറയുന്നുണ്ട്. ഒരു ദിവസത്തേക്കുള്ള അപ്പവും കുടിനീരുമായി മരുഭൂമിയിലേക്കു പറഞ്ഞയയ്ക്കപ്പെട്ട ഹാഗാർ മകൻ ഇസ്മയേലിനെയുംകൊണ്ട് അലഞ്ഞുനടന്നത് ബേർഷെബായുടെ സമീപത്താണ് (ഉൽപ 21,14). വെള്ളം അവിടെ ഉണ്ടായിരുന്നെങ്കിലും അതു കണ്ടെത്താൻ അവൾക്കു കഴിഞ്ഞത് കർത്താവ് അവളുടെ കണ്ണു തുറന്നപ്പോൾ മാത്രമാണ്. പിരത്യക്തതയുടെയും ഏകാന്തതയുടെയും ഭാരംപേറി നിരാശയോടെ അലഞ്ഞ അവൾക്കു പ്രത്യാശയുടെ കുടിനീർ ലഭിച്ച സ്ഥലമാണ് ബേർഷെബാ (ഉൽപ 21,15-19).

ജെസബേലിനെ ഭയന്ന് പലായനം ചെയ്ത ഏലിയാ പ്രവാചകൻ ബേർഷെബായിൽവച്ചാണ് ഭൃത്യനെ പിരിഞ്ഞ് ഏകനായി മരുഭൂമിയിലേക്കു പോയി മരണം കാത്തു കിടന്നത് (1 രാജ 19,3). നിരാശയിൽ ആണ്ടുപോകുന്നവർക്കു പ്രത്യാശയുടെ കിരണങ്ങൾ പ്രസരിപ്പിക്കുന്ന പ്രകാശഗോപുരമാണ് ബേർഷെബാ. പിതാക്കന്മാരുടെ ശപഥം മാത്രമല്ല, ദൈവത്തിന്റെ ശപഥവും അത് അനുസ്മരിപ്പിക്കുന്നു. ശപഥത്തോടെ ദൈവം നൽകിയ എല്ലാ വാഗ്ദാനങ്ങളെയും അനുസ്മരിപ്പിക്കുന്നതാണ് ബേർഷെബാ.

ജോഷാ കാനാൻദേശം കീഴടക്കി ഗോത്രങ്ങൾക്കു വീതിച്ചുകൊടുത്തപ്പോൾ ബേർഷെബാ യൂദായുടെ ഭാഗമായി (ജോഷ്വാ 15,28). പിൽക്കാലത്ത് അതൊരു തീർത്ഥാടന കേന്ദ്രമായി അറിയപ്പെട്ടു. പക്ഷേ, നിഷിദ്ധമായ വിഗ്രഹാരാധന പ്രചരിപ്പിക്കുന്ന കേന്ദ്രമായിത്തീർന്നതിനാൽ അങ്ങോട്ടു പോകരുതെന്ന് പ്രവാചകന്മാർ വിലക്കി (ആമോ 5,5; 8,14). ദൈവികസാന്നിധ്യം പ്രത്യേകമാംവിധം അനുഭവപ്പെട്ടിട്ടും പിൽക്കാലത്ത് ആ അനുഭവത്തിൽനിന്നു വ്യതിചലിച്ച്, ജനത്തെ വഴിതെറ്റിക്കുന്ന കേന്ദ്രമായി അധഃപതിച്ച ബേർഷെബാ ഇന്നും ഒരു താക്കീതും മുന്നറിയിപ്പുമായി നിലകൊള്ളുന്നു, ഹെബ്രോണിൽനിന്ന് 40 കി.മീ. തെക്ക്, ബിർ എസ്സാബാ എന്ന പേരിൽ.

# 13

## മോറിയാ
## ബലിനിലം

കർത്താവിന്റെ കല്പനയനുസരിച്ച് തന്റെ ഏകപുത്രനെ ബലിയർപ്പിക്കാനായി അബ്രാഹം ബലിപീഠം ഒരുക്കിയ സ്ഥലമാണ് മോറിയാ. ഇതിനെ മലമ്പ്രദേശം എന്നും മല എന്നും ബൈബിൾ വിശേഷിപ്പിക്കുന്നുണ്ട്. *"നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോകുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം"* (ഉൽപ 22,2) ഒരു മലനിരയായിട്ടാണ് മോറിയാ ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

അനേകം വർഷങ്ങൾക്കുശേഷം ദാവീദുരാജാവ് അറുനൂറു ഷെക്കൽ സ്വർണ്ണം വിലയായി കൊടുത്ത് ഒർനാനിൽനിന്നു വാങ്ങിയ മെതിക്കളത്തിൽ കർത്താവിനു ബലിയർപ്പിച്ചു. അത് മോറിയാ മലയിലായിരുന്നു (1 ദിന 21,18-30). അവിടെയാണ് പിന്നീട് സോളമൻ ദേവാലയം നിർമ്മിച്ചത് (2 ദിന 3,1).

വീണ്ടും ഏകദേശം ആയിരം വർഷങ്ങൾ കഴിഞ്ഞപ്പോൾ ദൈവത്തിന്റെ ഏകപുത്രൻ ബലിയായി അർപ്പിക്കപ്പെട്ടു. അതും മോറിയായിലായിരുന്നു. എല്ലാ ബലികളെയും പൂർത്തിയാക്കുന്ന ഈ മഹാബലിയിലേക്കായിരുന്നു അബ്രാഹത്തിന്റെ ബലിയും മഹാമാരിയ്ക്ക് അന്ത്യം കുറിച്ച ദാവീദിന്റെ ബലിയും വിരൽചൂണ്ടിയത്. ബലിനിലമാണ് മോറിയാ.

മോറിയാ എന്ന വാക്കിന്റെ അർത്ഥത്തെക്കുറിച്ച് വ്യാഖ്യാതാക്കൾക്കിടയിൽ തർക്കമുണ്ട്. ഉയർന്ന പ്രദേശം എന്നാണ്

സപ്തതി അതിനെ വിവർത്തനം ചെയ്തത്. "ദർശനത്തിന്റെ ദേശം" എന്ന് ലത്തീൻ വുൾഗാത്തായും "അമോര്യരുടെ നാട്" എന്ന് സുറിയാനി ശ്പശീത്തായും പരിഭാഷപ്പെടുത്തി. *കാണുക* എന്നും *നൽകുക* എന്നും അർത്ഥമുള്ള "*റാആഹ്*" എന്ന ഹീബ്രു മൂലത്തിൽനിന്നാണ് മോറിയാ എന്ന പദത്തിന്റെ നിഷ്പത്തി. അതിനാൽ *ദൈവം കാണുന്നു* എന്ന് ഒരു വ്യാഖ്യാന സാധ്യത യുണ്ട്. എല്ലാം കാണുന്ന ദൈവം ഏകജാതനെ ബലിയർപ്പിക്കാൻ പോകുന്ന പിതാവിന്റെ ഹൃദയവ്യഥയും കാണും എന്ന അർത്ഥം ഈ പേരിന് ഉണ്ടാകാം. വലിയ ആശ്വാസവും പ്രത്യാശയും നൽകുന്നതാണ് ദൈവം കാണുന്നു എന്ന അവബോധം. എന്റെ എല്ലാ ആവശ്യങ്ങളും ദുഃഖങ്ങളും ബലഹീനതകളും പരാജയ ങ്ങളും കാണുന്ന, ആർദ്രതയോടെ എന്നെ നിരന്തരം നോക്കി യിരിക്കുന്ന, വാത്സല്യമുള്ള പിതാവാണ് ദൈവം എന്ന് മോറിയാ എന്നെ അനുസ്മരിപ്പിക്കുന്നു.

മോറിയാ എന്ന വാക്കിന് വേറൊരു വ്യാഖ്യാനസാധ്യതയു മുണ്ട്. *റാആഹ്* എന്ന ഹീബ്രുമൂലത്തിന് *തരുക* എന്ന അർത്ഥവു മുണ്ട്. ഈ അർത്ഥത്തിലാണ് അബ്രാഹം ഇസഹാക്കിനോടു സംസാരിച്ചത്. ബലിമൃഗം എവിടെ എന്നു മകൻ ചോദിച്ചപ്പോൾ ദൈവം തരും എന്നു പിതാവ് മറുപടി പറഞ്ഞു. *യാഹ്‌വേ ഇരേ* എന്നാണ് ഹീബ്രുമൂലം. അബ്രാഹം ആ സ്ഥലത്തിനു നൽകിയ പേരാണത്. "*കർത്താവിന്റെ മലയിൽ അവിടുന്ന് വേണ്ടതു പ്രദാനം ചെയ്യുന്നു എന്ന് ഇന്നുവരെയും പറയപ്പെടുന്നു*" (ഉൽപ 22,14) എന്ന വ്യാഖ്യാനം മോറിയാ എന്ന പേരിന്റെ അർത്ഥമാണ് വിശദീകരിക്കുന്നത്. ബലിയർപ്പിക്കാൻ കല്പിക്കുന്ന ദൈവം തന്നെ ബലിക്ക് ആവശ്യമായതെല്ലാം തരും എന്ന വിശ്വാസമുണ്ട് ഈ പേരിനുപിന്നിൽ.

മോറിയായിൽ അബ്രാഹം അർപ്പിച്ചത് സ്വന്തം പ്രതീക്ഷകളും കണക്കുകൂട്ടലുകളുമായിരുന്നു. അവസാനനിമിഷം മകനുപകരം ആടിനെ അർപ്പിക്കാൻ ദൈവം അദ്ദേഹത്തെ അനുവദിച്ചു, അനു ഗ്രഹിച്ചു. വലിയ വിലകൊടുത്തുവാങ്ങിയ സ്ഥലത്ത് ദാവീദ് ബലി യർപ്പിച്ചതും മൃഗങ്ങളെ ആയിരുന്നു. എന്നാൽ മോറിയായിൽ യഥാർത്ഥ ബലിയർപ്പിച്ചതു ദൈവം തന്നെയാണ് – തന്റെ ഏക ജാതനെ. അതിലൂടെ മോറിയാ രക്ഷയുടെ ഉറവിടമായി.

ജറുസലേം നഗരത്തിലാണ് മോറിയാ. അബ്രാഹവും ദാവീദും ബലിയർപ്പിച്ച സ്ഥലത്ത് ഇന്നു നിൽക്കുന്നത് ഒരു മോസ്ക്കാണ്. ഏകദേശം ഒരു കിലോമീറ്റർ അകലെ ആ മല യുടെ തന്നെ മറ്റൊരു ഭാഗത്ത്, യേശു ബലിയായി അർപ്പിക്കപ്പെട്ട കാൽവരിയും തിരുക്കല്ലറയും ഉൾക്കൊള്ളുന്ന, ക്രിസ്തീയ ദേവാലയം സ്ഥിതിചെയ്യുന്നു, എല്ലാം കാണുന്ന ദൈവം ആവശ്യമായതെല്ലാം നൽകും എന്ന വാഗ്ദാനവുമായി.

# 14

## മക്പേലാ
## വാഗ്ദത്തഭൂമിയിലെ ആദ്യത്തെ അവകാശം

സാറായുടെ മൃതദേഹം സംസ്കരിക്കാനായി പൂർവ്വപിതാവായ അബ്രാഹം വിലയ്ക്കുവാങ്ങിയ സ്ഥലമാണ് മാക്പേലാ. ഉൽപ 23-ാം അധ്യായത്തിൽ വളരെ വിശദമായി ഈ സംഭവം വിവരിക്കുന്നുണ്ട്. തന്റെ ഭാര്യയെ സംസ്ക്കരിക്കാൻ ഒരു ഗുഹ മാത്രമാണ് അബ്രാഹം ആവശ്യപ്പെട്ടത്. എന്നാൽ ഉടമസ്ഥനായ എഫ്രോൺ, ഗുഹ മാത്രമല്ല, അതിനോടു ചേർന്ന സ്ഥലം മുഴുവൻ വലിയൊരു തുകയ്ക്ക് അബ്രാഹത്തിനു കൈമാറി. നാട്ടിൽ നിലവിലിരുന്ന നിയമം അനുസരിച്ച്, നാട്ടുപ്രമാണിമാരുടെ മുമ്പിൽവച്ച്, അബ്രാഹം നാനൂറു ഷെക്കൽ വെള്ളി തൂക്കിക്കൊടുത്ത് സ്ഥലത്തിന്റെമേൽ തന്റെ ഉടമസ്ഥാവകാശം സ്ഥാപിച്ചു.

നിനക്കും നിന്റെ സന്തതികൾക്കുമായി ഈ ദേശം ഞാൻ നൽകും എന്ന് ദൈവം അബ്രാഹത്തോടു ചെയ്ത വാഗ്ദാനത്തിന്റെ പൂർത്തീകരണം ഇവിടെ ആരംഭിക്കുന്നു. അതിനാലാവാം ഈ സ്ഥലം വാങ്ങലിന് ബൈബിൾ ഇത്രയേറെ പ്രാധാന്യം നൽകുന്നത്. ഗുഹയും വയലും വയലിലെ വൃക്ഷങ്ങളും പണംകൊടുത്ത് വാങ്ങിയതോടെ അബ്രാഹം സ്ഥലത്തിന്റെ ഉടമയായി, ദേശത്തെ ഒരു പൗരൻ എന്ന സ്ഥാനവും ലഭിച്ചു. ഇനി വന്നു പാർക്കുന്ന പരദേശിയല്ല, അവകാശങ്ങളുള്ള പൗരനാണ് അബ്രാഹം.

വാഗ്ദത്തഭൂമിയിൽ ആദ്യത്തെ അവകാശമായി ലഭിച്ചത് ഒരു ശവപ്പറമ്പാണെന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ദൈവികസാന്നിധ്യത്തിന്റെയും സാമീപ്യത്തിന്റെയും അടയാളമാണ് വാഗ്ദത്തഭൂമി. മരിച്ച് വാഗ്ദത്തഭൂമിയിൽ സംസ്കരിക്കപ്പെടുന്നവർ

ദൈവികസാന്നിധ്യത്തിൽ നിത്യവിശ്രമം അനുഭവിക്കുന്നു എന്ന സൂചനയുണ്ട്. സാറായെ സംസ്കരിച്ച ഗുഹയിൽത്തന്നെയാണ് ഇസ്മായേലും ഇസഹാക്കും ചേർന്ന് അബ്രാഹത്തെ സംസ്കരിച്ചത്. അവിടെത്തന്നെ ഇസഹാക്കും റബേക്കായും യാക്കോബും ലെയായും സംസ്കരിക്കപ്പെട്ടു. ഗോത്രപിതാക്കന്മാർ ഒരുമിച്ച് നിത്യവിശ്രമം കൊള്ളുന്ന വിശുദ്ധ ഭൂമിയാണ് മക്പേലാ.

ഹേറോദേസ് മഹാരാജാവ് ആ ഗുഹയ്ക്കുചുറ്റും 60 മീറ്റർ നീളവും 30 മീറ്റർ വീതിയും മൂന്നുമീറ്റർ കനവുമുള്ള ഒരു കോട്ട നിർമ്മിച്ച് ഈ ശവകുടീരത്തെ മനോഹരമായൊരു സ്മാരകമാക്കി. എ.ഡി. അഞ്ചാംനൂറ്റാണ്ടിൽ അവിടെ ഒരു ക്രിസ്തീയ ദേവാലയം നിർമ്മിക്കപ്പെട്ടു. 8-ാം നൂറ്റാണ്ടിൽ ആ ദേവാലയം ഒരു മുസ്ലീം മോസ്ക്കായി മാറി. 12-ാം നൂറ്റാണ്ടിൽ കുരിശുയുദ്ധക്കാർ അതിനെ വീണ്ടും ദേവാലയമാക്കിയെങ്കിലും അടുത്ത നൂറ്റാണ്ടിൽ വീണ്ടും മോസ്ക്കായിത്തീർന്നു. ജറുസലേമിൽനിന്ന് ഏകദേശം 40 കി. മീ. തെക്കായി സ്ഥിതിചെയ്യുന്ന ഹെബ്രോൺ നഗരത്തിലാണ് ഈ ശവകുടീരം. യഹൂദർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ഒരുപോലെ പ്രാധാന്യമുള്ള ഈ പുണ്യഭൂമിയിൽ ഇന്ന് ഒരു മോസ്ക്കും സിനഗോഗും ഉണ്ട്. പലസ്തീനിയൻ ആധിപത്യത്തിലുള്ള ഈ സ്ഥലം ഇന്നു സംഘർഷഭരിതമാണ്.

*ഇരട്ട* എന്നാണ് *മക്പേലാ* എന്ന ഹീബ്രു വാക്കിന്റെ അർത്ഥം. രണ്ടു ഗുഹകൾ ഉണ്ടായിരുന്നതുകൊണ്ടോ ഗുഹയിൽ രണ്ടു ശവകുടീരങ്ങൾ പണിതതുകൊണ്ടോ ആവാം ഈ പേരുവന്നത്. പേരിന്റെ അർത്ഥം എന്തായാലും മക്പേലാ നൽകുന്ന ഒരു സന്ദേശമുണ്ട്. അവകാശം ശാശ്വതമാകുന്നതു മരണത്തോടെയാണ്. കാനാൻ ദേശമെന്ന വാഗ്ദത്തഭൂമിയും മക്പേലായിലെ ഗുഹയും എല്ലാം ദൈവം നൽകുന്ന ശാശ്വതമായ അവകാശത്തിന്റെ, ദൈവരാജ്യത്തിന്റെ, പ്രതീകങ്ങൾ മാത്രമാണ്. പരസ്പരം ഭിന്നിച്ചു നിന്ന ഇസ്മായേലും ഇസഹാക്കും വൈരംമറന്ന് ഒരുമിച്ച് വന്ന് പിതാവിനെ മക്പേലായിൽ സംസ്കരിച്ചു. ഇന്നും പരസ്പരം തോക്കുചൂണ്ടി നിൽക്കുന്ന, അവരുടെ മക്കളെന്ന് അവകാശപ്പെടുന്ന, രണ്ടു ജനതകൾ മാത്രമല്ല, എല്ലാവരും പഠിക്കണം, നാമെല്ലാം പോകുന്നത് ശവപ്പറമ്പിലേക്കാണ്. അതാണു മക്പേലാ നൽകുന്ന വലിയ പാഠം.

# 15

## മാമ്റേ
## പിതാക്കന്മാരുടെ താവളം

ജറുസലേമിൽനിന്ന് ഏകദേശം 28 കിലോമീറ്റർ തെക്കു പടിഞ്ഞാറായി, ഹെബ്രോണിനടുത്തുള്ള ഒരു സ്ഥലമാണ് മാമ്റേ. പൂർവ്വപിതാക്കന്മാരായ അബ്രാഹവും ഇസഹാക്കും ഇവിടെ ദീർഘകാലം വസിച്ചിരുന്നു. ഉൽപത്തി പുസ്തകത്തിൽ മാത്രമേ ഈ സ്ഥലം പരാമർശവിഷയമാകുന്നുള്ളൂ; പക്ഷേ വളരെ പ്രധാനപ്പെട്ട ചില സംഭവങ്ങൾ ഇവിടെ നടന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്.

സഹോദരപുത്രനായ ലോത്തിനുവേണ്ടി അവകാശത്തിന്റെ നല്ല ഭാഗം വിട്ടുകൊടുത്തുകൊണ്ട് സഹോദര്യവും സൗഹൃദവും കേടുകൂടാതെ സൂക്ഷിക്കാൻ തീരുമാനിച്ച അബ്രാഹം (ഉൽപ 13,8) വിഭജനത്തിനുശേഷം വന്നു പാർത്തത് മാമ്റേയിലാണ്. സഹോദരന് എന്തു സംഭവിക്കുന്നു എന്നു ചിന്തിക്കാതെ, തനിക്കിഷ്ടപ്പെട്ട നല്ല പ്രദേശം തിരഞ്ഞെടുത്ത ലോത്ത് തടവുകാരനായി പിടിക്കപ്പെട്ടപ്പോൾ അയാളെ മോചിപ്പിക്കാനായി ശക്തരായ രാജാക്കന്മാർക്കെതിരേ അബ്രാഹം തന്റെ വേലക്കാരുമായി ഇറങ്ങി പുറപ്പെട്ടതും മാമ്റേയിൽനിന്നത്രേ.

മാമ്റേ എന്ന സ്ഥലപ്പേര് അതിന്റെ ഉടമസ്ഥനിൽനിന്നു വന്നതാണെന്ന സൂചന ബൈബിൾ നൽകുന്നുണ്ട്. താനുമായി സഖ്യത്തിലായിരുന്ന എഷ്ക്കോലിന്റെയും ആനെറിന്റെയും സഹോദരനായ മാമ്റേ എന്ന അമോര്യന്റെ ഓക്കുമരത്തോപ്പിനടുത്താണ് അബ്രാഹം വസിച്ചിരുന്നത് (ഉൽപ 14,13) എന്ന വിശദീകരണം

ഈ സൂചനയാണ് നൽകുന്നത്. മാമ്റേയുടെ ഓക്കുമരങ്ങൾ എന്ന പരാമർശം ആ സ്ഥലത്ത് ഒരു ആരാധനാകേന്ദ്രമുണ്ടായിരുന്നു എന്നും സൂചിപ്പിക്കുന്നു. ബാൽ - അഷേറാദേവതകൾക്ക് ആരാധനയർപ്പിച്ചിരുന്ന കാവുകളിൽ ഓക്കുമരങ്ങൾ നട്ടുവളർത്തുക കാനാൻകാരുടെ പതിവായിരുന്നു. കാനാൻകാർ തങ്ങളുടെ ദേവന്മാരെ ആരാധിച്ചിരുന്ന സ്ഥലത്തിനടുത്തു വാസമുറപ്പിച്ചെങ്കിലും, അബ്രാഹം ആരാധിച്ചിരുന്നത് തന്നെ ഹാരാനിൽനിന്നു വിളിച്ചുകൊണ്ടുവന്ന കർത്താവായ ദൈവത്തെ (യാഹ്വേ) ആണ്. മാമ്റേയിൽവച്ച് പലതവണ കർത്താവ് അബ്രാഹത്തിനു ദർശനം നൽകുകയും ചെയ്തു.

ലോത്തിനുവേണ്ടി ദേശത്തിന്റെ നല്ല ഭാഗം വിട്ടുകൊടുത്തതിനുശേഷം മാമ്റേയിൽ വന്നു വാസമുറപ്പിച്ചപ്പോൾ അബ്രാഹത്തിന് ദൈവം വീണ്ടും പ്രത്യക്ഷപ്പെട്ടു, കാനാൻദേശം മുഴുവൻ അവകാശമായി നൽകുമെന്നു വാഗ്ദാനവും ചെയ്തു. അവിടെ അബ്രാഹം ബലിപീഠം പണിത് കർത്താവിനു ബലിയർപ്പിച്ചു (ഉൽപ 13,14-18). യാത്രക്കാരുടെ വേഷത്തിൽ കടന്നുവന്ന ദൈവത്തിന് അബ്രാഹം വിരുന്നൊരുക്കിയതും ഇസഹാക്കിന്റെ ജനനത്തെക്കുറിച്ചുള്ള അവസാനത്തെ വാഗ്ദാനം അദ്ദേഹത്തിനു ലഭിച്ചതും മാമ്റേയിൽവച്ചാണ് (ഉൽപ 18,1-15) നശിപ്പിക്കപ്പെടാൻ പോകുന്ന സോദോം - ഗൊമോറാ നഗരങ്ങൾക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചുകൊണ്ട് ലോകചരിത്രത്തിൽ ആദ്യത്തെ വഴിതടയൽ സമരം നടത്തിയതും അവിടെവച്ചുതന്നെ (ഉൽപ 18,22-33). പത്തു നീതിമാന്മാരെ കണ്ടെത്താൻ കഴിയാത്തതിനാൽ ആകാശത്തുനിന്ന് അഗ്നിയിറങ്ങി നശിപ്പിച്ച നഗരങ്ങളിൽനിന്ന് ഉയർന്ന പുക അബ്രാഹം കണ്ടതും മാമ്റേയിൽനിന്നാണ് (ഉൽപ 19,27-28).

താൻ ദീർഘകാലം വസിച്ച മാമ്റേയുടെ സമീപത്താണ് ഭാര്യയെ സംസ്ക്കരിക്കാനായി അബ്രാഹം ശവപ്പറമ്പുവാങ്ങി, വാഗ്ദത്ത ഭൂമിയിലെ തന്റെ അവകാശത്തിനു തുടക്കം കുറിച്ചത്. അബ്രാഹത്തിന്റെ മരണത്തിനുശേഷം ഇസഹാക്കും ദീർഘകാലം മാമ്റേയിൽ വസിച്ചു, അവിടെവച്ചുതന്നെ മരിക്കുകയും ചെയ്തു (ഉൽപ 35,27).

പൂർവ്വപിതാക്കന്മാരുമായുള്ള ഈ ബന്ധത്തിന്റെ പേരിൽ

ഇസ്രായേൽക്കാർ മാമ്റേയെ ഒരു പുണ്യസ്ഥലമായി കരുതിയിരുന്നു. മാമ്റേയുടെ ഓക്കുമരത്തെക്കുറിച്ച് യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസ് പരാമർശിക്കുന്നുണ്ട്. ഹെറോദേസ് മഹാരാജാവ് മരുഭൂമിയിൽ മനോഹരമായ ഒരു ആരാധനാലയം നിർമ്മിച്ചു. എ.ഡി. 70-ൽ റോമാക്കാർ നശിപ്പിച്ച ആലയം ഹഡ്രിയാൻ ചക്രവർത്തി പുതുക്കിപണിതു. എ.ഡി. 135 ലെ യഹൂദ വിപ്ലവം അടിച്ചമർത്തിയ റോമാക്കാർ മാമ്റേയിൽവച്ച് ആയിരക്കണക്കിന് യഹൂദരെ ലേലം വിളിച്ച് അടിമകളായി വിറ്റു.

സ്വന്തമായൊരു ജനതയും അവർക്കു സ്വന്തമായൊരു ദേശവും നൽകും എന്ന് അബ്രാഹത്തിനു ദൈവം വാഗ്ദാനം നൽകിയ സ്ഥലത്തുവച്ചുതന്നെ ആ ജനത്തിന് ദേശം മാത്രമല്ല, സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് അടിമത്തത്തിലേക്കു നീങ്ങേണ്ടിവന്നത് വെറും ഒരു വിധി വൈപരിത്യമല്ല, അവിശ്വസ്തതയ്ക്കും നിരന്തരമായ അനുസരണക്കേടിനും ലഭിച്ച ഒരു ശിക്ഷയുമാണ്. ദൈവത്തിന്റെ കരുണയുടെയും നീതിയുടെയും സ്മാരകമാണ് മാമ്റേയിലെ ഓക്കുമരം. തീർത്ഥാടകർ ഇന്നു കാണുന്ന ഓക്കുമരത്തിന് ഏതാനും നൂറ്റാണ്ടേ പ്രായമുള്ളൂവെങ്കിലും അത് വലിയൊരു സ്മാരകമാണ്, ഒപ്പം ഒരു താക്കീതും.

# 16

# ഹെബ്രോൺ
# പൂർവ്വികരുടെ ശവകുടീരം

ജറുസലേമിൽനിന്ന് ഏകദേശം 30 കിലോമീറ്റർ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന അതിപുരാതനമായൊരു നഗരമാണ് ഹെബ്രോൺ. അബ്രാഹം വാങ്ങിയ ശവപ്പറമ്പും അവിടെ ഹെറോദേസ് പണിയിച്ച ശവകുടീരവും ഇന്ന് ഈ നഗരത്തിന്റെ ഭാഗമാണ്. അതുതന്നെയാണ് ഈ നഗരത്തിന്റെ പ്രാധാന്യത്തിനു മുഖ്യകാരണം. യഹൂദരും ക്രിസ്ത്യാനികളും മുസ്ലീമുകളും വിശ്വാസത്തിൽ തങ്ങളുടെ പിതാവായി കരുതുന്ന അബ്രാഹത്തിന്റെ ശവകുടീരം ഈ മൂന്നു മതവിശ്വാസികൾക്കും പ്രാധാന്യമർഹിക്കുന്നതാണ്. ശവകുടീരം മാത്രമല്ല, ഹെബ്രോൺപട്ടണം മുഴുവൻ ഇന്നു പാലസ്തീൻ മുസ്ലീമുകളുടെ കൈവശമാണ്. പലസ്തീനാക്കാർക്കായി ഇസ്രായേലികൾ അനുവദിച്ചിരിക്കുന്ന പല സങ്കേതങ്ങളിൽ ഒന്നാണിത്. സംഘർഷഭരിതമാണ് ഈ പട്ടണം.

ബി.സി. 14-ാം നൂറ്റാണ്ടുമുതൽ ഈ നഗരത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. തുടർച്ചയായി ഇത്ര ദീർഘകാലം ജനവാസമുള്ള ചുരുക്കം നഗരങ്ങളെ പലസ്തീനായിൽ ഉള്ളൂ. സമുദ്രനിരപ്പിൽ നിന്ന് 927 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ നഗരം പണ്ട് *കിരായാത്ത് അർബാ- "നാലിന്റെ പട്ടണം"* എന്ന് അറിയപ്പെട്ടിരുന്നു. പിന്നീട് അത് *സംഘം, കൂട്ടം* എന്നൊക്കെ അർത്ഥമുള്ള *ഹെബ്രോൺ* എന്ന് അറിയപ്പെട്ടു. ഇന്ന് അറബിയിൽ *എൽ ഖലീൽ* എന്നാണ് ഇതിനെ വിളിക്കുന്നത്. *കാരുണ്യവാന്റെ സ്നേഹിതൻ* എന്നാണ് പേരിന്റെ അർത്ഥം. അബ്രാഹത്തെയാണ്

ഈ പേരു സൂചിപ്പിക്കുന്നത് എന്നു വ്യക്തം. ദൈവത്തിന്റെ സ്നേഹിതനായിട്ടാണ് അബ്രാഹം പരിഗണിക്കപ്പെടുന്നത്. അബ്രാഹവും പിന്നീട് ഇസഹാക്കും വസിച്ചിരുന്ന മാമ്റേയിൽനിന്നു രണ്ടു കിലോമീറ്റർ അകലമേയുള്ളൂ ഹെബ്രോണിലേക്ക്.

കാദെശ് ബർണെയായിൽനിന്ന് മോശ അയച്ച ചാരന്മാർ ഹെബ്രോണിൽ വന്നെങ്കിലും അവിടെ അനാക്കിമിന്റെ വംശത്തിൽപ്പെട്ട ഭീമാകാരരായ രാക്ഷസന്മാർ വസിക്കുന്നു എന്ന വാർത്തയാണ് അവർ പ്രചരിപ്പിച്ചത് (സംഖ്യ 13,21-33). വാഗ്ദത്തഭൂമിക്കുവേണ്ടി ഇസ്രായേൽക്കാർ യുദ്ധം ചെയ്യാൻ വിസമ്മതിച്ചതിനുകാരണം ഈ വാർത്തയായിരുന്നു. പിന്നീട് കാലെബാണ് ഈ നഗരം കീഴടക്കി ആധിപത്യം സ്ഥാപിച്ചത് (ജോഷ്വാ 14,6-15).

പിന്നീട് ഈ നഗരം യൂദാഗോത്രത്തിന്റെ പ്രധാനകേന്ദ്രമായി. ഇവിടെ വച്ചാണ് സാവൂളിന്റെ മരണത്തിനുശേഷം ദാവീദ് യൂദായുടെ രാജത്വം ഏറ്റെടുത്തത്. ഏഴരവർഷത്തേക്ക് ഹെബ്രോൺ ദാവീദിന്റെ തലസ്ഥാനനഗരമായിരുന്നു. പന്ത്രണ്ടു ഗോത്രങ്ങളും ഒരുമിച്ച് ദാവീദിനെ രാജാവായി അംഗീകരിക്കുകയും ജബൂസ്യരിൽനിന്നു പിടിച്ചെടുത്ത ജറുസലേമിലേക്കു തലസ്ഥാനം മാറ്റുകയും ചെയ്തതോടെ ഹെബ്രോണിന്റെ പ്രാധാന്യം കുറഞ്ഞു. പിതാവിനെതിരേ കലാപം നയിച്ച്, അധികാരം പിടിച്ചെടുക്കാൻ ഉപജാപങ്ങൾക്ക് അബ്ശലോം രൂപം കൊടുത്തത് ഹെബ്രോണിൽ വച്ചായിരുന്നു.

ബാബിലോൺ ചക്രവർത്തി നബുക്കദ്നേസർ ഈ നഗരം നശിപ്പിച്ചു. അതിനുശേഷം ഏകദേശം നാലുനൂറ്റാണ്ടുകാലത്തേക്ക് എദോമ്യരുടെ കീഴിലായിരുന്നു ഹെബ്രോൺ. യൂദാസ് മക്കബേയൂസാണ് നഗരം വീണ്ടും പിടിച്ചെടുത്തത്. കോൺസ്റ്റന്റയിൻ ചക്രവർത്തി അവിടെ ഒരു ദേവാലയം നിർമ്മിച്ചു. പിന്നീട് മുസ്ലീമുകൾ അവിടെ മോസ്ക് പണിതു. കുരിശു യുദ്ധക്കാർ അത് ദേവാലയമാക്കി.1187-ൽ വീണ്ടും മുസ്ലീമുകൾ ഹെബ്രോൺ പിടിച്ചടക്കി. അന്നുമുതൽ പൂർവ്വികരുടെ ശവകുടീരമാകുന്ന ഹെബ്രോൺ മുസ്ലീം ആധിപത്യത്തിലാണ്. വളരെ പ്രധാനപ്പെട്ട വിശുദ്ധ നഗരമായി അതു പരിഗണിക്കപ്പെടുന്നു.

മൂന്നു പ്രധാന ലോകമതങ്ങൾ പിതാവായി കരുതുന്ന അബ്രാഹത്തിന്റെ ശവകുടീരം പൊതുവായ വിശ്വാസപൈതൃകത്തിലേക്കും സാഹോദര്യത്തിലേക്കും നയിക്കേണ്ടതാണ്. ശത്രുതയും മാത്സര്യവും അവസാനിച്ച് തന്റെ മക്കൾ എല്ലാവരും സാഹോദര്യത്തിൽ ഒന്നിക്കുന്നതുവരെ ശവകുടീരത്തിലും പിതാവായ അബ്രാഹത്തിനു സ്വസ്ഥതയുണ്ടാവില്ല. പുതിയ നിയമത്തിൽ ഒരിക്കൽപോലും പരാമർശിക്കപ്പെടുന്നില്ലെങ്കിലും ലോകജനതകളെ മുഴുവൻ ഐക്യത്തിന് ആഹ്വാനം ചെയ്യുന്ന ഒരു പ്രതീകവും സ്മാരകവുമായി ഹെബ്രോണും പിതാക്കന്മാരുടെ ശവകുടീരവും സ്ഥിതിചെയ്യുന്നു.

# 17

# ഗെരാർ
# പരദേശിയുടെ പാർപ്പിടം

ഹെബ്രോണിൽനിന്ന് ഏകദേശം 40 കിലോമീറ്റർ തെക്കുപടിഞ്ഞാറ് നെഗെബിൽ സ്ഥിതിചെയ്തിരുന്ന ഒരു നഗരമാണ് ഗെരാർ. കാനാൻദേശത്തിന്റെ തെക്കേ അതിർത്തിയായിട്ടാണ് ഗെരാർ ബൈബിളിൽ ആദ്യം പരാമർശവിഷയമാകുന്നത് (ഉൽപ 10,19). പിന്നീട് പൂർവ്വപിതാക്കന്മാരായ അബ്രാഹവും ഇസഹാക്കുമായി ബന്ധപ്പെടുത്തി പരാമർശിക്കുന്നുണ്ട് (ഉൽപ 20,28). അവസാനമായി ആസാ രാജാവിന്റെ വിജയത്തിന്റെ ഭാഗമായും ഗെരാർ പ്രത്യക്ഷപ്പെടുന്നുണ്ട് (2 ദിന 14,13–14). ഇതിൽ പിതാക്കന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട പരാമർശങ്ങളാണ് ഏറ്റം ശ്രദ്ധേയം.

അബ്രാഹം ഗെരാറിൽ ഒരു പരദേശിയായി പാർത്തു (ഉൽപ 20,1) എന്നു പറഞ്ഞുകൊണ്ടാണ് വിവരണം ആരംഭിക്കുന്നത്. *ഗേർ* എന്നാണ് ഹീബ്രുഭാഷയിൽ പരദേശി എന്നു പറയുക. *ഗെരാറിൽ ഗേർ* ആയി പാർത്തു എന്ന പ്രയോഗം ശ്രദ്ധേയമത്രേ. പരദേശിക്ക് അവകാശങ്ങൾ ഒന്നുമില്ല; സംരക്ഷണവും ലഭിച്ചെന്നുവരില്ല. സ്വദേശികളുടെ ഔദാര്യത്തെ മാത്രം ആശ്രയിച്ച് പരദേശി കഴിയേണ്ടിവരുന്നു. ദൈവം വാഗ്ദാനം ചെയ്ത ഭൂമിയിൽ അബ്രാഹം പരദേശിയായി കഴിഞ്ഞു. വാഗ്ദത്തഭൂമിയായ സ്വർഗ്ഗരാജ്യം പ്രതീക്ഷിച്ച് പ്രവാസികളായി കഴിയുന്നവരാണല്ലോ നാമെല്ലാം. അങ്ങനെ നോക്കുമ്പോൾ ഗെരാർ ഇന്നും പ്രസക്തിയുള്ള ഒരു പ്രതീകമാണ്.

ഗെരാറിൽ പാർത്ത അബ്രാഹം ഒരു അപകടത്തിൽപ്പെട്ടു. ഭാര്യയുടെ സൗന്ദര്യം തന്റെ ജീവനു ഹാനികരമായേക്കും എന്നു ഭയന്ന അബ്രാഹം സാറാ തന്റെ സഹോദരിയാണെന്നു പറഞ്ഞു. അതു വിശ്വസിച്ച ഗെരാറിലെ രാജാവ് അവളെ അന്തഃപുരത്തിലേക്കു കൊണ്ടുപോയി. എന്നാൽ ദൈവം കർശനമായി ഇടപെട്ട് അബിമെലെക്കിനു താക്കീതും അബ്രാഹത്തിനു സംരക്ഷണവും നൽകിക്കൊണ്ട് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കി. ഈജിപ്തിൽ വച്ചു സംഭവിച്ചതിന്റെ (ഉൽപ 12,10-20) ആവർത്തനമാണിത്. പൂർവ്വമാതാവിന്റെ സൗന്ദര്യവും ദൈവം നൽകുന്ന സംരക്ഷണവും എടുത്തുകാണിക്കുകയാവും ഈ വിവരണങ്ങളുടെ ലക്ഷ്യം. വലിയ സമ്മാനങ്ങളുമായി അബിമെലെക്ക് അബ്രാഹത്തെ പറഞ്ഞയച്ചു; ഇഷ്ടമുള്ളിടത്തു പാർക്കാൻ അനുവാദവും നൽകി.

ഇതിനു സമാനമായൊരു അനുഭവം ഇസഹാക്കിനുമുണ്ടായി (ഉൽപ 26). ദൈവാനുഗ്രഹത്താൽ സമ്പന്നനായിത്തീർന്ന ഇസഹാക്കിനെ തങ്ങൾക്ക് ഒരു ഭീഷണിയായി കണ്ട അബിമെലെക്കും ഗെരാർ നിവാസികളും നാട്ടിൽനിന്നു പുറത്താക്കി, ഇസഹാക്കിന്റെ വേലക്കാർ കുഴിച്ച കിണറുകൾ പിടിച്ചെടുത്തു. ഇതൊക്കെ ആയിട്ടും ദൈവം ഇസഹാക്കിനെ സംരക്ഷിച്ചു വളർത്തി. അവസാനം ഗെരാർ രാജാവ് അദ്ദേഹവുമായി സമാധാന ഉടമ്പടി ചെയ്യാൻ നിർബന്ധിതനായി. പരദേശിക്കു സംരക്ഷണം നൽകുന്ന ദൈവത്തിന്റെ ചിത്രം ഇവിടെ തെളിയുന്നു.

ആസാ രാജാവിന്റെ അനുഭവവും ഇതിനു സമാനമത്രേ. പത്തുലക്ഷം പടയാളികളുമായി യുദ്ധത്തിനു വന്ന ഏത്യോപ്യൻ രാജാവായ സേറായെ അതിന്റെ മൂന്നിലൊന്നു പടയാളികൾ മാത്രമുണ്ടായിരുന്ന ആസാ തോല്പിച്ച് ഗെരാർ വരെ ഓടിച്ചു (2 ദിനാ 14,13-14). സമ്പത്തും സൈന്യബലവുമല്ല, ദൈവമാണ് സംരക്ഷണം നൽകുന്നത് എന്ന പാഠം ആവർത്തിച്ചുറപ്പിച്ച സ്ഥലമാണ് ഗെരാർ.

# 18

## കാനാൻ
## വാഗ്ദത്തഭൂമി

ഈജിപ്തിനും സിറിയായ്ക്കും മധ്യേ, കിഴക്ക് ജോർദ്ദാൻ നദിയും പടിഞ്ഞാറ് മധ്യധരണ്യാഴിയും അതിരിട്ട ഭൂപ്രദേശമാണ് കാനാൻ എന്ന പേരിൽ അറിയപ്പെടുന്നത്. നോഹയുടെ മൂന്നാമത്തെ മകനായ ഹാമിന്റെ പുത്രനായിരുന്നു കാനാൻ എന്നും ആ പൂർവ്വപിതാവിന്റെ പിൻതലമുറകൾ അധിവസിച്ചിരുന്നതിനാലാണ് ഈ ഭൂപ്രദേശത്തിന് കാനാൻ എന്ന പേരു നൽകിയതെന്നും ഉൽപത്തി 9,10; 10,15-20-ൽ വിവരിക്കുന്നു.

വീഞ്ഞുകുടിച്ച് ബോധമറ്റുകിടന്ന പിതാവിനെ അവഹേളിച്ചതിന്റെ പേരിൽ ശാപമേറ്റുവാങ്ങിയ ഇളയപുത്രനായി കാനാനെ ഈ വിവരണത്തിൽ ചിത്രീകരിക്കുന്നുണ്ട്. ഹാം തെറ്റു ചെയ്തു എന്നും കാനാനെ ശപിച്ചു എന്നും പറയുന്നതിൽനിന്നും രണ്ടു പേരും ഒരാൾതന്നെയോ എന്ന സംശയം ജനിക്കാം. കാനാൻകാരുടെ ഇടയിൽ നിലവിലിരുന്ന മ്ലേഛതകൾ അവരുടെ പൂർവ്വപിതാവിൽനിന്നുതന്നെ തുടങ്ങിയതാണെന്ന് ഈ വിവരണങ്ങൾ സ്ഥാപിക്കുന്നു.

*കാനാൻ* എന്ന പേരിന്റെ അർത്ഥത്തെക്കുറിച്ചു തർക്കമുണ്ട്. ചുവന്ന കമ്പിളി കാനാനിൽനിന്ന് കയറ്റി അയച്ചിരുന്നതിനാലാണ് ഈ പേരുണ്ടായതെന്നും *ചുവന്ന ചായം* എന്നാണ് വാക്കിന്റെ അർത്ഥം എന്നും കരുതുന്നവരുണ്ട്. *ഞാങ്ങണ* എന്നർത്ഥമുള്ള *ഖ്നാ* എന്ന വാക്കിൽനിന്നാണ് കാനാന്റെ ഉത്ഭവം എന്നു മറ്റുചിലർ. അർത്ഥമെന്തായാലും ഒരു പ്രത്യേക ഭൂപ്രദേശത്തെയും

അതിലെ നിവാസികളെയും സൂചിപ്പിക്കുന്ന പേരാണ് കാനാൻ. അബ്രാഹത്തിനും സന്തതിപരമ്പരകൾക്കും അവകാശമായി നൽകുമെന്നു ദൈവം വാഗ്ദാനം ചെയ്തതിനാൽ ഇതിനെ വാഗ്ദത്തഭൂമി എന്നു വിളിക്കുന്നു. ബി.സി. 13-ാം നൂറ്റാണ്ടുമുതൽ ഫിലിസ്ത്യർ ഇവിടെ വാസമുറപ്പിച്ചിരുന്നതിനാൽ ഫിലിസ്ത്യരുടെ നാട് എന്ന അർത്ഥത്തിൽ *പലസ്തീനാ* എന്നും ഈ പ്രദേശം അറിയപ്പെടുന്നു. അബ്രാഹം മുതൽ യേശുവിന്റെ മരണവും ഉത്ഥാനവും വരെ രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങൾ അരങ്ങേറിയ നാടായതിനാൽ *വിശുദ്ധനാട്* എന്നും ഇസ്രായേൽ ജനം അവകാശമാക്കുകയും അധിവസിക്കുകയും ചെയ്തതിനാൽ *ഇസ്രായേൽ* എന്നും ഇതിനു പേരുണ്ട്.

ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നീ മൂന്നു ഭൂഖണ്ഡങ്ങൾക്കു നടുവിലാണ് കാനാൻ ദേശത്തിന്റെ സ്ഥാനം. മെസൊപ്പൊട്ടാമിയായിൽനിന്നും യൂറോപ്പിൽനിന്നും ഈജിപ്തിലേക്കു കരമാർഗ്ഗം യാത്ര ചെയ്യാൻ കാനാൻ കടന്നുപോകണം. കച്ചവടക്കാരുടെ കാരവൻ സംഘങ്ങളും കുടിയേറ്റക്കാരുടെ നിരകളും ഈ വഴി നിരന്തരം നീങ്ങിയിരുന്നു. അനേകം പടയോട്ടങ്ങൾക്കും സാക്ഷ്യം വഹിച്ച നാടാണ് കാനാൻ. സുമേറിയർ, അമ്മോന്യർ, ഹിത്യർ, അരമായർ, ഹെബ്രായർ, ഫിലിസ്ത്യർ എന്നിങ്ങനെ അനേകം ജനതകൾ ഈ നാട് ആക്രമിച്ചു കീഴടക്കിയിട്ടുണ്ട്. അസീറിയായും ബാബിലോണും ഈജിപ്തും ഗ്രീസും റോമയും ഇവിടെ ആധിപത്യം സ്ഥാപിച്ചിട്ടുണ്ട്. അനേകം സംസ്കാരങ്ങൾ ഉരുകിച്ചേർന്ന ഒരു നാടാണ് കാനാൻ.

ജോഷ്വായുടെ നേതൃത്വത്തിൽ ബി.സി. പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനമാണ് ഇസ്രായേൽക്കാർ ഈ നാട് ആക്രമിച്ചു കീഴടക്കാൻ തുടങ്ങിയത്. ദാവീദിന്റെ കാലമായപ്പോഴേക്കും നാടിന്റെ മുക്കാൽ ഭാഗവും ഇസ്രായേലിന്റെ ആധിപത്യത്തിലായി. ആദ്യനിവാസികളായിരുന്ന കാനാൻകാർ ദേശത്തിന്റെ വടക്കുപടിഞ്ഞാറ് ടയിർ - സീദോൻ പ്രദേശങ്ങളിൽ ഒതുങ്ങി. ഫെനീഷ്യാ എന്ന പേരിൽ ആ പ്രദേശം അറിയപ്പെട്ടു.

തദ്ദേശവാസികളായ കാനാൻകാരെ തുരത്തി അവരുടെ ദേശം സ്വന്തമാക്കാൻ ദൈവം ഇസ്രായേലിനെ സഹായിച്ചത് അനീതിയായി തോന്നാം. അതിനു ബൈബിൾ നല്കുന്ന ഒരു

വിശദീകരണം ശ്രദ്ധേയമാണ്. "*ആ ജനതകളുടെ ദുഷ്ടത നിമിത്തമാണ്.... അവരെ അവിടെനിന്നു നീക്കിക്കളഞ്ഞത്*" (ന്യായാ 9,5). ദുഷ്ടത പ്രവർത്തിച്ചാൽ ഇസ്രായേലിനും ദേശം നഷ്ടപ്പെടും എന്ന സൂചന ഈ വിശദീകരണത്തിലുണ്ട്. പിന്നീട് അതു യാഥാർത്ഥ്യമാവുകയും ചെയ്തു. ഇസ്രായേൽക്കാരുടെ മുമ്പിൽ നിന്നു പിൻവാങ്ങിയ കാനാൻകാർ പിന്നീട് വളരെ ശക്തമായൊരു രാജ്യമായി – ടയിർ. കടൽമാർഗ്ഗം യാത്ര ചെയ്ത് അവർ ആഫ്രിക്കയുടെയും യൂറോപ്പിന്റെയും തീരങ്ങളിൽ ആധിപത്യം സ്ഥാപിച്ചു.

ദൈവം ആരെയും ഉപേക്ഷിക്കുന്നില്ല, അധർമ്മം പ്രവർത്തിക്കാൻ ആരെയും അനുവദിക്കുന്നുമില്ല എന്ന് കാനാന്റെ ഗതിവിഗതികൾ പഠിപ്പിക്കുന്നു. വാഗ്ദത്തഭൂമിയായ കാനാൻദേശം സർവ്വോപരി ദൈവം എല്ലാവർക്കുമായി നല്കുന്ന ദൈവരാജ്യത്തിന്റെ പ്രതീകമാണ്. അതാണ് കാനാന്റെ ഇന്നത്തെ ഏറ്റം വലിയ പ്രസക്തി.

# 19

## ഗോഷെൻ
## അടിമത്തത്തിലേക്കു നയിച്ച സമൃദ്ധി

ഇസ്രായേൽക്കാർ 430 വർഷം ഈജിപ്തിൽ വസിച്ച പ്രദേശത്തെയാണ് ബൈബിൾ *ഗോഷെൻ* എന്ന് വിളിക്കുന്നത്. നൈൽ നദി മധ്യധരണ്യാഴിയിൽ ചെന്നുചേരുന്നതിന്റെ സമീപപ്രദേശത്തുള്ള ഫലസമൃദ്ധമായ ഭൂമിയാണത്. ഈജിപ്തിന്റെ വടക്കു കിഴക്കെ അതിർത്തി പ്രദേശമാണെന്നും പറയാം. ഉൽപത്തി പുസ്തകത്തിന്റെ അവസാന അധ്യായങ്ങളിലാണ് ഗോഷെൻ പ്രദേശം പരാമർശവിഷയമാകുന്നത്. ബൈബിളിൽ മാത്രമേ ഗോഷെൻ എന്ന പേരു പ്രത്യക്ഷപ്പെടുന്നുള്ളൂ. ഈജിപ്തു രേഖകളിൽ മറ്റു പേരുകളായിരുന്നു ഉപയോഗിച്ചിരുന്നത്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് *റമ്സേസ്* (അഥവാ *റമേസെസ്*) എന്നത്. ഈ പേരു ബൈബിൾ ഒരിക്കൽ ഉപയോഗിച്ചിട്ടുണ്ട് (ഉൽപ 47,11).

ഈജിപ്തിൽ അടിമയായി വില്ക്കപ്പെട്ട ജോസഫ് ദൈവത്തിന്റെ പ്രത്യേക പദ്ധതിയും പരിപാലനയും അനുസരിച്ച് ഈജിപ്തിന്റെ മുഴുവനും അധികാരിയായി നിയമിക്കപ്പെട്ടു. ഫറവോ തന്നെയാണ് ഏറ്റം ഉന്നതമായ ഈ പദവിയിൽ ജോസഫിനെ നിയമിച്ചത്. രൂക്ഷമായ ക്ഷാമത്തിൽനിന്നു രക്ഷനേടാൻ ഫറവോയുടെ ഉപദേശപ്രകാരം ജോസഫ് തന്റെ പിതാവിനെയും സഹോദരന്മാരേയും ഈജിപ്തിലേക്കു ക്ഷണിച്ചു. മരിച്ചുപോയി എന്നു കരുതിയ മകൻ ജീവിച്ചിരിക്കുന്നു എന്നറിഞ്ഞ യാക്കോബിന് ഈജിപ്തിലെത്തി മകനെ കാണാൻ തിടുക്കമായി. ഈജിപ്തിലെ ഏറ്റം നല്ല രഥങ്ങളിൽ പിതാവിനെ കൊണ്ടുവരാൻ സജ്ജീകര

ണങ്ങൾ ചെയ്ത ജോസഫ് ഗോഷെനിൽ വച്ച് അദ്ദേഹത്തെ എതിരേറ്റു.

ഇടയന്മാരായ തന്റെ കുടുംബത്തിന് ഏറ്റം അനുയോജ്യമായ പ്രദേശമാണ് ഗോഷെൻ എന്ന് ജോസഫ് തീരുമാനിച്ചു. ഈജി പ്തിലെ ഏറ്റം ഫലപുഷ്ടമായ പ്രദേശമാണ് അതെന്ന് ഫറ വോയും അംഗീകരിക്കുകയും അവിടെ വസിക്കാൻ യാക്കോ ബിനും കുടുംബത്തിനും നിർദ്ദേശം നൽകുകയും ചെയ്തു (ഉൽപ 46-47). "*ഈജിപ്തുദേശം മുഴുവൻ നിനക്കധീനമാണ്. നാട്ടിൽ ഏറ്റവും നല്ല സ്ഥലത്ത് നിന്റെ പിതാവിനെയും സഹോദരന്മാ രെയും പാർപ്പിക്കുക. അവർ ഗോഷെൻ ദേശത്ത് താമസിക്കട്ടെ*" (ഉൽപ 47,7) എന്ന ഫറവോയുടെ വാക്കുകൾ പ്രത്യേകം ശ്രദ്ധേ യമത്രേ.

വലിയ പ്രതീക്ഷയോടെ വന്നു; ഏറ്റം ഫലപുഷ്ടമായ സ്ഥലം അവകാശമായി കിട്ടി. സമൃദ്ധിയുടെ മധ്യത്തിൽ, രാജാവിന്റെ പ്രത്യേക സംരക്ഷണവും ആനുകൂല്യങ്ങളും സ്വീകരിച്ച് അവർ വാസം ആരംഭിച്ചു. പക്ഷേ പിന്നീടാണ് അത് വലിയൊരു കെണി യായിത്തീർന്നത്. വിശിഷ്ടാതിഥികളായി വന്നവർ കഠിന പീഡ നത്തിനിരയായി. സമൃദ്ധിയുടെ നാടായിരുന്ന ഗോഷെൻ അവർക്ക് അടിമത്തത്തിന്റെ തീച്ചൂളയായിത്തീർന്നു. അവിടുത്തെ ഇഷ്ടികക്കളങ്ങളിൽ അവരുടെ വിയർപ്പും കണ്ണീരും ചോരയും തളംകെട്ടി. കർത്താവ് ശക്തമായി ഇടപെട്ടാണ് അവരുടെ ദുരി തങ്ങൾക്ക് അറുതി വരുത്തിയത്.

പ്രത്യക്ഷത്തിൽ അനുഗ്രഹവും സമ്മാനവും ആയി തോന്നു ന്നതെല്ലാം അങ്ങനെയാവണം എന്നില്ല; ആരംഭത്തിലുണ്ടാവുന്ന സമൃദ്ധിയും സന്തോഷവും അവസാനംവരെ നിലനില്ക്കണമെ ന്നുമില്ല. വരൾച്ചയും ക്ഷാമവും ബാധിച്ച വാഗ്ദത്തഭൂമിയെക്കാൾ ഫലസമൃദ്ധമായ ഗോഷെൻ ആകർഷകമായി തോന്നാം. എന്നാൽ എന്താണ് ഈ സമൃദ്ധിയുടെ പിന്നിൽ പതിയിരിക്കുന്നത് എന്നു സാവധാനമേ വെളിപ്പെടൂ. അടിമത്തത്തിലേക്കു നയിക്കുന്ന സമൃ ദ്ധിയുടെ പ്രതീകമാണ് ഗോഷെൻ. ഏതാണ് എന്റെ ഗോഷെൻ?

# 20

## റാമ്സേസ്
## അടിമകൾ നിർമ്മിച്ച സംഭരണനഗരം

*"അനന്തരം അവരെ കഠിനാധ്വാനംകൊണ്ട് ഞെരുക്കാൻ ക്രൂരൻമാരായ മേൽനോട്ടക്കാരെ നിയമിച്ചു. അങ്ങനെ ഇസ്രായേൽക്കാർ ഫറവോയ്ക്കുവേണ്ടി പിത്തോം റാമ്സേസ് എന്നീ സംഭരണ നഗരങ്ങൾ നിർമ്മിച്ചു" (പുറ 1,11).*

ജോസഫ് ഭരണാധിപനായിരുന്ന കാലത്ത് ബഹുമാന്യരായ അതിഥികളായി ഈജിപ്തിൽ പ്രവേശിച്ച്, ദേശത്തെ ഏറ്റം ഫലപുഷ്ടമായ ഗോഷെനിൽ വാസമുറപ്പിച്ച ഇസ്രായേൽക്കാർ പിന്നീട് അടിമകളായിത്തീർന്നു. രാജഭരണത്തിലുണ്ടായ മാറ്റമാണ് ഇതിനു കാരണമായിത്തീർന്നത്. 18-ാം നൂറ്റാണ്ടിൽ ഈജിപ്തു ഭരിച്ചിരുന്നത് വിദേശികളായ ഹിക്സോസ് രാജവംശമായിരുന്നു. ബി.സി. 1550-ൽ പുതിയ ഒരു രാജവംശം അധികാരം പിടിച്ചടക്കി. 18-ാം രാജവംശമെന്ന് അത് അറിയപ്പെടുന്നു. ഭരണമാറ്റത്തോടെ ഇസ്രായേൽക്കാർക്ക് ആദരവും ആനുകൂല്യങ്ങളും മാത്രമല്ല, സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു. തുടർന്ന് കഠിനമായ അടിമവേലയ്ക്ക് അവർ നിർബന്ധിതരായി.

19-ാം രാജവംശത്തിലെ ഏറ്റം ശക്തനായ രാജാവാണ് റാമ്സേസ് രണ്ടാമൻ. 18-19 രാജവംശങ്ങളിലായി ഈ പേരിൽ പതിനൊന്നു രാജാക്കന്മാരുണ്ടായിരുന്നു. അവരിൽ ഏറ്റം പ്രസിദ്ധനാണ് റാമ്സേസ് രണ്ടാമൻ (ബി.സി. 1290-1224). ഇദ്ദേഹത്തിന്റെ കാലത്താണ് അടിമത്തം ഏറ്റം രൂക്ഷമായതും ഇസ്രായേൽക്കാർ മോശയുടെ നേതൃത്വത്തിൽ അത്ഭുതകരമായി അടിമത്തത്തിൽനിന്നു വിടുതൽ നേടിയതും.

റാമ്സേസ് രണ്ടാമൻ തന്റെതന്നെ നാമത്തിൽ നിർമ്മിച്ച നഗരമാണ് റാമ്സേസ്. "*സംഭരണനഗരം*" എന്നു ബൈബിൾ വിശേഷിപ്പിക്കുന്ന ഈ നഗരം ഇസ്രായേൽക്കാർ വാസമുറപ്പിച്ചിരുന്ന ഗോഷെൻ പ്രദേശത്താണ് സ്ഥിതിചെയ്തിരുന്നത്.

ബി.സി. 18-ാം നൂറ്റാണ്ടിൽ ഹിക്സോസ് രാജവംശത്തിന്റെ തലസ്ഥാനമായിരുന്നു ഈ പട്ടണം. അന്ന് അത് "*സോവാൻ*" എന്നും "*ആവാരിസ്*" എന്നും അറിയപ്പെട്ടിരുന്നു. കിഴക്കുനിന്നു വന്ന് ഈജിപ്തു കീഴടക്കിയ വിദേശികളാണ് നൈൽ നദീതടത്തിൽ ഈ നഗരം നിർമ്മിച്ചത്. സോവാൻ വയലുകളെക്കുറിച്ചു ബൈബിളിൽ പരാമർശമുണ്ട്. സങ്കീ 78,12.43. ഹിക്സോസ് രാജവംശത്തെ പരാജയപ്പെടുത്തി 18-ാം രാജവംശത്തിനു തുടക്കം കുറിച്ച അഹ്മോസ് രാജാവ് സോവാൻനഗരം നശിപ്പിച്ചു; തലസ്ഥാനം പഴയ തേബെസിലേക്കു മാറ്റി. റാമ്സേസ് രണ്ടാമൻ സോവാൻ പുതുക്കിപ്പണിത്, റാമ്സേസിന്റെ നഗരം എന്ന അർത്ഥത്തിൽ *പിറമ്സേസ്* എന്ന് പേരിട്ടു; അത് തന്റെ തലസ്ഥാനനഗരമാക്കുകയും ചെയ്തു. അവിടെനിന്നാണ് ഇസ്രായേൽക്കാർ തങ്ങളുടെ പുറപ്പാട് ആരംഭിച്ചത് (പുറ 12,37; സംഖ്യ 33,3-5). ബി.സി. 1100-നുശേഷം ഈ നഗരം *താനിസ്* എന്ന പേരിൽ അറിയപ്പെട്ടു. *സാൻ എൽഹാഗാർ* എന്ന പേരിലാണ് ഇന്ന് അത് അറിയപ്പെടുന്നത്.

വിശാലവും മനോഹരവുമായ റാമ്സേസ് നഗരത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ദൃശ്യമാണ്. സമൃദ്ധിതേടി വന്നവർ അടിമകളാക്കപ്പെട്ട ഗോഷെൻ, അവരുടെ വിയർപ്പിലും രക്തത്തിലും കുഴച്ച ഇഷ്ടികകൾ കൊണ്ടു പണിത റാമ്സേസ്, രണ്ടും വലിയ സ്മാരകങ്ങളായി ഇന്നും തുടരുന്നു, സമൃദ്ധിയും ദാരിദ്ര്യവും അനുഭവിച്ചവരും, അടിമയും ഉടമയും എല്ലാം പോകേണ്ടവഴിയും ലക്ഷ്യവും ഒന്നുതന്നെ എന്നു വിളിച്ചറിയിച്ചുകൊണ്ട്.

# 21

## ഈജിപ്ത്
## അടിമത്തത്തിന്റെ വീട്

*"അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്" (പുറ 20,2).*

ഉടമ്പടിയുടെ നിബന്ധനകളായ പത്തു പ്രമാണങ്ങളിൽ ആദ്യത്തേതാണിത്. ദൈവം ചെയ്ത വലിയ കാര്യങ്ങളെ അനുസ്മരിപ്പിക്കുന്ന ഹ്രസ്വമായ ഈ ആമുഖവാക്യം ഈജിപ്തിനെക്കുറിച്ചുള്ള ബൈബിളിന്റെ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. *അടിമത്തത്തിന്റെ ഭവനം* എന്നാണ് വിശേഷിപ്പിക്കുന്നത്. അത് ചരിത്രപരവും ദൈവശാസ്ത്രപരവുമായ വിശദീകരണങ്ങൾ ഉൾക്കൊള്ളുന്നുണ്ട്.

ആഫ്രിക്കാഭൂഖണ്ഡത്തിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന രാജ്യമാണ് ഈജിപ്ത്. ഇന്ന് ഏകദേശം പത്തുലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഈ വലിയ ഭൂപ്രദേശത്തിന്റെ 96% സഹാറാ മരുഭൂമിയാണ്. വളരെ ചുരുക്കമായേ മഴ ലഭിക്കാറുള്ളൂ. ലോകത്തിലെ ഏറ്റം നീളം കൂടിയ നൈൽനദിയാണ് ഈ ദേശത്തിന്റെ ഫലപുഷ്ടിയുടെ ആധാരം.

*മിസ്രായിം* എന്നാണ് ഹീബ്രുബൈബിളിൽ ഈജിപ്ത് അറിയപ്പെടുന്നത്. കോട്ട എന്നർത്ഥമുള്ള *മസോർ* എന്ന വാക്കിൽനിന്നായിരിക്കാം ഈ പേരുണ്ടായത്. ഈജിപ്തിന്റെ കിഴക്കൻ

അതിർത്തികളിൽ ബലിഷ്ടമായ കോട്ടകളുണ്ടായിരുന്നു. കാനാനിൽ നിന്നു വരുന്നവർ ആദ്യമേ കാണുന്നത് ഈ കോട്ടകളാണ്. *മിസ്രായിം* എന്നതു ബഹുവചനമാണ്. രണ്ടുരാജ്യങ്ങളായിട്ടാണ് ഈജിപ്തുകാർ തങ്ങളുടെ നാടിനെ കണ്ടിരുന്നത്, തെക്കുള്ള മലമ്പ്രദേശവും വടക്കുള്ള സമതലവും. *മെസ്രേൻ* എന്ന് ഈ പേരിനെ മലയാളീകരിച്ചിട്ടുണ്ട്. *ഈജിപ്ത്* എന്ന വാക്കിന് അർത്ഥം *ആത്മാവിന്റെ (ദൈവത്തിന്റെ) ഭവനം* എന്നത്രേ. ഈജിപ്തുഭാഷയിലും ഗ്രീക്കിലും ഈ പേരാണ് ഉപയോഗിച്ചിരുന്നത്.

അതിപുരാതനമായ ലോകസംസ്കാരങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഈജിപ്തിന്റേത്. ഏകദേശം ബി.സി. 3000 മുതൽ ഈജിപ്തിന്റെ ചരിത്രം ആരംഭിക്കുന്നതായി കരുതപ്പെടുന്നു. മരുഭൂമിയുടെ മധ്യത്തിലുള്ള ഈ രാജ്യം പൊതുവേ പുറമെനിന്നുള്ള ആക്രമണങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നു. തദ്ദേശീയ രാജാക്കന്മാരാണ് ഇവിടെ ഭരണം നടത്തിയിരുന്നത്. ബി.സി. 1700–1550–ൽ ഭരിച്ച ഹിക്സോസ് രാജവംശം മാത്രം ഇതിന് ഒരു അപവാദമാണ്. ഈജിപ്തിന്റെ ചരിത്രത്തെ രാജവംശങ്ങളുടെ ചരിത്രമായിട്ടാണ് പരിഗണിക്കുന്നത്. ബി.സി. 3000 മുതൽ അലക്സാണ്ടർ ഗ്രീക്ക് ആധിപത്യം സ്ഥാപിച്ച 332 വരെ 31 രാജവംശങ്ങൾ ഈജിപ്തിൽ ഭരണം നടത്തി. ഹിക്സോസ് ഭരണകാലത്താണ് യാക്കോബും മക്കളും ഈജിപ്തിലേക്കു കുടിയേറിയത്. 19–ാം രാജവംശത്തിലെ ഏറ്റം ശക്തനായ റാമ്സേസ് രണ്ടാമന്റെ ഭരണകാലത്ത് (ബി.സി 1290–1224) മോശ പുറപ്പാടു നയിച്ചു.

ബി.സി. 1850–നോട് അടുത്തകാലത്താവണം അബ്രാഹം ഈജിപ്തിലേക്കു പോയതും തിരിച്ചുപോന്നതും. അതിനും ഏകദേശം 1000 വർഷംമുമ്പേ ഈജിപ്ത് അതിശക്തമായ ഒരു സാമ്രാജ്യമായിരുന്നു. ലോകവിസ്മയങ്ങളിൽ ഒന്നായി ഇന്നും നിലനിൽക്കുന്ന വലിയ പിരമിഡുകൾ പണിയപ്പെട്ടത് ബി.സി. 2650–2600 കാലഘട്ടത്തിലാണ്. അലക്സാണ്ടറിന്റെ മരണത്തിനുശേഷം സൈന്യാധിപനായ ടോളമി ഈജിപ്തിൽ ആധിപത്യം സ്ഥാപിച്ചു. ബി.സി. 30–ൽ റോമാക്കാർ കീഴടക്കുന്നതുവരെ ഗ്രീക്കുഭരണം തുടർന്നു. എ.ഡി. 641 വരെ റോമൻ–ബൈസന്റയിൻ ഭരണത്തിലായിരുന്ന ഈജിപ്ത് ക്രിസ്തുമതത്തിന്റെ ഒരു വലിയ കേന്ദ്രമായിരുന്നു. ക്രിസ്ത്യാനികൾ അധികപങ്കും കോപ്റ്റിക്

റീത്തിൽ പെട്ടവരായിരുന്നു. പിന്നീട് ഇസ്ലാമിന്റെ ആധിപത്യമായി. ഇന്ന് ഈജിപ്തിലെ ജനസംഖ്യയിൽ 95% മുസ്ലീമുകളാണ്.

ഏകദേശം അഞ്ചുനൂറ്റാണ്ടു കാലത്തേക്ക് ഇസ്രായേൽക്കാർ വസിച്ചിരുന്ന രാജ്യമാണ് ഈജിപ്ത്. അടിമത്തത്തിന്റെ ഭവനം എന്നും ഇരുമ്പുചൂളയെന്നും ബൈബിൾ അതിനെ വിശേഷിപ്പിക്കുന്നത് ദൈവം അടിമകൾക്കു നൽകിയ വിമോചനത്തിന്റെയും അതിലുപരി ദൈവത്തിന്റെ തന്നെ സ്വഭാവത്തിന്റെയും സവിശേഷതകൾ എടുത്തു കാട്ടാൻ വേണ്ടിയാണ്. ഈജിപ്ത് അതിശക്തമായ ഒരു സാമ്രാജ്യമായിരുന്നു. അതിന്റെ സൈന്യം മറ്റേതു രാജ്യത്തിന്റേതിനേയുംകാൾ ശക്തമായിരുന്നു. പക്ഷേ ദൈവമായ യാഹ്‌വേ അവയെക്കാളെല്ലാം ശക്തനാണ്. അടിമകളുടെ നിലവിളികേട്ട് ഇറങ്ങിവരുന്ന ദൈവത്തിന്റെ മുമ്പിൽ ഈ ലോകത്തിലെ ഒരു ശക്തിക്കും ചെറു നിൽക്കാനാവില്ല.

ഉടമ്പടിയുടെ ആമുഖമായി ഈജിപ്തിന്റെ പേരു ചേർത്തുകൊണ്ട് ആ രാജ്യത്തിന്റെ സവിശേഷതകൾ ബൈബിൾ ശാശ്വതീകരിച്ചിരിക്കുന്നു. ആരും ആരെയും അടിമയാക്കരുതെന്നും അടിമകൾക്കു തുണയായി ഒരു ദൈവമുണ്ടെന്നും എന്നും അനുസ്മരിപ്പിക്കുന്നതാണ് ഈജിപ്തും അവിടെ നിന്നുണ്ടായ വിമോചനവും.

# 22

## നൈൽ
## ഫലപുഷ്ടിയുടെ ഉറവിടം

ലോകത്തിലെ ഏറ്റം നീളം കൂടിയ നദിയാണ് നൈൽ. വടക്കെ അമേരിക്കയിലെ മിസൂറി-മിസിസിപ്പി നദികളെ ഒന്നായി കരുതിയാൽ മാത്രമേ നൈലിനെക്കാൾ നീളം കൂടിയ നദിയുണ്ടാകൂ. ആഫ്രിക്കയുടെ തൻസാനിയാ, കെനിയാ, ഉഗാണ്ടാ എന്നീ മൂന്നു രാജ്യങ്ങൾക്കു മധ്യത്തിലുള്ള വിക്ടോറിയാ തടാകത്തിൽ നിന്നാണ് നൈൽ ഉത്ഭവിക്കുന്നത്. വടക്കോട്ടുള്ള അതിന്റെ പ്രയാണം ഏതാണ്ട് മൂന്നിലൊന്നു ദൂരം പിന്നിടുമ്പോൾ സുഡാന്റെ തലസ്ഥാനമായ കാർത്തുമിൽവച്ച് മറ്റൊരു നദിയുമായി ചേരുന്നു. ആദ്യത്തേത് *വെളുത്ത നൈൽ* എന്നും രണ്ടാമത്തേത് *നീല നൈൽ* എന്നും അറിയപ്പെടുന്നു. എത്യോപ്യായിലെ താനാ തടാകത്തിൽനിന്നാണ് നീലനൈലിന്റെ ഉത്ഭവം. ഇരുനദികളും ഒരുമിക്കുമ്പോൾ നൈൽ എന്ന പേരിൽ അറിയപ്പെടുന്നു. കയ്റോ കടന്ന് ഇരുപതു കിലോമീറ്റർ വടക്കുവച്ച് നൈൽ കൈവഴികളായി പിരിയുന്നു. *ഡമിയേറ്റാ* എന്നാണ് കിഴക്കുഭാഗത്തെ കൈവഴി അറിയപ്പെടുന്നത്. *റൊസേറ്റാ* എന്ന് പടിഞ്ഞാറേതും. മൊത്തം ഏഴായിരം കിലോമീറ്റർ നീളമുണ്ട് നൈൽനദിക്ക്.

കാർത്തും മുതൽ അസ്വാൻവരെയുള്ള നൈലിന്റെ പ്രയാണത്തിനിടയിൽ വലിയ നൂറു വെള്ളച്ചാട്ടങ്ങളുണ്ട്. വടക്കുനിന്ന് തെക്കോട്ടാണ് ഈ വെള്ളച്ചാട്ടങ്ങൾക്കു എണ്ണം നിശ്ചയിക്കുന്നത്. അസ്വാൻ നഗരത്തിനടുത്തുള്ള ഒന്നാമത്തെ വെള്ളച്ചാട്ടത്തിനു മുകളിലായി വലിയൊരു അണക്കെട്ടു നിർമ്മിച്ചിട്ടുണ്ട്.

*നൈലോസ്* എന്ന് ഗ്രീക്കിലും *നീലുസ്* എന്ന് ലത്തീനിലും ഈ നദി അറിയപ്പെടുന്നു. അതിൽനിന്നാണ് *നൈൽ* എന്ന പേരിന്റെ ഉത്ഭവം. *യ്ഓർ* എന്നാണ് പഴയനിയമത്തിൽ കാണുന്നത്. നദി എന്നാണ് ഈ ഹീബ്രുവാക്കിന്റെ അർത്ഥം. ഇതേ അർത്ഥമുള്ള വാക്കാണ് ഈജിപ്തുകാരും ഉപയോഗിച്ചിരുന്നത്.

നൈൽ നദിയുടെ സമ്മാനമാണ് ഈജിപ്ത് എന്നു പൊതുവേ പറയാറുണ്ട്. കാരണം ഉണങ്ങിവരണ്ട മരുഭൂമിയായ ഈജിപ്തിനെ ഫലപുഷ്ടമാക്കുന്നത് നൈൽനദിയാണ്. നദിയുടെ ഇരുഭാഗത്തും, അസ്വാൻ മുതൽ മധ്യധരണ്യാഴിവരെ 5 മുതൽ 20 വരെ കിലോമീറ്റർ വീതിയുള്ള താഴ്‌വരയുണ്ട്. ആ താഴ്‌വരയിലാണ് കൃഷിയിറക്കുക.

ആണ്ടുതോറും ആവർത്തിക്കുന്ന വെള്ളപ്പൊക്കമാണ് നൈൽനദിയുടെ ഒരു പ്രത്യേകത. മെയ്മാസത്തിലാണ് നദിയിലെ ജലനിരപ്പ് ഏറ്റവും താഴുക. അതിനുശേഷം പർവ്വതങ്ങളിൽ ഉരുകുന്ന മഞ്ഞും തുടർന്നു സമൃദ്ധമായി പെയ്യുന്ന മഴയും മൂലം നദിയിൽ ജലനിരപ്പ് ഉയരാൻ തുടങ്ങും. സെപ്തംബർ ആകുമ്പോഴേക്കും ജലനിരപ്പ് ഏകദേശം എട്ടു മീറ്റർ ഉയരാറുണ്ട്. താഴ്‌വരകളെല്ലാം വെള്ളത്തിനടിയിലാകും. രണ്ടുമീറ്റർ വരെ ഉയരത്തിൽ കെട്ടിക്കിടക്കുന്ന ഈ വെള്ളം മണ്ണിനെ കുതിർക്കുന്നു; മലകളിൽ നിന്ന് ഫലപുഷ്ടിയുള്ള മേൽമണ്ണ് താഴ്‌വരകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു. അങ്ങനെ ഈജിപ്തിനെ നനച്ചു ഫലപുഷ്ടമാക്കുന്നത് നൈൽനദിയാണ്.

നൈൽ നദി ഇല്ലായിരുന്നെങ്കിൽ ഈജിപ്ത് വെറും ഒരു മരുഭൂമി മാത്രമായി അവശേഷിക്കുമായിരുന്നു. ഫലപുഷ്ടിയുടെ ഉറവിടമായ നൈൽനദിയെ ഈജിപ്തുകാർ ഒരു ദൈവമായി കരുതി ആരാധനയർപ്പിച്ചിരുന്നു. അതിനായി പ്രത്യേകകർമ്മ വിധികളും പ്രാർത്ഥനാഗാനങ്ങളും നിലവിലുണ്ടായിരുന്നു.

ബൈബിളിൽ 30 തവണ നൈൽ പരാമർശവിഷയമാകുന്നുണ്ട്. ഫറവോ സ്വപ്നത്തിൽ കണ്ട കൊഴുത്തതും മെലിഞ്ഞതുമായ പശുക്കൾ കയറിവന്നത് നൈൽ നദിയിൽനിന്നാണ് (ഉൽപ 41,1-36). ഈജിപ്തിന്റെ സമൃദ്ധിയിൽ നൈൽ നദിക്കുള്ള പ്രാധാന്യത്തെ ഈ സ്വപ്നങ്ങൾ സൂചിപ്പിക്കുന്നുണ്ട്. നൈൽ നദിയിൽ വെള്ളം ഉയരുന്നതും താഴുന്നതും സാധാരണ നിയമ

മായി കരുതി അതിനെ ഒരു ഉദാഹരണമായി പ്രവാചകന്മാർ ഉപയോഗിച്ചിട്ടുണ്ട് (ജറെ. 46,7-8; ആമോ 8,8; 9,5). ദേശത്തെ സമൃദ്ധമാക്കുന്ന നൈൽ നദിയെ ദൈവം വറ്റിച്ചുകളയും എന്ന താക്കീത് (ഏശ 19,5-8; എസെ 30,12; സഖ 10,11) നൈൽനദിയുടെ പ്രാധാന്യത്തോടൊപ്പം കർത്താവിന്റെ സർവ്വശക്തിയും വ്യക്തമാക്കുന്നു.

ജീവന്റെ ഉറവിടമായി വർത്തിച്ചിരുന്ന നൈൽ നദിയിലേക്കാണ് ഇസ്രായേൽക്കാരുടെ ആൺകുഞ്ഞുങ്ങളെ എറിഞ്ഞുകളയാൻ ഫറവോ കല്പിച്ചത് (പുറ 1,22). ആ നദിയിൽനിന്നു തന്നെ മോശയെ ദൈവം അത്ഭുതകരമായി രക്ഷിച്ചു. ദേശത്തിനു ജീവൻ നൽകുന്ന നദിയെ മരണത്തിന്റെ ഉറവിടമാക്കിയവർ പിന്നീട് നദീജലം രക്തമായി പരിണമിക്കുന്നതും ദുർഗന്ധം വമിക്കുന്നതും കാണേണ്ടിവന്നു (പുറ 7,16-21). ഉറവിടത്തിൽ വിഷം കലർത്തുന്നവർ വിഷം കുടിച്ചു മരിക്കേണ്ടിവരും എന്ന പാഠവും നൈൽ നദി നൽകുന്നുണ്ട്. നാം നേരിട്ടുകൊണ്ടിരിക്കുന്ന ജലമലിനീകരണം മാത്രമല്ല, ധാർമ്മികമൂല്യങ്ങളുടെ തകർച്ചയും ജീവനെതിരേയുള്ള സുസംഘടിതവും ആസൂത്രിതവുമായ നീക്കങ്ങളും വിലയിരുത്താനും നൈൽ നൽകുന്ന പാഠങ്ങൾ പ്രേരിപ്പിക്കുന്നു.

# 23

## ചെങ്കടൽ
## മറികടക്കേണ്ട പ്രതിബന്ധം

*"മോശ കടലിനുമീതെ കൈനീട്ടി. കർത്താവ് രാത്രിമുഴുവൻ ശക്തമായ ഒരു കിഴക്കൻ കാറ്റയച്ച് കടലിനെ പിറകോട്ടുമാറ്റി. കടൽ വരണ്ട ഭൂമിയാക്കി; വെള്ളം വിഭജിക്കപ്പെട്ടു. ഇസ്രായേൽക്കാർ കടലിനുനടുവേ, ഉണങ്ങിയ മണ്ണിലൂടെ നടന്നു. അവരുടെ വലത്തും ഇടത്തും വെള്ളം മതിൽപോലെ നിന്നു" (പുറ 14,21-22).*

പഴയനിയമചരിത്രത്തിന്റെ കേന്ദ്രമാണ് പുറപ്പാടു സംഭവം. അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് വാഗ്ദത്തഭൂമിയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള യാത്രയാണ് അതിലൂടെ അനുസ്മരിക്കപ്പെടുന്നത്. ആ യാത്രയുടെതന്നെ കേന്ദ്രമായി നിൽക്കുന്ന സംഭവമാണ് അത്ഭുതകരമായി വിഭജിക്കപ്പെട്ട കടലിന്റെ നടുവിലൂടെ ഇസ്രായേൽജനം കാൽനടയായി കടന്നുപോയത്. ദൈവത്തിന്റെ ശക്തിയും പാവപ്പെട്ടവരോടുള്ള പ്രത്യേക പരിഗണനയും പ്രകടമാകുന്ന ഈ സംഭവത്തിന് രക്ഷാചരിത്രത്തിലുള്ള പ്രാധാന്യം സംശയാതീതമാണ്. എന്നാൽ ഏതുകടലാണ് വിഭജിക്കപ്പെട്ടത്, എവിടെവച്ചാണ് ഇസ്രായേൽക്കാർ കടൽകടന്നത് എന്ന ചോദ്യങ്ങൾക്ക് ഒരേ ഉത്തരമല്ല ലഭിക്കുക.

ഇസ്രായേൽക്കാർ കടന്ന കടലിനെ ചെങ്കടൽ എന്നാണ് സാധാരണമായി വിശേഷിപ്പിക്കുന്നത്. "*മാരെ, റൂബ്റൂം*" എന്നു ലത്തീനിലും "*തലാസ്സാ എരിത്രേയാ*" എന്ന് ഗ്രീക്കിലും ഉള്ള

പേരാണ് അക്ഷരാർത്ഥത്തിൽ ചെങ്കടൽ എന്നു വിവർത്തനം ചെയ്യുന്നത്. എന്നാൽ ചെങ്കടൽ എന്ന് പൊതുവേ അറിയപ്പെടുന്നത് ഇന്ത്യാമഹാസമുദ്രത്തിനും സീനായ് ഉപദ്വീപിനും മധ്യേയുള്ള ജലസഞ്ചയമാണ്. കിഴക്ക് സൗദിഅറേബ്യാ; പടിഞ്ഞാറ് ഈജിപ്ത്, സുഡാൻ എത്യോപ്യ, ജുബുത്തി; തെക്ക് ഏഡെൻ ഉൾക്കടൽ; വടക്ക് സീനായ് ഉപദ്വീപ്. ഏകദേശം 2300 കിലോമീറ്റർ നീളവും ശരാശരി 250 കി.മീ. വീതിയുമുള്ള ഈ ജലസഞ്ചയമാണ് ഇന്ന് ചെങ്കടൽ എന്ന് അറിയപ്പെടുന്നത്. എന്നാൽ ഇസ്രായേൽക്കാർ കടന്നത് ഈ കടലാണെന്നു പറയാനാവില്ല. ഏതാനും മണിക്കൂറുകൾകൊണ്ട് കാൽനടയായി 250 കിലോമീറ്റർ യാത്ര ചെയ്യാനാവില്ലല്ലോ. തന്നെയുമല്ല, പുറപ്പാടു സംഭവവുമായി ബന്ധപ്പെട്ട പേരുപറയുന്ന സ്ഥലങ്ങളെല്ലാം തന്നെ ഈ ചെങ്കടലിനു വളരെ വടക്കാണുതാനും. അതിനാൽ ഇസ്രായേൽജനം കടന്ന കടൽ ഏതെന്ന് അന്വേഷിക്കണം.

ചെങ്കടലിന്റെ വടക്കുഭാഗം രണ്ടു കൊമ്പുകൾപോലെ കിടക്കുന്നു. അവയുടെ മധ്യത്തിലാണ് ഒരു ത്രികോണാകൃതിയിൽ സീനായ് മരുഭൂമി സ്ഥിതിചെയ്യുന്നത്. മരുഭൂമിയുടെ കിഴക്കുഭാകത്തുള്ള ഉൾക്കടൽ *അക്കബാ* എന്നും *ഏലാത്ത്* എന്നും അറിയപ്പെടുന്നു; പടിഞ്ഞാറുഭാഗത്തേത് *സൂയസ്* ഉൾക്കടൽ എന്നും. *സൂയസ്* പട്ടണത്തിൽനിന്നും ഏകദേശം 160 കിലോമീറ്റർ ദൂരമാണ് വടക്ക് മധ്യധരണ്യാഴിയിലേക്ക്. ഈ പ്രദേശത്ത് പല തടാകങ്ങളും ഞാങ്ങണച്ചെടികൾ വളരുന്ന ചതുപ്പുനിലങ്ങളുമുണ്ട്. ഇവിടെയാണ് മധ്യധരണ്യാഴിയെയും ചെങ്കടലിനെയും ബന്ധിപ്പിക്കുന്ന സൂയസ് കനാൽ നിർമ്മിക്കപ്പെട്ടത്.

ഹീബ്രു ബൈബിളിലെ "*യാംസൂഫ്*" എന്ന പേരാണ് ഗ്രീക്കിലും ലത്തീനിലും ചെങ്കടൽ എന്നു വിവർത്തനം ചെയ്തത്. "യാം" എന്ന പദത്തിന് കടൽ, തടാകം, കായൽ എന്നൊക്കെ അർത്ഥമുണ്ട്. "സൂഫ്" എന്നതിന് ഞാങ്ങണ എന്നാണർത്ഥം. അതിനാൽ യാംസൂഫ് എന്ന പേര് *ഞാങ്ങണത്തടാകം, ഞാങ്ങണക്കടൽ* എന്നൊക്കെ വിവർത്തനം ചെയ്യാവുന്നതാണ്. ചെങ്കടിലിനു വടക്കുള്ള തടാകങ്ങൾ, കായൽ, ചെങ്കടൽ, ഏഡൻ ഉൾക്കടൽ, ഇന്ത്യാമഹാസമുദ്രം, അറബിക്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നിവയെല്ലാം യാംസൂഫ് എന്ന പേരിൽ അറിയപ്പെട്ടി

രുന്നു. അതിനാൽ സൂയെസ് ഉൾക്കടലിന്റെ ഏറ്റം മുകൾഭാഗമോ അല്ലെങ്കിൽ അതിനു വടക്കുള്ള ഏതെങ്കിലും തടാകമോ കായലോ ആയിരിക്കാം ഇസ്രായേൽക്കാർ കടന്ന ചെങ്കടൽ.

രാത്രിമുഴുവൻ കിഴക്കൻ കാറ്റടിച്ചു, ജലം പിൻവലിഞ്ഞു എന്ന ബൈബിളിന്റെ വിവരണം ഒരുവേലിയിറക്കത്തെ സൂചിപ്പിക്കുന്നതായി കരുതുന്നവരുണ്ട്. അതേസമയം വെള്ളം ഇരുവശത്തും മതിൽപോലെനിന്നു എന്ന പരാമർശം സ്വാഭാവികമായ വിശദീകരണത്തിനു വഴങ്ങാതെ നില്ക്കുന്നു. ഒരേ സംഭവത്തിന്റെ വ്യത്യസ്ത വിവരണങ്ങളായി ഇതിനെ കരുതാവുന്നതാണ്. പ്രകൃതിശക്തികൾ ദൈവത്തിന്റെ കല്പന അനുസരിക്കുന്നുവെന്നും ദൈവം തന്റെ പദ്ധതികൾ നടപ്പിലാക്കാൻ പ്രകൃതിശക്തികളെ ഉപയോഗിക്കുന്നു എന്നുമുള്ള വിശ്വാസം അംഗീകരിക്കുമ്പോൾ കടൽ വിഭജനത്തിന്റെ അർത്ഥവും ഗ്രഹിക്കാനാവും.

ഇസ്രായേൽ കടൽകടന്നത് പഴയതിനോടു വിട പറഞ്ഞതിന്റെ പ്രതീകവുമാണ്. അങ്ങനെ അടിമകളാക്കുന്ന സകല സംവിധാനങ്ങളോടും മനോഭാവങ്ങളോടും എന്നേക്കുമായി വിട പറഞ്ഞുകൊണ്ടാണ് അവർ കടലിൻനടുവിലൂടെ മറുകരയിലെത്തിയത്. ഒരു മരണത്തിനും പുനരുത്ഥാനത്തിനും തുല്യമാണിത്. ഈ അർത്ഥത്തിൽ, ചെങ്കടൽ കടക്കൽ എന്നും പ്രസക്തമായൊരു പ്രമേയമാണ്. ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രയാണത്തിൽ പ്രതിബന്ധമായി നില്ക്കുന്ന ചെങ്കടൽ കടന്നേ മതിയാവൂ. പകച്ചു നിൽക്കാതെ, ദൈവശക്തിയിൽ ആശ്രയിച്ചുകൊണ്ട്, കടലിൻ നടുവിലേക്ക് ഇറങ്ങണം. അപ്പോൾ കടൽ പിളരും, ഉണങ്ങിയ വഴി തെളിയും. ഏതാണ് ഞാൻ കടക്കേണ്ട ചെങ്കടൽ?

# 24

# പിഹാഹിറോത്ത്
# ദൈവം ഒരുക്കിയ കുടുക്ക്

*"കർത്താവ് മോശയോട് അരുളിച്ചെയ്തു: ഇസ്രായേൽക്കാരോടു പറയുക, നിങ്ങൾ പിന്തിരിഞ്ഞ് പിഹാഹിറോത്തിനു മുമ്പിൽ, മിഗ്ദോലിനും കടലിനുംമധ്യേ, ബാൽസെഫോന്റെ എതിർവശത്തു പാളയമടിക്കുവിൻ. പാളയമടിക്കുന്നത് കടലിനടുത്തായിരിക്കണം" (പുറ 14,1-2).*

കർത്താവിന്റെ അത്ഭുതകരമായ ഇടപെടൽ വഴി വിമോചിതരായ ഇസ്രായേൽജനം വാഗ്ദത്തഭൂമിയിലേക്കുള്ള തങ്ങളുടെ യാത്രാമധ്യേ പാളയമടിച്ച ഒരുസ്ഥലമാണ് പിഹാഹിറോത്ത്. *പി* എന്ന വാക്കിന് ഈജിപ്തുകാരുടെ ഭാഷയിൽ *ഭവനം* എന്നും ഹീബ്രുവിൽ *അധരം* എന്നും അർത്ഥമുണ്ട്. *ഹിറോത്ത് ദേവന്റെ ഭവനം* എന്നോ *അധരം* എന്നോ പേരിനെ വിവർത്തനം ചെയ്യാം. എന്നാൽ എന്തുകൊണ്ട് ഈ പേരുണ്ടായെന്നോ, സ്ഥലം എവിടെയാണെന്നോ കൃത്യമായി പറയാനാവില്ല. കടലിന് അടുത്താണെന്നുമാത്രമേ ബൈബിൾ നല്കുന്ന വിവരണത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയൂ. ഈ സ്ഥലവുമായി ബന്ധപ്പെടുത്തിപറയുന്ന മിഗ്ദോൽ, ബാൽസെഫോൻ എന്നിവയെക്കുറിച്ചും ഇതു തന്നെയാണ് പറയാനുള്ളത്. എന്നാൽ ഒരു കാര്യം ശ്രദ്ധേയമാണ്.

കടലിനടുത്ത് പാളയമടിച്ച ഇസ്രായേൽക്കാർ വലിയൊരു കുടുക്കിൽ പെടുകയായിരുന്നു. പിറകേ പാഞ്ഞുവന്ന ഫറവോ

യുടെ സൈന്യത്തിൽനിന്ന് ഓടിയൊളിക്കാൻ അവർക്ക് ഒരു പഴുതും അവശേഷിക്കാത്ത ഒരു സ്ഥലമായിരുന്നു അത്. മുമ്പിൽ കടൽ, പിമ്പിൽ ശത്രുസൈന്യം. ഇസ്രായേലിനെ നയിച്ച ദൈവം മനഃപൂർവ്വം അവരെ വഞ്ചിച്ചതായി തോന്നും. അങ്ങനെയാണ് ജനം കരുതിയത്. "*ഈജിപ്തിൽ ശവക്കുഴികൾ ഇല്ലാഞ്ഞിട്ടാണോ നീ ഞങ്ങളെ മരുഭൂമിയിൽക്കിടന്നു മരിക്കാൻ കൂട്ടിക്കൊണ്ടുവന്നിരിക്കുന്നത്?*" (പുറ 14,11). ഒരു മനുഷ്യനിലും ആശ്രയിക്കാനായില്ല; ഓടിയൊളിക്കാൻ ഒരുവഴിയും അവശേഷിച്ചിട്ടുമില്ല. ഭീകരമായ ഈ പ്രതിസന്ധിയിലേക്ക് ദൈവം അവരെ നയിച്ചത് ഒരു പ്രത്യേക ലക്ഷ്യത്തോടുകൂടിയായിരുന്നു.

ഒളിച്ചോടാൻ പഴുതടച്ചവൻ ഒരു ഘോഷയാത്രയ്ക്കുവേണ്ട വഴിതെളിച്ചു. ആരും പ്രതീക്ഷിക്കാത്ത വിധത്തിൽ കടലിൻനടുവിൽ രാജപാത തെളിഞ്ഞു. അതോടെ ദൈവത്തിന്റെ കരുതലും കരുത്തും ജനം കണ്ടു. ഒളിച്ചോടുന്ന അടിമകളായിട്ടല്ല, ജയഘോഷം മുഴക്കി, സ്തുതിഗീതങ്ങളാലപിക്കുന്ന തീർത്ഥാടകരായിട്ടാണ് ഇസ്രായേൽക്കാർ ഈജിപ്തിനോട് വിടപറഞ്ഞ്, കടലിൻനടുവിലൂടെ വാഗ്ദത്തഭൂമിയിലേക്കു പ്രദക്ഷിണമായി നീങ്ങിയത്. ധാർഷ്ട്യത്തോടെ പിൻതുടർന്ന സൈന്യം കടലിൻനടുവിൽ മുങ്ങിച്ചത്തു. അടിമകൾക്കു സംരക്ഷണം നല്കുന്ന ദൈവത്തിന്റെ പദ്ധതി വെളിപ്പെട്ട സ്ഥലമാണ് പിഹാഹിറോത്ത്.

ജീവിതത്തിൽ എല്ലാവഴികളും അടഞ്ഞു എന്നു തോന്നുന്നിടത്താണ് പുതിയ വഴികൾ കർത്താവു തുറക്കുന്നത്. താൻപോരിമ വെടിഞ്ഞ് ദൈവത്തിൽ ആശ്രയിക്കാനും അവിടുത്തെ വിളിച്ചപേക്ഷിക്കാനും പ്രേരിപ്പിക്കാൻവേണ്ടി ദൈവം തന്നെയാകും വഴികൾ അടയ്ക്കുന്നത്. അത്യാഹിതമുണ്ടാകുമ്പോൾ, സാമ്പത്തികത്തകർച്ചകൾ നേരിടുമ്പോൾ, ആരോഗ്യം നഷ്ടപ്പെടുമ്പോൾ, എല്ലാവരും കൈ ഒഴിഞ്ഞു എന്നു തോന്നുമ്പോൾ - ഓർക്കണം പിഹാഹിറോത്തിന്റെ കഥ; കർത്താവു പറഞ്ഞ വാക്കുകൾ മനസ്സിൽ മുഴങ്ങണം. "*നീ എന്തിന് എന്നെ വിളിച്ചു കരയുന്നു? മുമ്പോട്ടുപോകാൻ ഇസ്രായേൽക്കാരോടു പറയുക*" (പുറ 14,15). മുമ്പിലുള്ള കടലിലേക്കാണ് ഇറങ്ങാൻ കർത്താവു പറയുന്നത്. വിശ്വാസത്തോടെ ഇറങ്ങുമ്പോൾ കടൽ പിളരും, വഴി തെളിയും. പ്രതിബന്ധങ്ങൾ മാറും. കർത്താവ് കൂടെയുണ്ട് എന്ന് ബോധ്യമാകും.

# 25

## മാറാ
## മരം മധുരിപ്പിച്ച കയ്പുനീർ

ജയഘോഷങ്ങളുടെയും സ്തുതികീർത്തനങ്ങളുടെയും അകമ്പടിയോടെ കടൽ കടന്നവർ പ്രവേശിച്ചത് തേനും പാലും ഒഴുകുന്ന വാഗ്ദത്തഭൂമിയിലേക്കല്ല, ഉണങ്ങിവരണ്ട മരുഭൂമിയിലേക്കാണ്. മൂന്നുദിവസം യാത്രചെയ്തിട്ടും തുള്ളി വെള്ളം കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല. അവസാനം ഒരു നീരുറവ കണ്ടെത്തി, അതിലെ വെള്ളമോ കുടിക്കാൻ പറ്റാത്തവിധം കയ്പുള്ളതും. ആ നീരുറവയിൽനിന്നാണ് സ്ഥലത്തിനു *മാറാ* എന്ന പേരുണ്ടായത്. *കയ്പുനിറഞ്ഞത്* എന്നാണ് ആ ഹീബ്രുവാക്കിന്റെ അർത്ഥം.

ദാഹിച്ചു വരണ്ട ജനത്തിനുവേണ്ടി മോശ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്ന് കാണിച്ചുകൊടുത്ത ഒരു തടിക്കഷ്ണം വെള്ളത്തിൽ ഇട്ടപ്പോൾ കയ്പുമാറി വെള്ളം മധുരിച്ചു (പുറ 15,22-25). ജനത്തിനു സന്തോഷമായി. എവിടെയാണ് ഇന്ന് ആ സ്ഥലം എന്നു നിശ്ചയമില്ല. പുറപ്പാടിന്റെ വഴിയെ സംബന്ധിച്ചുള്ള അവ്യക്തതകൾ യാത്രാമധ്യേ എടുത്തുപറയുന്ന സ്ഥലങ്ങളെ സംബന്ധിച്ചും നിലനില്ക്കുന്നു. ചെങ്കടലിനു കിഴക്ക്, മരുഭൂമിയിലുള്ള ഏതോ ഒരു സ്ഥലം എന്നേ പറയാനാകൂ. മാറായിൽ നിന്നു പുറപ്പെട്ട ജനം അടുത്തതായി പാളയമടിച്ചത്. പന്ത്രണ്ടു നീരുറവകളും എഴുപത് ഈന്തപ്പനകളും ഉള്ള *ഏലിം* എന്ന സ്ഥലത്താണ് (പുറ 15,27). ഇന്ന് *ഖരാൻഡേൽ* എന്ന് അറിയപ്പെടുന്ന ചെറിയ ഒരു ഗ്രാമമാണ് *ഏലിം* എന്നു കരുതപ്പെടുന്നു. ഈജിപ്തിൽനിന്ന് സീനായ് മലയിലേക്കു പോകുന്നവർക്ക്

ഇതൊരു വിശ്രമസങ്കേതമാണ്. സൂയസ് പട്ടണത്തിൽനിന്ന് 120 കിലോമീറ്റർ ദൂരമുണ്ട് ഏലിമിലേക്ക്. ഇതിന്റെ സമീപത്ത് എവിടെയോ ആയിരിക്കണം മാറാ.

മാറാ എന്ന സ്ഥലം എവിടെയാണെന്നു നിർണ്ണയിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ളതാണ് അത് സൂചിപ്പിക്കുന്ന യാഥാർത്ഥ്യം. മറാ പരീക്ഷണത്തിന്റെ സ്ഥലമായിരുന്നു. ജനം ദൈവത്തിൽ എന്തുമാത്രം വിശ്വസിക്കുന്നു, ആശ്രയിക്കുന്നു എന്നു പരീക്ഷിക്കപ്പെട്ട സ്ഥലം. ചെറിയ അസൗകര്യങ്ങളുണ്ടാകുമ്പോൾ, പ്രതീക്ഷിച്ചതുപോലെ ജീവിതം മുന്നോട്ടു നീങ്ങാതെ വരുമ്പോൾ, നിരാശപ്പെടുകയും ദൈവത്തിനെതിരേ പിറുപിറുക്കുകയും എല്ലാം നഷ്ടമായി എന്ന് കരുതുകയും ചെയ്യുന്നവർക്ക് വിശ്വാസത്തിലും പ്രത്യാശയിലും പരിശീലനം നല്കിയ സ്ഥലമാണ് മാറാ; എന്നാൽ അതു മാത്രമല്ല.

ജലത്തിന്റെ കയ്പുമാറാൻ സഹായിച്ച തടക്കഷ്ണം അവിടെത്തന്നെ ഉണ്ടായിരുന്നു. അതു കാണാനോ മനസ്സിലാക്കാനോ ജനത്തിനു കഴിഞ്ഞില്ല; അവരെ നയിച്ച മോശയ്ക്കും കഴിഞ്ഞില്ല. ദൈവം കാണിച്ചുകൊടുത്തപ്പോഴാണ് അവർ മരക്കഷ്ണം കണ്ടതും അതിന്റെ ഉപയോഗം അറിഞ്ഞതും. പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ അനുവദിക്കുന്ന ദൈവം അതിനുള്ള പരിഹാരവും കാണിച്ചുതരും. അതിനായി വിശ്വാസത്തിന്റെ ഉൾക്കണ്ണു തുറക്കണം.

കയ്പുള്ള വെള്ളത്തെ മധുരിപ്പിച്ച മരക്കഷ്ണം മനുഷ്യരക്ഷയുടെ ഉപകരണമായിത്തീർന്ന യേശുവിന്റെ കുരിശിന്റെ ഒരു പ്രതീകമായിട്ടാണ് സഭാപിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്. ജീവിതക്ലേശങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കാൻ യേശുവിന്റെ കുരിശ് സഹായകമാകും. ക്രൂശിതനോട് ചേർന്നു നില്ക്കുമ്പോൾ ദുഃഖം സന്തോഷമായി മാറും, പരാജയങ്ങൾ വിജയമാകും.

"*ഞാൻ നിന്നെ സുഖപ്പെടുത്തുന്ന കർത്താവാണ്*" (പുറ 15,26) എന്ന പ്രഖ്യാപനത്തോടെയാണ് മാറായെക്കുറിച്ചുള്ള വിവരണം അവസാനിക്കുന്നത്. പ്രത്യക്ഷത്തിൽ കയ്പുനിറഞ്ഞതായി തോന്നുന്ന ജീവിതാനുഭവങ്ങൾ യാഥാർത്ഥവും ശാശ്വതവുമായ ശാന്തിയിലേക്കും സന്തോഷത്തിലേക്കും നയിക്കുന്ന ഉപാധികളായി ദൈവം അയയ്ക്കുന്നതാവാം.

# 26

## സിൻ
## അപ്പം വർഷിച്ച മരുഭൂമി

*"ഇസ്രായേൽസമൂഹം ഏലിമിൽനിന്നു പുറപ്പെട്ട് ഏലിമിനും സീനായ്ക്കുമിടയിലുള്ള സിൻ മരുഭൂമിയിലെത്തി"* (പുറ 16,1).

സമൃദ്ധമായി ജലവും ആഹാരവും ലഭിക്കുമായിരുന്ന ഏലിമിൽനിന്ന് ജനം യാത്ര തുടർന്നു; പ്രവേശിച്ചതോ വീണ്ടും മരുഭൂമിയിലേക്ക്. ഏലിമിലെ വാസം ആശ്വാസപ്രദമായിരുന്നു. അവിടെത്തന്നെ വസിക്കുന്നത് അഭികാമ്യമായി പലരും കരുതിയിട്ടുണ്ടാവും. പക്ഷേ വാഗ്ദത്തഭൂമി എന്ന ലക്ഷ്യം കൺമുമ്പിൽ സൂക്ഷിക്കുന്ന നേതാവ് ഇടത്താവളങ്ങളിൽ വാസമുറപ്പിക്കാൻ അനുവദിക്കുകയില്ല. മരുഭൂമിയിലെ ക്ലേശങ്ങൾക്കിടയിൽ മരുപ്പച്ചകൾ ആശ്വാസം നല്കും. പക്ഷേ സ്ഥിരവാസത്തിനുള്ള സ്ഥലമല്ല അത്; യാത്ര തുടർന്നേ മതിയാകൂ. ജീവിതയാത്രയുടെതന്നെ ഒരു പ്രതീകമാണല്ലോ വാഗ്ദത്തഭൂമിയിലേക്കുള്ള ഇസ്രായേൽ ജനത്തിന്റെ തീർത്ഥയാത്ര.

ഏലിമിൽനിന്നു പുറപ്പെട്ടവർ കടന്നുചെന്നത് സിൻമരുഭൂമിയിലേക്കാണ്. മധ്യധരണ്യാഴിക്കു തെക്ക്, ചെങ്കടലിലേക്ക് ഇറങ്ങിനിൽക്കുന്ന ത്രികോണാകൃതിയിലുള്ള ഉപദ്വീപിനെയാണ് ഇന്ന് സീനായ് എന്നു വിളിക്കുന്നത്. അതിന്റെ തെക്കുഭാഗത്തുള്ള മലനിരകൾ സീനായ് മല എന്നറിയപ്പെടുന്നു; മലനിരകൾക്കു ചുറ്റുമുള്ള സ്ഥലം സീനായ് മരുഭൂമിയെന്നും. സീനായ്മലയുടെ വടക്കു ഭാഗത്താണ് സിൻ മരുഭൂമി എന്നു ബൈബിളിലെ വിശ

ദീകരണങ്ങളിൽനിന്ന് അനുമാനിക്കാം. സിൻ മരുഭൂമിയുടെ വടക്കുപടിഞ്ഞാറേ ഭാഗം *ഷൂർഷ* എന്നും വടക്കുകിഴക്കുഭാഗം *പാരാൻ* എന്നും അറിയപ്പെട്ടിരുന്നു. സീനായ് ഉപദ്വീപ് മുഴുവൻ ഒരു വലിയ മരുഭൂമിയാണ്. അതിന്റെ വിവിധ ഭാഗങ്ങൾ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നു. എന്നാൽ ആ പേരുകളൊന്നും തന്നെ ഇന്ന് പ്രചാരത്തിലില്ല. അതിനാൽ ഓരോന്നിന്റെയും സ്ഥലവും അതിരുകളും കൃത്യമായി നിർണ്ണയിക്കുക എളുപ്പമല്ല. ഇസ്രായേൽജനം 40 വർഷം ചുറ്റിക്കറങ്ങിയ മരുഭൂമിയാണിത്. അവിടെ ദൈവം അവരെ അത്ഭുതകരമായി പരിപാലിച്ചു എന്ന തത്രേ പ്രധാനം. ആ പരിപാലനയുടെ വലിയൊരു സാക്ഷ്യമാണ് സിൻമരുഭൂമി.

മരുഭൂമിയിൽ എത്തിയ ജനം വിശന്നുവലഞ്ഞു. അവർക്കു ഭക്ഷിക്കാൻ ഒന്നുമില്ലായിരുന്നു. വിശപ്പിന്റെ കാഠിന്യത്താൽ വാഗ്ദത്തഭൂമിയെന്ന സ്വപ്നം അവർ വിസ്മരിച്ചു; ഈജിപ്തിൽ സൗജന്യമായി ലഭിച്ചിരുന്ന ഭക്ഷണം ആകർഷകമായിത്തോന്നി. അവിടെ അനുഭവിച്ച അടിമത്തവും കഠിനാധ്വാനവും പീഡനവും എല്ലാം അവർ സൗകര്യപൂർവ്വം മറന്നു. പകരം ഇറച്ചിച്ചട്ടികൾ മാത്രം ഓർമ്മയിൽ തെളിഞ്ഞു. വാഗ്ദത്തഭൂമിയിലേക്കുള്ള യാത്ര ദീർഘവും ക്ലേശകരവുമാണ്. വലിയ വിലകൊടുത്തു വാങ്ങേണ്ട സ്വാതന്ത്ര്യത്തേക്കാൾ അടിമത്തം നല്കുന്ന സുരക്ഷിതത്വം അവർക്കു കൂടുതൽ അഭികാമ്യമായി തോന്നി. സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്ന നേതാവിനെതിരേ അവർ ശബ്ദമുയർത്തി.

നൂറ്റാണ്ടുകളായി അടിമത്തത്തിൽ തഴങ്ങിയവർക്ക് സ്വാതന്ത്ര്യം ആസ്വദിക്കാൻ കഠിനമായ പരിശീലനം ആവശ്യമായിരുന്നു. വിശന്നുവലഞ്ഞപ്പോൾ പിറുപിറുത്തവർക്ക് ദൈവം ആഹാരം നല്കി, ആകാശത്തുനിന്ന് അത്ഭുതകരമായി അപ്പം വർഷിച്ചു. പ്രഭാതത്തിൽ മരുഭൂമിയുടെ ഉപരിതലത്തു കണ്ട വെളുത്ത സാധനം എന്തെന്ന് അവർക്ക് അറിയില്ലായിരുന്നു. *ഇതെന്ത്* (മൻഹു എന്ന് ഹീബ്രുവിൽ) എന്നവർ ചോദിച്ചു. അങ്ങനെ "മന്ന" എന്ന പേരുണ്ടായി. *"ദൈവം നിങ്ങൾക്ക് ഭക്ഷണമായി തന്നിരിക്കുന്ന അപ്പമാണിത്"* (പുറ 16,15), മോശ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു.

മരുഭൂമിയിലൂടെ നയിക്കുന്ന ദൈവം ആവശ്യമായ ഒന്നിനും

കുറവുവരാൻ അനുവദിക്കുകയില്ല എന്ന ബാലപാഠം പഠിപ്പിച്ച സ്ഥലമാണ് സിൻ മരുഭൂമി. ഇസ്രായേൽക്കാർ കാനാൻ ദേശത്തു പ്രവേശിക്കുന്നതുവരെ ദൈവം അവർക്കു മന്ന നല്കിക്കൊണ്ടിരുന്നു; ഓരോ ദിവസവും അന്നത്തേക്ക് ആവശ്യമായതുമാത്രം. എന്നും കർത്താവിൽ ആശ്രയിക്കാനും നാളയെക്കുറിച്ചു വ്യഗ്രതപ്പെടാതിരിക്കാനും ദിനംപ്രതി വർഷിച്ച മന്ന അവരെ പഠിപ്പിച്ചു. ആവശ്യത്തിലധികം വാരിക്കൂട്ടാനോ പിറ്റേദിവസത്തേക്കു സൂക്ഷിച്ചുവയ്ക്കാനോ കഴിയുമായിരുന്നില്ല. അന്യർക്ക് അവകാശപ്പെട്ടതുകൂടി സ്വന്തമാക്കി സമ്പന്നരാകാനുള്ള പ്രവണതയ്ക്കെതിരേ ശക്തമായ ഒരു താക്കീതും നല്കുന്നുണ്ട് സിൻ മരുഭൂമിയും അവിടെ ദൈവം വർഷിച്ച മന്നായും. അതോടൊപ്പം സ്വർഗ്ഗത്തിൽനിന്ന് ദൈവം നല്കുന്ന യഥാർത്ഥ ഭക്ഷണമായ യേശുവിന്റെയും യേശു സ്വയം അപ്പമായി നമുക്കു നല്കുന്ന വിശുദ്ധ കുർബാനയുടെയും മുന്നോടിയും പ്രതീകവുമാണ് മരുഭൂമിയിലെ മന്നാ.

# 27

## യാഹ്‌വേ നിസ്സി
## വിരിച്ച കൈകൾ വരിച്ച വിജയം

*"മോശ കരങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടികുന്നപ്പോഴെല്ലാം ഇസ്രായേൽ വിജയിച്ചുകൊണ്ടിരുന്നു" (പുറ 17,11).*

മരുഭൂമിയിലൂടെയുള്ള യാത്രാമധ്യേ ഇസ്രായേൽജനം റഫിദിമിൽ പാളയമടിച്ചു. അപ്പോൾ നാടോടികളായ അമലേക്യരുടെ ഒരു സംഘം അവരെ ആക്രമിച്ചു. ആളുകളെ ഒരുക്കി അവരെ നേരിടാൻ ജോഷ്വായ്ക്കു നിർദ്ദേശം നല്കിയതിനുശേഷം മോശ മലമുകളിലേക്കു കയറി. അഹറോനും ഹൂറും മോശയെ അനുഗമിച്ചു. മലമുകളിലെത്തിയ മോശ കൈകൾ വിരിച്ചു ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിച്ചു.

പ്രാർത്ഥന ഫലവത്തായിരുന്നു. മോശയുടെ കൈകൾ പ്രാർത്ഥനയിൽ ഉയർന്നു നിന്നപ്പോൾ ഇസ്രായേൽക്കാർക്കു വിജയം ലഭിച്ചു. പക്ഷേ അവശനായി കൈകൾ താഴ്ത്തിയപ്പോൾ ജയം ശത്രുക്കൾക്കായി. അതിനാൽ അഹറോനും ഹൂറും മോശയുടെ കൈകൾ ഉയർത്തിപ്പിടിച്ചു, യുദ്ധം പൂർണ്ണമായി ജയിക്കുന്നതുവരെ.

താഴ്‌വരയിൽ പടവെട്ടിയ ജോഷ്വായും യോദ്ധാക്കളുമാണ് യുദ്ധം ജയിച്ചത്. എന്നാൽ അവർക്കു ശക്തിപകർന്നത് മലമുകളിൽ കൈവിരിച്ചുനിന്ന മോശയുടെ പ്രാർത്ഥനയാണ്. ജീവിതമാകുന്ന യുദ്ധം ജയിക്കാൻ ശക്തമായ പ്രവർത്തനം മാത്രം പോരാ, തീവ്രമായ പ്രാർത്ഥനയും വേണം എന്ന് ഈ സംഭവം

പഠിപ്പിച്ചു. ഈ സത്യത്തിന്റെ ശാശ്വതസ്മാരകമാണ് അവിടെ മോശ പണിത ബലിപീഠവും സ്ഥലത്തിനു നല്കിയ പേരും. "*കർത്താവ് എന്റെ വിജയപതാക*" എന്നാണ് *യാഹ്വേനിസ്സി* എന്ന പേരിന്റെ അർത്ഥം. മോശ പണിത ബലിപീഠം അപ്രത്യക്ഷമായി; ആ സ്ഥലം ഏതെന്നും ആർക്കും അറിയില്ല. എന്നാൽ സംഭവവും പേരും ഇന്നും നിലനില്ക്കുന്നു, പ്രാർത്ഥനയുടെ പ്രാധാന്യം വിളിച്ചറിയിച്ചുകൊണ്ട്.

പ്രാർത്ഥനയ്ക്കായി സമയം ചിലവഴിക്കുന്നത് നഷ്ടവും വിഡ്ഢിത്തവുമായി കരുതുന്നവരുണ്ട്. പ്രാർത്ഥനയ്ക്കായി ജീവിതം സമർപ്പിച്ചവരിൽപോലും ഈ മനോഭാവം ചിലപ്പോഴൊക്കെ പ്രത്യക്ഷപ്പെടാറുണ്ട്. പ്രവൃത്തിതന്നെ പ്രാർത്ഥന എന്ന മന്ത്രം ഉരുവിടുന്നവരുമുണ്ട്. സഹോദരിയ്ക്കെതിരേ പരാതിയുമായി വന്ന മാർത്തായും അങ്ങനെയാണു കരുതിയത്. എന്നാൽ പ്രാർത്ഥനയില്ലാത്ത പ്രവർത്തനം ആത്മാവില്ലാത്ത ശരീരം പോലെ നിർജ്ജീവവും ഫലശൂന്യവുമാണെന്ന് യാഹ്വേനിസ്സി പഠിപ്പിക്കുന്നു. രണ്ടും ആവശ്യമാണ്, ഉചിതമായ അനുപാതത്തിൽ രണ്ടിനെയും സമന്വയിപ്പിക്കുന്നതാണ് പ്രധാനം. പടവെട്ടുന്ന ജോഷ്വായും കൈവിരിച്ചു പ്രാർത്ഥിക്കുന്ന മോശയും ഒരുപോലെ ആവശ്യമാണ് യുദ്ധം ജയിക്കാൻ.

# 28

## റഫിദിം
## അധികാരവികേന്ദ്രീകരണം

*"നീ ചെയ്യുന്നതു ശരിയല്ല,. നീയും നിന്റെ കൂടെയുള്ള ജനങ്ങളും ക്ഷീണിച്ച് വിവശരാകും" (പുറ 18,17).*

സീനായ് മലയുടെ താഴ്വരയിൽ എത്തുന്നതിനുമുമ്പ് ഇസ്രായേൽജനം അവസാനമായി പാളയമടിച്ച സ്ഥലമാണ് റഫിദിം. "*സമതലം*" എന്നാണ് ഈ പേരിന്റെ അർത്ഥം. കുറച്ചുനാൾ ജനം ഇവിടെ താമസിച്ചു. ആ താമസത്തിനിടയിലാണ് സമൂഹജീവിതത്തെ സംബന്ധിച്ച സുപ്രധാനമായ ഒരു സംവിധാനം രൂപപ്പെട്ടത്. മിദിയാനിലെ പുരോഹിതനും തന്റെ അമ്മായിയപ്പനുമായ ജെത്രോയുടെ ഉപദേശപ്രകാരമാണ് മോശ ഈ പുതിയ സംവിധാനത്തിനു രൂപം നല്കിയത്.

സിപ്പോറായെയും രണ്ടു പുത്രന്മാരെയും മോശയുടെ അടുക്കലേക്കു കൊണ്ടുവന്ന ജെത്രോ മോശയെന്ന നേതാവിന്റെ ചെയ്തികൾ സസൂക്ഷ്മം വീക്ഷിച്ചു. തന്റെ മരുമകൻ ആവശ്യമില്ലാതെ ക്ലേശിക്കുകയാണെന്നും അയാളുടെ കഠിനാധ്വാനം ജനത്തിന്റെ കഷ്ടതകൾ വർദ്ധിപ്പിക്കുന്നതേയുള്ളൂ എന്നും അദ്ദേഹം മനസ്സിലാക്കി. അതിനാൽ സമൂഹത്തിന്റെ സുഗമമായ നടത്തിപ്പിന് ഒരു പുതിയ ഭരണസംവിധാനം നിർദ്ദേശിച്ചുകൊടുത്തു - അധികാരവികേന്ദ്രീകരണം.

എല്ലാ കാര്യങ്ങളും തനിച്ചു തീരുമാനിക്കുകയും നിർവ്വഹി

ക്കുകയും ചെയ്യണം എന്ന നേതാവിന്റെ നിലപാട് ബുദ്ധിശൂന്യമാണ്, അത് മോശയെപ്പോലെ വലിയൊരു നേതാവാണെങ്കിൽപ്പോലും. ജനങ്ങളിൽ നേതൃത്വവാസനയും ഗുണങ്ങളുമുള്ള ധാരാളം ആളുകൾ ഉണ്ടാകും. അവരെ കണ്ടുപിടിച്ച് അവരുടെ കഴിവിന് അനുസൃതമായ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുക്കുക. ആയിരം, നൂറ്, അമ്പത്, പത്ത് എന്നിങ്ങനെ ഗണങ്ങളായി തിരിച്ച് ഓരോ ഗണത്തിനും നേതാക്കന്മാരെ നിശ്ചയിച്ചു കഴിയുമ്പോൾ ഭരണം എളുപ്പമാകും; കൂടുതൽ കാര്യക്ഷമവും നീതിനിഷ്ടവുമാകും. പൊതുവായ നിർദ്ദേശങ്ങൾ നല്കുകയും സുപ്രധാനായ കാര്യങ്ങളിൽ തീർപ്പു കല്പിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്വം മാത്രം കേന്ദ്രനേതൃത്വം ഏറ്റെടുക്കുമ്പോൾ നീതിനിർവ്വഹണം നിഷ്പ്രയാസം നടത്താനാവും.

ജെത്രോയുടെ നിർദ്ദേശം മോശ സ്വീകരിച്ചു. അത് മോശയ്ക്കും ജനത്തിനും വളരെ പ്രയോജനപ്രദമായി. കുടുംബം മുതൽ രാഷ്ട്രംവരെ നയിക്കുന്ന ഭരണകർത്താക്കൾ അവശ്യം പാലിക്കേണ്ട വലിയൊരു നിർദ്ദേശമാണ് റഫിദിമിൽനിന്നു നല്കപ്പെട്ടത്. ഞാൻ തന്നെ ചെയ്താലേ ശരിയാകൂ എന്ന് ആരും നിർബന്ധം പിടിക്കാതിരിക്കണം. സംഘടനാതലത്തിലും കമ്പനികളിലും മതമേഖലയിലും എല്ലാം പ്രസക്തമാണ് ഈ നിർദ്ദേശം. ഇതു സ്വീകരിച്ചിരുന്നെങ്കിൽ എത്രമാത്രം സമയവും ധനവും ലാഭിക്കാമായിരുന്നു! നിസ്സാരകാര്യങ്ങളിൽ പോലും തീരുമാനത്തിനായി തലസ്ഥാനങ്ങളിലേക്ക് ഓടേണ്ടിവരുകയില്ലായിരുന്നു. ദൈവം ഓരോ വ്യക്തിയെയും വിശ്വസിക്കുന്നു, ഉത്തരവാദിത്വം ഏല്പിക്കുന്നു. അധികാരം കയ്യാളുന്ന മനുഷ്യരും മറ്റുള്ളവരെ വിശ്വസിക്കാനും ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുക്കാനും തയ്യാറാകണം.

# 29

## സീനായ്–ഹോറെബ്
## ഉടമ്പടിയുടെ പർവ്വതം

"*മോശ...... മരുഭൂമിയുടെ മറുഭാഗത്തേക്കു ആളുകളെ നയിക്കവേ ദൈവത്തിന്റെ മലയായ ഹോറെബിൽ എത്തിച്ചേർന്നു*" (പുറ 3,1).

രക്ഷാചരിത്രത്തിൽ നിർണ്ണായകമായ പ്രാധാന്യമുള്ള ഒരു സ്ഥലമാണ് സീനായ്മല. പഞ്ചഗ്രന്ഥത്തിനു പിന്നിലുണ്ടെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്ന ഏലോഹേ, പുരോഹിത (E,P) പാരമ്പര്യങ്ങളിൽ *സീനായ്* എന്നും യാഹ്‌വേ, നിയമാവർത്തന (J,D) പാരമ്പര്യങ്ങളിൽ *ഹോറെബ്* എന്നും അറിയപ്പെടുന്ന ഈ പർവ്വതത്തിന്റെ പേരിലാണ് ദൈവം ഇസ്രായേൽജനവുമായി ചെയ്ത ഉടമ്പടി അറിയപ്പെടുന്നത്.

ഫറവോയെ ഭയന്ന് ഒളിച്ചോടി മിദിയാനിൽ അഭയം പ്രാപിച്ച മോശയ്ക്ക് ദൈവദർശനവും വിമോചകൻ ആകാനുള്ള വിളിയും ലഭിച്ചത് ഈ പർവ്വതത്തിൽവച്ചാണ്. കത്തിയെരിഞ്ഞിട്ടും ചാമ്പലാകാത്ത മുൾപ്പടർപ്പിൽ, അഗ്നിയുടെ മധ്യത്തിൽ പ്രത്യക്ഷനായ ദൈവം യാഹ്‌വേ എന്ന തന്റെ പേരും, നിലവിളി കേട്ടു വിമോചനം നല്കുന്നവൻ എന്ന തന്റെ സ്വഭാവവും ഇവിടെവച്ചാണ് വെളിപ്പെടുത്തിയത് (പുറ 3,1-15). ചെങ്കടൽ കടന്ന് മരുഭൂമിയിലൂടെ യാത്ര ചെയ്ത ജനം ഒരു വർഷത്തിലധികം (പുറ 19,1-സംഖ്യ 10,11) ഈ പർവ്വതത്തിന്റെ താഴ്‌വരയിൽ പാളയമടിച്ചു വസിച്ചി

രുന്നു. ഇവിടെ വച്ചാണ് ദൈവം അവരുമായി ഉടമ്പടി ചെയ്തതും അവരെ സ്വന്തം ജനമായി സ്വീകരിച്ചതും.

ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും സീനായ് മലയുടെ അടിവാരത്തുവച്ച് ജനം അനുഭവിച്ചറിഞ്ഞു. "*മൂന്നാംദിവസം പ്രഭാതത്തിൽ ഇടിമുഴക്കവും മിന്നൽ പിണരുകളുമുണ്ടായി. മലമുകളിൽ കനത്തമേഘം പ്രത്യക്ഷപ്പെട്ടു. ചൂളയിൽ നിന്നെന്നപോലെ അവിടെനിന്ന് പുക ഉയർന്നകൊണ്ടിരുന്നു. മല ശക്തമായി ഇളകി വിറച്ചു. കാഹളശബ്ദം ശക്തിപ്പെട്ടുകൊണ്ടിരുന്നു*" (പുറ 19,16-19). "*ആകാശത്തോളം ഉയർന്ന അഗ്നിയിൽ പർവ്വതം ജ്വലിച്ചുകൊണ്ടിരുന്നു. അന്ധകാരവും കനത്തമേഘവും അതിനെ ആവരണം ചെയ്തു*" (നിയ 4,11).

ഭയാനകമായ ഈ പ്രതിഭാസങ്ങൾക്കു മധ്യത്തിലാണ് സീനായ് ഉടമ്പടി നല്കപ്പെട്ടതെങ്കിലും ആ മലയടിവാരത്തുവച്ചുതന്നെ സ്വർണ്ണംകൊണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിച്ചുകൊണ്ട് ജനം ഉടമ്പടി ലംഘിച്ചു (പുറ 32,1-29). നാല്പതു ദിനരാത്രങ്ങൾ മലമുകളിൽ ഉപവസിച്ചു പ്രാർത്ഥിച്ച്, ഉടമ്പടിയുടെ പ്രമാണങ്ങൾ സ്വീകരിച്ച മോശ വീണ്ടും അത്രയും കാലം മലമുകളിൽ പരിഹാരമനുഷ്ഠിച്ച് ജനത്തിനുവേണ്ടി മാധ്യസ്ഥ്യം വഹിച്ചു (പുറ 32,30-35; 34,1-29). മാപ്പു ലഭിച്ച ജനം ദീർഘകാലത്തെ വാസത്തിനുശേഷം വാഗ്ദത്തഭൂമി കീഴടക്കാനായി യാത്ര പുറപ്പെട്ടത് സീനായ്മലയുടെ അടിവാരത്തുനിന്നാണ്. അപ്പോഴേക്കും അവർ ഒരു ജനമായി രൂപപ്പെട്ടുകഴിഞ്ഞിരുന്നു. അവർക്കു ജീവിതനിയമങ്ങളും ആരാധനക്രമവും ദൈവിക സാന്നിധ്യത്തിന്റെ അടയാളമായി സാക്ഷ്യംപേടകവും ഉണ്ടായിരുന്നു.

വളരെക്കാലങ്ങൾക്കുശേഷം ഇസ്രായേൽജനം വലിയൊരു പ്രതിസന്ധിയിലെത്തുകയും ജനം ഒന്നടങ്കം യാഹ്വേയിലുള്ള വിശ്വാസം തിരസ്ക്കരിക്കാൻ നിർബന്ധിതരാവുകയും ചെയ്ത സാഹചര്യത്തിൽ പ്രവാചകശ്രേഷ്ഠനായ ഏലിയാ പ്രകാശവും പ്രചോദനവും തേടി യാത്ര ചെയ്തത് ഹോറെബിലേക്കാണ് (1 രാജാ 19). മലമുകളിലെ ഗുഹയിൽ ഭയന്ന് ഒളിച്ചിരുന്ന പ്രവാചകന് പ്രത്യക്ഷപ്പെട്ട ദൈവം ശക്തിപകർന്ന് പുതിയൊരു ദൗത്യവുമായി അദ്ദേഹത്തെ വീണ്ടും സംഘർഷഭരിതമായ താഴ്വരയിലേക്കു പറഞ്ഞയച്ചു (1 രാജാ 19,15-19).

സീനായ് - ഹോറെബ് പുതിയ നിയമത്തിൽ പലതവണ പരാമർശവിഷയമാകുന്നുണ്ട് (അപ്പ 7,30-38; ഹെബ്രാ 12,18-29). ലംഘിക്കപ്പെട്ട പഴയ ഉടമ്പടിയുടെ സ്ഥലമാണ് സീനായ്. അതിനുപകരം പുതിയ ഒരു ഉടമ്പടി ദൈവം പ്രവാചകന്മാരിലൂടെ വാഗ്ദാനം ചെയ്തു (ജറെ 31,31), യേശുക്രിസ്തുവിലൂടെ പൂർത്തിയാക്കി (ലൂക്കാ 22,20). സീനായ് കാലഹരണപ്പെട്ട പഴയ ഉടമ്പടിയുടെ പ്രതീകമായി നിലകൊള്ളുന്നു; ജറുസലെം - സിയോൺ ശാശ്വതമായ പുതിയ ഉടമ്പടിയുടെയും (ഗലാ 4,24-26).

പുതിയ ഉടമ്പടി സ്ഥാപിക്കപ്പെട്ടുവെങ്കിലും സീനായ് മലയുടെ പ്രാധാന്യം നഷ്ടപ്പെട്ടിട്ടില്ല. കർത്താവിന്റെ കരുണയും പാവപ്പെട്ടവരോടുള്ള പ്രതിബദ്ധതയും ഏറ്റം ആദ്യമായി വെളിപ്പെട്ട സ്ഥലമാണത്. അതുവരെ നിലവിലിരുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായൊരു ദൈവചിത്രം സീനായിലെ മുൾപ്പടർപ്പിനു മധ്യത്തിൽ തെളിഞ്ഞു. അതിന്റെ മാംസം ധരിച്ച രൂപമാണ് യേശുക്രിസ്തു.

സീനായ്മല എവിടെയാണെന്നതിനെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ ഇന്നും തർക്കമുണ്ട്. മോശയുടെ മല എന്നർത്ഥമുള്ള *ജെബൽമൂസാ* എന്ന് അറിയപ്പെടുന്ന 2244 മീറ്റർ ഉയരമുള്ള കൊടുമുടിയാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള സ്ഥലം. സീനായ് ഉപദ്വീപിന്റെ തെക്കുഭാഗത്തുള്ള കരിങ്കൽ പാറക്കെട്ടുകൾ നിറഞ്ഞ മലനിരയിലെ ഒരു കൊടുമുടിയാണിത്. അതിന്റെ തെക്കുഭാഗത്ത് ലക്ഷക്കണക്കിന് ആളുകൾക്കു സമ്മേളിക്കാൻമാത്രം വിശാലമായ സമതലമുണ്ട്. എ.ഡി. 4-ാം നൂറ്റാണ്ടുമുതൽ വി. കത്തറീനായുടെ നാമധേയത്തിലുള്ള ഒരു സന്യാസാശ്രമവും അവിടെയുണ്ട്. പതിനായിരക്കണക്കിന് തീർത്ഥാടകർ വർഷംതോറും സീനായ്മല സന്ദർശിച്ച് പ്രചോദനം ഉൾക്കൊള്ളുന്നു, ദൈവത്തിന്റെ വിശുദ്ധിയെയും കരുണയെയുംകുറിച്ച് അവബോധവും.

# 30

## കിബ്റോത്ത് ഹത്താവ ആർത്തി തീർത്ത ശവപ്പറമ്പ്

*"അത്യാഗ്രഹികളെ സംസ്ക്കരിച്ചതുകൊണ്ട് ആ സ്ഥലത്തിന് കിബ്രോത്ത് ഹത്താവ എന്നു പേരിട്ടു"* (സംഖ്യ 11,34).

സീനായ് മലയുടെ അടിവാരത്തുനിന്നു യാത്ര പുറപ്പെട്ട ഇസ്രായേൽജനം ആദ്യമായി താവളമടിച്ച സ്ഥലമാണ് ഈ പേരിൽ അറിയപ്പെടുന്നത്. ഇസ്രായേൽ ജനത്തിന്റെ അനുഭവം തലമുറതോറും ഒരു പാഠവും താക്കീതുമായിരിക്കാൻ സഹായിക്കുന്നതാണ് *കിബ്രോത്ത് ഹത്താവാ* എന്ന പേര്.

ദൈവത്തിന്റെ കരുത്തും കരുതലും അനേകം തവണ അനുഭവിച്ചറിഞ്ഞവരാണ് ഇസ്രായേൽക്കാർ. സീനായ്മലയിൽവച്ച് ദൈവം അവരുമായി ഉടമ്പടി ചെയ്തു, അവർ ദൈവത്തിന്റെ ജനമായി. ദൈവത്തെ എന്നും അനുസരിക്കാമെന്നു ജനവും അവരെ എന്നും സംരക്ഷിക്കാമെന്നു ദൈവവും വാഗ്ദാനം ചെയ്തു. ദൈവം വാക്കുപാലിച്ചു. മരുഭൂമിയിൽ അവരെ വഴി നയിച്ചു; മന്നാ നല്കി പരിപാലിച്ചു. പക്ഷേ ജനം വാക്കു പാലിച്ചില്ല; അവർ ദൈവത്തിനെതിരേ പിറുപിറുത്തു.

മരുഭൂമിയിൽ അനുദിനം സൗജന്യമായി ലഭിച്ചിരുന്ന മന്നാ ആദ്യം കിട്ടിയപ്പോൾ അത് ഏറെ സന്തോഷത്തോടെ വാരിക്കൂട്ടിയ അവർക്കു സാവകാശം മന്നായുടെ രുചി പിടിക്കാതായി: *"ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നയല്ലാതെ മറ്റൊന്നും കാണാനില്ല" (സംഖ്യ 11,6); "ഈ വിലകെട്ട അപ്പം തിന്നു ഞങ്ങൾ*

*മടുത്തു" (സംഖ്യ 21,5).* ദൈവം സ്വർഗ്ഗത്തിൽനിന്നു പൊഴിച്ച മാലാഖമാരുടെ അപ്പം (സങ്കീ 78,23-25) അവർക്കു ചെടിപ്പുള വാക്കി. കൂടുതൽ രുചികരമായ ഭക്ഷണം വേണം "*ആരാണ് ഞങ്ങൾക്കു മാംസം തരുക?*" (സംഖ്യ 11,5), അവർ വിലപിച്ചു. ദൈവം നല്കിയ ദാനങ്ങളെല്ലാം അവർ മറന്നു. നേരിട്ടുകണ്ട അവിടുത്തെ അത്ഭുതപ്രവർത്തനങ്ങളും മഹത്വവും അവർ മറന്നു. നാലുനൂറ്റാണ്ടു ദീർഘിച്ച അടിമത്തത്തിന്റെ ക്രൂരതയും ഫറവോയുടെ ഇഷ്ടികക്കളത്തിൽ ഒഴുക്കിയ വിയർപ്പും ഉയർന്ന നെടുവീർപ്പും നിലവിളിയും എല്ലാം അവർ മറന്നു. അന്നു കിട്ടി യിരുന്ന ഇറച്ചിയും പച്ചക്കറികളും മനസ്സിൽ തെളിഞ്ഞു, നാവിൽ വെള്ളം ഊറി. ഞങ്ങൾക്കു ഭക്ഷിക്കാൻ മാംസം വേണം!

വിശപ്പടക്കാൻ ദൈവം സമൃദ്ധമായി നല്കിയ ദാനംകൊണ്ടു തൃപ്തിപ്പെടാതെ വിലപിച്ചവർക്ക് ദൈവം മറുപടി നല്കി. "*കർത്താവു നിങ്ങൾക്കു മാംസം തരും, നിങ്ങൾ ഭക്ഷിക്കുകയും ചെയ്യും.... മൂക്കിലൂടെ പുറത്തുവന്ന് ഓക്കാനം വരുന്നതുവരെ ഒരു മാസത്തേക്ക് നിങ്ങൾ അതു തിന്നും*" (സംഖ്യ 11,18-20). കർത്താവു വാക്കു പാലിച്ചു. കടൽക്കാറ്റിന്റെ ചിറകിൽ കാടപ്പ ക്ഷികൾ കൂട്ടംകൂട്ടമായി വന്ന് പാളയത്തിന് ചുറ്റും വീണു. ഇറച്ചിക്കൊതിയന്മാർ കാടപക്ഷികളെ വാരിക്കൂട്ടി കൊന്നു തിന്നു തിന്ന്, ഛർദ്ദിച്ച് ഛർദ്ദിയിൽ കിടന്നു ചത്തു. "*ഇറച്ചി ഭക്ഷിച്ചു കൊണ്ടിരിക്കെത്തന്നെ കർത്താവിന്റെ കോപം ജനത്തിനെതിരേ ആളിക്കത്തി. ഒരു മഹാമാരി അയച്ച് അവിടുന്ന് അവരെ ശിക്ഷിച്ചു*" (സംഖ്യ 11,33). ആർത്തിതീർത്ത ശവപ്പറമ്പെന്ന് ആ സ്ഥലം അറിയപ്പെട്ടു.

എന്നും പ്രസക്തമായൊരു പാഠമാണ് ഈ സംഭവവും സ്ഥല പ്പേരും നല്കുന്നത്. ലഭിച്ചിരിക്കുന്ന ദാനങ്ങളെ വിലമതിക്കാനും നന്ദിയോടെ "മതി" എന്നു പറയാനും കഴിയാത്തവർക്ക് ഒരി ക്കലും സന്തോഷമാവില്ല. എത്ര കിട്ടിയാലും തൃപ്തിയാവാതെ വീണ്ടും വീണ്ടും സമ്പാദിക്കാനും ആസ്വദിക്കാനുമുള്ള ദാഹം, ഒരു മാറാരോഗം പോലെ അവരെ വേട്ടയാടും. നമ്മുടെ സമൂഹ ത്തെയും ഈ രോഗം ബാധിച്ചിരിക്കുകയല്ലേ? വിശപ്പടങ്ങിയാൽ പോരാ, വിശിഷ്ടവിഭവങ്ങൾതന്നെ വേണം. ആഹാരം, വസ്ത്രം, പാർപ്പിടം, യാത്രാസൗകര്യങ്ങൾ മുതലായവയിൽ തുടങ്ങുന്ന

ആർത്തിപ്പെരുമ്പാമ്പ് വ്യക്തികളെയും സമൂഹങ്ങളെയും ചുറ്റിവരിഞ്ഞു വിഴുങ്ങുന്നു. അവസാനം ആർത്തിതന്നെ ശിക്ഷയായി ശവപ്പറമ്പൊരുക്കുന്നു. ഭാരിച്ച ശരീരത്തെ താങ്ങാൻ കാലുകൾക്കു ബലംപോരാതെ വരുന്നു; ലഹരിയിലും മയക്കുമരുന്നിലും സന്തോഷം തേടുന്നവർക്ക് അതുതന്നെ മരണക്കെണിയായിത്തീരുന്നു. പിരപാവനമായ ലൈംഗികത ഭോഗാസക്തിയായി മാറുമ്പോൾ ചികിത്സയില്ലാത്ത മാരകരോഗങ്ങൾ സമ്മാനിക്കുന്നു. ഭൂമിയിലെ സകല വിഭവങ്ങളും മത്സരബുദ്ധിയോടെ ചുരുക്കംപേർ വാരിക്കൂട്ടി സ്വന്തമാക്കുമ്പോൾ ബഹുഭൂരിഭാഗവും പട്ടിണിയിലേക്കു നീങ്ങുന്നു. ധനം പെരുകുന്നതനുസരിച്ച് സന്തോഷവും സമാധാനവുമല്ല, അസംതൃപ്തിയും അസ്വസ്ഥതയുമാണു വർദ്ധിക്കുന്നതെന്ന് അനുഭവം പഠിപ്പിക്കുന്നു. പാപംതന്നെ പാപത്തിനു ശിക്ഷയായിത്തീരുന്നു. അമിതാഹാരം രോഗം വരുത്തുന്നു. ധനമോഹം അക്രമത്തിനു വഴി തെളിയിക്കുന്നു. ധൂർത്ത് കടബാധ്യതയും അവസാനം ആത്മഹത്യയും വിളിച്ചുവരുത്തുന്നു. പരിശുദ്ധമായ വിവാഹബന്ധത്തിനുപുറത്ത് ലൈംഗികസന്തോഷം തേടുന്നവർ കൂടുതൽ കൂടുതൽ നികൃഷ്ടമായ വൈകൃതങ്ങളിലേക്കു കൂപ്പുകുത്തുന്നു. എന്തുകിട്ടിയാലും അനുഭവിച്ചാലും തൃപ്തിവരാതെ, ഉപ്പുവെള്ളം കുടിക്കുന്ന ദാഹാർത്തനെപ്പോലെ നശിക്കുന്നു.

കിബ്രോത്ത് ഹത്താവ നല്കുന്ന പാഠം വി. പൗലോസ് ചുരുക്കിപ്പറയുന്നത് ഇപ്രകാരമാണ്. "*ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം. ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനകാരണം*" (1 തിമോ 6,6-9).

# 31

# ഹസേറോത്ത്
# കുഷ്ഠം വരുത്തിയ അസൂയ

ആർത്തിയുടെ ശവപ്പറമ്പിൽനിന്നു യാത്രതിരിച്ച ഇസ്രായേൽജനം അടുത്തതായി പാളയമടിച്ച സ്ഥലമാണ് *ഹസേറോത്ത്* (സംഖ്യ 11,35). "*താവളം*" എന്നാണ് പേരിന്റെ അർത്ഥം. ഇസ്രായേൽജനം സുപ്രധാനമായ ഒരു പാഠം അഭ്യസിച്ച സ്ഥലമാണിത്. കിട്ടിയതുകൊണ്ടൊന്നും തൃപ്തിയാകാതെ, നിരന്തരം പരാതി പറയുക എന്നത് തീർത്ഥാടകസമൂഹത്തിന്റെ ഒരു സവിശേഷതയായിരുന്നു. എന്നാൽ അപ്പോഴൊക്കെ അവരെ നയിക്കാൻ ഒറ്റക്കെട്ടായി നിന്ന സഹോദരങ്ങളാണ് മോശയും അഹറോനും മിരിയാമും. ഈ നേതൃത്വകേന്ദ്രത്തിൽത്തന്നെ പിളർപ്പുസൃഷ്ടിച്ച സംഭവങ്ങളാണ് ഹസേറോത്തിൽ വച്ചുണ്ടായത്.

രണ്ടു പരാതികളും കുറ്റാരോപണങ്ങളുമാണ് അഹറോനും മിരിയാമും മോശയ്ക്കെതിരേ ഉയർത്തിയത്. വിജാതീയ സ്ത്രീയെ വിവാഹം ചെയ്തു എന്നതാണ് ആദ്യത്തെ പരാതി; അമിതമായി അധികാരം പ്രയോഗിക്കുന്നു എന്ന് രണ്ടാമത്തെ ആരോപണം. നേതൃത്വത്തിനുവേണ്ടിയുള്ള ഒരു വടംവലി ഈ പരാതിയിൽ കാണാം. "*കർത്താവു മോശവഴി മാത്രമാണോ സംസാരിച്ചിട്ടുള്ളത്? ഞങ്ങളിലൂടെയും സംസാരിച്ചിട്ടില്ലേ?*" (സംഖ്യ 12,2). തങ്ങളുടെ ഇളയസഹോദരന് ജനമധ്യത്തിൽ കൂടുതൽ അധികാരവും അംഗീകാരവും ലഭിക്കുന്നു, തങ്ങൾ പിൻനിരയിലേക്കു തള്ളപ്പെടുന്നു എന്നു തോന്നിയ സഹോദരങ്ങളാണ് ഇവിടെ മോശയ്ക്കെതിരേ കലാപക്കൊടി ഉയർത്തുന്നത്. ഇതു കൂടുതൽ അപകടകരമായ ഒരു പ്രവണതയാണ്. അതിനെ മുളയിലെ നുള്ളിക്കളയുകയാണ് ദൈവം ചെയ്തത്.

മേഘത്തിൽ പ്രത്യക്ഷപ്പെട്ട ദൈവം മൂവരെയും കൂടാരത്തിനു വെളിയിലേക്കു വിളിച്ചിറക്കി, ശക്തമായ താക്കീതും വ്യക്തമായ നിർദ്ദേശവും നല്കി. മോശ സ്വയം ഏറ്റെടുത്തതല്ല, ദൈവം നേരിട്ട് ഏല്പിച്ചതാണ് നേതൃത്വം. അധികാരമോഹം മോശയിൽ ലേശവുമില്ല. "*ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ച് സൗമ്യനാണ് മോശ*" (സംഖ്യ 12,3). ദൈവം നേരിട്ടു പ്രത്യക്ഷപ്പെടുകയും മുഖാഭിമുഖം സംസാരിക്കുകയും ചെയ്തിട്ടുള്ളതു മോശയോട് മാത്രമാണ് (സംഖ്യ12,7-8). അങ്ങനെ ജനത്തിന്റെ നേതൃത്വത്തെ സംബന്ധിച്ച് ദൈവം തന്നെ തീർപ്പുകല്പിച്ചു. അതോടൊപ്പം കുറ്റവാളികൾക്കു ശിക്ഷയും നല്കി. "*കൂടാരത്തിന്റെ മുകളിൽനിന്ന് മേഘം നീങ്ങിയപ്പോൾ മിരിയാം കുഷ്ഠം പിടിച്ച് മഞ്ഞുപോലെ വെളുത്തു*" (സംഖ്യ 12,10).

ധനമോഹംപോലെതന്നെ, ഒരുപക്ഷേ അതിനേക്കാൾ കൂടുതൽ, മനുഷ്യനെ നാശത്തിലേക്കു നയിക്കുന്നതാണ് അധികാരമോഹം. സേവനം അനുഷ്ഠിക്കാനുള്ള ആഗ്രഹം എന്ന മുഖംമൂടിക്കുപിന്നിൽ ഒളിച്ചിരിക്കുന്നത് മറ്റുള്ളവരുടെമേൽ ആധിപത്യം സ്ഥാപിക്കാനുള്ള അധികാരമോഹമാണ്. പാർട്ടികൾ പിളരുകയും വീണ്ടും ഒരുമിക്കുകയും ചെയ്യുന്നിടത്തും, പാർട്ടിയിലേക്കും രാജ്യഭരണത്തിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിലും മാത്രമല്ല, പരിപാവനമെന്നു കരുതപ്പെടുന്ന മത-സന്യാസനേതൃത്വത്തിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽപ്പോലും അധികാരമോഹമെന്ന ദുർഭൂതത്തിന്റെ വികൃതരൂപം കടന്നുവരുന്നു. അധികാരം നല്കുന്ന അവകാശാനുകൂല്യങ്ങളുടെ മധുരം നുകർന്നവർക്ക് പ്രായം എത്രയായാലും അത് മറ്റുള്ളവർക്കായി വിട്ടുകൊടുക്കാൻ മടിതോന്നും. അധികാരക്കസേരയിൽ അള്ളിപ്പിടിച്ചിരിക്കുന്നവർ സേവനമല്ല ദ്രോഹമാണ് സമൂഹത്തിനും തങ്ങൾക്കുതന്നെയും നല്കുന്നതെന്ന് ഓർമ്മിക്കാൻ പ്രേരിപ്പിക്കുന്നതാണ് ഹസേറോത്ത് എന്ന സ്ഥലവും മിരിയാമിനെ ബാധിച്ച കുഷ്ഠവും. കുഷ്ഠം ബാധിച്ച മിരിയാമിനെ പാളയത്തിൽനിന്ന് ഏഴു ദിവസത്തേക്കു പുറത്താക്കി (സംഖ്യ 12,15). അത് സമൂഹത്തിനു മുഴുവൻ ഒരു പാഠമായിരുന്നു. അധികാരത്തിന്റെ അപ്പക്കഷ്ണത്തിനുവേണ്ടി കടിപിടികൂടുന്ന നമ്മുടെ നേതാക്കൾ എന്നാണ് ഈ പാഠം പഠിക്കുക!

# 32

## കാദെശ് ബർണെയാ
## ഭീരുത്വത്തിന്റെ ശിക്ഷ

വാഗ്ദത്തഭൂമിയിലേക്കുള്ള യാത്രാമധ്യേ ഇസ്രായേൽജനം ഏറെക്കാലം പാളയമടിച്ചുകഴിഞ്ഞ ഒരു സ്ഥലമാണ് *കാദെശ് ബർണെയാ.* കാനാൻദേശത്തിന്റെ ഏറ്റവും തെക്കേ അറ്റത്തുള്ള ഈ പട്ടണം ചാവുകടലിന്റെ തെക്കെ അതിർത്തിയിൽനിന്ന് ഏകദേശം 120 കിലോമീറ്റർ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്നു. സീനായ് മലയിൽനിന്ന് പതിനൊന്നു ദിവസത്തെ യാത്രാദൂരമാണ് ഈ പട്ടണത്തിലേക്കുള്ളത്. *കാദെശ്* എന്നും *കാദെശ് ബർണെയാ* എന്നും ഈ നഗരത്തിന് ബൈബിളിൽ പേരുണ്ട്. അബ്രാഹത്തിന്റെ കാലത്തിനു മുമ്പുതന്നെ അമലേക്യരുടെ ഒരു പ്രധാന നഗരമായിരുന്നു ഇത് (ഉൽപ 14,7). ജലസമൃദ്ധമായ ഉറവകളുള്ള ഈ നഗരത്തിനു സമീപത്താണ് ഹാഗാർ അലഞ്ഞുനടന്ന ബേർലെഹായ്റോയ് (ഉൽപ 16,14). "*വിശുദ്ധം*" എന്നാണ് *കാദെശ്* എന്ന വാക്കിന് അർത്ഥം. കാനാൻകാരുടെ ആരാധനാലയം ഉണ്ടായിരുന്നതിനാലാവാം ഈ പേരു ലഭിച്ചത്. ബേർഷെബായിൽനിന്ന് ഏകദേശം 80 കിലോമീറ്റർ തെക്കായി സ്ഥിതിചെയ്യുന്ന, അയിൻഖുദെയ്റാത് എന്ന് ഇന്നറിയപ്പെടുന്ന, പട്ടണമായിരുന്നു ബൈബിളിലെ കാദെശ് ബർണെയാ എന്ന് കരുതപ്പെടുന്നു.

ദൈവം നല്കുന്ന നാടുനിരീക്ഷിക്കാനായി മോശ പന്ത്രണ്ടു ചാരന്മാരെ പറഞ്ഞയച്ചത് ഇവിടെ നിന്നാണ് (സംഖ്യ 13-14; നിയ 1,19-46), നാല്പതു ദിവസത്തെ രഹസ്യനിരീക്ഷണത്തിനുശേഷം മടങ്ങിയെത്തിയ ചാരന്മാരിൽ പത്തുപേർ നല്കിയ വാർത്തകേട്ട് പരിഭ്രാന്തരായ ജനം കടന്നുചെന്ന് യുദ്ധം ചെയ്ത് നാടുകീഴട

ക്കാൻ വിസമ്മതിച്ചു. ജോഷ്വായും കാലെബും പ്രോത്സാഹിപ്പിച്ചെങ്കിലും ജനം അവരെ വിശ്വസിച്ചില്ല. വാഗ്ദത്തഭൂമിക്കുവേണ്ടി പോരാടാൻ തയ്യാറാകാത്ത ഭീരുക്കൾ കർത്താവിന്റെ കോപത്തിനിരയായി. നാല്പതു വർഷം മരുഭൂമിയിലൂടെ അലയുക എന്ന ശിക്ഷ വാങ്ങി: "*നിങ്ങളിൽ അവസാനത്തെ ആൾ ഈ മരുഭൂമിയിൽ വീഴുന്നതു വരെ നിങ്ങളുടെ അവിശ്വസ്തതയ്ക്കു പ്രായശ്ചിത്തം ചെയ്തു കൊണ്ട് നിങ്ങളുടെ മക്കൾ നാല്പതുവർഷം ഈ മരുഭൂമിയിൽ നാടോടികളായി അലഞ്ഞുതിരിയും*" (സംഖ്യ 14,33).

ഭീരുത്വത്തിൽനിന്നുളവായ അനുസരണക്കേടാണ് മരുഭൂമിയിലെ അലച്ചിലിനു കാരണം എന്ന് കാദെശ് ബർണെയാ അനുസ്മരിപ്പിക്കുന്നു. അലസന്മാരുടെ മടിയിലേക്ക് ഇട്ടുകൊടുക്കുന്ന ഒരു ദാനമല്ല ദൈവരാജ്യം. ബലം പ്രയോഗിച്ചേ അതിൽ പ്രവേശിക്കാൻ കഴിയൂ (മത്താ 11,13-14; ലൂക്കാ 16,16) എന്ന യേശുവചനം ഈ സത്യത്തിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ ആകാശവും പുതിയ ഭൂമിയും സംജാതമാകുമ്പോൾ അതിൽ പ്രവേശനം നിഷേധിക്കപ്പെടുന്നവരുടെ പട്ടികയിൽ ആദ്യം നില്ക്കുന്നത് ഭീരുക്കളാണ് (വെളി 21,8). വില കൊടുക്കാൻ തയ്യാറാകാത്തവർക്ക് വിജയം ലഭിക്കില്ല.

എല്ലാം എളുപ്പത്തിൽ നേടാൻ ശ്രമിക്കുന്ന ആധുനികമനുഷ്യർക്ക് ശ്രദ്ധേയമായൊരു പാഠമാണ് കാദെശ് ബർണെയാ. ജീവനിലേക്കു നയിക്കുന്ന വാതിൽ ഇടുങ്ങിയതും വഴി ഞെരുക്കമുള്ളതുമാണ് (മത്താ 7,14). കുരിശുമെടുത്ത് മനുഷ്യപുത്രനെ അനുഗമിക്കുന്നവർക്കേ യഥാർത്ഥ ശിഷ്യരാകാൻ കഴിയൂ. കാനാൻ ദേശമെന്ന വാഗ്ദത്തഭൂമി നിത്യരക്ഷയെന്ന സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമാണ്. അതിലേക്കു നയിക്കുന്ന വഴിയിലെ ക്ലേശങ്ങൾ കണ്ടുപിന്തിരിയുന്നവർക്ക് ദൈവരാജ്യം അപ്രാപ്യമായിത്തീരും. ഇസ്രായേൽക്കാർ കാനാൻകാരോടാണ് യുദ്ധം ചെയ്യേണ്ടിയിരുന്നത്. എന്നാൽ ദൈവരാജ്യത്തിൽ പ്രവേശിക്കാനുള്ള യുദ്ധം മുഖ്യമായും തന്നോടുതന്നെയാണ്. മറ്റുള്ളവരെ ആക്രമിച്ചും തോല്പിച്ചുമല്ല, തന്നെത്തന്നെ കീഴടക്കിയും നിയന്ത്രിച്ചുമാണ് ക്രിസ്തുശിഷ്യൻ ധൈര്യം പ്രകടമാക്കേണ്ടത്. അതിനു തയ്യാറാകാത്തവർക്കു മരുഭൂമിയിൽ മരിച്ചുവീണ ഭീരുക്കളുടെ അന്ത്യം ഒരു താക്കീതായി നിലകൊള്ളുന്നു.

# 33

## എഷ്കോൾ
## സമൃദ്ധിയുടെ അടയാളം

“*അവർ എഷ്കോൾ താഴ്വരയിൽനിന്ന് ഒരു മുന്തിരിക്കൊമ്പ് കുലയോടുകൂടെ മുറിച്ചെടുത്ത് രണ്ടുപേർകൂടി തണ്ടിന്മേൽ ചുമന്നു കൊണ്ടുപോന്നു*” (സംഖ്യ 13,23).

കാദെശ് ബർണെയായിൽനിന്ന് കാനാൻദേശം ഒറ്റുനോക്കാൻ മോശ അയച്ച ഗോത്രപ്രതിനിധികളായ പന്ത്രണ്ടു ചാരന്മാർ വടക്ക് ഹെബ്രോൺ വരെ എത്തി. ദേശമെല്ലാം രഹസ്യമായി നിരീക്ഷിച്ച്, വേണ്ട വിവരങ്ങളെല്ലാം ശേഖരിച്ചതിനുശേഷം പാള യത്തിലേക്കു മടങ്ങുമ്പോൾ ദേശത്തിന്റെ ഫലപുഷ്ടിയുടെ അട യാളമായി ഒരു മുന്തിരിക്കുലയും കൊണ്ടുപോന്നു. എഷ്ക്കോൾ താഴ്വരയിൽനിന്നാണത്രേ ആ മുന്തിരിക്കുല മുറിച്ചെടുത്തത്. ഹെബ്രോൺ നഗരത്തിനു വടക്കുള്ള ഫലപുഷ്ടമായ താഴ്വര യാണ് എഷ്ക്കോൾ. ഇന്നും വിശിഷ്ടമായ മുന്തിരി വിളയുന്ന ഒരു പ്രദേശമാണിത്. ഫലസമൃദ്ധിയുടെ പര്യായമായി എഷ്ക്കോൾ അറിയപ്പെടുന്നു.

“*മുന്തിരിക്കുല*” എന്നാണ് *എഷ്ക്കോൾ* എന്ന ഹീബ്രുവാ ക്കിന്റെ അർത്ഥം. കർത്താവു തങ്ങൾക്കു വാഗ്ദാനം ചെയ്തിരി ക്കുന്നതും എന്നാൽ യുദ്ധം ചെയ്തു കീഴടക്കേണ്ടതുമായ രാജ്യം എത്ര ഫലപുഷ്ടമാണെന്ന് രണ്ടാൾക്കെടുക്കാൻ ഭാരമുള്ള മുന്തി രിക്കുല സൂചിപ്പിക്കുന്നു. എന്നാൽ എഷ്ക്കോൾ താഴ്വരയിൽ ഫലസമൃദ്ധമായ വിശിഷ്ട മുന്തിരി മാത്രമല്ല ഉള്ളത്.

"*അവിടുത്തെ ജനങ്ങൾ മല്ലന്മാരാണ്. പട്ടണങ്ങൾ വളരെ വിശാലവും കോട്ടകളാൽ ചുറ്റപ്പെട്ടതുമാണ്*" (സംഖ്യ 13,28). "*ഞങ്ങൾ ഒറ്റു നോക്കിയദേശം അവിടെ വസിക്കാൻ ചെല്ലുന്ന വരെ വിഴുങ്ങിക്കളയുന്നതാണ്; അവിടെ ഞങ്ങൾ കണ്ട മനുഷ്യരോ അതികായന്മാർ*" (സംഖ്യ 13,22). വാഗ്ദത്തഭൂമി ഫലസമൃദ്ധമെങ്കിലും അതിൽ പ്രവേശിക്കുക തികച്ചും ആയാസകരമായിരിക്കും. മല്ലന്മാർ കാവൽ നില്ക്കുന്ന, അപകടം നിറഞ്ഞ വഴികളിലൂടെ സാഹസികമായി യാത്രചെയ്യാൻ തയ്യാറാകുന്നവർക്കേ അതു സ്വന്തമാക്കാൻ കഴിയൂ.

ദൈവരാജ്യത്തിന്റെ ആകർഷണീയതയും അതേ സമയം അത് ആവശ്യപ്പെടുന്ന ത്യാഗനിർഭരവും ധീരവുമായ ജീവിതവും സൂചിപ്പിക്കുന്നതാണ് മുന്തിരിയുടെ നാടായ എഷ്ക്കോൾ. "മുന്തിരിങ്ങാ പുളിക്കും" എന്നു കുട്ടികളുടെ പാട്ടിലെ കുറുക്കന്റെ മനോഭാവമുള്ള ഭീരുക്കൾക്കും അലസന്മാർക്കും അത് അപ്രാപ്യമത്രേ!

# 34

## ഹോർമ
## ഔദ്ധത്യത്തിന്റെ അന്ത്യം

കാദെശ് ബർണെയായിൽ നിന്ന് ഏകദേശം 80 കിലോമീറ്റർ വടക്കുകിഴക്കായി, ബേർഷെബായ്ക്കും ചാവുകടലിനും മധ്യേ ഉള്ള ഒരു നഗരമാണ് *ഹോർമ. സമൂലനാശം* എന്നാണ് പേരിന്റെ അർത്ഥം. അതേസമയം *ഭക്തകൃത്യം, സമ്പൂർണ്ണവിശദീകരണം* എന്നും ഈ പേര് വിവർത്തനം ചെയ്യാം. പേരിന്റെ ഉത്ഭവത്തെക്കുറിച്ച് ബൈബിളിൽ രണ്ടു വിവരണങ്ങൾ കാണാം.

സംഖ്യ 21,1-3ൽ നല്കിയിരിക്കുന്ന വിവരണപ്രകാരം ഇസ്രായേൽജനം കർത്താവിനോടു ശപഥപൂർവ്വം പ്രാർത്ഥിച്ചതിന്റെ ഫലമായി നെഗെബിലെ ഒരു കാനാൻരാജാവിനെ തോല്പിക്കാൻ കഴിഞ്ഞു. അങ്ങനെ പരാജയപ്പെടുതതിയ രാജാവിനെയും ജനത്തെയും അവർ സമൂലം നശിപ്പിച്ചു. അതിനാൽ *സമൂലനാശം* എന്നർത്ഥമുള്ള *ഹോർമ* എന്ന പേരുണ്ടായി. കീഴടക്കിയ നഗരത്തെയും ജനത്തെയും നശിപ്പിക്കുന്നത് കർത്താവിനു ദഹനബലിയായി കരുതിയിരുന്നതിനാൽ ഇതിനെ ഭക്തകൃത്യം, വിശുദ്ധീകരണം എന്നൊക്കെ വിവർത്തനം ചെയ്യാം.

ന്യായാ 1,17-ൽ മറ്റൊരു വിശദീകരണമാണ് നല്കിയിരിക്കുന്നത്. കാനാൻദേശത്തു പ്രവേശിച്ച ഇസ്രായേൽ ഗോത്രങ്ങൾ തങ്ങൾക്കായി പ്രദേശങ്ങൾ വെട്ടിപ്പിടിക്കുന്നതിന്റെ വിവരണമധ്യേയാണ് ഹോർമ പരാമർശവിഷയമാകുന്നത്. യൂദാഗോത്രത്തിന്റെ സഹായത്തോടെ ശിമയോൻ ഗോത്രം സെഫാത്ത് എന്ന കാനാൻ നഗരം പിടിച്ചെടുത്ത് നിവാസികളെ കൊന്നൊടുക്കി. അതിനാൽ *ഹോർമ* എന്ന പേരുണ്ടായി. രണ്ടു വിവരണങ്ങൾ

രണ്ടു വ്യത്യസ്ത സാഹചര്യങ്ങളാണ് അവതരിപ്പിക്കുന്നതെങ്കിലും പേരിന്റെ ഉത്ഭവവും അർത്ഥവും ഒന്നു തന്നെ. ജോഷ്വാ ഗോത്രങ്ങൾക്കായി കാനാൻദേശം വിഭജിച്ചപ്പോൾ ശിമയോൻ ഗോത്രത്തിനു കിട്ടിയ ഭാഗത്താണ് ഹോർമ (ജോഷ്വാ 15.30). എന്നാൽ ഇതിനെക്കാളെല്ലാം ശ്രദ്ധേയമായ ഒരു കാര്യം ഹോർമായോടനുബന്ധപ്പെടുത്തി സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (14,39-45).

കാദെശ് ബർണെയായിൽ വച്ച് ഭീരുത്വം മൂലം യുദ്ധംചെയ്യാൻ വിസമ്മതിച്ച ജനം ശിക്ഷാവിധി കേട്ടപ്പോൾ പശ്ചാത്തപിച്ചു, പിറ്റേ ദിവസം യുദ്ധം ചെയ്യാൻ തയ്യാറായി. എന്നാൽ കർത്താവ് അവരെ അനുവദിച്ചില്ല. മോശ അവർക്കു വ്യക്തമായ താക്കീതുനല്കി. "*ശത്രുക്കളുടെ മുമ്പിൽ തോല്ക്കാതിരിക്കാൻ നിങ്ങളിപ്പോൾ മലമുകളിലേക്കു കയറരുത്. എന്തെന്നാൽ കർത്താവ് നിങ്ങളോടുകൂടെയില്ല.... കർത്താവിനു പുറന്തിരിഞ്ഞിരിക്കുന്നതിനാൽ അവിടുന്ന് നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല*" (സംഖ്യ 14,43). മോശയുടെ വാക്കു ഗൗനിക്കാതെ അവർ യുദ്ധം ചെയ്യാൻ പോയി. ഔദ്ധത്യപൂർവ്വം യുദ്ധത്തിനു പോയവർ തോറ്റോടി. അവരുടെ ഓട്ടം അവസാനിച്ച സ്ഥലമാണ് ഹോർമ.

ശ്രദ്ധേയമായൊരു ഉൾക്കാഴ്ച നല്കുന്ന സംഭവമാണിത്. കർത്താവിന്റെ ഹിതത്തിനു വിരുദ്ധമായി നടത്തിയ ഉദ്യമത്തിൽ ജനം ദയനീയമായി പരാജയപ്പെട്ടു. അവർ ചെയ്തത് കർത്താവിന്റെയല്ല, സ്വന്തം യുദ്ധമായിരുന്നു. ദൈവം ആഗ്രഹിക്കാത്ത കാര്യങ്ങളിൽ തലയിടുന്നവർ പരാജയം ഏറ്റുവാങ്ങേണ്ടിവരും; അപ്പോൾ വിലപിച്ചിട്ടു കാര്യമില്ല. കർത്താവു കൂടെയില്ല എന്നു ബോധ്യമുണ്ടായിട്ടും ധിക്കാരപൂർവ്വം യുദ്ധത്തിനിറങ്ങിയവരുടെ പരാജയത്തെ അനുസ്മരിപ്പിക്കുന്ന നഗരമാണ് ഹോർമ. കർത്താവു വിട്ടുപോയതറിയാത്ത സാംസണും (ന്യായാ 16,20), കർത്താവിന്റെ ചൈതന്യം നഷ്ടപ്പെട്ട സാവൂളിനും (1 സാമു 16,14) സംഭവിച്ചതും ഇതേ പരാജയം തന്നെ. കർത്താവ് ആഗ്രഹിക്കുന്നതല്ലെങ്കിൽ കഠിനാധ്വാനവും സാഹസികതയുംകൊണ്ട് ഫലമുണ്ടാവില്ല (സങ്കീ 127,1). എന്റെ യുദ്ധം, ഉദ്യമങ്ങൾ, പ്രസ്ഥാനങ്ങൾ കർത്താവിന്റേതാണോ എന്ന് ഓരോരുത്തരും സ്വയം ചോദിക്കണം.

# 35

## മാസാ – മെരീബാ
## വിശ്വാസത്തിന്റെ ഉരകല്ല്

മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യേ ഇസ്രായേൽജനം പാളയമടിച്ച ഒരു സ്ഥലമാണ് മാസാ – മെരിബാ. ഇത് ഒരു സ്ഥലം തന്നെയോ അതോ രണ്ടു സ്ഥലങ്ങളോ എന്നു തർക്കമുണ്ട്; അതുപോലെ തന്നെ, മരുഭൂമിയിൽ എവിടെയാണ് ഈ സ്ഥലമെന്നതിലും അവ്യക്തതയുണ്ട്. എന്നാൽ സ്ഥലത്തിന്റെ പേരും അതിനുകാരണമായ സംഭവവും വ്യക്തമായ ഒരു സന്ദേശം നല്കുന്നുണ്ട്. കുടിനീരു കിട്ടാതെ ദാഹിച്ചു വലഞ്ഞ ജനം മോശയോടു കലഹിക്കുകയും ദൈവം പാറയിൽ നിന്ന് അത്ഭുതകരമായി ജലം നല്കുകയും ചെയ്തു എന്നതാണ് സംഭവം. എന്നാൽ സംഭവത്തിന്റെ വിവരണത്തിലും വ്യാഖ്യാനത്തിലും ബൈബിൾ ഭാഗങ്ങളിൽ വ്യത്യാസങ്ങൾ കാണാം.

പുറ 17,7–8 ലാണ് ആദ്യമേ ഈ രണ്ടുപേരുകൾ ഒരുമിച്ചു പ്രത്യക്ഷപ്പെടുന്നത്. ജനത്തിന്റെ പരാതിമൂലം കർത്താവിനോട് നിലവിളിച്ച മോശ പാറയിൽ വടികൊണ്ട് അടിച്ചു. പാറയിൽനിന്നു സമൃദ്ധമായി ജലം ഒഴുകി ജനത്തിന്റെ ദാഹം തീർത്തു. ജനം റഫിദിമിൽ താമസിക്കുമ്പോഴാണ് ഇത് ഉണ്ടായതെന്നും ജലമൊഴുക്കിയ പാറ ഹോറെബിലാണെന്നും ഈ വിവരണത്തിൽ കാണുന്നു (പുറ 17,1–6). "*ജനം അവിടെവച്ച് കലഹിച്ചതിനാലും കർത്താവ് തങ്ങളുടെ ഇടയിൽ ഉണ്ടോ ഇല്ലയോ എന്നു ചോദിച്ചുകൊണ്ട് കർത്താവിനെ പരീക്ഷിച്ചതിനാലും മോശ ഈ സ്ഥലത്തിന് മാസാ എന്നും മെരിബാ എന്നും പേരിട്ടു*" (പുറ 17,7).

*പരീക്ഷിക്കുക* എന്നാണ് "*മാസാ*"യുടെ അർത്ഥം. *മെരിബാ* എന്ന ഹീബ്രുവാക്കിന് *മത്സരിക്കുക, വാദിക്കുക, കലഹിക്കുക* എന്നൊക്കെ അർത്ഥമുണ്ട്. ജനം ദൈവത്തെ പരീക്ഷിക്കുകയും ദൈവത്തോടു കലഹിക്കുകയും ചെയ്തതിനാൽ ഈ പേരുണ്ടായി എന്നാണ് വ്യാഖ്യാനം. സങ്കീ 95,8-9 ഇതേ ആശയം തന്നെ അവതരിപ്പിക്കുന്നു. രണ്ടുപേരുകളും ഒരുമിച്ച് ഒരേസ്ഥലത്തിന് നല്കുകയും ജനത്തിന്റെ കലഹം പേരിന് കാരണമായി കാണുകയും ചെയ്യുന്നു.

ഇതിൽനിന്ന് വ്യത്യസ്തമായി, മോശയാണ് പരീക്ഷണവിധേയനായത് എന്നു സൂചിപ്പിക്കുന്ന ബൈബിൾ ഭാഗങ്ങളുമുണ്ട്. സംഖ്യ 20,1-13 ൽ ജലത്തിനുവേണ്ടിയുള്ള ജനത്തിന്റെ മുറവിളിയും പാറയിൽനിന്നു ജലം നല്കിയ ദൈവത്തിന്റെ മറുപടിയും രേഖപ്പെടുത്തുമ്പോൾ മോശയും അഹറോനും കുറ്റക്കാരായി പ്രത്യക്ഷപ്പെടുന്നു. "*ഇസ്രായേലിൽ എന്റെ വിശുദ്ധി വെളിപ്പെടുത്തക്കവിധം ദൃഢമായി നിങ്ങൾ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ട് ഞാൻ ഈ ജനത്തിനു കൊടുക്കുന്ന ദേശത്ത് ഇവരെ എത്തിക്കുന്നത് നിങ്ങളായിരിക്കുകയില്ല. ഇതാണ് മെരീബായിലെ ജലം. ഇവിടെവച്ചാണ് ഇസ്രായേൽ കർത്താവിനോടു മത്സരിക്കുകയും അവിടുന്ന് തന്റെ വിശുദ്ധിയെ അവർക്കു വെളിപ്പെടുത്തുകയും ചെയ്തത്*" (സംഖ്യ 20,12-13). നേതാക്കന്മാരും ജനവും ഒന്നടങ്കം വിശ്വാസരാഹിത്യത്തിൽ നിപതിച്ചതിന്റെ ഓർമ്മയാണ് മെരീബാ ഉണർത്തുന്നത്. ജനത്തിന്റെ അവിശ്വസ്തതമൂലമാണ് മോശയ്ക്കു ദോഷമുണ്ടായത് എന്ന് സങ്കീ 106,32 വ്യാഖ്യാനിക്കുന്നു. ദൈവമാണ് ജനത്തെ പരീക്ഷണവിധേയരാക്കിയത് എന്ന് സങ്കീ 81,7 ൽ പറയുന്നു. തന്റെ അന്തിമോപദേശത്തിൽ മോശ ഈ സംഭവം അനുസ്മരിക്കുന്നുണ്ട്. തനിക്കു വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ കഴിയാത്തതിനു കാരണം മെരീബായിലെ അവിശ്വസ്തതയാണെന്ന് അദ്ദേഹം ജനത്തോട് ഏറ്റുപറയുന്നു (നിയ 32,51-52). "*കാദെശിലെ മെരീബാ ജലാശയം*" എന്നാണ് ഇവിടെ സ്ഥലത്തെ വിശേഷിപ്പിക്കുന്നത്.

പേരിലും സ്ഥലനിർണ്ണയത്തിലും സംശയം നിലനില്ക്കുന്നുണ്ടെങ്കിലും അതു നല്കുന്ന സന്ദേശം എന്തെന്നു സംശയമില്ല. കർത്താവിൽ പൂർണ്ണമായ വിശ്വാസം അർപ്പിക്കണം. സാഹ

ചര്യങ്ങൾ അനുകൂലമാകുമ്പോൾ മാത്രമല്ല, പ്രതികൂലമാകുമ്പോഴും വിശ്വസിക്കണം. വിശ്വാസമാകട്ടെ, സമ്പൂർണ്ണമായ അനുസരണത്തിലൂടെ പ്രകടമാകുകയും വേണം. പാറയിൽനിന്നു വെള്ളം പുറപ്പെടുവിക്കാൻ അവിടുത്തേക്കു കഴിയും. ദൈവത്തിന് അസാധ്യമായി ഒന്നുമില്ല. ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങളും അത്യാഹിതങ്ങളും ക്ലേശങ്ങളും എല്ലാം വിശ്വാസം പരീക്ഷിക്കപ്പെടുന്ന, വിശ്വാസം ഏറ്റുപറയാനുള്ള അവസരങ്ങളായി കാണണം. ഇതിൽ പരാജയപ്പെട്ടാൽ ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയാതെ പോകും, മോശയ്ക്ക് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ സാധിക്കാഞ്ഞതുപോലെ. അതിനാൽ "*മെരീബായിൽ മരുഭൂമിയിലെ മാസായിൽ ചെയ്തതുപോലെ നിങ്ങൾ ഹൃദയം കഠിനമാക്കരുത്*" (സങ്കീ 95,8; ഹെബ്രാ 3,15).

# 36

## ഏദോം
## വഴിതടയുന്ന സഹോദരൻ

"*അവൻ പറഞ്ഞു: നീ കടന്നുപോകാൻ പാടില്ല. ശക്തമായ സൈന്യവുമായി ഏദോം ഇസ്രായേലിനെതിരേ പുറപ്പെട്ടു. തന്റെ അതിർത്തിയിലൂടെ ഇസ്രായേൽ കടന്നുപോകുന്നത് ഏദോം തടഞ്ഞു. അതിനാൽ, ഇസ്രായേൽ അവിടെനിന്നു തിരിച്ചു പോയി*" (സംഖ്യ 20,20-21).

ദൈവം തങ്ങൾക്ക് അവകാശമായി നല്കിയിരിക്കുന്ന ഭൂമിയിലേക്കു കടന്നുപോകാനുള്ള അനുവാദം മാത്രമാണ് ഇസ്രായേൽക്കാർ ചോദിച്ചത്. ചെങ്കടലിന്റെ വടക്കുകിഴക്കെ മുനമ്പായ ഏലാത്തിൽനിന്ന് വടക്കോട്ടുപോകുന്ന വിശാലമായ രാജപാതയിലൂടെ മാത്രമേ തങ്ങൾ കടന്നുപോകൂ; വഴിക്ക് ഒരു ഉപദ്രവവും ചെയ്യുകയില്ല. വെള്ളം കുടിച്ചാൽ അതിനു വില നല്കാം എന്നെല്ലാം പറഞ്ഞിട്ടും ഏദോം സമ്മതിച്ചില്ല. അവരുടെ പ്രതിഷേധവും എതിർപ്പും വകവയ്ക്കാതെ കടന്നുപോകാനും, വേണ്ടിവന്നാൽ യുദ്ധം ചെയ്ത് ആ ദേശം തന്നെ കീഴടക്കാനും മാത്രം ശക്തമായിരുന്നു ഇസ്രായേൽസൈന്യം. എന്നിട്ടും യുദ്ധം ചെയ്യാതെ അവർ വഴിമാറിപ്പോയി. ആരാണ് ഏദോം. എന്താണ് ഇസ്രായേലുമായി അവർക്കുള്ള ബന്ധം എന്നറിഞ്ഞാലേ ഈ എതിർപ്പിന്റെയും വഴിമാറലിന്റെയും അർത്ഥം ഗ്രഹിക്കാൻ കഴിയൂ.

ഇസഹാക്കിന് റബേക്കായിൽ ജനിച്ച ഇരട്ടക്കുട്ടികളാണ് ഏസാവും യാക്കോബും. വേട്ടയ്ക്കുപോയി വിശന്നുതളർന്ന

ഏസാവ് തന്റെ കടിഞ്ഞലവകാശം വിറ്റ് യാക്കോബിൽ നിന്ന് ഒരുപാത്രം പായസം വാങ്ങിക്കുടിച്ചു. ആ പായസത്തിന്റെ നിറം ചുവപ്പായിരുന്നു. ചുവന്ന പായസത്തിനുവേണ്ടി അവകാശം വിറ്റു തുലച്ചവനെ അവർ *ഏദോം* എന്നു വിളിച്ചു (ഉല്പ 25,30). പിന്നീട് ഏസാവ് വാസമുറപ്പിച്ച പ്രദേശത്തിന് *ഏദോം* എന്ന പേര് നില നിന്നു. തനിക്ക് അർഹമല്ലാത്ത ജ്യേഷ്ഠസ്ഥാനം കൗശലപൂർവ്വം തട്ടിയെടുത്തവനാണ് *യാക്കോബ്. സ്ഥാനം കരസ്ഥമാക്കുന്നവൻ*, അഥവാ *കാലുവാരുന്നവൻ* എന്നാണ് പേരിന്റെ അർത്ഥം. സഹോ ദരന്മാർ തമ്മിൽ നിലനിന്ന മത്സരത്തിന്റെയും വഞ്ചനയുടെയും ശത്രുതയുടെയും ഓർമ്മ സൂക്ഷിക്കുന്നതാണ് ഏദോം എന്ന പേരുതന്നെ.

വടക്ക് ചാവുകടൽ, തെക്ക് ചെങ്കടൽ - അഥവാ അക്കബാ ഉൾക്കടൽ, കിഴക്ക് അറേബിയൻ മരുഭൂമി, പടിഞ്ഞാറ് സീനായ് മരുഭൂമി. ഈ അതിരുകൾക്കിടയിലുള്ള ഭൂപ്രദേശമാണ് ബൈബി ളിൽ ഏദോം എന്ന് അറിയപ്പെടുന്നത്. ആദ്യം അതിനെ *സെയിർ* എന്നു വിളിച്ചിരുന്നു. ബൈബിൾ ഗ്രീക്കിലേക്കു വിവർത്തനം ചെയ്തവർ *ഏദോം* എന്ന വാക്ക് *ഇദുമെയാ* എന്നു വിവർത്തനം ചെയ്തു. അങ്ങനെ ബി.സി. രണ്ടാം നൂറ്റാണ്ടുമുതൽ ഇദുമെയാ എന്ന പേര് നിലനിന്നു.

ചുവന്നത് എന്നാണ് ഏദോം എന്ന വാക്കിന്റെ അർത്ഥം. യാക്കോബിന്റെ ചുവന്ന പായസവുമായി ബൈബിൾ അതിനെ ബന്ധിപ്പിക്കുന്നുണ്ടെങ്കിലും ആ ഭൂപ്രദേശത്തിന്റെ നിറം പൊതുവേ ചുവപ്പായതിനാലാണ് ഏദോം എന്ന പേരുണ്ടായ തെന്ന് പണ്ഡിതമതം, ചെങ്കടൽ എന്ന പേരുപോലെ. വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രാമധ്യേ വഴിതടഞ്ഞ ഏദോമ്യരെ ഇസ്രാ യേൽ ആക്രമിച്ചില്ല. കാരണം അവർ തങ്ങളുടെ സഹോദരങ്ങ ളാണ് എന്ന് അവർ അറിഞ്ഞിരുന്നു. അതിനാൽത്തന്നെ ആക്ര മിക്കാൻ ദൈവം അനുവദിച്ചതുമില്ല (നിയ 2,2-8). കലഹിക്കരുത്, നമ്മൾ സഹോദരങ്ങളാണ് എന്നു അബ്രാഹം ലോത്തിനോടു പറഞ്ഞത് (ഉൽപ 13,8) അനുസ്മരിപ്പിക്കുന്നതാണ് ഈ നില പാട്. എന്നാൽ ഇത് അധികകാലം നിലനിന്നില്ല.

സഹോദരങ്ങളായ ഇസ്രായേല്യരും ഏദോമ്യരും തമ്മിൽ പലപ്പോഴും യുദ്ധമുണ്ടായി, ദാവീദ് അവരെ കീഴടക്കി; സൈന്യാ

ധിപൻ യൊവാബ് അവരെ കൊന്നൊടുക്കി (2 സാമു 8,12-14). സോളമൻ ഏദോമിലെ ഖനികളും തുറമുഖവും കൈയ്യടക്കി ഉപയോഗിച്ചു. സോളമനുശേഷം സ്വാതന്ത്ര്യം പ്രാപിച്ച ഏദോമ്യർ വീണ്ടും പലതവണ ഇസ്രായേലിന്റെ ആധിപത്യത്തിലാവുകയും മോചനം നേടുകയും ചെയ്തിരുന്നു. ബി.സി. 125-ൽ ഹസ്മൊണേയ രാജാവായ ജോൺ ഹിർക്കാനൂസ് അന്ന് ഇദുമെയാ എന്ന് അറിയപ്പെട്ടിരുന്ന ഏദോമിനെ കീഴടക്കി യൂദായോടു ചേർത്തു. ബി.സി. 63-ൽ പൊംപ ഏദോമിനെ യൂദായിൽനിന്നു വേർപെടുത്തി ഒരു പ്രത്യേക പ്രവിശ്യയാക്കി. ഹേറോദേസ് മഹാരാജാവ് ഇദുമേയക്കാരനായിരുന്നു - ഏസാവിന്റെ പിൻമുറക്കാരനായ ഏദോമ്യൻ. എ.ഡി. 6-ൽ അർക്കെലാവോസിന്റെ മരണശേഷം സമറിയാ, യൂദയാ എന്നീ പ്രവിശ്യകളോടൊപ്പം ഇദുമെയായും റോമിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലായി. ഇതായിരുന്നു പുതിയ നിയമകാലത്തെ ഏദോമിന്റെ അവസ്ഥ. ഇന്ന് ഏദോമിന്റെ അധികഭാഗവും ജോർദാന്റെ കീഴിലാണ്.

വഴിതടഞ്ഞ സഹോദരനെ എതിർക്കാതെ വഴിമാറിയതിലൂടെ നല്കുന്ന സാഹോദര്യത്തിന്റെ പാഠം മാത്രമല്ല ഏദോം പഠിപ്പിക്കുന്നത്. വഞ്ചനയിലൂടെ അവകാശം തട്ടിയെടുത്ത യാക്കോബ് ഹാരാനിൽ പ്രവാസിയായി കഴിഞ്ഞപ്പോൾ ഏസാവ് സ്വന്തം നാട്ടിൽ രാജാവിനെപ്പോലെ വസിച്ചു. യാക്കോബിന്റെ മക്കൾ ഈജിപ്തിൽ അടിമകളായപ്പോൾ ഏസാവിന്റെ മക്കൾ സ്വന്തമായ ഒരു രാജ്യത്തിന്റെ ഉടമകളായിരുന്നു. അവർക്കു രാജാവും ഉണ്ടായിരുന്നു. ദൈവം തന്റെ അനുഗ്രഹം ആർക്കും നിഷേധിക്കുന്നില്ല. ഓരോരുത്തരെയും ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ കൃപയും നല്കുന്നു. ഇസ്രായേല്യരെപ്പോലെതന്നെ ഏദോമ്യരും ദൈവമക്കളാണ്; അവരെയും ദൈവം സംരക്ഷിക്കുന്നു; ദൈവം തന്റെ അനുഗ്രഹം ആർക്കും നിഷേധിക്കുന്നില്ല. ഓരോരുത്തരെയും ഏല്പിക്കുന്ന ദൗത്യം നിർവ്വഹിക്കാൻ ആവശ്യമായ കൃപയും നല്കുന്നു. ഇസ്രായേല്യരെപ്പോലെതന്നെ ഏദോമ്യരും ദൈവമക്കളാണ്; അവരെയും ദൈവം സംരക്ഷിക്കുന്നു; അതുപോലെ എല്ലാ ജനതകളെയും. വഞ്ചനയിലൂടെയും വക്രതയിലൂടെയും നേടിയെടുക്കുന്നത് അനുഗ്രഹമായിരിക്കുകയില്ല എന്നും ഏദോം പഠിപ്പിക്കുന്നു.

# 37

## ഹോർ മല
## പൗരോഹിത്യത്തിന്റെ പിന്തുടർച്ച

*"സമൂഹം മുഴുവൻ നോക്കിനിൽക്കെ അവർ ഹോർ മലയിലേക്കു കയറിപ്പോയി. മോശ അഹറോന്റെ വസ്ത്രം ഊരി അവന്റെ മകനായ എലെയാസറിനെ ധരിപ്പിച്ചു. മലമുകളിൽവച്ച് അഹറോൻ മരിച്ചു. മോശയും എലെയാസറും മലയിൽ നിന്ന് ഇറങ്ങിപ്പോന്നു"* (സംഖ്യ 20,28).

ഏദോമിന്റെ തെക്കെ അതിർത്തിയിലുള്ള പർവ്വതനിരയിലെ ഉയർന്ന ഒരു കൊടുമുടിയാണ് *ഹോർ. പർവ്വതം* എന്നാണ് പേരിനർത്ഥം. സമുദ്രനിരപ്പിൽനിന്ന് ഏകദേശം 1500 മീറ്റർ ഉയരമുള്ള ഈ കൊടുമുടിയുടെ മുകളിൽ ഒരു ശവകുടീരമുണ്ട്. അഹറോന്റെ ശവകുടീരം എന്നാണത് അറിയപ്പെടുന്നത്. *ജെസെൽ ഹരൂൺ - അഹറോന്റെ മല* - എന്ന പേരുതന്നെ ഈ മലയെ അഹറോനുമായി ബന്ധിപ്പിക്കുന്നു. ആറാം നൂറ്റാണ്ടിന്റെ പകുതിയോടടുത്ത് ബൈസന്റയിൻ ചക്രവർത്തിയായ ജസ്റ്റീനിയൻ ആ ശവകുടീരത്തിനുമുകളിൽ ഒരു ക്രിസ്തീയ ദേവാലയം പണി കഴിപ്പിച്ചു. പിന്നീട് മുസ്ലീമുകൾ ആ ദേവാലയത്തെ ഒരു മോസ്ക്കാക്കി മാറ്റി. അഹറോന്റെ ശവകുടീരത്തിനുമുകളിൽ ഇന്നും ആ മോസ്ക്കു കാണാം.

ശവകുടീരവും പ്രാർത്ഥനാലയവും ഉണ്ടെങ്കിലും ഇതുതന്നെയാണോ അഹറോൻ മരിച്ച സ്ഥലം എന്ന കാര്യത്തിൽ തർക്കമുണ്ട്. പർവ്വതത്തിന്റെ വലിയ ഉയരമാണ് മുഖ്യകാരണമായി എടുത്തുകാട്ടുക. ഇത്രയം അകലെ, ഉയരത്തിൽ നടക്കുന്ന സംഭവം താഴെ നില്ക്കുന്ന ജനത്തിനു കാണാൻ കഴിയില്ല എന്നാണ് വ്യാഖ്യാനം. അതിനാൽ അഹറോൻ മരിച്ച ഹോർ മല പുരാവസ്തു ഗവേഷകർ ഇന്നും അന്വേഷിക്കുന്നുണ്ട്.

ഹോർ മല എവിടെയാണെന്നതിനേക്കാൾ പ്രാധാന്യം അവിടെ നടന്നതായി ബൈബിൾ വിവരിക്കുന്ന സംഭവങ്ങൾക്കാണ്. കർത്താവിൽ ദൃഢമായി വിശ്വസിക്കാനും ആ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കാനും കഴിയാതെ പോയ അഹറോൻ വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാതെ മരിച്ച സ്ഥലമാണ് ഹോർ. മാസാ - മെരീബായുടെ ബാക്കി പത്രമാണത്. കർത്താവിനോടുള്ള അവിശ്വസ്തത വരുത്തിവയ്ക്കുന്ന വൻവിനയെക്കുറിച്ചു താക്കീതു നല്കിക്കൊണ്ട് തല ഉയർത്തിനില്ക്കുന്നു ഹോർ മല. എന്നാൽ ഇതുമാത്രമല്ല ഈ മലയുടെ പ്രാധാന്യം.

ഇസ്രായേൽ ജനത്തിനു ദൈവം നിശ്ചയിച്ചു നല്കിയ ആദ്യ പുരോഹിതനായിരുന്നു അഹറോൻ. ജനത്തെ ദൈവനിയമങ്ങൾ പഠിപ്പിച്ച് വിശുദ്ധരായി ജീവിക്കാൻ പ്രേരിപ്പിക്കുകയും ദൈവനാമത്തിൽ അവരെ ആശീർവ്വദിക്കുകയും അവരുടെ ബലികളും കാഴ്ചകളും ദൈവത്തിനു സമർപ്പിക്കുകയുമാണ് പുരോഹിതന്റെ ധർമ്മം. ദൈവത്തിനും മനുഷ്യനും മധ്യേ പാലം പണിയുന്നവനാണവൻ. അഹറോൻ മരിച്ചാലും ഈ ദൗത്യം തുടരണം. അതിനുവേണ്ടിയാണ് അഹറോന്റെ അംശവസ്ത്രങ്ങൾ ഊരിയെടുത്ത് മകൻ എലെയാസറിനെ അണിയിച്ചത്. തലമുറകളിലൂടെ തുടരുന്ന അഹറോന്റെ പൗരോഹിത്യത്തെക്കുറിച്ചും ഹോർ മല അനുസ്മരിപ്പിക്കുന്നു. എന്നാൽ അഹറോന്റെ പൗരോഹിത്യം ശാശ്വതമായിരുന്നില്ല. പുതിയ ഒന്നിന് അതു വഴിമാറേണ്ടിയിരുന്നു.

ദൈവപിതാവിന് സ്വയം ബലിയായർപ്പിക്കുകയും അങ്ങനെ മനുഷ്യവർഗ്ഗത്തിന്റെ പാപം പരിഹരിച്ച് ദൈവവുമായി രമ്യതപ്പെടുത്തുകയും ചെയ്ത ദൈവപുത്രനായ യേശുക്രിസ്തുവിലാണ് പുതിയ പൗരോഹിത്യം പൂർത്തിയായത്. അതു നിറവേറിയത് കാൽവരിയിലാണ്. ഹോർ മല ഗാഗുൽത്താമലയ്ക്കു വഴിമാറി. കാലഹരണപ്പെട്ട പൗരോഹിത്യമാണ് അഹറോന്റേത്. തൽസ്ഥാനത്ത് മെൽക്കിസെദെക്കിന്റെ ക്രമപ്രകാരമുള്ള പുതിയ പൗരോഹിത്യം ആവിർഭവിച്ചു (ഹെബ്രാ. 7-10). ശാശ്വതമായ ആ പൗരോഹിത്യമാണ് പാപമോചനവും രക്ഷയും നല്കുന്നത്. രക്ഷാചരിത്രത്തിന്റെ പ്രയാണത്തിൽ പിന്നിട്ട ഒരു നാഴികക്കല്ലാണ് അഹറോന്റെ പൗരോഹിത്യം. അതിന്റെ ഓർമ്മയുമായി ഇന്നും നില്ക്കുന്നു ഹോർ മല.

# 38

## ഷിത്തിം
## ഉത്സവാഘോഷങ്ങളുടെ വശ്യത

മരുഭൂമിയിലൂടെയുള്ള യാത്രയിൽ ഇസ്രായേൽ ജനത്തിന്റെ അവസാനത്തെ താവളമാണ് ഷിത്തിം. ജോർദ്ദാൻ നദിയിൽനിന്ന് ഏകദേശം 15 കിലോമീറ്റർ കിഴക്ക്, ചാവുകടലിൽനിന്നും 10 കിലോ മീറ്റർ വടക്ക്, മൊവാബുസമതലത്തിൽ ഉയർന്നു നിൽക്കുന്ന ഒരു കുന്നിൽ സ്ഥിതിചെയ്യുന്ന *ടെൽ-എൽ-ഹമാൻ* ആണ് പുരാതന *ഷിത്തിം* എന്ന് പുരാവസ്തുഗവേഷകർ കരുതുന്നു. സുപ്രധാന മായ പല സംഭവങ്ങളും അരങ്ങേറിയ ഒരു സ്ഥലമാണിത്. *അക്കേ ഷ്യമരങ്ങൾ* എന്നാണ് *ഷിത്തിം* എന്ന വാക്കിന്റെ അർത്ഥം. അക്കേ ഷ്യാമരങ്ങൾ ധാരാളമായി വളരുന്നതിനാലാവാം ഈ പേരു ണ്ടായത്.

ഇസ്രായേൽജനം ഷിത്തിമിൽ പാർക്കുമ്പോഴാണ് മൊവാബു രാജാവായ ബാലാക്ക് അവരെ ശപിക്കാനായി ബാലാം പ്രവാച കനെ കൂലിയ്ക്കെടുത്തത് (സംഖ്യ 22-24). ഇവിടെവച്ചാണ് മോശ തന്റെ വിടവാങ്ങൽ പ്രസംഗം നടത്തിയത്. കാനാൻദേശം കാണാ നായി മോശ കയറിയ നെബോമലയും ഇതിനടുത്താണ്. മരി ക്കുന്നതിനുമുമ്പ് മോശ പിൻഗാമിയായി ജോഷ്വായെ വാഴിച്ചതും ഇവിടെവച്ചുതന്നെ. മോശയുടെ മരണത്തിനുശേഷം കാനാൻ ദേശം ഒറ്റുനോക്കാനായി ചാരന്മാരെ അയച്ചതും അവസാനം ജോർദ്ദാൻ കടന്ന് വാഗ്ദത്തഭൂമി വെട്ടിപ്പിടിക്കാനായി ഇസ്രാ യേൽക്കാർ പടപുറപ്പെട്ടതും ഷിത്തിമിൽനിന്നത്രേ. ഇങ്ങനെ പല പ്രധാന സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച ഷിത്തിം ഇസ്രാ

യേലിന്റെ ഒരു വലിയ പതനവും ദർശിച്ചതായി വി. ഗ്രന്ഥകാരൻ പറയുന്നുണ്ട്.

വലിയ തുക വാഗ്ദാനം ചെയ്ത് വിദൂരത്തുനിന്ന് മൊവാബുരാജാവു ക്ഷണിച്ചുവരുത്തിയ ബാലാം ഇസ്രായേലിനെ ശപിക്കുന്നതിനുപകരം അനുഗ്രഹിച്ചത് രാജാവിനിഷ്ടമായില്ല. കർത്താവിന്റെ കൃപാകടാക്ഷം അവരുടെമേൽ ഉള്ളതിനാൽ അവർക്ക് ഒരു ശാപവും ഏല്ക്കുകയില്ല എന്ന ബോധ്യമാണ് അവരെ ശപിക്കുന്നതിൽ നിന്നു തന്നെ വിലക്കുന്നതെന്ന് ബാലാം തുറന്നുപറഞ്ഞു (സംഖ്യ 23,8). "*യാക്കോബിൽ അവിടുന്ന തിന്മ കണ്ടില്ല, ഇസ്രായേലിൽ ദുഷ്ടത ദർശിച്ചതുമില്ല... യാക്കോബിന് ആഭിചാരം ഏല്ക്കുകയില്ല; ഇസ്രായേലിനെതിരേ ക്ഷുദ്രവിദ്യ ഫലിക്കുകയുമില്ല*" (സംഖ്യ 23,21-23). അതിനാൽ ഇസ്രായേലിനെ തോല്പിക്കാൻ ബാലാം ബാലാക്ക് രാജാവിന് ഒരു മാർഗ്ഗം ഉപദേശിച്ചുകൊടുത്തു.

കർത്താവിനോടുള്ള വിശ്വസ്തതയാണ് അവരുടെ ബലത്തിന്റെ അടിസ്ഥാനം. അതിൽ വീഴ്ച വരുത്തിയാൽ ഇസ്രായേലിനെ പരാജയപ്പെടുത്താം. അതിനായി ബാലാം ഉപദേശിച്ച വിദ്യ ഫലമണിഞ്ഞു. "*ഷിത്തിമിൽ പാർക്കുമ്പോൾ മൊവാബ്യസ്ത്രീകളുമായി ഇസ്രായേൽ വേശ്യാവൃത്തിയിൽ ഏർപ്പെടാൻ തുടങ്ങി. അവർ തങ്ങളുടെ ദേവന്മാരുടെ ബലികൾക്ക് ഇസ്രായേൽക്കാരെ ക്ഷണിച്ചു; അവർ അവരോടു ചേർന്നു ഭക്ഷിക്കുകയും ദേവന്മാരെ ആരാധിക്കുകയും ചെയ്തു*" (സംഖ്യ 23,1-2). ഉത്സവാഘോഷമാണ് ഇസ്രായേലിനെ വീഴിക്കാൻ ബാലാം ഉപദേശിച്ച മാർഗ്ഗം.

മൊവാബ്യരുടെയും കാനാൻകാരുടെയും ഉത്സവങ്ങൾ അധികപങ്കും രാത്രികാലങ്ങളിൽ മലമുകളിലാണ് നടക്കുക. ബാൽ, അഷേറാ, കെമോഷ് മുതലായ ദേവന്മാരെ ആരാധിക്കാനായി കുന്നിൻ പുറങ്ങളിലും മലമുകളിലും ചെറിയ ആരാധനാലയങ്ങളുണ്ടാവും; അവയ്ക്കുചുറ്റും വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിരിക്കും. അക്കേഷ്യാമരങ്ങൾ നിറഞ്ഞുനിന്ന ഒരു ആരാധനാകേന്ദ്രമായിരിക്കാം ഷിത്തിം. ഉത്സവങ്ങൾ അധികപങ്കും മദിരോത്സവങ്ങളായിരുന്നു. ഫലപുഷ്ടിയുടെ ദേവതകൾക്ക് അർപ്പിക്കുന്ന ആരാധനയിൽ ലഹരിപാനീയവും ലൈംഗികവേഴ്ചയും സാധാരണ

മായിരുന്നു. ഇപ്രകാരമുള്ള ഉത്സവങ്ങളിലേക്ക് ആകൃഷ്ടരായ ഇസ്രായേൽജനം സാവധാനം തദ്ദേശവാസികളുടെ ആരാധനയിൽ പങ്കുചേരുകയും അവരുടെ ദേവന്മാരെ ആരാധിക്കുകയും ചെയ്തു. അതു കർത്താവിനെ ഉപേക്ഷിക്കലായിരുന്നു. ദേവദാസികളെന്ന് അറിയപ്പെട്ടിരുന്ന സ്ത്രീകളാണ് അവരെ പ്രലോഭനത്തിൽ വീഴ്ത്തിയത്. ഉത്സവങ്ങൾ ഇസ്രായേലിന് കെണിയായി; അറിയാതെ അവർ അതിൽ വീണ് നശിക്കുകയും ചെയ്തു.

ആഘോഷങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കെണിയെക്കുറിച്ച് അനുസ്മരിപ്പിക്കുന്ന ഷിത്തിം സുപ്രധാനമായ ചില പാഠങ്ങൾ ആധുനിക മനുഷ്യനും നല്കുന്നുണ്ട്. ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദി പറയാനും ആഹ്ലാദം പ്രകടിപ്പിക്കാനും ആഘോഷങ്ങൾ നല്ലതു തന്നെ. എന്നാൽ ഇന്നു നടക്കുന്ന ഉത്സവാഘോഷങ്ങളും പെരുന്നാളുകളും, ദൈവത്തിന്റെയും വിശുദ്ധരുടെയും നാമത്തിലാണെങ്കിൽ പോലും, ഷിത്തിമിലേതിനു സമാനമാകുന്നില്ലേ എന്ന് ചിന്തിക്കാൻ ഇസ്രായേൽ ജനത്തിന്റെ തിക്താനുഭവം ആഹ്വാനം ചെയ്യുന്നു. മദ്യം ഒഴുകുന്ന വിരുന്നുകളും മാന്യതയുടെ പരിധികൾ ലംഘിക്കുന്ന ആഘോഷങ്ങളും യാതൊരു ന്യായീകരണവുമില്ലാത്ത ധൂർത്തും നാശത്തിലേക്കാണ് നയിക്കുന്നതെന്നു കാണാൻ ഷിത്തിലെ അനുഭവം സഹായകമാകും.

# 39

## നെബോ
## വാഗ്ദത്തഭൂമിയുടെ വിഹഗവീക്ഷണം

"*ജെറീക്കോയുടെ എതിർവശത്ത് മൊവാബുദേശത്തുള്ള അബറിം പർവ്വതനിരയിലെ നെബോ മലയിൽ കയറി, ഞാൻ ഇസ്രായേൽമക്കൾക്ക് അവകാശമായി നല്കുന്ന കാനാൻദേശം നീ കണ്ടുകൊള്ളുക. നിന്റെ സഹോദരൻ അഹറോൻ ഹോർമല യിൽ വച്ചു മരിക്കുകയും തന്റെ ജനത്തോടു ചേരുകയും ചെയ്ത തുപോലെ നീ കയറുന്ന മലയിൽവച്ച് നീയും മരിച്ച് നിന്റെ ജന ത്തോടു ചേരും*" (നിയ 32,49-50).

ചാവുകടലിന്റെ വടക്കുകിഴക്ക്, മൊവാബുദേശത്തുള്ള ഒരു പർവ്വതനിരയാണ് *അബറിം*. "*അപ്പുറത്തുള്ള പ്രദേശം*" എന്നാണ് അബറിം എന്ന വാക്കിന് അർത്ഥം. വാഗ്ദത്തഭൂമിക്ക് അപ്പുറത്ത് എന്ന അർത്ഥത്തിലായിരിക്കാം ഇസ്രായേൽക്കാർ ഈ പേരുപ യോഗിച്ചത്. അബറിം പർവ്വതനിരകളിലെ ഒരു കൊടുമുടിയാണ് നെബോ. ജോർദ്ദാൻ നദി ചാവുകടലിൽ ലയിക്കുന്നിടത്തുനിന്ന് ഏകദേശം 20 കിലോമീറ്റർ കിഴക്കായി സ്ഥിതിചെയ്യുന്ന ഈ ഗിരിശൃംഗത്തിന് 1300 മീറ്റർ ഉയരമുണ്ട്. ഈ മലമുകളിൽനിന്നു പടിഞ്ഞാറോട്ടു നോക്കിയാൽ വാഗ്ദത്തഭൂമിയായ കാനാൻദേശം ഏതാണ്ടു മുഴുവൻ തന്നെ കാണാൻ കഴിയും. അങ്ങു വടക്ക് മഞ്ഞുമൂടിയ ഹെർമോൺ മല. തുടർന്നു തെക്കോട്ടു കണ്ണുപാ യിച്ചാൽ കാണുന്നത് താബോർ, എബെൽ, ഗെരിസി മലകളും അവയ്ക്കു മധ്യേയുള്ള ഫലപുഷ്ടമായ സമതലവും. ഏതാണ്ട്

നേരെ പടിഞ്ഞാറായി ജറുസലേം. തുടർന്ന് ബേദ്‌ലെഹെം, ഹോർമല, നെബോയ്ക്കു തൊട്ടുതാഴെ ചാവുകടൽ.

വിശുദ്ധ നാടു കാണാൻ പോകുന്ന തീർത്ഥാടകർ പൊതുവെ ഇവിടെനിന്ന് കാനാൻദേശം കണ്ടതിനുശേഷമാണ് യാത്ര തുടങ്ങുക. ഈജിപ്തിലാണ് തീർത്ഥാടനം ആരംഭിക്കുന്നതെങ്കിൽ നെബോ മലയിൽ കയറിനിന്ന് വിശുദ്ധനാട് മുഴുവൻ ഒരിക്കൽകൂടി കണ്ട് വിടപറയുന്നു. മരുഭൂമിയിൽ മോശ ഉയർത്തിയ പിത്തള സർപ്പത്തിന്റെ ഒരു മാതൃകയും തകർന്നു കിടക്കുന്ന പുരാതന ദേവാലയത്തിന്റെ അവശിഷ്ടങ്ങളുമാണ് ഇന്നു നെബോ മലയിൽ സന്ദർശകരെ സ്വീകരിക്കാനുള്ളത്. ഇതിനടുത്തുള്ള മോശയുടെ ശവകുടീരം എവിടെയാണെന്ന് ആർക്കും അറിയില്ല (നിയ 34,6).

വാഗ്ദത്തഭൂമി എന്ന ഒരേ ഒരു ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നിരവധിയായ പ്രതിബന്ധങ്ങൾ തരണം ചെയ്തും ക്ലേശങ്ങളെ അതിജീവിച്ചും ഇസ്രായേൽ ജനത്തെ നയിച്ച മോശയ്ക്ക് ആ ഭൂമിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല എന്ന അറിവ് ഖേദകരമാണ്. നെബോമലയിൽ കയറിനിന്ന് വാഗ്ദത്തഭൂമി നോക്കിക്കാണുമ്പോൾ പ്രേക്ഷകന്റെ മനസ്സിൽ വിഷാദത്തിന്റെ നിഴൽവീഴും. "*ആ ദേശം നീ കണ്ടുകൊള്ളുക; എന്നാൽ നീ അതിൽ പ്രവേശിക്കുകയില്ല*" (നിയ 32,52) എന്ന തിരുവചനം വലിയൊരു താക്കീതായി കാതിൽ മുഴങ്ങും. അകലെനിന്നു കണ്ട ദൈവരാജ്യത്തിൽ പ്രവേശിക്കാൻ കഴിയാതെ പുറന്തള്ളപ്പെടാൻ അവിശ്വസ്തത കാരണമാകും എന്ന ഒരു താക്കീതാണ് നെബോ മലയിൽ നിന്നു കിട്ടുക.

# 40

## ജോർദാൻ
## ശുദ്ധീകരിക്കുന്ന ജലം

പാലസ്തീനായിലെ ഏറ്റം വലിയ നദിയാണ് ജോർദാൻ. "*ഹ യർദേൻ*" എന്നു ഹീബ്രുവിലും "*യോർദാനേസ്*" എന്ന് ഗ്രീക്കിലും പേരുകൾ. "*നിത്യം ഒഴുകുന്ന നദി*" എന്നോ "*കുതിച്ചിറങ്ങുന്നത്*" എന്നോ പേരിനെ വ്യാഖ്യാനിക്കാം. രണ്ടും നദിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്നതാണ്. ഹെർമോൺമലയുടെ അടിവാരത്തിൽനിന്നാണ് നദിയുടെ ഉത്ഭവം. നാലു പ്രധാന ഉറവകളിൽനിന്ന് ഒഴുകിയെത്തുന്ന ജലം പാനെയാസ് പട്ടണത്തിനു സമീപത്താണ് നദിയായി രൂപം പ്രാപിക്കുന്നത്. കേസറിയാ ഫിലിപ്പി എന്നു പുതിയനിയമത്തിൽ അറിയപ്പെടുന്ന പട്ടണമാണിത്. ഹൂലെ, ഗലീലി തടാകങ്ങൾ കടന്ന് നദി ചാവുകടലിൽ പതിക്കുന്നു. അനേകം കൈവഴികൾ യാത്രാമധ്യേ അതിനെ പോഷിപ്പിക്കുന്നു.

നദിയുടെ ഉറവിടം മുതൽ ചാവുകടൽവരെ ഒരു നേർരേഖ വരച്ചാൽ ഏകദേശം 130 കിലോമീറ്റർ ദൂരമുണ്ടാകും. എന്നാൽ നദി യഥാർത്ഥത്തിൽ 350 കിലോമീറ്ററിൽ കൂടുതൽ ഒഴുകുന്നുണ്ട്. ലോകത്തിലെ ഏറ്റം വളഞ്ഞ നദി എന്ന വിശേഷണവും ജോർദാനു നല്കാവുന്നതാണ്. ഭൂമിയിലെ ഏറ്റം താഴ്ന്ന ഉപരിതലത്തിൽ ഒഴുകുന്ന നദിയും ജോർദാൻതന്നെ. സമുദ്രനിരപ്പിൽനിന്ന് ഏകദേശം നൂറുമീറ്റർ ഉയരത്തിൽ തുടങ്ങുന്ന നദി പത്തു കിലോമീറ്റർ പിന്നിടുമ്പോൾ സമുദ്രനിരപ്പിലെത്തുന്നു. പിന്നീടങ്ങോട്ടു സമുദ്രനിരപ്പിനു താഴെയാണ് ഒഴുക്ക്. ചാവുകട

ലിൽ എത്തുമ്പോൾ സമുദ്രനിരപ്പിൽനിന്നു 400 മീറ്റർ താഴെയാവുന്നു.

ജോർദാൻ ചെറിയൊരു പുഴയാണ്. മുപ്പതു മീറ്ററിൽകൂടുതൽ വീതിയില്ല. 1-5 മീറ്റർവരെ ആഴവും. നദിയിൽ പലേടത്തും ഇറങ്ങി കടക്കാനാവുന്ന കടവുകളുണ്ട്. വസന്തത്തിൽ ഹെർമ്മോണിലെ മഞ്ഞുരുകുമ്പോഴാണ് നദിയിൽ വെള്ളപ്പൊക്കമുണ്ടാവുക. ഏതാണ്ട് മുഴുവനായിത്തന്നെ മലയിടുക്കിലൂടെ ഒഴുകുന്നതിനാൽ അധികമൊന്നും ജലസേചനത്തിന് ഉപകരിച്ചിരുന്നില്ല.

ബൈബിളിൽ അനേകം തവണ ജോർദാൻ പരാമർശവിഷയമാകുന്നുണ്ട്. പുറപ്പാടുസംഭവവുമായി ബന്ധപ്പെട്ടതാണ് അതിൽ സുപ്രധാനമായ ഒന്ന്. ജോഷ്വായുടെ നിർദ്ദേശമനുസരിച്ച് ഉടമ്പടിയുടെ പേടകമേന്തിയ പുരോഹിതന്മാരുടെ പാദം ജലത്തെ സ്പർശിച്ചപ്പോൾ നദിയുടെ ഒഴുക്കു നിലച്ചു (ജോഷ്വാ 3,14-17). ചെങ്കടൽ വിഭജിച്ചതിനു സമാനമായൊരു അത്ഭുതമായി ഇസ്രായേൽജനം ഇതിനെ കണ്ടു. പിന്നീട് ഏലിയായും ശിഷ്യൻ ഏലീഷായും മേലങ്കിയടിച്ച് വെള്ളം വിഭജിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് (2 രാജാ 2,8-14). ഭൂകമ്പമോ മറ്റെന്തെങ്കിലും പ്രകൃതിക്ഷോഭമോ കാരണം മലയിടിഞ്ഞ് പുഴയുടെ ഒഴുക്കു തൽക്കാലത്തേക്കു തടഞ്ഞതാവാം ഇത് എന്നു കരുതുന്നവരുണ്ട്. ഇപ്രകാരം പലപ്പോഴും സംഭവിച്ചിട്ടുണ്ട്. 1927-ൽ അങ്ങനെ ഏകദേശം 24 മണിക്കൂർ നദിയുടെ ഒഴുക്കു നിലച്ചതായും ചരിത്രകാരന്മാർ എടുത്തുകാട്ടുന്നു. പ്രതിബന്ധങ്ങളെ നീക്കുന്ന ദൈവപരിപാലനയാണ് വിശ്വാസികൾ ഇവിടെ കാണുക.

മാമ്മോദീസായുമായി ബന്ധപ്പെട്ടതാണ് ജോർദാന്റെ വലിയ പ്രാധാന്യം. സ്നാപകൻ നല്കിയ സ്നാനം മാനസാന്തരത്തിന്റെ അടയാളമായിരുന്നു. പാപമോചനം നല്കാനായി വന്ന യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് ജോർദാനിലെ സ്നാനത്തോടെയാണ്. അതോടെ ജോർദാൻ പാപമോചനത്തിന്റെയും ആത്മാവിലുള്ള പുതിയ ജനനത്തിന്റെയും പ്രതീകമായി മാറി. അനേകം പേർ ഇന്നും ജോർദാനിൽപോയി സ്നാനം സ്വീകരിക്കാറുണ്ട്. ജോർദാനിലെ ജലമല്ല, ക്രിസ്തുനാഥനിലൂടെ ലഭ്യമായ കൃപാവരമാണ് ആത്മാവിന്റെ കറ കഴുകി വിശുദ്ധീകരിക്കുന്നത്.

# 41

## ഗലീലി തടാകം
## വെളിപാടിന്റെ കടൽ

വാഗ്ദത്ത ഭൂമിയായ കാനാൻദേശത്തിന്റെ വടക്കുഭാഗത്തുള്ള ഒരു ചെറിയ ഉൾനാടൻ തടാകമാണിത്. ഗ്ളീലാകടൽ, ഗലീലി തടാകം, ടിബേരിയാസ് കടൽ, ഗെനേസരെത്ത് തടാകം എന്നിങ്ങനെ പല പേരിൽ ഇത് അറിയപ്പെടുന്നു. ഗലീലി ഒരു പ്രദേശത്തിന്റെ പേരാണ്. ഗ്ളീലാ സുറിയാനിയിലൂടെ കടന്നുവന്ന അതിന്റെ മലയാളരൂപം. ഹേറോദേസ് അന്തിപ്പാസ് ടൈബീരിയസ് ചക്രവർത്തിയുടെ ബഹുമാനാർത്ഥം തടാകതീരത്തു പണിയിച്ച ടിബേരയാസ് നഗരത്തിൽനിന്നാണ് തടാകത്തിന് ആ പേരു കിട്ടിയത്. കിന്നരത്തിന്റെ ആകൃതിയുള്ളതിനാൽ ഗെനേസറെത്ത് എന്ന പേരും ലഭിച്ചു.

വടക്കുഭാഗം വീതികൂടി, തെക്കു വീതി കുറഞ്ഞ്, ഏതാണ്ട് ഹൃദയത്തിന്റെ ആകൃതിയിലുള്ള ഈ തടാകത്തിന് ഏറ്റം കൂടിയ വീതി 13 കിലോമീറ്റർ നീളം 21 കിലോമീറ്റർ. കിഴക്കും പടിഞ്ഞാറും വലിയ മലകൾ ഉയർന്നുനില്ക്കുന്നതിനാൽ തടാകത്തിൽ അപ്രതീക്ഷിതമായ വലിയ കാറ്റ് വീശാറുണ്ട്. തെക്ക് മരുഭൂമിയിൽനിന്നുവരുന്ന ചൂടുകാറ്റും വടക്ക് ഹെർമോൺ മലനിരകളിൽനിന്ന് വരുന്ന തണുത്തകാറ്റും സന്ധിക്കുമ്പോൾ അത് ഉഗ്രമായി ചുഴലിക്കൊടുങ്കാറ്റായി രൂപപ്പെടാം. സുവിശേഷങ്ങളിൽ ഇതിനെക്കുറിച്ച് സൂചനയുണ്ട് (മത്താ 8,24). ഈ തടാകം മുഴുവൻ ഇന്ന് ഇസ്രായേലിന്റെ കൈവശമാണ്. ഇവിടത്തെ ജലം പമ്പുചെയ്ത് അവർ മരുഭൂമിയിൽ കൃഷി നടത്തുന്നു.

വടക്കുനിന്ന് തെക്കോട്ടൊഴുകുന്ന ജോർദാൻനദി തടാകത്തെ ജലസമൃദ്ധമാക്കുന്നു. മറ്റ് പല അരുവികളും ഈ തടാകത്തിലേക്ക് ഒഴുകിയെത്തുന്നുണ്ട്. കെട്ടിക്കിടക്കാതെ നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ തടാകത്തിലെ ജലം എപ്പോഴും ശുദ്ധമാണ്. ഇതിൽ ധാരാളം മത്സ്യസമ്പത്തുണ്ട്. യേശുവിന്റെ കാലത്ത് ജനനിബിഢമായിരുന്നു തടാകതീരം. മത്സ്യബന്ധനവും സംസ്ക്കര

ണവും ഒരു മുഖ്യതൊഴിലായിരുന്നു. പ്രധാനപ്പെട്ട പല രാജപാതകളും തടാകതീരത്തുകൂടെ കടന്നുപോയിരുന്നു. റോമാസാമ്രാജ്യത്തിന്റെ പലഭാഗങ്ങളിലേക്കും ഇവിടെനിന്നു സംസ്ക്കരിച്ച മത്സ്യം കയറ്റി അയച്ചിരുന്നു.

പരസ്യജീവിതത്തിന്റെ ആദ്യഘട്ടം അധികപങ്കും ഈ തടാകതീരത്താണ് യേശു ചിലവഴിച്ചത്. അവിടുത്തെ ശിഷ്യരിൽ മിക്കവരും ഈ പ്രദേശത്തുനിന്നുള്ളവരായിരുന്നു. പത്രോസ്, അന്ത്രയോസ്, യാക്കോബ്, യോഹന്നാൻ എന്നീ നാലു പേർ ഒരു മത്സ്യബന്ധന വ്യവസായത്തിന്റെ തന്നെ ഉടമകളായിരുന്നു. സ്വന്തമായി രണ്ടു വഞ്ചികളും കുറെ തൊഴിലാളികളും എങ്കിലും അവർക്കുണ്ടായിരുന്നു. യേശു ഏറ്റം അധികം പ്രബോധനങ്ങൾ നല്കിയതും അത്ഭുതങ്ങൾ പ്രവർത്തിച്ചതും തന്റെ വ്യക്തിത്വം വെളിപ്പെടുത്തിയതും ഈ പ്രദേശത്താണ്. കഫർണാം, ബേത്സയ്ദാ, കൊറാസിൻ, മാഗ്ദല, ഗെറാസാ എന്നീ നഗരങ്ങൾ തടാകതീരത്താണ്. കടലിനെയും കൊടുങ്കാറ്റിനെയും ചൊല്പടിക്കു നിർത്താൻ അധികാരവും കഴിവുമുള്ള പ്രപഞ്ചനാഥനായി യേശു ശിഷ്യന്മാർക്കു സ്വയം വെളിപ്പെടുത്തിയതും ഈ തടാകത്തിലത്രെ.

ഇത്രയേറെ അത്ഭുതങ്ങൾക്കും പ്രബോധനങ്ങൾക്കും വെളിപ്പെടുത്തലുകൾക്കും സാക്ഷ്യം വഹിച്ചെങ്കിലും അധികമാരും യഥാർത്ഥ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും കടന്നുവന്നില്ല എന്നത് യേശുവിനെത്തന്നെ ദുഃഖിതനാക്കി. തകർന്നു കിടക്കുന്ന പുരാതന നഗരങ്ങളുടെ അവശിഷ്ടങ്ങൾ ആ ദുഃഖത്തിനു സാക്ഷ്യം വഹിക്കുന്നു. ടിബേരിയാസ് മാത്രമാണ് ഇന്നു ഗലീലിതടാകതീരത്തുള്ള പ്രധാനനഗരം. അതാകട്ടെ സുവിശേഷങ്ങളിൽ പരാമർശിക്കപ്പെടുന്നുമില്ല.

ഏറെ കൃപ ലഭിച്ചിട്ടും അത്ഭുതങ്ങളും അടയാളങ്ങളും കണ്ടിട്ടും അനുതപിക്കാത്ത ഗലീലിതടാകതീരം ഇന്നും വലിയൊരു താക്കീതായി തുടരുന്നു, മാനസാന്തരത്തിന് അനുയോജ്യമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ ക്ഷണിച്ചുകൊണ്ട്. ഗലീലിത്തടാകം തരുന്ന മറ്റൊരു പാഠമുണ്ട്. ദാനമായി കിട്ടുന്നത് ദാനമായി നല്കിയെങ്കിലേ ജീവൻ സമൃദ്ധമായി ഉണ്ടാകൂ! ഒഴുകിയെത്തുന്ന ജലം സ്വന്തമായി സൂക്ഷിക്കാതെ തുടർന്ന് ഒഴുകിപ്പോകാൻ അനുവദിക്കുന്ന ഗലീലിതടാകത്തിൽ മത്സ്യസമ്പത്ത് സമൃദ്ധമായുണ്ടാകുന്നതുപോലെ. ജലം കെട്ടിക്കിടന്നു ദുഷിക്കുന്ന ചാവുകടലിൽനിന്നു വ്യത്യസ്തമാണിത്.

# 42

## ചാവുകടൽ
## ദുഷിപ്പിക്കുന്ന സ്വാർത്ഥത

ഭൂമിയുടെ ഉപരിതലത്തിലെ ഏറ്റം താഴ്ന്ന പ്രദേശമാണ് ചാവുകടൽ. കാനാൻദേശത്തിന്റെ തെക്കുകിഴക്കെ അതിർത്തിയിലാണിതു സ്ഥിതിചെയ്യുന്നത്. ഇതിന്റെ കിഴക്കുഭാഗം ഇന്ന് ജോർദാൻ രാജ്യത്തിന്റെയും പടിഞ്ഞാറുഭാഗം ഇസ്രായേലിന്റെയും അധീനതയിലാണ്. മധ്യധരണ്യാഴിയുടെ നിരപ്പിൽനിന്ന് 400 മീറ്റർ താഴെയാണ് ചാവുകടലിന്റെ ഉപരിതലം. ഏറ്റം ആഴം കൂടിയ പ്രദേശത്ത് കടലിന് 400 മീറ്ററോളം ആഴമുണ്ട്. തെക്കുഭാഗത്ത് പ്രായേണ ആഴം കുറവാണ്. നാവുപോലെ തള്ളിനിൽക്കുന്ന ഉപദ്വീപിനു തെക്ക് ഏകദേശം ഇരുപതു മീറ്ററിൽ താഴെയേ ആഴമുള്ളൂ. ബൈബിളിൽ പരാമർശിക്കുന്ന സോദാം-ഗോമോറാ നഗരങ്ങൾ സ്ഥിതിചെയ്തിരുന്ന പ്രദേശമാണ് ഇതെന്ന് കരുതാൻ തക്കതായ കാരണമുണ്ട്.

വളരെയേറെ ലവണങ്ങൾ കലർന്ന് അതിസാന്ദ്രമാണ് ചാവുകടലിലെ ജലം. ജലത്തിന്റെ 25% ലവണങ്ങളാണ്. ഇത് സാധാരണ കടൽ ജലത്തിന്റെ അഞ്ചിരട്ടി വരും. സാന്ദ്രത കൂടിയതിനാൽ ഈ കടലിൽ മനുഷ്യശരീരം താഴില്ല. നിവർന്നുകിടന്ന് പത്രം വായിക്കുന്ന വിനോദസഞ്ചാരികളെ ചാവുകടലിൽ കാണാം.

“കടൽ” എന്നു പറയുന്നെങ്കിലും ഇതും ഒരു ഉൾനാടൻ തടാകമാണ്. ഏകദേശം 90 കിലോമീറ്റർ നീളവും ഏറ്റവും കൂടിയത് 16 കിലോമീറ്റർ വീതിയുമുണ്ട് തടാകത്തിന്. തെക്കുഭാഗത്തുള്ള ഉപദ്വീപിനടുത്ത് വെറും 3 കി.മീ. വീതിയേയുള്ളൂ. അനേകം പേരു

കളിൽ ഈ തടാകം അറിയപ്പെടുന്നുണ്ട്. *ചാവുകടൽ* എന്നത് പ്രായേണ പുതിയ പേരാണ്. *ഉപ്പുകടൽ* (ഉൽപ 14,3) *അറാബാക്കടൽ* (ജോഷ്വാ 18,18-20) *കിഴക്കേകടൽ* (സഖ 14,8) എന്നൊക്കെ ബൈബിളിൽ ഇത് അറിയപ്പെടുന്നു. തടാകതീരത്ത് ധാരാളം ഉപ്പു വിളഞ്ഞുകിടക്കുന്നതു കാണാം. പലേടത്തും, പ്രത്യേകിച്ച് തെക്കു പടിഞ്ഞാറുഭാഗത്ത്, ഉപ്പമലകളും ഉപ്പുതൂണുകളും ദൃശ്യമാണ്. ഇവയിൽ ഒന്ന് ലോത്തിന്റെ ഭാര്യയായി വ്യാഖ്യാനിക്കപ്പെടുന്നു (ഉൽപ 19,26).

വളരെക്കുറച്ചു മാത്രം മഴ പെയ്യുന്ന ഒരു പ്രദേശമാണിത്. ചുറ്റിലും മരുഭൂമി. ആൾപ്പാർപ്പുള്ള സ്ഥലം വിരളം. ജോർദാൻ നദി ചാവുകടലിൽ പതിക്കുന്നതിന്റെ വടക്കുപടിഞ്ഞാറ് ഏകദേശം 15 കി.മീ. അകലെയാണ് ജെറിക്കോനഗരം. ചാവുകടലിന്റെ പടിഞ്ഞാറേതീരത്തുള്ള ഖുമ്റാൻ എന്ന സ്ഥലത്ത് പുതിയനിയമകാലത്ത് *എസ്സേൻ സന്യാസികൾ* ഒരു സമൂഹമായി വസിച്ചിരുന്നു. അവരുടെ ഗ്രന്ഥങ്ങളാണ് *ചാവുകടൽ ചുരുളുകൾ* എന്നും *ഖുമ്റാൻ ലിഖിതങ്ങൾ* എന്നും അറിയപ്പെടുന്നത്. ഖുമ്റാനിൽനിന്നും ഏകദേശം 20 കി.മീ. തെക്ക്, മക്കബായരുടെ കാലത്ത് ആരംഭിക്കുകയും ഹേറോദേസ് മഹാരാജാവ് പൂർത്തിയാക്കുകയും ചെയ്ത മസാദാ കോട്ടയുണ്ട്. വളരെ ഉയർന്ന പാറക്കെട്ടുകൾക്കു മുകളിൽ പണിതിരുന്ന ഈ കോട്ടയിലാണ് യഹൂദരുടെ അവസാനത്തെ ചെറുത്തുനില്പുണ്ടായത്. റോമൻ സൈന്യം രണ്ടുവർഷമെടുത്തു അത് കീഴടക്കാൻ. എ.ഡി. 72 ലാണ് അത് സംഭവിച്ചത്.

ചാവുകടൽ ഒരു പ്രതീകവുംകൂടിയാണ്. അനേകം നദികളിൽ നിന്ന് ഒഴുകിയെത്തുന്ന ജലം ഒരുതുള്ളിപോലും ഒഴുകിപ്പോകുന്നില്ല. പോകാൻ വഴിയില്ല. വലിയ ഉഷ്ണത്തിൽ ജലം നീരാവിയായിത്തീരുകയാണ്. കെട്ടിക്കിടന്ന് ദുഷിക്കുകയും ലവണസാന്ദ്രത വർദ്ധിക്കുകയും ചെയ്യുന്നതിനാൽ ജീവനുള്ള ഒന്നും ഈ ജലത്തിലില്ല. നദികളിലൂടെ ഒഴുകിവരുന്ന മത്സ്യങ്ങളെല്ലാം ചാവുകടലിൽ വീഴുന്ന സമയംതന്നെ ചത്തുപോകുന്നു. പങ്കുവയ്ക്കാൻ തയ്യാറാവാതെ സ്വത്തും കഴിവുകളും സ്വന്തമായി സൂക്ഷിക്കാൻ ശ്രമിക്കുന്നവർക്കു സംഭവിക്കുന്ന ദുരന്തത്തിന്റെ പ്രതീകമാണ് ചാവുകടൽ.

എന്നാലും ചാവുകടൽത്തീരത്ത് ഇന്ന് വിനോദസഞ്ചാര - ആരോഗ്യ - വ്യവസായം ശക്തിപ്പെടുന്നുണ്ട്. തീരത്തെ മണ്ണിന് ഔഷധശക്തിയുള്ളതിനാൽ അതു ധാരാളമായി കയറ്റി അയയ്ക്കുന്നുണ്ട്. ജലത്തിലെ ലവണങ്ങൾ വേർതിരിച്ചെടുത്ത് ഉപയോഗിക്കുന്ന വ്യവസായവുമുണ്ട്. ഗലീലി തടാകത്തിൽനിന്നു കുഴലുകൾ വഴി കൊണ്ടുവരുന്ന ശുദ്ധജലം ഉപയോഗിച്ച് ചാവുകടലിന്റെ പടിഞ്ഞാറുള്ള സമതലത്തിൽ ഇസ്രായേൽക്കാർ വിദഗ്ധമായി കൃഷിചെയ്ത് ഈന്തപ്പനത്തോട്ടങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു, ചാവുകടൽ ശുദ്ധജലം കൊണ്ടു നിറയുമെന്നും എല്ലാത്തരം മത്സ്യങ്ങളും അതിൽ നിറയുമെന്നുമുള്ള പ്രവചനങ്ങൾ (എസെ 47,1-12; സഖ 14,8) പൂർത്തിയാവുന്നതുപോലെ.

# 43

## ജെറീക്കോ
## തകർന്നുവീഴുന്ന പ്രതിബന്ധം

പുരാവസ്തു ഗവേഷകർ ഇതുവരെ കണ്ടെത്തിയിട്ടുള്ളതിൽ ഏറ്റം പുരാതനമായ ഒരു നഗരമാണ് ജെറീക്കോ. ബി.സി. ഒമ്പതാം സഹസ്രാബ്ദം മുതൽ അവിടെ ജനവാസമുണ്ടായിരുന്നതായി കരുതപ്പെടുന്നു. ജോർദാൻനദി ചാവുകടലിൽ പതിക്കുന്നതിനു ചുറ്റുപാടുമുള്ള സമതലത്തിൽ, നദീമുഖത്തു നിന്നും ഏകദേശം 15 കി.മീ വടക്കുപടിഞ്ഞാറായാണു നഗരം സ്ഥിതിചെയ്യുന്നത്; ജറുസലെമിൽനിന്ന് 27 കിലോമീറ്റർ വടക്കുകിഴക്കായും. പുരാതനകാലം മുതലേ സുപ്രധാനമായ ഒരു വാണിജ്യകേന്ദ്രമായിരുന്നു ജെറീക്കോ. ചെങ്കടൽ തീരത്തുനിന്ന് വടക്കോട്ടും ജറുസലേമിൽനിന്ന് കിഴക്കോട്ടും പോകുന്ന വലിയ വാണിജ്യപാതകൾ ഈ നഗരത്തിലൂടെ കടന്നുപോയിരുന്നു.

*ഈന്തപ്പനകളുടെ പട്ടണം* എന്നാണ് ബൈബിൾ *ജെറീക്കോയെ* വിശേഷിപ്പിക്കുന്നത് (നിയ 34,3). ഇത് പേരിന്റെ അർത്ഥമായി കരുതപ്പെടുന്നു കാനാൻദേശത്തേക്കുള്ള കുടിയേറ്റവുമായി ബന്ധപ്പെട്ടതാണ് ബൈബിളിൽ ജെറീക്കോയുടെ പ്രാമുഖ്യം. കാനാൻദേശത്തേക്കുള്ള പ്രവേശനകവാടമായിരുന്നു ജോഷ്വായുടെ നേതൃത്വത്തിൽ കടന്നുവന്ന ഇസ്രായേൽ സൈന്യത്തിന് ജെറീക്കോ. മറികടക്കേണ്ട പ്രതിബന്ധമായി ഉയർന്നുനിന്ന നഗരത്തിന്റെ കോട്ടകൾ പുരോഹിതന്മാരുടെ കാഹളധ്വനിയും ജനത്തിന്റെ അട്ടഹാസവും ഒരുമിച്ചു മുഴങ്ങിയപ്പോൾ തകർന്നുവീണു (ജോഷ്വാ 6,20). ദൈവം നല്കുന്ന വിജയത്തിന്റെ പ്രതീകമാണ് തകർന്നുവീണ മതിലുകൾ. അതേസമയം വിശ്വാസവും പ്രാർത്ഥ

നയും ദൈവകല്പനയനുസരിച്ചുള്ള ജീവിതവും പ്രവർത്തനവും ഉണ്ടെങ്കിലേ വിജയം സാധ്യമാകൂ എന്നും ജെറീക്കോ പഠിപ്പിക്കുന്നു.

നഗരം പുതുക്കിപ്പണിയുന്നവരുടെ മേൽ ജോഷ്വാ ഉച്ചരിച്ച ശാപം (ജോഷ്വാ 6,26) മൂലമാവാം ഏതാണ്ട് നാലു നൂറ്റാണ്ടുകാലത്തേക്ക് ജെറീക്കോ ജനവാസമില്ലാതെ കിടന്നു എന്ന് പുരാവസ്തു ഗവേഷകർ അഭിപ്രായപ്പെടുന്നു. ആഹാബുരാജാവിന്റെ കാലത്ത് ബെഥേലിലെ ഹിയേൽ നഗരം പുതുക്കിപ്പണിയുകയും അയാൾക്കു രണ്ടു പുത്രന്മാരെ അതുവഴി നഷ്ടപ്പെടുത്തുകയും ചെയ്തതായി 1 രാജാ 16,34 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഗലീലിയിൽനിന്ന് ജറൂസലേമിലേക്കു പോകുന്ന തീർത്ഥാടകർ ജെറീക്കോയിലൂടെയാണ് കടന്നുപോയിരുന്നത്. ഈ നഗരത്തിന്റെ പ്രാന്തപ്രദേശത്താണ് സ്നാപകൻ തന്റെ ദൗത്യം ആരംഭിച്ചത്. യേശു സ്നാനം സ്വീകരിച്ച കടവ് ഇവിടെനിന്ന് അധികം ദൂരത്തല്ല. ബർത്തിമേയൂസിന് കാഴ്ച നല്കിയതും സഖേവൂസിനു രക്ഷ നല്കിയതും ഈ നഗരത്തിൽവച്ചാണ് (ലൂക്കാ 18,35; 19,10).

യേശുവിന്റെ കാലത്ത് വളരെ പ്രധാനപ്പെട്ട, ജനനിബിഢമായ ഒരു നഗരമായിരുന്നു ജെറീക്കോ. മക്കബായ രാജവംശജർ പുതുക്കിപ്പണിത നഗരം ഹെറോദേസ് മഹാരാജാവ് അതിവിപുലമായി പുനരുദ്ധരിച്ചു. രാജകൊട്ടാരങ്ങൾ, ഉദ്യാനങ്ങൾ, വിനോദശാലകൾ, കുളങ്ങൾ മുതലായവയുടെ അവശിഷ്ടങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. ഈന്തപ്പനകൾക്കും ബാൾസാം മരങ്ങൾക്കും പേരുകേട്ടതായിരുന്നു ജെറീക്കോ.

ഹേറോദേസിന്റെ കാലത്തെ നഗരത്തിൽനിന്ന് ഏകദേശം രണ്ടുകിലോമീറ്റർ വടക്കുപടിഞ്ഞാറാണ് പുരാതന ജെറീക്കോയുടെ അവശിഷ്ടങ്ങൾ. ഇവ രണ്ടിനും ഇടയിൽ ഇന്ന് തീർത്ഥാടകരെ കാത്തുനില്ക്കുന്ന ഒരു സിക്കമൂർ മുത്തശ്ശനുണ്ട്. സക്കേവൂസ് കയറി ഇരുന്നതെന്ന് നാട്ടുകാർ പറയുമെങ്കിലും ഏകദേശം 400 വർഷം പ്രായമേ ഇതിനുള്ളൂ എന്ന് ശാസ്ത്രകാരന്മാർ അഭിപ്രായപ്പെടുന്നു. പ്രായം എത്രയാണെങ്കിലും കർത്താവിന്റെ വരവിനുവേണ്ടി കാത്തിരുന്ന ഒരു മനുഷ്യന്റെ ഓർമ്മയാണ് ജെറീക്കോയിലെ സിക്കമൂർ ഉണർത്തുക, ഇന്നും കാത്തിരിക്കുന്നവർക്ക് പ്രതീക്ഷ നല്കുന്ന പ്രതീകമായി.

# 44

## ഗിൽഗാൽ
## ആദ്യത്തെ പാളയം

വാഗ്ദത്ത ഭൂമിയെ ലക്ഷ്യംവച്ചു യാത്ര ചെയ്ത ഇസ്രായേൽജനം ജോഷ്വായുടെ നേതൃത്വത്തിൽ അത്ഭുതകരമായി ജോർദാൻ നദി കടന്നതിനുശേഷം ആദ്യമായി പാളയമടിച്ച സ്ഥലമാണ് ഗിൽഗാൽ. ജെറീക്കോ പട്ടണത്തിൽനിന്ന് 2 കി.മീ കിഴക്കായി കണ്ടെത്തിയിരിക്കുന്ന നഷ്ടാവശിഷ്ടങ്ങൾ ഗിൽഗാലിന്റേതാണെന്നു കരുതപ്പെടുന്നു. പഴയനിയമത്തിൽ വളരെ പ്രധാനപ്പെട്ട ഒരു നഗരമാണ് ഗിൽഗാൽ.

"*ശിലാവൃത്തം*" എന്നാണ് *ഗിൽഗാൽ* എന്ന വാക്കിന്റെ അർത്ഥം എന്നു വ്യാഖ്യാതാക്കൾ കരുതുന്നു. അത്ഭുതകരമായി നദി കടന്നതിന്റെ ഓർമ്മയ്ക്കായി ജോഷ്വായുടെ കല്പനയനുസരിച്ച് ജനം നദിയിൽ നിന്നെടുത്ത പന്ത്രണ്ടു കല്ലുകൾ വൃത്താകൃതിയിൽ നാട്ടിനിർത്തി സ്ഥാപിച്ച സ്മാരകത്തിൽനിന്നാണ് ഈ പേരുണ്ടായത് എന്ന് ഔദ്യോഗികഭാഷ്യം (ജോഷ്വാ 4,19-24). ദൈവത്തിന്റെ രക്ഷാകരപ്രവൃത്തിയും അവിടുത്തെ പ്രമാണങ്ങളും ഓർമ്മിപ്പിക്കാനുള്ള ഒരു സ്മാരകമാണ് ഗിൽഗാൽ. മരുഭൂമിയിൽവച്ചു ജനിച്ച ഇസ്രായേൽമക്കൾക്ക് അവിടെവച്ച് പരിച്ഛേദനം നല്കിക്കൊണ്ട് ഈജിപ്തിന്റെ അപകീർത്തി നീക്കിക്കളഞ്ഞതിനാലാണ് ഈ പേരുണ്ടായത് എന്ന് മറ്റൊരു വ്യാഖ്യാനം (ജോഷ്വാ 5,1-9). *ഉരുട്ടിമാറ്റുക* എന്നർത്ഥമുള്ള "*ഗലാൽ*" എന്ന ക്രിയാധാതുവിൽനിന്നാണ് *ഗിൽഗാൽ* എന്ന പേരുണ്ടായതത്രേ. പേരിന്റെ ഉത്ഭവം എന്തായാലും ദൈവ

ത്തോടു വിശ്വസ്തത പുലർത്താനുള്ള ആഹ്വാനമാണ് ഗിൽഗാൽ ഉയർത്തുന്നത്. എന്നാൽ ഗിൽഗാൽ എപ്പോഴും വിശ്വസ്തതയുടെ കേന്ദ്രവും അടയാളവും മാത്രം ആയിരുന്നില്ല.

ഇവിടെനിന്നാണ് ജോഷ്വാ കാനാൻദേശം കീഴടക്കാനുള്ള മുന്നേറ്റങ്ങൾ ആരംഭിച്ചത് (ജോഷ്വാ 6,11-14; 10,6-43). ഇവിടെ സ്ഥാപിച്ചിരുന്ന ആരാധനാലയത്തിൽ സാമുവേൽ ശുശ്രൂഷ നടത്തുകയും നീതിപാലനം നിർവ്വഹിക്കുകയും ചെയ്തിരുന്നു (1 സാമു 7,16). ഇവിടെവച്ചാണ് സാവൂളിനെ ഇസ്രായേലിന്റെ ആദ്യ രാജാവായി വാഴിച്ചത് (1 സാമു 10,8; 11,14-15). ജോഷ്വായുടേതെന്നപോലെ സാവൂളിന്റെയും സൈനികതലസ്ഥാനമായിരുന്നു ഗിൽഗാൽ (1 സാമു 13,4). അബ്ശലോമിനെ ഭയന്ന് പലായനം ചെയ്ത ദാവീദ് മരുഭൂമിയിൽ നിന്നു മടങ്ങി വന്നപ്പോൾ യൂദാ ഗോത്രം സ്വീകരണമൊരുക്കിയത് ഗിൽഗാലിലാണ് (2 സാമു 19,40). ഏലിയായും ഏലീഷായും ഗിൽഗാലിൽ പ്രവർത്തിച്ചിരുന്നു (2 രാജാ 2,1; 4,38). എന്നാൽ എട്ടാം നൂറ്റാണ്ടായപ്പോഴേക്കും ഗിൽഗാൽ ഒരു വിഗ്രഹാരാധനാകേന്ദ്രമായിത്തീർന്നിരുന്നു.

ജെറൊബേവാം രണ്ടാമന്റെ കാലത്ത് രംഗപ്രവേശം ചെയ്ത ആമോസ് ഗിൽഗാലിനെ അകൃത്യങ്ങളുടെ കേന്ദ്രമായും അങ്ങോട്ടുള്ള തീർത്ഥാടനത്തെ പാപം വർദ്ധിപ്പിക്കുന്ന ആചാരമായും വ്യാഖ്യാനിച്ചു (ആമോസ് 4,4; 5,5). വിഗ്രഹാരാധനയുടെ തുടക്കം തന്നെ ഗിൽഗാലിൽ ആണെന്ന് ഹോസിയാ (5,5) കുറ്റപ്പെടുത്തി. നശിപ്പിക്കേണ്ട കൊള്ളവസ്തുക്കൾ സൂക്ഷിച്ചുവച്ച ആഖാന്റെ പ്രവൃത്തിയിലേക്കാണ് (ജോഷ്വാ 7) ഹോസിയാ വിരൽ ചൂണ്ടുന്നത്. എന്നാലും ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ വിളിച്ചറിയിച്ചുകൊണ്ട് ഗിൽഗാലിന്റെ ഓർമ്മ ഇന്നും നിലനില്ക്കുന്നു, വൃത്താകൃതിയിൽ നാട്ടിനിർത്തിയ ശിലാസ്മാരകംപോലെ.

# 45

## ആദാം
## ദൈവം കെട്ടിയ ചിറ

ഇസ്രായേൽ ജനത്തിന് വാഗ്ദത്തഭൂമിയിൽ പ്രവേശിക്കാൻ വേണ്ടി ദൈവം വലിയൊരത്ഭുതം പ്രവർത്തിച്ച സ്ഥലമാണ് ആദാം. ജെറീക്കോയിൽനിന്ന് ഏകദേശം 25 കിലോമീറ്റർ വടക്ക്, ജോർദാൻ നദീതീരത്തുള്ള ചെറിയ ഒരു പട്ടണമാണിത്. ഉടമ്പടിയുടെ പേടകം വഹിച്ച പുരോഹിതന്മാരുടെ പാദങ്ങൾ ജലത്തെ സ്പർശിച്ചപ്പോൾ ജോർദാൻനദിയുടെ ഒഴുക്കുനിലച്ചു. "*ആദാം പട്ടണത്തിനരികെ അതു ചിറപോലെ പൊങ്ങി. ആരാബാ ഉപ്പു കടലിലേക്ക് ഒഴുകിയ വെള്ളം നിശ്ശേഷം വാർന്നുപോയി. ജനം ജെറീക്കോയ്ക്കു നേരെ മറുകരകടന്നു*" (ജോഷ്വാ 3,16).

ചെങ്കടൽ വിഭജിച്ചതിനുസമാനമായൊരു അത്ഭുതമായിട്ടാണ് ബൈബിൾ ഈ സംഭവത്തെ അവതരിപ്പിക്കുന്നത്. ദൈവത്തിന്റെ ശക്തിയും ജനത്തോടുള്ള കരുതലും അത് പ്രകടമാക്കുന്നു. ദൈവത്തിലുള്ള വിശ്വാസവും നേതാവായ ജോഷ്വായോടുള്ള ആദരവും ജനഹൃദയത്തിൽ വേരുറയ്ക്കാൻ അതു സഹായിച്ചു. "*നിങ്ങളെത്തന്നെ വിശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും*" (ജോഷ്വാ 3,5) എന്ന ജോഷ്വായുടെ വാഗ്ദാനവും "*ഇന്ന് നിന്നെ ഞാൻ ഇസ്രായേൽ ജനത്തിന്റെ മുമ്പാകെ ഉന്നതനാക്കാൻ പോകുന്നു*" (ജോഷ്വാ 3,7) എന്നു ജോഷ്വായോടുള്ള കർത്താവിന്റെ പ്രഖ്യാപനവും അതിലൂടെ നിറവേറി.

വീണ്ടും രണ്ടുതവണ ജോർദാൻ നദിയുടെ ഒഴുക്കു നിലക്കുകയും വരണ്ട നിലത്തുകൂടെ നദി കടക്കാൻ കഴിയുകയും ചെയ്തതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഏലിയാ തന്റെ മേലങ്കി ചുരുട്ടി നദിയിൽ അടിച്ചപ്പോൾ നദിയിൽ വഴി തെളിഞ്ഞു. ഏലിയായുടെ ശിഷ്യനും പിൻഗാമിയുമായ ഏലീഷായും ഇതേ അത്ഭുതം ആവർത്തിച്ചു (2 രാജാ 2,8–14). അവർ യഥാർത്ഥ പ്രവാ

ചകന്മാരായിരന്നുവെന്ന് കർത്താവുതന്നെ സാക്ഷ്യം നല്കിയ താണ് ഈ അത്ഭുതങ്ങൾ.

ചരിത്രത്തിലുള്ള ദൈവത്തിന്റെ അത്ഭുതകരമായ ഇടപെട ലായി ബൈബിൾ അവതരിപ്പിക്കുന്ന ഈ സംഭവങ്ങൾക്ക് സ്വാഭാ വികമായ വിശദീകരണങ്ങൾ നല്കപ്പെടാറുണ്ട്. ജോർദാൻ കരക വിഞ്ഞൊഴുകുന്ന സമയത്താണ് ജോഷ്വായും സംഘവും അത്ഭു തകരമായി നദി കടന്നത്. അതു കൊയ്ത്തുകാലമായിരുന്നു, അതാ യത് പെസഹായ്ക്കു പന്തക്കുസ്തായ്ക്കും ഇടയിലുള്ള കാലം, ഏപ്രിൽ മെയ്മാസങ്ങൾ. മലകളിലെ മഞ്ഞുരുകിയും മഴപെയ്തു മാണ് ഈ കാലയളവിൽ നദിയിൽ വെള്ളപ്പൊക്കമുണ്ടാവുക. കിഴു ക്കാംതൂക്കായ മലയിടുക്കിലൂടെ ഒഴുകിവരുന്ന നദിയിലേക്ക് ചില പ്പോഴൊക്കെ മണ്ണിടിഞ്ഞു വീണ് ഒഴുക്ക് തടസ്സപ്പെടാറുണ്ട്. എന്നാൽ ഒഴിഞ്ഞുമാറാൻ വേറെ വഴിയില്ലാത്തതിനാൽ ഉയരുന്ന വെള്ള ത്തിന്റെ സമ്മർദ്ദംമൂലം തടസ്സമായി നില്ക്കുന്ന കല്ലും മണ്ണും ഒഴു കിമാറുകയും നദി പ്രയാണം തുടരുകയും ചെയ്യും. കഴിഞ്ഞ നൂറ്റാ ണ്ടിന്റെ ആരംഭകാലത്ത് ഏതാണ്ട് ഇരുപത്തിനാലു മണിക്കൂറോളം ഇപ്രകാരം ഒഴുക്ക് തടസ്സപ്പെട്ടിരുന്നു.

ഒരുപക്ഷേ ഇങ്ങനെ ഒരു മലയിടിച്ചിൽ കാരണമായിരിക്കാം ഇസ്രായേൽ ജനത്തിന് നദി കടക്കാൻ കഴിഞ്ഞത്. ആദാമിൽ ഉണ്ടായ ഈ സംഭവം 25 കിലോമീറ്റർ അകലെനിന്നു ജനത്തിനു കാണാൻ കഴിഞ്ഞില്ല. അവരെ സംബന്ധിച്ച് ദൈവത്തിന്റെ പ്രത്യേക പരിപാലനയുടെ അനുഭവമായിരുന്നു നദി കടക്കൽ. ദൈവമാണ് പ്രകൃതിയുടെ നാഥൻ എന്നും പ്രപഞ്ചശക്തികൾ അവിടുത്തെ കല്പന അനുസരിക്കുന്നെന്നും ഗ്രഹിക്കുമ്പോൾ സ്വാഭാവികം എന്നു വിശേഷിപ്പിക്കുന്ന സംഭവങ്ങളും ദൈവപരി പാലനയുടെ അത്ഭുതകരമായ അടയാളങ്ങളായേ കാണാൻ കഴിയൂ.

കരകവിഞ്ഞൊഴുകിയ നദിയിലേക്ക് പുരോഹിതർ നിർഭയരായി ഇറങ്ങിയപ്പോഴാണ് ഒഴുക്കു നിലച്ചത്. അവർ വഹിച്ചത് കർത്താ വിന്റെ സാന്നിധ്യം വിളിച്ചറിയിക്കുന്ന ഉടമ്പടിയുടെ പേടകമായി രുന്നു. പ്രക്ഷുബ്ധമായ നദിയിലേക്കും അപകടം നിറഞ്ഞ ജീവിത സാഹചര്യങ്ങളിലേക്കും ഉറച്ച വിശ്വാസത്തോടെ ജനത്തിനുമുമ്പേ കർത്താവിനെയും വഹിച്ച് ഇറങ്ങാനും, ജനം അപകടം തരണം ചെയ്തു കഴിയുന്നതുവരെ അവിടെത്തന്നെ നില്ക്കാനുമുള്ള പൗരോ ഹിത്യത്തിന്റെ കടമയെയും ആദാമിലെ ചിറ അനുസ്മരിപ്പിക്കുന്നു.

# 46

## ഗിലയാദ്
## സൗഖ്യം നല്കാത്ത ഔഷധം

*"ഗിലയാദിൽ ഔഷധമില്ലേ? രോഗശാന്തി നല്കാൻ അവിടെ ഭിഷഗ്വരനില്ലേ? പിന്നെ എന്തുകൊണ്ടാണ് എന്റെ ജനത്തിന് രോഗശാന്തി ഉണ്ടാകാത്തത്?"* (ജറെ 8,22).

ജോർദാൻ നദിയുടെ കിഴക്ക് റൂബെൻ, ഗാദ്, മനാസ്സെ ഗോത്രങ്ങൾക്ക് അവകാശമായി കിട്ടിയ പ്രദേശമാണ് ഗിലയാദ്. വടക്ക് യാർമൂക്ക് നദിയും തെക്ക് അർണോൻ നദിയും അതിരുകളായുള്ള ഫലസമൃദ്ധമായ മലമ്പ്രദേശമാണത്. ചാവുകടലിനു വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ഈ പ്രദേശം ഇന്ന് ജോർദാൻ രാജ്യത്തിലാണ്. കാനാൻദേശം കീഴടക്കുന്നതിനുമുമ്പേ ഇസ്രായേൽക്കാർ ഈ പ്രദേശം കൈവശപ്പെടുത്തിയിരുന്നു. റാമോത്ത് ഗിലയാദ്, യാബെഷ് ഗിലയാദ്, മഹനായിം, മിസ്പാ, സൂക്കോത്ത് എന്നിവയായിരുന്നു ഗിലയാദിലെ പ്രമുഖനഗരങ്ങൾ. യേശുവിന്റെ കാലത്ത് പെല്ലാ, ഗെരാസാ എന്നീ നഗരങ്ങളും ഗിലയാദിൽ ഉണ്ടായിരുന്നു.

അമ്മോന്യരെ കീഴടക്കി ഇസ്രായേൽക്കാർ ഗിലയാദിൽ വാസമുറപ്പിച്ചെങ്കിലും അമ്മോന്യർ വീണ്ടും ശക്തിയാർജ്ജിക്കുകയും ഇസ്രായേൽക്കാർക്കു ഭീഷണിയാവുകയും ചെയ്തു. ജായീർ, ജെഫ്താ എന്നീ ന്യായാധിപന്മാർ ഗിലയാദിൽവന്ന് അമ്മോന്യരെ പരാജയപ്പെടുത്തി (ന്യായാ 10-12). സാവൂളും പിന്നീട് ദാവീദും ഗിലയാദിൽവച്ച് അമ്മോന്യർക്കെതിരേ യുദ്ധം നടത്തിയിട്ടുണ്ട്

(1 സാമൂ 11; 2 സാമു 10). ബി.സി. 9-8 നൂറ്റാണ്ടുകളിൽ പലത വണ സിറിയായുടെ ആക്രമണമുണ്ടായി. ബി.സി. 721 ൽ ഇസ്രാ യേലിനെ കീഴടക്കിയ അസീറിയാക്കാർ ഗലിയാദിലുണ്ടായിരുന്ന ഇസ്രായേല്യരെ മുഴുവൻ നാടുകടത്തി. അങ്ങനെ ഗിലയാദ് വിജാ തീയരുടെ കൈവശമായി.

ഫലസമൃദ്ധമായ മലമ്പ്രദേശമാണ് ഗിലയാദ്. ഗോതമ്പുകൃ ഷിയാണ് മുഖ്യം. ആടുമേയ്ക്കലും ഒരു മുഖ്യതൊഴിലായിരുന്നു. ഗിലയാദിലെ ആടുകൾ പ്രസിദ്ധമായിരുന്നു (ഉത്ത 6,5). സമൃദ്ധി യുടെയും സുഖലോലുപതയുടെയും പര്യായമാണ് ഗിലയാദ് (ജറെ 22,6). വിവിധ ഔഷധങ്ങൾ, പ്രത്യേകിച്ചും മുറിവുണക്കുന്ന തൈലം ഗിലയാദിൽനിന്നു കയറ്റി അയച്ചിരുന്നു (ഉൽപ 37,25). ഗിലയാദിലെ ഭിഷഗ്വരന്മാരും പ്രസിദ്ധരായിരുന്നു. എന്നാൽ അവ രുടെ ഔഷധങ്ങളും ചികിത്സയുംവഴി സുഖപ്പെടുത്താനാവാത്ത മുറിവുകളാണ് കർത്താവിനോടുള്ള അവിശ്വസ്തത വരുത്തിവ യ്ക്കുന്നത്.

"*ഗിലയാദിലേക്കുപോകൂ, തൈലം കൈയ്യിലെടുക്കൂ, നീ അന വധി ഔഷധങ്ങൾ ഉപയോഗിച്ചു; എല്ലാം പാഴായിപ്പോയി. നിനക്കു രോഗശാന്തിയില്ല*" (ജറെ 46,11) എന്ന തിരുവചനങ്ങൾ പാപത്തിന്റെ കാഠിന്യത്തെക്കുറിച്ച് അനുസ്മരിപ്പിക്കുന്നു. ഗില യാദിലെ ഔഷധത്തിനു സുഖപ്പെടുത്താനാവാത്ത മുറിവുണങ്ങു ന്നതിന് യഥാർത്ഥ മനസ്താപത്തോടെ കർത്താവിലേക്കു തിരി യണം; ജീവിതം നവീകരിക്കണം (ജറെ 30, 12-17).

# 47

## ബാഷാൻ
## വന്ധ്യമായ സമൃദ്ധി

ഗിലായദിനു വടക്കുള്ള പീഠഭൂമിയാണ് ബാഷാൻ. കിഴക്ക് ജോർദാൻ നദിയും തെക്ക് യാർമൂക്ക് നദിയും വടക്ക് ഹെർമോൺ പർവ്വതവുമാണ് അതിരുകൾ. കാനാൻദേശത്തു പ്രവേശിക്കുന്നതിനുമുമ്പ് ഇസ്രായേൽക്കാർ ഓഗ് രാജാവിനെ തോല്പിച്ച് ഈ പ്രദേശം കൈവശമാക്കി. മനാസ്സെയുടെ ഗോത്രമാണ് ഇവിടെ വാസമുറപ്പിച്ചത്. സിറിയാക്കാർ ഈ ദേശം പിടിച്ചടക്കിയെങ്കിലും ഇസ്രായേൽ രാജാവായ ജറെബൊവാം രണ്ടാമൻ ഇതു വീണ്ടും കീഴടക്കി ഇസ്രായേലിന്റെ ഭാഗമാക്കി. അസ്സീറിയൻ ആധിപത്യത്തോടെ ഗിലയാദുപോലെ ബാഷാനും വിജാതീയരുടെ നാടായിത്തീർന്നു. ഇന്ന് ഈ പ്രദേശം ജോർദാന്റെയും സിറിയായുടെയും ആധിപത്യത്തിലാണ്.

*ഫലപുഷ്ടമായ സമതലം, കല്ലുകളില്ലാത്ത വയൽ* എന്നൊക്കെയാണ് *ബാഷാൻ* എന്ന പേരിന് അർത്ഥം. അഗ്നിപർവ്വതത്തിൽനിന്ന് ഒഴുകിയിറങ്ങി ഉറച്ച ലാവാ ഇവിടെയുള്ളതിനാൽ ഗ്രീക്കിൽ ഈ പ്രദേശത്തെ *ത്രാക്കോണിത്തിസ്* എന്നു വിളിച്ചിരുന്നു. *ഉറഞ്ഞ ലാവാ* എന്നാണ് വാക്കിനർത്ഥം. യേശുവിന്റെ കാലത്ത് ഈ പ്രദേശത്തിന് *ബത്താനെയാ, ത്രാക്കോണിത്തിസ്, ഔരാനിത്തിസ്, ഗൗളാനിത്തിസ്, ഇത്തൂറിയാ* എന്നിങ്ങനെ പല പേരുകളുണ്ടായിരുന്നു. ഫിലിപ്പിന്റെ ഭരണത്തിൻ കീഴിലായിരുന്നു ഈ പ്രദേശം (ലൂക്കാ 3.1).

ബാഷാൻ ഫലസമൃദ്ധിയുടെതന്നെ പര്യായമായിരുന്നു. സമൃ

ദ്ധമായി ധാന്യം വിളയുന്ന വയലുകളും തഴച്ചുവളരുന്ന പുൽമേടുകളും ഈ പ്രദേശത്തിന്റെ പ്രത്യേകതയായിരുന്നു. തൂക്കത്തിലും കരുത്തിലും ഈ പ്രദേശത്തെ മൃഗങ്ങൾ ഒന്നാംസ്ഥാനത്തായിരുന്നു. കൊഴുത്തു തടിച്ച്, മേദസ് മുറ്റിയ ഇവിടുത്തെ പശുക്കൾ പാലിനെന്നതിനേക്കാൾ മാംസത്തിനായിരുന്നു പ്രസിദ്ധിയാർജ്ജിച്ചത് (നിയ 32,14; എസെ 39,18). അതിനാലാവണം തലസ്ഥാനനഗരിയിലെ സുഖാലസരായ വനിതകളെ ആമോസ് പ്രവാചകൻ ബാഷാനിലെ പശുക്കളോടു താരതമ്യം ചെയ്തത്. "*ദരിദ്രരെ പീഡിപ്പിക്കുകയും അവരെ ചവിട്ടിയരയ്ക്കുകയും ഞങ്ങൾക്കു കുടിക്കാൻ കൊണ്ടുവരിക എന്ന് ഭർത്താക്കന്മാരോടു പറയുകയും ചെയ്യുന്ന സമരിയായിലെ ബാഷാൻ പശുക്കളേ ശ്രവിക്കുവിൻ!.... ശത്രു നിങ്ങളെ കൊളുത്തിട്ടിഴയ്ക്കുന്ന നാൾ വരുന്നു*" (ആമോ 4,1-2).

ബാഷാനിലെ കാളക്കൂറ്റന്മാർ കരുത്തിന്റെയും ക്രൂരതയുടെയും പര്യായമായിരുന്നു. "*കാളക്കൂറ്റന്മാർ എന്നെ വളഞ്ഞിരിക്കുന്നു; ബാഷാനിലെ കാളക്കൂറ്റന്മാർ എന്നെ ചുറ്റിയിരിക്കുന്നു*" (സങ്കീ 22,12). അക്രമവും ചൂഷണവും വഴി സമ്പാദിച്ച സമൃദ്ധിയും പാവപ്പെട്ടവരെ നശിപ്പിക്കുന്ന കരുത്തും നിലനില്ക്കുകയില്ല, സമൂലനാശത്തിനു കാരണമാകും എന്ന സൂചനയാണ് ബാഷാൻ നല്കുന്നത്. ദേശം ഫലപുഷ്ടമെങ്കിലും നീതിയുടെ ഫലം പുറപ്പെടുവിക്കാത്ത സമൃദ്ധി വന്ധ്യമാണെന്ന് അത് വിളിച്ചറിയിക്കുന്നു.

# 48

## ബെഥേൽ
## പരാജിതന്റെ ദൈവം

"*തീർച്ചയായും കർത്താവ് ഈ സ്ഥലത്തുണ്ട്. എന്നാൽ ഞാൻ അതറിഞ്ഞില്ല. ഭീതിപൂണ്ട് അവൻ പറഞ്ഞു: ഈ സ്ഥലം എത്ര ഭയാനകമാണ്! ഇത് ദൈവത്തിന്റെ ഭവനമല്ലാതെ മറ്റൊന്നുമല്ല. സ്വർഗ്ഗത്തിന്റെ കവാടമാണിവിടം... അവൻ ആ സ്ഥലത്തിന് ബെഥേൽ എന്ന് പേരിട്ടു*" (ഉൽപ 28,1-12).

തന്നെ വധിക്കാൻ പ്രതിജ്ഞ ചെയ്ത ജ്യേഷ്ഠൻ എസാവിനെ ഭയന്ന് ഒളിച്ചോടിയ യാക്കോബിന്റെ ആത്മഗതമാണിത്. ഓടിത്തളർന്ന അവൻ രാത്രിയായപ്പോൾ വഴിവക്കിൽ കിടന്നുറങ്ങി. സൂത്രശാലിയെങ്കിലും ഭീരുവായിരുന്നു യാക്കോബ്. ഒരു പാത്രം പായസംകൊടുത്ത് ജ്യേഷ്ഠസ്ഥാനം കരസ്ഥമാക്കുകയും പിതാവിനെ കബളിപ്പിച്ച് അനുഗ്രഹം വാങ്ങുകയും ചെയ്തതിന്റെ കുറ്റബോധം അവനെ വേട്ടയാടി. തളർന്നുറങ്ങിയ അവന്റെ തലയ്ക്കുമുകളിൽ സ്വർഗ്ഗം തുറന്നു; സ്വർഗ്ഗത്തിലേക്കുയരുന്ന ഗോവണിയും മാലാഖമാരും മുകളിൽ കർത്താവും പ്രത്യക്ഷപ്പെട്ടു. അവിടെവച്ച് ദൈവം അവന് സംരക്ഷണവും അനുഗ്രഹവും വാഗ്ദാനം ചെയ്തു.

പരാജിതന്റെ തലയ്ക്കുമുകളിൽ സ്വർഗ്ഗം തുറന്ന സ്ഥലമാണ് *ബെഥേൽ. ദൈവത്തിന്റെ ഭവനം* എന്നാണ് വാക്കിനർത്ഥം. ജറുസലേം കഴിഞ്ഞാൽ ബൈബിളിൽ ഏറ്റം കൂടുതൽ പരാമർശവിഷയമാകുന്ന നഗരമാണിത്. ബി.സി. 2000 മുതൽ ബെഥേൽ ഒരു ആരാധനാകേന്ദ്രമായിരുന്നു. കാനാൻകാരുടെ ആരാധാനാകേന്ദ്ര

ത്തിനടുത്താണ് അബ്രാഹം ബലിപീഠം പണിതു ബലിയർപ്പിച്ചത് (ഉൽപ 12,8; 13,3-4). ഹാരാനിൽനിന്ന് കുടുംബസമേതം വലിയ സമ്പത്തുമായി തിരിച്ചുവന്ന യാക്കോബ് വീണ്ടും ബെഥേലിൽ വന്ന് ബലിപീഠം പണിത് കർത്താവിന് കൃതജ്ഞതാബലിയർപ്പിച്ചു. *അപരന്റെ സ്ഥാനം കരസ്ഥമാക്കുന്നവൻ* എന്നർത്ഥമുള്ള *യാക്കോബ്* എന്ന പേരിനു പകരം *ഇസ്രായേൽ* എന്ന പുതിയ പേര് ഇവിടെവച്ചാണ് നല്കപ്പെട്ടത് എന്നു ഒരു വിവരണം ബൈബിളിലുണ്ട് (ഉൽപ 35,1-15). റബേക്കയുടെ പരിചാരിക ദെബോറാ ഇവിടെയാണ് മരിച്ച് സംസ്ക്കരിക്കപ്പെട്ടത് (ഉൽപ 35,8).

ന്യായാധിപന്മാരുടെ കാലത്ത് ഉടമ്പടിയുടെ പേടകം കുറെക്കാലം ബെഥേലിൽ ആയിരുന്നു (ന്യായാ 20,28). അതിനാൽത്തന്നെ സുപ്രധാനമായ ഒരു തീർത്ഥാടനകേന്ദ്രമായിരുന്നു ആ നഗരം (1 സാമു 7,16). സോളമന്റെ മരണശേഷം വടക്കൻ രാജ്യമായ ഇസ്രായേലിലെ ആദ്യരാജാവായ ജറെബൊവാം ഒന്നാമൻ ജറുസലെമിനു ബദലായി ബെഥേലിനെ പടുത്തുയർത്തി. അവിടെ സ്വർണ്ണംകൊണ്ടുള്ള കാളക്കുട്ടിയെ പ്രതിഷ്ഠിച്ച്, ജനങ്ങളെ അങ്ങോട്ടാകർഷിച്ചു (1 രാജാ 12, 29).

അതിനെതിരേ പ്രവാചകൻ വഴി കർത്താവ് ശക്തമായ താക്കീതുനല്കുകയും ആരാധനാകേന്ദ്രത്തിന്റെ നാശം മുൻകൂട്ടി അറിയിക്കുകയും ചെയ്തു (1 രാജാ 13,1-5). ജോസിയാ രാജാവിന്റെ കാലത്ത് ഈ പ്രവചനം നിറവേറി ( 2 രാജാ 23,15-20). ഏലിയാ പ്രവാചകന്റെ കാലത്ത് ബെഥേലിൽ പ്രവാചകന്മാരുടെ ഒരു സമൂഹം വസിച്ചിരുന്നു (2 രാജാ 1-2). ആമോസിനു വിലക്കുകല്പിച്ച ആമാസിയാ പുരോഹിതൻ ബെഥേലിനെ രാജാവിന്റെ ശ്രീകോവിൽ എന്നാണ് വിശേഷിപ്പിച്ചത്. (ആമോ 7,13). പേർഷ്യക്കാർ നഗരം നശിപ്പിച്ചെങ്കിലും ഗ്രീക്കുഭരണകാലത്ത് അത് വീണ്ടും പണിതു. ക്രിസ്ത്യാനികൾ അവിടെ നിർമ്മിച്ച ദേവാലയത്തിന്റെ സ്ഥാനത്ത് ഇന്നൊരു മോസ്ക്കാണുള്ളത്.

ചരിത്രത്തിന്റെ ഗതിവിഗതികളിൽ പല രൂപഭാവങ്ങളിലൂടെ കടന്നുപോയ ബെഥേൽ ഇന്നും ഒരു സ്മാരകമായി ബൈബിളിന്റെ താളുകളിൽ നിലനില്ക്കുന്നു, കുറ്റബോധവും നിരാശയും വേട്ടയാടുന്ന പരാജിതന് ദൈവം നല്കുന്ന സംരക്ഷണത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായി.

# 49

## പെനുവേൽ
## കരുത്തുപകരുന്ന ദൈവം

"*ദൈവത്തെ ഞാൻ മുഖത്തോടുമുഖം കണ്ടു. എന്നിട്ടും ഞാൻ ജീവനോടെ ഇരിക്കുന്നല്ലോ എന്നു പറഞ്ഞുകൊണ്ട് യാക്കോബ് ആ സ്ഥലത്തിന് പെനുവേൽ എന്നു പേരിട്ടു*" (ഉൽപ 32,30).

*ദൈവത്തിന്റെ മുഖം* എന്നാണ് പേരിനർത്ഥം. *പെനിയേൽ* എന്നും ഈ പേരിനു പാഠഭേദമുണ്ട്. യാബോക്ക് നദി തീരത്തെ ഒരു കടവാണ് *പെനുവേൽ*. ഇന്ന് ഇത് ജോർദാൻ രാജ്യത്താണ്.

ഹാരാനിൽനിന്നു കാനാൻദേശത്തേക്കു മടങ്ങിവരുന്ന യാക്കോബ് യാബോക്ക് നദിയുടെ കടവിൽവച്ച് രാത്രിയിൽ ദൈവവുമായി മല്പിടുത്തം നടത്തിയ സ്ഥലമാണിത്. ഭീരുവായിരുന്ന യാക്കോബിന്റെ ബലം ഒളിച്ചോട്ടത്തിലായിരുന്നു. എന്നും ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാതെ ഒഴിഞ്ഞുമാറാനായിരുന്നു അവന്റെ ശ്രമം. ഏസാവിനെ ഭയന്ന് ഹാരാനിലേക്ക് ഒളിച്ചോടി. ഇപ്പോൾ അമ്മായിയപ്പൻ ലാബാനെ ഭയന്ന് കാനാനിലേക്ക്. യാബോക്കു നദിയുടെ കടവിൽവച്ച് യാക്കോബ് വലിയൊരു പ്രതിസന്ധിയിലായി. ജ്യേഷ്ഠൻ ഏസാവ് 400 പേരുടെ അകമ്പടിയോടെ തനിക്കെതിരെ വരുന്നു എന്ന അറിവ് അവനെ ഭയചകിതനാക്കി. കടവുകടന്ന് പടിഞ്ഞാറോട്ടുപോയാൽ എതിരെ വരുന്ന ജ്യേഷ്ഠന്റെ മുമ്പിൽ ചെന്നുപെടും. കിഴക്കോട്ടുപോയാൽ ലാബാന്റെ കൈകളിൽ.

ഒഴിഞ്ഞുമാറാനാവാത്ത ഈ പ്രതിസന്ധിയിൽ യാക്കോബ് തനിക്കുണ്ടായിരുന്ന സകലതും പുഴ കടത്തിയതിനുശേഷം ഒറ്റയ്ക്ക് ഇക്കരെ നിന്നു. എന്താണുദ്ദേശ്യം എന്ന് ബൈബിൾ പറയുന്നില്ല. ഏസാവ് വന്ന് എല്ലാം നശിപ്പിച്ചാലും ഒറ്റയ്ക്ക് ഓടി രക്ഷപ്പെടാം എന്നാണോ യാക്കോബിന്റെ ഉള്ളിരിപ്പ് എന്നു വ്യക്തമല്ല. എന്നാൽ ഒരുകാര്യം തീർച്ച. കർത്താവുതന്നെ അവന്റെ വഴി തടഞ്ഞു. ഉറങ്ങിക്കിടന്നവനെ വിളിച്ചുണർത്തി മല്പിടുത്തം നടത്തി. ഒളിച്ചോടാൻ ഇനി അവനെ അനുവദിക്കുകയില്ല.

മരണഭീതിയോടെ പൊരുതിയ യാക്കോബ് തന്റെ ഉള്ളിൽ ഉറങ്ങിക്കിടന്ന ശക്തി തിരിച്ചറിഞ്ഞു. അഥവാ ഭീരുവായിരുന്ന അവനെ കർത്താവുതന്നെ ധീരനും ശക്തനുമാക്കി. എല്ലാവരിൽനിന്നും ഒളിച്ചോടിയവൻ ഇപ്പോൾ ദൈവത്തോടു മല്ലടിച്ചു ജയിച്ചിരിക്കുന്നു! അങ്ങനെ "യാക്കോബ്" "ഇസ്രായേൽ" ആയി രൂപാന്തരപ്പെട്ട സ്ഥലമാണ് പെനുവേൽ. "*ഇനിമേൽ നീ യാക്കോബ് എന്നല്ല ഇസ്രായേൽ എന്നു വിളിക്കപ്പെടും. കാരണം, ദൈവത്തോടും മനുഷ്യരോടും നീ മല്ലടിച്ചു ജയിച്ചിരിക്കുന്നു*" (ഉൽപ 32,28). "ഇസ്രായേൽ" എന്ന പേരിന്റെ വിശദീകരണമാണിത്. ദൈവത്തെ നേരിൽക്കണ്ടാൽ മരണം നിശ്ചയം എന്ന വിശ്വാസം നിലനിന്നപ്പോഴാണ് യാക്കോബിന് ശക്തമായ ഈ ദൈവാനുഭവം ഉണ്ടായത്. ഇത് ഒളിച്ചോട്ടത്തിന്റെ തുടക്കത്തിലുണ്ടായിരുന്ന അനുഭവത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ബെഥേലിൽവച്ച് ദൈവം പ്രത്യക്ഷപ്പെട്ടതും രാത്രിയിലായിരുന്നു. അന്ന് വാഗ്ദാനങ്ങൾ നല്കിയാണ് യാക്കോബിനെ ശക്തിപ്പെടുത്തിയത്; പെനുവേലിലെ രാത്രിയിലാകട്ടെ മല്പിടുത്തത്തിലൂടെയും.

പെനുവേൽ അനുഭവത്തിന്റെ ബാക്കിപത്രമായി ബൈബിൾ രണ്ടു കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ട്. സമയത്തെക്കുറിച്ചുള്ള സൂചനയാണ് ഒന്ന്. "*അവൻ പെനുവേൽ കടന്നപ്പോഴേക്കും സൂര്യൻ ഉദിച്ചു.*" പ്രകാശത്തിലേക്കാണ് യാക്കോബ് മടങ്ങിവരുന്നത്. അതു പ്രത്യാശയുടെ സൂചനയുമാണ്. അവന്റെ ശരീരാവസ്ഥയെ സംബന്ധിച്ചതാണ് രണ്ടാമത്തേത്. "*ഉളുക്കു നിമിത്തം അവൻ ഞൊണ്ടുന്നുണ്ടായിരുന്നു*" (ഉൽപ 32,21). ഇനി അവന് ഓടാൻ കഴിയുകയില്ല, ഒളിച്ചോടേണ്ട ആശ്യവുമില്ല. ജീവിതപ്രശ്നങ്ങളെ നേരിട്ട് വിജയം വരിക്കുന്നതിനു കർത്താവു നല്കുന്ന കരുത്തിന്റെ പ്രതീകമാണ് പെനുവേൽ.

# 50

## ആയി
## വിശുദ്ധിയിലൂടെ വിജയം

ജറുസലേമിൽനിന്ന് 16 കി.മീ. വടക്ക്, ബെഥേലിൽനിന്ന് 3 കി.മീ വടക്കുകിഴക്കായി സ്ഥിതിചെയ്തിരുന്ന ഒരു പട്ടണമാണ് *ആയി. നാശക്കൂമ്പാരം* എന്നാണ് പേരിന് അർത്ഥം. അതിനു സമീപം അബ്രാഹം രണ്ടുതവണ കൂടാരമടിച്ചതായി ബൈബിളിൽ പറയുന്നുണ്ട് (ഉൽപ 12,8; 13,3). *എത് ടെൽ* എന്ന പേരിൽ ഇന്ന് അറിയപ്പെടുന്ന ഗ്രാമത്തിനു സമീപമായിരുന്നു ഈ പട്ടണം എന്നു കരുതപ്പെടുന്നു. ജോഷ്വായുടെ നേതൃത്വത്തിൽ കാനാൻദേശം കീഴടക്കാൻ ശ്രമിച്ച ഇസ്രായേൽക്കാർ ആദ്യം തോറ്റോടിയസ്ഥലം എന്ന നിലയിലാണ് ആയി പട്ടണം അറിയപ്പെടുന്നത്. ജോഷ്വാ 7-8 അധ്യായങ്ങളിൽ ഈ പട്ടണത്തിനുവേണ്ടിയുള്ള പോരാട്ടത്തിന്റെ ചരിത്രം വിവരിച്ചിരിക്കുന്നു.

അതിശക്തമായ ജെറീക്കോ നഗരം നിഷ്പ്രയാസം കീഴടക്കാൻ കഴിഞ്ഞതിൽ ആഹ്ലാദഭരിതരായ ജനം അടുത്തുള്ള പട്ടണമായ ആയിയിലേക്കാണ് തുടർന്നു ശ്രദ്ധ തിരിച്ചത്. ചെറിയ പട്ടണമായതിനാൽ ചുരുക്കം പടയാളികളെക്കൊണ്ട് എളുപ്പത്തിൽ കീഴടക്കാൻ കഴിയും എന്നു ചാരന്മാർ വഴി മനസ്സിലാക്കിയ ജോഷ്വാ മൂവായിരം പേരുടെ ഒരു സൈന്യത്തെ അങ്ങോട്ടയച്ചു. എന്നാൽ അവർ തോറ്റോടി, 36 പേർ കൊല്ലപ്പെടുകയും ചെയ്തു.

പരിഭ്രാന്തരായ ജനവും നേതാവും കർത്താവിന്റെ മുമ്പിൽ ഉപവസിച്ചു. നിലവിളിച്ചു. ജെറീക്കോ പട്ടണത്തിൽ നിന്ന് നിഷിദ്ധമായ വസ്തുക്കൾ ഒരു ഇസ്രായേൽക്കാരൻ എടുത്തു സൂക്ഷി

ച്ചതാണ് തോൽവിയുടെ കാരണം എന്ന് കർത്താവ് അവർക്കു വെളിപ്പെടുത്തിക്കൊടുത്തു. കുറ്റവാളിയെ ശിക്ഷിച്ചതിനുശേഷം തന്ത്രപൂർവ്വമായ നീക്കങ്ങളിലൂടെ പട്ടണം കീഴടക്കാൻ ജോഷ്വായ്ക്കു സാധിച്ചു.

"*നീ എഴുന്നേറ്റ് ജനത്തെ ശുദ്ധീകരിക്കുക; നാളത്തേക്ക് തങ്ങളെത്തന്നെ ശുദ്ധീകരിക്കാൻ അവരോടു പറയുക*" (ജോഷ്വാ 7.13) എന്ന കർത്താവിന്റെ നിർദ്ദേശം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ജീവിതം ഒരു യുദ്ധം പോലെയാണ്; തിന്മകയ്ക്കെതിരേ നടക്കുന്ന നിരന്തരമായ പോരാട്ടം. അവിടെ നിതാന്തജാഗ്രത ആവശ്യമാണ്. വിട്ടുവീഴ്ചകൂടാതെ, കർത്താവിനോടും അവിടുത്തെ പ്രമാണങ്ങളോടുമുള്ള വിശ്വസ്തതയിലൂടെ മാത്രമേ വിജയം വരിക്കാൻ കഴിയൂ.

ആയി പട്ടണത്തിൽ വച്ചു നേരിട്ട പരാജയവും പിന്നീടുണ്ടായ വിജയവും വിലപ്പെട്ട ഒരു പാഠമാണ് നല്കുന്നത്. ചെറിയ പ്രതിബന്ധങ്ങൾക്കുമുന്നിൽപോലും പതറിപ്പോകാൻ അവിശ്വസ്തത കാരണമാകുന്നു. "*എന്നെകൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല*" (യോഹ 15,5) ഏന്ന യേശു വചനം അനുസ്മരിപ്പിക്കുന്നതാണ് ഈ സംഭവം. ദൈവം നല്കുന്ന ദാനമാണ് വിജയം; അതിനു വിശ്വസ്തത കൂടിയേ കഴിയൂ.

# 51

## ആഖോർ താഴ്വര
## മോഹം വിതച്ച വിനാശം

യൂദാഗോത്രത്തിന് അവകാശമായി കിട്ടിയ പ്രദേശത്തിന്റെ വടക്കെ അതിർത്തിയിലാണ് ആഖോർത്താഴ്വര (ജോഷ്വാ 15,7). ജെറീക്കോ പട്ടണത്തിന്റെ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഈ താഴ്വര *എൽബുഖെയാ* എന്ന പേരിൽ അറിയപ്പെടുന്നു. *കുഴപ്പം, കൊടിയ ദുരിതം* എന്നൊക്കെയാണ് *ആഖോർ* എന്ന പേരിന്റെ അർത്ഥം. ഇസ്രായേൽ ജനത്തിന്റെ പരാജയത്തിനിട യാക്കുകയും അതിനു കാരണക്കാരനായവനെ കുടുംബസമേതം കല്ലെറിഞ്ഞു കൊല്ലുകയും ചെയ്ത സംഭവങ്ങളുടെ ദുഃഖകരമായ ഓർമ്മ നിലനിർത്തുന്നതിനാലാവാം ഈ പേരുണ്ടായത്. ജോഷ്വാ 7,16-26-ൽ ഈ സംഭവം വിവരിക്കുന്നുണ്ട്.

ആയി പട്ടണം ആക്രമിച്ചപ്പോൾ ഇസ്രായേൽ സൈന്യം തോറ്റോടിയതിന്റെ കാരണം യൂദാഗോത്രജനായ സേരായുടെ മകൻ സബ്ദിയുടെ പൗത്രനും കാർമ്മിയുടെ പുത്രനുമായ ആഖാന്റെ പാപമാണെന്ന് കർത്താവ് വെളിപ്പെടുത്തി. തുടർന്നുള്ള അന്വേഷണത്തിൽ ആഖാൻ കുറ്റം ഏറ്റുപറഞ്ഞു. ജെറീക്കോപട്ടണത്തിലെ കൊള്ളവസ്തുക്കളിൽനിന്ന് വിശി ഷ്ടമായ "*ഒരു മേലങ്കിയും ഇരുന്നൂറു ഷെക്കൽ വെള്ളിയും അമ്പതു ഷെക്കൽ തൂക്കമുള്ള ഒരു സ്വർണ്ണക്കട്ടിയും ഞാൻ കണ്ടു. മോഹം തോന്നി, ഞാൻ അവ എടുത്തു. വെള്ളി ഏറ്റവും അടി യിലായി. അവയെല്ലാം എന്റെ കൂടാരത്തിനുള്ളിൽ കുഴിച്ചിടുകയും ചെയ്തു*" (ജോഷ്വാ 7,21).

അതികഠിനമായ ശിക്ഷയാണ് കുറ്റവാളികൾക്കു വിധിച്ചത്. ആഖാനെയും കുടുംബത്തെയും ആഖോർ താഴ്‌വരയിൽവച്ച് ജനം കല്ലെറിഞ്ഞുകൊന്നു; കൊള്ളവസ്തുക്കൾ മാത്രമല്ല, ആഖാന്റേതായുണ്ടായിരുന്ന സകലതും തീയിൽ ദഹിപ്പിച്ചു. മൃതശരീരങ്ങൾക്കുമുകളിൽ നിത്യസ്മാരകമായി ഒരു കല്ക്കൂമ്പാരം ഉയർത്തി (ജോഷ്വാ 7,25-26).

പ്രത്യക്ഷത്തിൽ കിരാതവും അതിക്രൂരവുമായ ഒരു ശിക്ഷയാണിത്. എന്നാൽ ഇതിലൂടെ തലമുറതോറും നിലനില്ക്കുന്ന വലിയൊരു പാഠം ബൈബിൾ നല്കുന്നുണ്ട്. ബലിയർപ്പണത്തിനായി മാറ്റിവച്ചതായിരുന്നു ജെറീക്കോപട്ടണവും അതിലുള്ള സമസ്തവും. ദൈവത്തിനു കാഴ്ചയായി അർപ്പിക്കുന്നതാണല്ലോ ബലിയർപ്പണം. ദൈവത്തിനു നല്കേണ്ടത് സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി മോഷ്ടിച്ചതാണ് ആഖാന്റെ തെറ്റിന്റെ ഒരുവശം. സ്വന്തം ജീവിതത്തിൽ ദൈവത്തിനു നല്കേണ്ട പ്രഥമസ്ഥാനം നല്കാതിരിക്കുന്നതിന്റെ ഉദാഹരണമാണിത്. ദൈവകല്പനയുടെ ലംഘനം മാരകമായ പാപമാണെന്ന് ഇതിലൂടെ പഠിപ്പിക്കുന്നു. ഈ സംഭവത്തിന് മറ്റൊരു വശംകൂടിയുണ്ട്.

കർത്താവിനുവേണ്ടി മാറ്റിവയ്ക്കപ്പെടുന്നത് പൊതുസ്വത്താണ്. അത് ആരും സ്വന്തം ഉപയോഗത്തിനായി എടുത്തുകൂടാ. വിശപ്പടക്കാനുള്ള ആഹാരമല്ല ഇവിടെ പരാമർശവിഷയം. അതിവിശിഷ്ടമായ മേലങ്കിയും വെള്ളിയും സ്വർണ്ണവുമാണ്; ഇതെല്ലാം ആഡംബരവസ്തുക്കളും. ആഡംബരത്തിനും ആർഭാടത്തിനും വേണ്ടി പൊതുമുതൽ കൊള്ളയടിക്കുന്നവർക്കെതിരേയുള്ള അതിശക്തമായൊരു താക്കീതുമാണ് ആഖോർ താഴ്‌വരയിലെ കല്ക്കൂമ്പാരം.

"*ആഖോർ താഴ്‌വര ഞാൻ പ്രത്യാശയുടെ കവാടമാക്കും*" (ഹോസി 2,15) എന്ന വാഗ്ദാനവും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പാപത്തിന്റേതും മരണത്തിന്റേതുമല്ല, രക്ഷയുടേതും നിത്യജീവന്റേതുമാണ് അവസാനവാക്ക് എന്നും ആഖോർ താഴ്‌വര അനുസ്മരിപ്പിക്കുന്നു; (ഏശ 65,10). ശാപവും ശിക്ഷയുമെല്ലാം മാനസാന്തരത്തിലേക്കു ക്ഷണിക്കുന്ന ദൈവസ്നേഹത്തിന്റെ തന്നെ അടയാളങ്ങളാണെന്നും ഓർമ്മിപ്പിക്കുന്നു.

# 52

## ഗിബെയോൺ സഖ്യത്തിലൂടെ സംരക്ഷണം

ആയിപട്ടണത്തിൽനിന്ന് ഏകദേശം 10 കി.മീ തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു നഗരമാണ് ഗിബെയോൺ. ഇന്ന്, ജറുസലേമിൽനിന്ന് ഏകദേശം 10 കി.മീ വടക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന എൽജീബ് എന്ന ഗ്രാമത്തിനടുത്ത് ഈ നഗരത്തിന്റെ നഷ്ടാവശിഷ്ടങ്ങൾ കാണാം. ജീവരക്ഷാർത്ഥം ഇസ്രായേൽക്കാരുമായി സഖ്യത്തിൽ ഏർപ്പെട്ട ഒരു പട്ടണമാണ് ഗിബെയോൺ. വളരെയേറെ വിവാദങ്ങൾക്കു വഴിതെളിച്ച നിശ്ചലസൂര്യൻ എന്ന അത്ഭുതം നടന്നതും ഈ നഗരത്തിനടുത്താണ്. ജോഷ്വാ 9–10 അധ്യായങ്ങളിൽ ഇതിനെക്കുറിച്ചു വിവരിച്ചിരിക്കുന്നു.

മരുഭൂമിയിൽനിന്ന് കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച ഇസ്രായേൽ ജനത്തിനുമുമ്പിൽ അതിശക്തമായ ജെറീക്കോ കോട്ട നിലംപതിച്ചു; ആയിപ്പട്ടണം നാമാവശേഷമായി, കാനാൻദേശം മുഴുവൻ കിടിലംകൊണ്ടു. അനേകം രാജാക്കന്മാർ ഇസ്രായേലിനെതിരേ മുന്നണിയുണ്ടാക്കി. ഈ സാഹചര്യത്തിലാണ് ഗിബയോൺകാർ ഇസ്രായേൽക്കാരുമായി ഉടമ്പടിചെയ്ത് അവരുടെ സംരക്ഷണം നേടാൻ ശ്രമിച്ചത്. എതിർത്തു തോല്പിക്കാനോ ചെറുത്തു നില്ക്കാനോ കഴിയാത്ത ശത്രുവുമായി സഖ്യം ചെയ്യുന്നതാണ് ഉചിതം എന്ന് അവർ കരുതി. നേരായ മാർഗ്ഗത്തിലൂടെ അതു സാധ്യമല്ലെന്നു മനസ്സിലാക്കിയ അവർ നുണപറഞ്ഞ് തെറ്റിദ്ധരിപ്പിച്ചാണ് സഖ്യം നേടിയെടുത്തത്.

ഗിൽഗാലിൽ പാളയമടിച്ചിരുന്ന ഇസ്രായേൽ ജനത്തിന്റെ അടുക്കൽ വന്ന ദൂതന്മാർ തങ്ങൾ വിദൂരത്തുനിന്നു വരുകയാണെന്നു നുണപറഞ്ഞു. കീറിയ വസ്ത്രവും പഴകിയ തോൽക്കുടങ്ങളും തെളിവായി കാണിച്ചു. ഇസ്രായേൽക്കാർ ആരാധിക്കുന്ന ദൈവമായ കർത്താവിന്റെ അത്ഭുതങ്ങളെക്കുറിച്ചു കേട്ട് അവരുടെ വിശ്വാസത്തിൽ പങ്കുചേരാനും അവരുടെ ദൈവത്തെ ആരാധിക്കാനുമുള്ള തങ്ങളുടെ താൽപര്യവും അവർ അറിയിച്ചു. സഖ്യം ചെയ്തു മൂന്നാം ദിവസം സത്യം ഗ്രഹിച്ച ഇസ്രായേൽക്കാർ ഉടമ്പടിയെ മാനിച്ച്, അവരെ ഉപദ്രവിച്ചില്ല. എന്നാൽ അവരെ തങ്ങളുടെ അടിമകളാക്കി; ദൈവഭവനത്തിൽ വെള്ളം കോരിയും വിറകുവെട്ടിയും ശുശ്രൂഷ ചെയ്തു ജീവിക്കാൻ അവരെ അനുവദിക്കുകയും ചെയ്തു.

ഇസ്രായേൽക്കാരുമായി സഖ്യംചെയ്ത ഗിബയോൺകാരെ നശിപ്പിക്കാനായി തദ്ദേശവാസികൾ അഞ്ചുരാജാക്കന്മാരുടെ കീഴിൽ അണിനിരന്നു. സഹായാഭ്യർത്ഥന സ്വീകരിച്ച് ജോഷ്വാ ഗിബോയനിലെത്തി. അത്യുഗ്രമായ പോരാട്ടത്തിൽ കർത്താവ് ജോഷ്വായ്ക്കു വിജയം നല്കി. "*സൂര്യാ നീ ഗിബയോനിൽ നിശ്ചലമായി നില്ക്കുക; ചന്ദ്രാ നീ അയ്യാലോൺ താഴ്വരയിലും നില്ക്കുക*" (ജോഷ്വാ 10,12) എന്ന ജോഷ്വായുടെ വാക്കുകൾ കർത്താവ് സ്ഥിരപ്പെടുത്തി. യുദ്ധം ജയിക്കുന്നതുവരെ സൂര്യൻ അസ്തമിച്ചില്ല; ചന്ദ്രൻ ഉദിച്ചുമില്ല; അഥവാ സൂര്യാസ്തമയത്തിനു മുൻപ് പൂർണ്ണവിജയം വരിക്കാൻ ഇസ്രായേൽ സൈന്യത്തിനു കഴിഞ്ഞു.

ഗിബയോൺകാരുമായുണ്ടായിരുന്ന സഖ്യം ലംഘിച്ച സാവൂളിന്റെ കുടുംബത്തിനെതിരേ പ്രതികാരം ചെയ്തതായി 2 സാമു 21,1-15-ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉടമ്പടിയുടെ പേടകവും സാക്ഷ്യകൂടാരവും കുറെക്കാലം ഗിബയോണിലായിരുന്നു (1 ദിന 21,29). അതിനാലായിരിക്കാം സോളമൻ അവിടെ ആരാധനയർപ്പിച്ചത്. അവിടെ വച്ചുതന്നെയാണ് ദൈവം വലിയ ജ്ഞാനം നല്കി അവനെ അനുഗ്രഹിച്ചതും (1 രാജാ 3,4-15).

ഗിബയോണിലെ കുളം വളരെ പ്രസിദ്ധമാണ് (2 സാമു 2,13; ജറെ 41,12) 36 അടി വ്യാസവും 75 അടി ആഴവുമുള്ള ഈ കുളം പാറയിൽ വെട്ടിയുണ്ടാക്കിയതാണ്. കുളത്തിന്റെ വശത്ത് 95 നട

കൾ വെട്ടിയിറക്കിയിരിക്കുന്നു. കുളത്തിനടിയിൽ നിന്ന് പട്ടണമതിലിനുപുറത്തുള്ള വലിയ ഉറവയിലേക്ക് ഒരു തുരങ്കവും നിർമ്മിച്ചിട്ടുണ്ട്. ഈ തുരങ്കത്തിലൂടെ വെള്ളം പട്ടണത്തിലുള്ളിലെ കുളത്തിലേക്കു വരുന്നു. അതിനാൽ ശത്രുക്കളുടെ ആക്രമണവും ഉപരോധവുമുണ്ടാകുമ്പോൾ പട്ടണത്തിനുപുറത്തു കടക്കാതെ തന്നെ ആവശ്യമായ ജലം സംഭരിക്കാൻ കഴിഞ്ഞിരുന്നു.

ഗിബയോൺ പല പ്രധാനപാഠങ്ങളും നല്കുന്നുണ്ട്. ജീവൻ രക്ഷിക്കാൻവേണ്ടി വിവേകപൂർവ്വകമായ തീരുമാനമെടുത്തതാണ് ഒരു പാഠം. ഇസ്രായേൽക്കാർക്കു സ്വയം വെളിപ്പെടുത്തിയ സത്യദൈവത്തെ അറിയാനും ആരാധിക്കാനും അതുവഴി അവർക്കു സാധിച്ചു. "*ദൈവഭവനത്തിൽ സേവനം ചെയ്യുന്നത് ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനേക്കാൾ അഭികാമ്യമാണ്*" (സങ്കീ 84,10). പ്രകൃതി ശക്തികളും കർത്താവിന്റെ കല്പനയനുസരിക്കുന്നെന്നും മനുഷ്യനെ രക്ഷിക്കാനും ശിക്ഷിക്കാനും ദൈവം അവയെ ഉപയോഗിക്കുന്നു എന്ന പാഠവും ഗിബയോൺ പഠിപ്പിക്കുന്നു. സൂര്യാസ്തമയത്തിനുമുമ്പേ യുദ്ധം ജയിക്കാൻ സാധിച്ചത് ദൈവത്തിന്റെ പ്രത്യേക അനുഗ്രഹമായി കണ്ടവർ അതിനു നല്കിയ കാവ്യാത്മകമായ വിശദീകരണമാണ് യുദ്ധം ജയിക്കുന്നതുവരെ സൂര്യൻ അസ്തമിക്കാതെ നിന്നു എന്നത്.

# 53

## ഗിബെയാ
## അധർമ്മത്തിന്റെ പ്രതീകം

ബെഞ്ചമിൻ ഗോത്രാതിർത്തിയിലുള്ള ഒരു പട്ടണമാണ് ഗിബെയാ. "*ഉയർന്ന സ്ഥലം*" "*കുന്ന്*" എന്നാണ് പേരിനർത്ഥം. ജറുസലേമിൽനിന്ന് ഏകദേശം 7 കി.മീ. വടക്ക്, ഗിബയോനിൽനിന്ന് വടക്കോട്ടുപോകുന്ന രാജപാതയുടെ സമീപത്താണിത്. അറബിയിൽ *ടെൽ-എൽ-ഫുൽ* എന്ന പേരിൽ അറിയപ്പെടുന്ന ഗ്രാമത്തിനടുത്ത് ഈ പട്ടണത്തിന്റെ പുരാതനാവശിഷ്ടങ്ങൾ കാണാം.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അതിഹീനമായ ഒരു കുറ്റകൃത്യവുമായി ബന്ധപ്പെട്ടാണ് ഗിബെയാ ഏറ്റം കൂടുതൽ അറിയപ്പെടുന്നത് (ന്യായാ 19-20). ഒളിച്ചോടിയ ഉപനാരിയെ അനുനയിപ്പിച്ച് ബെത്‌ലേഹെമിൽ നിന്നു സ്വന്തം നാട്ടിലേക്കു തിരിച്ചുകൊണ്ടുപോകുന്ന ഒരു ലേവ്യന് ഗിബെയായിലെ ഒരു വൃദ്ധൻ തന്റെ ഭവനത്തിൽ അന്തിയുറങ്ങാൻ അഭയം നല്കി. എന്നാൽ പട്ടണവാസികളായ ചില ആഭാസന്മാർ വൃദ്ധനെ ഭീഷണിപ്പെടുത്തുകയും ലേവ്യന്റെ ഉപനാരിയെ കൂട്ടബലാത്സംഗത്തിലൂടെ വധിക്കുകയും ചെയ്തു: ലേവ്യനാകട്ടെ, അവളുടെ ശവം 12 കഷ്ണങ്ങളായി മുറിച്ച് ഇസ്രായേൽ ഗോത്രങ്ങളിലേക്കെല്ലാം കൊടുത്തയച്ചു. സംഭവത്തിന്റെ ഭീകരത മനസ്സിലാക്കിയ ഇസ്രാലേൽ ജനം ഒത്തൊരുമിച്ച് ഗിബെയായെ വളഞ്ഞു. ബെഞ്ചമിന്റെ ഗോത്രം ഗിബെയായെ പിന്തുണച്ചെങ്കിലും അവസാനം പട്ടണം നശിപ്പിക്കപ്പെട്ടു; വലിയ കൂട്ടക്കൊല നടന്നു.

ഇസ്രായേലിലെ ആദ്യരാജാവായ സാവൂളിന്റെ ജന്മസ്ഥല മാണ് ഗിബെയാ. അവിടെവച്ചാണ് കർത്താവിന്റെ ആത്മാവ് അവ നിൽ ശക്തമായി ആവസിച്ചത്; സാവൂൾ തന്റെ തലസ്ഥാനമായി ആദ്യം തിരഞ്ഞെടുത്തതും ഗിബെയാ ആണ് (1 സാമു 10,10–26). സാവൂൾ തങ്ങളോടുകാട്ടിയ അക്രമത്തിനു പ്രതികാരമായി ഗിബ യോൺകാർ അയാളുടെ 7 മക്കളെ തൂക്കിക്കൊന്നത് ഗിബെയാ പട്ടണത്തിന്റെ മതിലിലാണ് (2 സാമു 21,1–9). അസീറിയാക്കാ രുടെ ആക്രമണത്തെക്കുറിച്ച് പ്രവചിച്ച ഏശയ്യാ ഈ പട്ടണത്തെ ശത്രുസൈന്യത്തിന്റെ മുന്നേറ്റത്തിലെ ഒരു താവളമായി അവത രിപ്പിക്കുന്നു. (ഏശ 10,29). അധർമ്മത്തിന്റെ പ്രതീകമായിട്ടാണ് ഹോസിയാ പ്രവാചകൻ ഈ പട്ടണത്തെ ചിത്രീകരിക്കുന്നത് (ഹോസി 9,9;10,9). അതിനാൽ ശിക്ഷാകാഹളം മുഴങ്ങുന്നതും അവിടെനിന്നാണ് (ഹോസി 5,8).

സോദോമിന്റെ പര്യായം പോലെയാണ് ഗിബെയാ. അഗതി കൾക്കും അനാഥർക്കും എതിരേ ചെയ്യുന്ന അതിക്രമം കഠിന മായ ശിക്ഷ വിളിച്ചുവരുത്തും എന്ന് രണ്ടു പട്ടണങ്ങളുടെയും അനുഭവം അനുസ്മരിപ്പിക്കുന്നു. ലൈംഗിക പീഡനങ്ങളും കൊല പാതകങ്ങളും പെരുകുന്ന നമ്മുടെ നാടിനും ഈ അനുഭവങ്ങൾ വലിയ താക്കീതാണ്. "*ഗിബെയായിലെ ദിനങ്ങളിലെന്നപോലെ അവർ അത്യന്തം ദുഷിച്ചുപോയിരിക്കുന്നു*" (ഹോസി 9,9) എന്ന് പ്രവാചകൻ വിലപിക്കുന്നത് നമ്മുടെ ലോകത്തെയും നാടി നെയും നോക്കിയല്ല എന്നു പറയാനാവുമോ?

# 54

# ഗെരിസിം
# അനുഗ്രഹത്തിന്റെ മല

കാനാൻ ദേശത്തിന്റെ മധ്യഭാഗത്ത്, തെക്കുവടക്കായി ഉയർന്നു നില്ക്കുന്ന ഒരു മലനിരയുടെ രണ്ടു ശൃംഗങ്ങളാണ് ഗെരിസിം, ഏബാൽ എന്ന പേരുകളിൽ അറിയപ്പെടുന്നത്; വടക്ക് ഏബാൽ, തെക്ക് ഗെരിസിം. ഏകദേശം മൂവായിരം അടി ഉയരമുണ്ട് ഈ മലയ്ക്ക്. അവയ്ക്കു മധ്യത്തിലുള്ള താഴ്ന്ന നിലത്താണു ഷെക്കെം പട്ടണം. യോഹ 4,5 ൽ പരാമർശിക്കുന്ന സിക്കാർ എന്ന ഗ്രാമമാണിത്. അവിടെയാണ് യാക്കോബിന്റെ കിണറും പൂർവ്വപിതാവായ ജോസഫിന്റെ ശവകുടീരവുമുള്ളത്. ജോഷ്വായുടെ കാലംമുതൽ പ്രാധാന്യമുള്ള ഒരു മലയാണ് ഗെരിസിം.

വാഗ്ദത്തഭൂമി കീഴടക്കിക്കഴിയുമ്പോൾ ഇസ്രായേൽ ജനം ഒന്നടങ്കം ഈ മലകളിൽ നിലയുറപ്പിക്കണമെന്നും, കർത്താവിന്റെ നിയമം അവിടെവച്ച് എല്ലാവരും കേൾക്കെ വായിക്കണമെന്നും മോശ നിർദ്ദേശിച്ചിരുന്നു (നിയ 11,29–30; 27,12). ഈ നിർദ്ദേശമനുസരിച്ച് ജോഷ്വാ പ്രവർത്തിച്ചു (ജോഷ്വാ 8,30–35). നിയമസംഹിത അനുസരിച്ചാൽ ലഭിക്കുന്ന അനുഗ്രഹങ്ങൾ ഗെരിസിം മലയിൽ നിന്നവരും ലംഘിച്ചാലുണ്ടാകുന്ന ശാപങ്ങൾ ഏബാൽ മലയിൽനിന്നവരും വായിച്ചു. അങ്ങനെ ഗെരിസിം അനുഗ്രഹത്തിന്റെ മല എന്ന് അറിയപ്പെടുന്നു.

ജെറുബാൽ എന്ന പേരിലും അറിയപ്പെടുന്ന ന്യായാധിപനായ ഗിദയോന്റെ മരണശേഷം അയാളുടെ ദാസീപുത്രനായ

അബിമെലെക്ക് തന്റെ 70 സഹോദരങ്ങളെ വധിച്ച് സ്വയം രാജാവായി പ്രഖ്യാപിച്ചപ്പോൾ ഒരു സഹോദരൻ, യോഥാം, മാത്രം രക്ഷപ്പെട്ടു. അയാൾ ഗെരിസിം മലയുടെ മുകളിൽക്കയറി നിന്നുകൊണ്ടാണ് ഷെക്കെം നിവാസികളോട് വൃക്ഷങ്ങൾ രാജാവായി മുൾച്ചെടിയെ തിരഞ്ഞെടുത്ത കഥ പറഞ്ഞത് (ന്യായാ 9).

വടക്കൻരാജ്യമായ ഇസ്രായേലിന്റെ പതനത്തിനുശേഷം രൂപം കൊണ്ട സമറിയാക്കാർ ഗെരിസിം മലയുടെ മുകളിൽ പേർഷ്യൻ ഭരണകാലത്ത് ഒരു ദേവാലയം പണിതു. അത് സമറിയാക്കാരുടെ ആരാധനാകേന്ദ്രമായി. ജറുസലെമിനു ബദലായി നിന്ന ഈ ദേവാലയം മക്ക്ബായ വംശജനായ ജോൺ ഹിർക്കാനൂസ് 128 ബി.സി.യിൽ നശിപ്പിച്ചു. എന്നാലും സമറിയാക്കാർ അവിടെ തങ്ങളുടെ ആരാധനയും ആഘോഷങ്ങളും തുടർന്നു. അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കാൻ കൊണ്ടുപോയ മോറിയാമല ഗെരിസിം ആണെന്ന് അവർ അവകാശപ്പെടുന്നു. ഈ വിശ്വാസമാണ് യേശുവുമായുള്ള സംഭാഷണമധ്യേ സമരിയാക്കാരി സൂചിപ്പിക്കുന്നത്. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ ആരാധന നടത്തി (യോഹ 4,20). ആലയമില്ലെങ്കിലും ഇന്നും സമറിയാക്കാർ ഈ മലമുകളിൽ എല്ലാവർഷവും പെസഹാ ആഘോഷിക്കാൻ ഒരുമിച്ചു കൂടുക പതിവാണ്.

ആരാധനയർപ്പിക്കുന്ന സ്ഥലമല്ല വിശ്വാസവും മനോഭാവവുമാണ് പ്രസക്തവും പ്രധാനവുമെന്ന് യേശു പഠിപ്പിച്ചു. "*യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം*" (യോഹ 4,23) വന്നുകഴിഞ്ഞു. എന്നാലും ദൈവപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കുന്നതിന്റെ ആവശ്യകതയും അനുസരിക്കുന്നവർക്കു ലഭിക്കുന്ന അനുഗ്രഹവും അനുസ്മരിപ്പിച്ചുകൊണ്ട് തല ഉയർത്തിനില്ക്കുന്നു ഗെരിസിം പർവ്വതം; അനുസരണക്കേടു വരുത്തിവയ്ക്കുന്ന നാശത്തിന്റെ താക്കീതുമായി ഏബാൽ പർവ്വതവും.

# 55

## സമറിയാ

## അധഃകൃതർക്കും രക്ഷ

ബി.സി. 931 ൽ സോളമൻ രാജാവു മരിച്ചു. രാജഭരണം ഏറ്റെടുത്ത മകൻ റെഹൊബൊവാം നികുതിയിളവിനുവേണ്ടിയുള്ള ജനത്തിന്റെ മുറവിളി പരിഗണിച്ചില്ല. കുപിതരായ 10 ഗോത്രങ്ങൾ "ഇസ്രായേൽ" എന്ന പേരിൽ സ്വന്തമായൊരു രാജ്യം സ്ഥാപിച്ചു; തെക്ക് യൂദാ – ബെഞ്ചമിൻ ഗോത്രങ്ങൾ "യൂദാ" എന്ന പേരിൽ അറിയപ്പെട്ടു. യൂദായുടെ തലസ്ഥാനം ജറൂസലേമായിരുന്നു. ഇസ്രായേലിന്റെ തലസ്ഥാനം തുടക്കത്തിൽ തിറ്സായും. ബി.സി. 870–ൽ ഇസ്രായേൽ രാജാവായ ഓമ്രി ഷെമർ എന്ന കാനാൻകാരനിൽനിന്ന് ഒരു മല വിലയ്ക്കുവാങ്ങി തലസ്ഥാനം അങ്ങോട്ടുമാറ്റി. ഏകദേശം 400 മീറ്റർ ഉയരമുള്ള ഈ മലയുടെ ഉച്ചിയിൽ പണിത നഗരം സമറിയാ എന്ന പേരിൽ അറിയപ്പെട്ടു.

കാവൽഗോപുരം എന്നർത്ഥമുള്ള *സോമെറോൺ* എന്ന വാക്കിൽ നിന്നാവാം *സമറിയാ* എന്ന പേരുണ്ടായതെന്നു കരുതപ്പെടുന്നു. കാനാൻ ദേശത്തിന്റെ നടുവിലൂടെ തെക്കുവടക്കുള്ള പ്രധാന പാത ഈ മലയുടെ അടിവാരത്തിലൂടെ കടന്നുപോകുന്നതിനാൽ തന്ത്രപ്രധാനമായൊരു സ്ഥലമായിരുന്നു അത്. ഓമ്രി ആരംഭിച്ച നഗരനിർമ്മാണം മകൻ ആഹാബാണ് പൂർത്തിയാക്കിയത്. ബി.സി. 721–ൽ അസീറിയാ കീഴടക്കി നശിപ്പിക്കുന്നതുവരെ വടക്കൻ രാജ്യത്തിന്റെ തലസ്ഥാനമായി സമറിയാ തുടർന്നു.

മൂന്നുവർഷത്തെ ഉപരോധത്തിനുശേഷം നഗരം കീഴടക്കിയ അസീറിയൻ രാജാവ് സാർഗൺ രണ്ടാമൻ 27,290 പേരെ തടവുകാരായി നാടുകടത്തിയെന്ന് അസീറിയൻ രേഖകൾ സാക്ഷ്യ

പ്പെടുത്തുന്നു. നാടുകടത്തിയ ഇസ്രായേൽക്കാരെ സാമ്രാജ്യ ത്തിന്റെ പല ഭാഗങ്ങളിലായി ചിതറിച്ചു. പകരം സാമ്രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇതരജനങ്ങളെ സമറിയായിലും പ്രാന്ത പ്രദേശങ്ങളിലുമായി കുടിയിരുത്തി. അവിടെ കാലക്രമത്തിൽ മിശ്രവിവാഹത്തിലൂടെ ഒരു സങ്കരവർഗ്ഗം രൂപംകൊണ്ടു. അവർ സമറിയാക്കാർ എന്ന പേരിൽ അറിയപ്പെടുന്നു.

പേർഷ്യൻ ആധിപത്യകാലത്ത് സമറിയാ പട്ടണം യൂദായും ജറുസലേമും ഉൾപ്പെടുന്ന ഒരു പ്രവിശ്യയുടെ തലസ്ഥാനമായി രുന്നു. ബി.സി. അഞ്ചാംനൂറ്റാണ്ടിന്റെ പകുതിയോടെ, നെഹെമി യായുടെ നേതൃത്വത്തിൽ യൂദായെ സമറിയായിൽനിന്ന് വേർതി രിച്ച് ഒരു പ്രത്യേക പ്രവിശ്യയാക്കിമാറ്റി.

രക്തശുദ്ധിയില്ലാത്ത സങ്കരവർഗ്ഗം എന്ന പേരിൽ സമറിയാ ക്കാരോട് യഹൂദർക്ക് അവജ്ഞയായിരുന്നു. ബാബിലോൺ പ്രവാ സത്തിൽ നിന്നു മടങ്ങിവന്ന യഹൂദർ ജറുസലെം ദേവാലയം പുനർനിർമ്മിക്കാൻ ശ്രമിച്ചപ്പോൾ സമറിയാക്കാരും അതിൽ പങ്കു ചേരാൻ ആഗ്രഹിച്ചു. പക്ഷേ യഹൂദർ സമ്മതിച്ചില്ല. ഇതു കൂടു തൽ അകൽച്ചയ്ക്കു കാരണമായി. നാലാം നൂറ്റാണ്ടിൽ സമറി യാക്കാർ ഗെരിസിമിൽ സ്വന്തം ദേവാലയം നിർമ്മിച്ചത് യഹൂ ദർക്കിഷ്ടമായില്ല. ജോൺ ഹിർക്കാനൂസ് ബി.സി. 128-ൽ ആ ദേവാലയം നശിപ്പിച്ചത് ശത്രുത മൂർദ്ധന്യത്തിലെത്തിച്ചു.

ബി.സി. 63-ൽ റോമാക്കാർ പാലസ്തീനാ കീഴടക്കിയപ്പോൾ സമറിയായും റോമൻ ഭരണത്തിൻ കീഴിലായി. ബി.സി. 37-4 ൽ റോമൻ അംഗീകാരത്തോടെ പലസ്തീനാ ഭരിച്ച ഹേറോദേസ് മഹാരാജാവ് സമറിയായുടെയും അധിപനായിരുന്നു. അദ്ദേഹം സമറിയാ നഗരം മനോഹരമായി പുതുക്കിപ്പണിതു. അഗസ്റ്റസ് സീസറിന്റെ ബഹുമാനാർത്ഥം അതിന് "*ഔഗുസ്ത*" എന്ന് ലത്തീ നിലും "*സെബാസ്തെ*" എന്ന് ഗ്രീക്കിലും പേരിട്ടു. ഹേറോദേ സിന്റെ മരണശേഷം മകൻ അർക്കെലാവോസിന്റെ ആധിപത്യ ത്തിലായിരുന്ന സമറിയാ എ.ഡി. 6-ൽ റോമാക്കാരുടെ നേരി ട്ടുള്ള ഭരണത്തിലായി. ഇദുമെയാ, യൂദയാ, സമറിയാ എന്നീ മൂന്നു പ്രദേശങ്ങൾ സിറിയാ എന്ന റോമൻ പ്രവിശ്യയുടെ ഭാഗ മായി. യേശുവിന്റെ കാലത്ത് റോമൻ ഗവർണറായ പീലാത്തോ സായിരുന്നു ഭരണാധികാരി.

സമറിയാക്കാരും യഹൂദരും തമ്മിൽ വലിയ ശത്രുത നില നിന്നതിനാൽ ഗലീലിയിൽനിന്ന് യൂദായിലേക്കും തിരിച്ചും യാത്ര ചെയ്യുന്ന യഹൂദർ സമറിയായിൽ പ്രവേശിക്കാതെ ചുറ്റിവളഞ്ഞാ യിരുന്നു പോവുക. യേശുവും ഈ വളഞ്ഞ വഴിക്കാണ് സാധാ രണ യാത്ര ചെയ്തിരുന്നത്. എന്നാൽ ഒരിക്കൽ സമറിയായി ലൂടെ കടന്നുപോയതായി സുവിശേഷകൻ രേഖപ്പെടുത്തിയി ട്ടുണ്ട് (യോഹ 4,4). ആ യാത്രാമധ്യേയാണ് സമറിയാക്കാരിയു മായി സംഭാഷണത്തിലേർപ്പെടുകയും അവളെ തന്റെ പ്രേഷിത യാക്കി മാറ്റുകയും ചെയ്തത്. ഡീക്കൻ ഫീലിപ്പോസാണ് സമറി യായിൽ സുവിശേഷപ്രഘോഷണം ആരംഭിച്ചത് (അപ്പ 8,5).

തലസ്ഥാനനഗരവും രാജ്യവും സമറിയാ എന്ന പേരിൽ അറി യപ്പെടുന്നു. അവിടുത്തെ നിവാസികൾ യേശുവിന്റെ പ്രത്യേക സ്നേഹത്തിനും പരിഗണനയ്ക്കും വിഷയമായിരുന്നു. നിഷേ ധികളും പാപികളുമായി യഹൂദർ മുദ്രകുത്തി മാറ്റിനിർത്തിയ അവ രെയാണ് യേശു തന്റെ ഉപമകളിൽ സഹോദരസ്നേഹത്തിന്റെയും കൃതജ്ഞതയുടെയും ഉത്തമമാതൃകകളായി അവതരിപ്പിച്ചത് (ലൂക്കാ 10,25-37; 17,11-19). മനുഷ്യദൃഷ്ടിയിൽ നികൃഷ്ടമായതിന് ദൈവം മാന്യത കല്പിക്കുന്നു; ഹൃദയങ്ങൾ കാണുന്ന ദൈവ ത്തിന് ജാതിയും വർണ്ണവും ഒന്നും പ്രസക്തമല്ല എന്നും സമറി യായുടെ അനുഭവം പഠിപ്പിക്കുന്നു.

# 56

# ഹെർമോൺ വിശുദ്ധമല

ദൈവത്തിനു പ്രതിഷ്ഠിക്കുക, പൂർണ്ണമായി സമർപ്പിക്കുക എന്ന് അർത്ഥമുള്ള *ഹാറം* എന്നീ ഹീബ്രു വാക്കിൽനിന്നാണ് *ഹെർമോൺ* എന്ന വാക്കിന്റെ ഉത്ഭവം. ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടത് വിശുദ്ധമാണ്; ദൈവത്തിനായി മാറ്റിവയ്ക്കപ്പെട്ടതിൽ മറ്റ് ആർക്കും അവകാശമില്ല. വിശുദ്ധം എന്ന വാക്കിന്റെ അർത്ഥവും ഇതുന്നെയാണ്. ദൈവത്തിനായി, ദൈവികശുശ്രൂഷയ്ക്കായി, മാറ്റിവയ്ക്കപ്പെടുന്ന വ്യക്തികളും സ്ഥലങ്ങളും വസ്തുക്കളും വിശുദ്ധമായി പരിഗണിക്കപ്പെടുന്നു. അതിനെ മറ്റെന്തെങ്കിലും കാര്യത്തിനായി ഉപയോഗിക്കുന്നത് നിഷിദ്ധമാണ്. അതിനാൽ ഹാറം എന്ന വാക്കിന് നിഷേധിക്കുക, വിലക്കുക എന്നും അർത്ഥമുണ്ട്. ഇപ്രകാരം ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുന്ന പട്ടണവും വസ്തുക്കളും ജീവികളും സമ്പൂർണ്ണദഹന ബലിയായി സമർപ്പിക്കേണ്ടതാണ്. അതിൽ മറ്റാർക്കും അവകാശമില്ല. അതിൽനിന്ന് സ്വന്തം ഉപയോഗത്തിനായി ആരെങ്കിലും എന്തെങ്കിലും എടുത്താൽ അത് ദൈവത്തിനെതിരേ ചെയ്യുന്ന പാപമായി പരിഗണിക്കപ്പെടും. ഇപ്രകാരം ഒരു പാപമാണ് ആഖാൻ ചെയ്തത്. ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ട സ്ഥലം വിശുദ്ധമാണ്. അവിടെ ആർക്കും പ്രവേശനമില്ല. ഇപ്രകാരം വിശുദ്ധമായി പരിഗണിക്കപ്പെട്ടിരുന്ന മലയാണ് ഹെർമോൺ. അതു ദൈവത്തിന്റെ വാസസ്ഥലമായി തദ്ദേശ വാസികൾ കരുതിപ്പോന്നു.

ഇസ്രായേലിനു ദൈവം നല്കിയ വാഗ്ദത്തഭൂമിയുടെ വടക്കെ അതിർത്തിയായി ഹെർമോൺ മല പരിഗണിക്കപ്പെട്ടിരുന്നു (നിയ 3,8; ജോഷ്വാ 12,1). സീദോന്യർ ഈ മലയെ *സീറിയോൺ* എന്നും അമോര്യർ *സെനീർ* എന്നു വിളിച്ചിരുന്നു (നിയ 3,9). ബൈബിളിൽ രണ്ടു തവണ *സീയോൺ* എന്ന് ഈ മലയെ വിളിക്കുന്നുണ്ട്. "*അരോവർ മുതൽ സീയോൻമല അതായത്, ഹെർമോൺ വരെയും*" (നിയ 4,48). "*സീയോൻ പർവ്വതങ്ങളിൽ പൊഴിയുന്ന ഹെർമോൺ തുഷാരം*" (സങ്കീ 133,3) എന്ന് പാടുന്ന സങ്കീർത്തകൻ രണ്ടു പേരുകളും ഒരേ അർത്ഥത്തിൽ ഉപയോഗിക്കുന്നു. സീദോന്യരുടെ പ്രയോഗം സങ്കീർത്തകനും ഉപയോഗിക്കുന്നുണ്ട്: "*അവിടുന്ന് ലെബനോനെ കാളക്കുട്ടിയെപ്പോലെ തുള്ളിക്കുന്നു. സീറിയോനെ കാട്ടുപോത്തിനെപ്പോലെയും*" (സങ്കീ 29,6). ന്യായാധിപന്മാരുടെ പുസ്തകത്തിൽ (3,3) *ബാൽ ഹെർമ്മോൺ* എന്നും ഈ മല അറിയപ്പെടുന്നു. ബാൽ ദേവന്റെ വാസസ്ഥലമായി തദ്ദേശവാസികൾ വിശ്വസിച്ചിരുന്നതിനാലാവാം ഈ പേരുണ്ടായത്.

ലെബനോൻ പർവ്വത നിരയിലെ ഏറ്റം ഉയർന്ന കൊടുമുടിയാണ് ഹെർമ്മോൺ മല. സമുദ്രനിരപ്പിൽനിന്ന് 2814 മീറ്റർ ഉയർന്നു നില്ക്കുന്ന ഈ മലയുടെ മുകളിൽ ആണ്ടുവട്ടം മുഴുവൻ മഞ്ഞുണ്ടാകും. കാനാൻദേശത്തിന്റെ പല ഭാഗത്തുനിന്നും ഈ കൊടുമുടി ദൃശ്യമാണ്. ഇതിന്റെ തെക്കേ ചരുവിൽ നിന്നാണ് ജോർദാൻ നദി ഉത്ഭവിക്കുന്നത്. ഈ പർവ്വതത്തിന്റെ ചുവട്ടിലായിരുന്നു ഹേറോദേസ് അന്തിപ്പാസ് പണിയിച്ച കേസറിയാ ഫിലിപ്പിപട്ടണം. അവിടെ വച്ചാണല്ലോ പത്രോസ് വിശ്വാസപ്രഖ്യാപനം നടത്തിയതും യേശു ആസന്നമായിരിക്കുന്ന പീഡാനുഭവത്തെക്കുറിച്ച് ആദ്യത്തെ മുന്നറിയിപ്പു നല്കിയതും (മത്താ 16,13 –21). അതിനാൽ ആറുദിവസം കഴിഞ്ഞ് സംഭവിച്ച രൂപാന്തരീകരണം ഹെർമ്മോൺ മലയിൽ വച്ചായിരുന്നു എന്നു കരുതുന്നവരുണ്ട്. എന്നാൽ ഗലീലിയുടെ മധ്യഭാഗത്ത് ഉയർന്നുനില്ക്കുന്ന താബോർ മലയാണ് രൂപാന്തരീകരണത്തിന്റെ വേദിയായി പൊതുവേ അംഗീകരിച്ചിട്ടുള്ളത്.

ഹെർമ്മോൺ മലയുടെ ചരുവുകളിൽ നിബിഡവനങ്ങളുണ്ടായിരുന്നു. ലെബനോനിലെ ദേവദാരുക്കൾ അവിടെ സമൃദ്ധമായി വളർന്നിരുന്നു. ആ വനങ്ങളിൽ സിഹം, കടുവാ, കരടി, മുത

ലായ വന്യമൃഗങ്ങൾ ധാരാളമുണ്ടായിരുന്നു. ഹെർമ്മോൺ പർവ്വതത്തിൽ പെയ്തിറങ്ങുന്ന മഴയും മഞ്ഞും പൊടിമഞ്ഞും താഴേക്ക് ഒഴുകി നദികളിൽ ജലം നിറയ്ക്കുന്നു, ഭൂമിയെ ഫലപുഷ്ടമാക്കുന്നു. "*അവിടെയാണ് കർത്താവ് തന്റെ അനുഗ്രഹവും അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത്*" (സങ്കീ 133,3). കൃപാമാരി ചൊരിയുന്ന ദൈവികസാന്നിദ്ധ്യത്തിന്റെ അടയാളമായി ഉയർന്നുനില്ക്കുന്ന ഹെർമോൺ മല സ്വർഗ്ഗത്തിന്റെ പ്രതീകമാണ്. വിശുദ്ധികൂടാതെ അവിടെ പ്രവേശിക്കാനാവില്ല എന്നും ഹെർമോൺ എന്ന പേര് അനുസ്മരിപ്പിക്കുന്നു.

# 57

## ഷാരോൺ
## സമൃദ്ധിയുടെ സമതലം

മധ്യധരണ്യാഴിയുടെ കിഴക്കെ അറ്റത്ത്, കാനാൻദേശത്തിന്റെ പടിഞ്ഞാറുള്ള വിശാലമായ സമതലമാണ് ഷാരോൺ എന്ന പേരിൽ അറിയപ്പെടുന്നത്. വടക്ക് കർമ്മല മലനിരകളും അവിടെനിന്ന് മധ്യധരണ്യാഴിയിലേക്കൊഴുകുന്ന *മുതലയാറും (നാഹർ സെർഖ* - Crocodile River) തെക്ക് യോപ്പാനഗരവും അയ്യാലോൺ - ഖാനാ ആറുകളുമാണ് അതിരുകൾ. തെക്ക്-വടക്ക് ഏകദേശം 80 കി.മീ നീളവും കിഴക്കുപടിഞ്ഞാറ് 12 മുതൽ 20 വരെ കി.മീ. വീതിയുമുള്ള ഈ സമതലം അധികപങ്കും ചതുപ്പുനിലമായിരുന്നു. ഈ സമതലത്തിനു നെടുകെ, തെക്കുവടക്കായി ഏകദേശം 100 മീറ്റർവരെ ഉയരമുള്ള മണൽക്കൂനകളുള്ളതിനാൽ കിഴക്കുനിന്ന് മധ്യധരണ്യാഴിയിലേക്ക് ഒഴുകുന്ന അഞ്ചുപുഴകൾ വളഞ്ഞുപുളഞ്ഞൊഴുകുകയും ഒഴുക്ക് തടസ്സപ്പെട്ട് ചതുപ്പു നിലങ്ങൾക്ക് രൂപം കൊടുക്കുകയും ചെയ്യുന്നു.

പഴയനിയമകാലത്ത് ഇവിടെ ആൾവാസം കുറവായിരുന്നു; ഭൂമി കൃഷിക്കു യോഗ്യമായിരുന്നില്ല. സമതലത്തിനു മധ്യേ യാത്രയും ദുഷ്ക്കരമായിരുന്നു. അതിനാൽ ഈജിപ്തിൽ നിന്ന് വടക്ക് ഡമാസ്ക്കസിലേക്കുള്ള വഴി സമതലത്തിനു കിഴക്കുള്ള മലനിരകളുടെ ഓരംചേർന്നാണ് പോയിരുന്നത്. ചതുപ്പുനിലങ്ങളിൽ മുൾച്ചെടികളും കാട്ടുപൂക്കളും വളർന്നിരുന്നു. "*ഷാരോണിലെ പനിനീർപ്പൂ*" (ഉത്ത 2,1) എന്ന വിശേഷണം. "*മുള്ളുകൾക്കിടയിലെ ലില്ലിപ്പൂ*" (ഉത്ത 2,2) എന്ന് വിശദീകരിക്കുന്നത്

ഇതിന് ഉദാഹരണമാണ്. മലഞ്ചെരുവുകളിൽ ഓക്കുമരങ്ങൾ തഴച്ചുവളർന്നിരുന്നു.

സ്വാഭാവികമായ തുറമുഖമൊന്നും ഷാരോൺ തീരത്തുണ്ടായിരുന്നില്ല. ഹേറോദേസ് മഹാരാജാവാണ് ഇവിടെ ഒരു തുറമുഖം കൃത്രിമമായി നിർമ്മിച്ചത്. അഗസ്റ്റസ് സീസറിന്റെ ബഹുമാനാർത്ഥം കേസറിയാ എന്നു പേരിട്ട ആ പട്ടണമായിരുന്നു പുതിയ നിയമകാലത്തെ പാലസ്തീനായിൽ, ജറുസലെം കഴിഞ്ഞാൽ, ഏറ്റം പ്രധാനപട്ടണം. അവിടെയാണ് റോമൻ ഗവർണർ വസിച്ചിരുന്നത്. പൗലോസിനെ വിചാരണ ചെയ്തതും രണ്ടു വർഷത്തിലേറെ തടവറയിൽ സൂക്ഷിച്ചതും ഈ കേസറിയായിലായിരുന്നു.

പുരാതനകാലത്ത് ചതുപ്പുനിലമായിരുന്നെങ്കിലും ഇന്ന് ഇസ്രായേലിലെ ഏറ്റം ഫലപുഷ്ടമായ പ്രദേശമാണിത്. 1948-ൽ ഇസ്രായേൽരാജ്യം രൂപം കൊണ്ടതിനുശേഷം ഇവിടെ വളരെ ശാസ്ത്രീയമായ രീതിയിൽ കൃഷികൾ ആരംഭിച്ചു. ഇന്ന് നാരകം, മധുരനാരകം, മാവ്, വാഴ മുതലായവ സമൃദ്ധമായി വളരുന്ന വലിയ തോട്ടങ്ങൾ അവിടെയുണ്ട്. വിശുദ്ധനാടു സന്ദർശിക്കുന്നവർ നിറയെ കായ്ച്ചുകിടക്കുന്ന മാവിൻ തോട്ടങ്ങളും നിലം മുട്ടുന്ന വലിയ വാഴക്കുലകളും കണ്ട് അത്ഭുതപ്പെടാറുണ്ട്.

ദൈവം നല്കുന്ന ദാനവും മനുഷ്യപ്രയത്നവും ഒരുമിച്ചു ചേരുമ്പോൾ ലഭ്യമായ ഫലസമൃദ്ധിയുടെ പ്രതീകവും പര്യായവുമാണ് ഷാരോൺ.

# 58

## ഷീലോ
## കർത്താവ് കൈവെടിഞ്ഞ ആലയം

എഫ്രേം – മലനാട്ടിൽ, ബെഥേലിൽനിന്ന് 14 കി.മീ വടക്കു സ്ഥിതി ചെയ്തിരുന്ന ഒരു പുരാതന പട്ടണമായിരുന്നു ഷീലോ. ജറുസലേമിൽനിന്ന് വടക്ക് ഷെക്കേമിലേക്ക് പോകുന്ന രാജപാതയുടെ അടുത്ത് ചെറിയ കുന്നിൻമുകളിലാണ് ഈ പട്ടണം സ്ഥിതിചെയ്തിരുന്നത്. ഇന്ന് ജറുസലേമിൽനിന്ന് 33 കി.മീ വടക്കുള്ള *സെയ്ലൂൺ* എന്ന ഗ്രാമത്തിൽ കാണുന്ന കല്കൂമ്പാരം ഈ പട്ടണത്തിന്റെ അവശിഷ്ടങ്ങളാണെന്നു പുരാവസ്തു ഗവേഷകർ വിശ്വസിക്കുന്നു.

കാനാൻദേശത്തു പ്രവേശിച്ചു വാസമുറപ്പിച്ച ഇസ്രായേൽക്കാർക്ക് വളരെ പ്രാധാന്യമുള്ള ഒരു പട്ടണമായിരുന്നു ഷീലോ. ജോഷ്വായുടെ നേതൃത്വത്തിൽ ഗിൽഗാലിൽ നിന്നു വടക്കോട്ടു നീങ്ങിയ ജനം അവിടെയാണ് ഉടമ്പടിയുടെ പേടകവും സമാഗമ കൂടാരവും സ്ഥാപിച്ചത് (ജോഷ്വാ 18,1). വലിയ മലയല്ല; യുദ്ധ തന്ത്രവുമായിബന്ധപ്പെട്ട ഒരു പ്രാധാന്യവും ഷീലോക്കില്ല. പിന്നെ എന്തുകൊണ്ട് അവിടെ പേടകം സ്ഥാപിച്ചു എന്ന് ഗവേഷകർ ചോദിക്കാറുണ്ട്. ഒരുപക്ഷേ അടുത്തൊന്നും കാനാൻകാർ വാസമില്ലാതിരുന്നതിനാൽ സുരക്ഷിതം എന്നു കരുതിയാവാം ഇസ്രായേലിന്റെ ആരാധനാകേന്ദ്രമായി ഷീലോ തിരഞ്ഞെടുത്തത്.

ന്യായാധിപന്മാരുടെ കാലത്ത് ഷീലോ വലിയൊരു തീർത്ഥാടനകേന്ദ്രമായി വളർന്നു. ഇസ്രായേൽ ഗോത്രങ്ങളെല്ലാം തിരു

നാളുകളിൽ അവിടെ സമ്മേളിക്കുക പതിവായിരുന്നു. മുന്തിരി വിളവെടുപ്പുമായി ബന്ധപ്പെട്ട കൂടാരതിരുനാളിന്റെ ആഘോഷാ വസരത്തിൽ ബെഞ്ചമിൻ ഗോത്രത്തിന്റെ നിലനില്പിനുവേണ്ടി ഭാര്യമാരെ ഷീലോയിൽ നിന്നു കണ്ടെത്തിയതിന്റെ വിവരണം ന്യായാ 21,19-21-ൽ കാണാം. ഷീലോയിലേക്കു നടത്തിയ തീർത്ഥാടനത്തിന്റെ അവസരത്തിലാണ് വന്ധ്യയും അതി നാൽത്തന്നെ ദുഃഖിതയും ആയ ഹന്നാ ഒരു കുഞ്ഞിനുവേണ്ടി ഉള്ളുരുകി പ്രാർത്ഥിച്ചത്. തനിക്കു ലഭിച്ച ആദ്യജാതനെ *കർത്താവ് പ്രാർത്ഥന കേട്ടു* എന്ന് അർത്ഥമുള്ള *സാമുവേൽ* എന്ന് വിളിക്കുകയും ദൈവശുശ്രൂശയ്ക്കായി സമർപ്പിക്കുകയും ചെയ്തതും ഷീലോയിലാണ്.

വൃദ്ധ പുരോഹിതനായ ഏലിയുടെ കൂടെയാണ് സാമുവേൽ ശുശ്രൂഷ ആരംഭിച്ചത്. ഏലിയുടെ അശ്രദ്ധയും മക്കളുടെ അധർമ്മവും നിമിത്തം ഏലികുടുംബത്തെ കഠിനമായി ശിക്ഷി ക്കുമെന്നും താൻ വാസസ്ഥലമായി തിരഞ്ഞെടുത്ത ഷീലോ നശി പ്പിക്കുമെന്നും കർത്താവ് സാമുവേലിന് ദർശനത്തിലൂടെ മുന്ന റിയിപ്പു നല്കി (1 സാമു 2,22-3,18). കർത്താവ് അറിയിച്ചതനുസ രിച്ച് ഏലിയുടെ രണ്ടു മക്കളും യുദ്ധത്തിൽ കൊല്ലപ്പെട്ടു. ഫിലി സ്ത്യർ കർത്താവിന്റെ പേടകം പിടിച്ചെടുത്തു. വാർത്തയേല്പിച്ച ആഘാതമേറ്റ ഏലി മരിച്ചു. പേടകം നഷ്ടപ്പെട്ട ഷീലോയിലെ ആലയം ഫിലിസ്ത്യർ നശിപ്പിച്ചു എന്നാണ് ചരിത്രകാരന്മാർ കരുതുന്നത്.

ഫിലിസ്ത്യർ പിടിച്ചെടുത്ത പേടകം പിന്നീട് ഷീലോയി ലേക്കു തിരിച്ചുവന്നില്ല. ഷീലോയിൽ അവശേഷിച്ച ഏലിയുടെ പിൻതലമുറ നോബിലേക്കു മാറി താമസിച്ചു. സാവൂളിന്റെ കാലത്ത് അവിടുത്തെ ആരാധനയും ബലിയർപ്പണവും തുടർന്നു (1 സാമു 14,3; 22,1). ഇസ്രായേലിന്റെ അധർമ്മം മൂലം നശിപ്പിക്ക പ്പെട്ട പട്ടണമാണ് ഷീലോ. പിന്നീട് ഒരിക്കലും അത് പുതുക്കി പണിതിട്ടില്ല. തീർത്ഥാടകർക്ക് ഇന്നും കുന്നിൽ ചരുവിൽ, ഗോത മ്പുകൃഷിയിടത്തിനു നടുവിൽ, ഒരു കല്ക്കൂന കാണാം; ഇതാ യിരുന്നു ഷീലോ എന്ന ഒരു ഫലകവും അവിടെയുണ്ട്.

അധർമ്മം വിളിച്ചുവരുത്തുന്ന വിനാശത്തിന്റെ പ്രതീകമായി ജെറെമിയാ പ്രവാചകൻ ഷീലോയെ എടുത്തുകാട്ടുന്നുണ്ട്.

“*ഷീലോയിൽ ചെന്നു നോക്കുവിൻ. എന്റെ ജനമായ ഇസ്രായേ ലിന്റെ ദുഷ്ടത നിമിത്തം ഞാൻ അവിടെ എന്താണു ചെയ്ത തെന്നു കാണുവിൻ*” (ജറെ 7,12). ജറുസലെം നശിപ്പിക്കപ്പെടും എന്ന പ്രവചനത്തിന് തെളിവായാണ് ഷീലോയുടെ കാര്യം പറ ഞ്ഞത്. തകർന്നുപോയ ജറുസലേമിൽ അവശേഷിക്കുന്ന വിലാ പത്തിന്റെ മതിലും ഷീലോയിലെ കല്ക്കൂനയും ഒരേ കാര്യം തന്നെ വിളിച്ചുപറയുന്നു: അധർമ്മം സമൂലനാശത്തിനു കാരണ മാകും. ദേവാലയം പോലും നശിപ്പിക്കപ്പെടും. ഇതാ നിങ്ങളുടെ ആലയം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു, കല്ലിന്മേൽ കല്ലുശേഷി ക്കാതെ നശിപ്പിക്കപ്പെടും (ലൂക്കാ 13,35; 19-41-44) എന്ന യേശു വിന്റെ തിരുവചനവും ഷീലോയുടെ സന്ദേശം തന്നെ നല്കുന്നു. കല്ലും മണ്ണുംകൊണ്ടു നിർമ്മിച്ച ആലയങ്ങൾ മാത്രമല്ല. ദൈവ ത്തിന്റെ സജീവാലയങ്ങളായ മനുഷ്യർക്കും ഇതു തന്നെ സംഭ വിക്കാം.

# 59

## റാമാ
## വിലാപത്തിന്റെ മല

*ഉയരുക - ഉയർത്തുക* എന്നർത്ഥമുള്ള *റൂം* എന്ന ക്രിയാധാതുവിൽനിന്നാണ് *റാമാ* എന്ന ഹീബ്രുവാക്കിന്റെ ഉത്ഭവം. "*ഉയർന്നത്*" എന്നാണ് അർത്ഥം - കുന്ന്, മല എന്നൊക്കെയാണ് വിവക്ഷ. അബ്രാഹം എന്ന പുതിയ പേര് കർത്താവു നല്കുന്നതിനുമുമ്പ് പൂർവ്വപിതാവിന്റെ പേരായിരുന്ന *അബിറാം* അഥവാ *അബ്റാം* ഈ വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നു. റാമാ എന്ന പേരിൽ അറിയപ്പെടുന്ന പല സ്ഥലങ്ങളെക്കുറിച്ച് ബൈബിളിൽ പരാമർശമുണ്ട്. അവയിൽ നിന്ന് പുതിയ നിയമത്തിൽ പരാമർശവിഷയമാകുന്ന റാമാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

"*റാമായിൽ ഒരു സ്വരം, വലിയ കരച്ചിലും മുറവിളിയും. റാഹേൽ തന്റെ സന്താനങ്ങളെക്കുറിച്ചു കരയുന്നു. അവളെ സ്വാന്തനപ്പെടുത്തുക അസാധ്യം. എന്തെന്നാൽ അവൾക്കു സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു*" (മത്താ 2,18). ബേത്‌ലെഹെമിലും ചുറ്റുപാടുമുള്ള ആൺകുഞ്ഞുങ്ങളെ ഹെറോദേസ് വധിച്ചപ്പോൾ പൂർത്തിയായ ജെറെമിയായുടെ പ്രവചനമാണിത് (ജെറെ 31,15). നബുക്കദ്നേസർ രാജാവ് പതിനായിരക്കണക്കിന് യഹൂദരെ അടിമകളായി ജറുസലെമിൽനിന്ന് ബാബിലോണിലേക്കു കൊണ്ടുപോയപ്പോൾ തങ്ങിയ ഒരു ഇടത്താവളമാണ് റാമാ. അവിടെവച്ചാണ് തടവുകാരിൽനിന്ന് ജറെമിയായെ പ്രത്യേകം തിരഞ്ഞെടുത്തു മോചിപ്പിച്ചത്. (ജറെ 40,1).

ബെഥേലിൽനിന്ന് ബെത്‌ലെഹമിലേക്കു ഉള്ള യാത്രാമധ്യേ റാഹേൽ തന്റെ രണ്ടാമത്തെ മകനായ ബെഞ്ചമിനെ പ്രസവിച്ച സ്ഥലമാണിത്. പ്രസവത്തോടെ റാഹേൽ മരിച്ചു. ദുഃഖാർത്ഥനായ യാക്കോബ് തന്റെ ഇഷ്ടപത്നിയെ അവിടെ സംസ്കരിച്ചു; കല്ലറയുടെ മുകളിൽ ഒരു സ്തംഭവും സ്ഥാപിച്ചു (ഉൽപ 35,16-20). റാഹേലിന്റെ ശവകുടീരം ഇന്നും അവിടെയുണ്ട്. അതിനാലാണ് റാമായിൽനിന്നു റാഹേൽ തന്റെ മക്കളെ ഓർത്തുകരയുന്നു എന്നു

പ്രവാചകൻ പറയുന്നത് റാഹേലിന്റെ മക്കളായിരുന്നു ജോസഫും ബെഞ്ചമിനും. ഇസ്രായേൽ ജനത്തിന്റെ മുഴുവൻ പ്രതിനിധികളായിട്ടാണ് പ്രവാചകൻ അവരെ കാണുന്നത്. പ്രവാസത്തിലേക്കു പോയവർ എന്നേക്കുമായി നഷ്ടപ്പെട്ടു എന്ന ചിന്ത ഈ വിലാപത്തിനു പിന്നിലുണ്ട്. യേശുവിനെ വധിക്കാൻ ശ്രമിച്ച ഹേറോദേസിന്റെ ക്രൂരതയിൽ മക്കൾ നഷ്ടപ്പെട്ട മാതാക്കളിലൂടെ റാഹേലിന്റെ വിലാപം പ്രതിധ്വനിക്കുന്നു എന്നാണ് സുവിശേഷകനായ മത്തായി സൂചിപ്പിക്കുന്നത്.

നിഷ്ക്കരുണം വധിക്കപ്പെടുന്ന മക്കളുടെയെല്ലാം മാതാവാണ് റാഹേൽ. തന്റെ സിംഹാസനത്തിന് ഇളക്കം തട്ടിയേക്കും എന്നു ഭയന്നാണ് ഹേറോദേസ് ശിശുക്കളെ വധിച്ചത്. നിരപാരാധരായ ശിശുക്കളും വൃദ്ധരും മാറാരോഗികളും വികലാംഗരും ഇന്നും വധിക്കപ്പെടുന്നു, ഗർഭഛിദ്രവും ഭീകരാക്രമണവും ദയാവധവും പട്ടിണിയും മറ്റും വഴി. മനുഷ്യന്റെ ദുഷ്ടതയും ക്രൂരതയും, അനാസ്ഥയും നിസ്സംഗതയും വഴി നിരപരാധരുടെ ജീവൻ നഷ്ടപ്പെടുന്നിടത്തെല്ലാം റാമായുണ്ട്. അവിടെ നിന്നുയരുന്ന പൂർവ്വമാതാവിന്റെ വിലാപം അന്തരീക്ഷത്തിൽ അലതല്ലിക്കൊണ്ടേയിരിക്കും.

ജറുസലേമിൽനിന്ന് 8 കി.മീ. വടക്കാണ് റാമാ. *ഏർ - റാം* എന്ന പേരിൽ ഇന്നറിയപ്പെടുന്ന ഈ കുന്നിൻ മുകളിൽ ഇസ്രായേൽ രാജാവായ ബാഷാ ഒരു കോട്ട പണിയാൻ ശ്രമിച്ചു. ബെഥേലിൽ നിന്നു ജറുസലേമിലേക്കുള്ള വഴിയിലാണിത്. തലസ്ഥാന നഗരിക്കു ഭീഷണിയായിത്തീരും എന്നു കരുതിയ യൂദാരാജാവ് ആസാ അതിനെ എതിർത്തു, സിറിയായുടെ സഹായത്തോടെ ബാഷായെ തുരത്തി (1 രാജാ 15,17-22).

റാമാ എന്നും ഒരു പേടിസ്വപ്നമായിരുന്നു. യൂദായുടെ വടക്കേ അതിർത്തിയോടു ചേർന്ന്, ബെഞ്ചമിൻ ഗോത്രത്തിന്റെ അവകാശഭൂമിയിലുള്ള ഈ പട്ടണം വടക്കുനിന്നു വരുന്ന ശത്രുക്കളുടെ അവസാനത്തെ താവളമാണ്. അവിടെനിന്നാണ് തലസ്ഥാന നഗരിയായ ജറുസലെമിനെതിരേ ആക്രമണം തുടങ്ങുക. അതുകൊണ്ടാണ് "*റാമാ വിറകൊള്ളുന്നു*" എന്ന് ഏശയ്യായും (ഏശ 10,29) "*റാമായിൽ കാഹളം മുഴക്കുക*" എന്ന് ഹോസിയായും (ഹോസി 5,8) പറയുന്നത്. നിലവിളിയുടെയും പോർവിളിയുടെയും മാറ്റൊലികൾ ഉയർത്തിക്കൊണ്ട് ഏർ-റാം എന്ന കുന്നിൻ മുകളിൽ റാമായുടെ തകർന്ന കല്ലുകളും റാഹേലിന്റെ ശവകുടീരവും ഇന്നും നിലകൊള്ളുന്നു.

# 60

## റാമാ – 2
## അഭിഷേകത്തിന്റെ മല

ആറു നഗരങ്ങളെങ്കിലും ബൈബിളിൽ റാമാ എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. സാമുവേലിന്റെ ജന്മസ്ഥലമായ റാമായാണ് ഇവിടെ ചർച്ചാവിഷയം. മറ്റു സ്ഥലങ്ങളിൽ നിന്ന് വേർതിരിച്ചു കാട്ടാൻ എന്നു തോന്നുമാറ് "*റാമാത്തയിം*" എന്നാണ് ആദ്യം ഇതിനെ വിളിക്കുന്നത് (1 സാമു 1,1). പിന്നീട് റാമാ എന്നു മാത്രം. "രണ്ടുകുന്ന്" എന്നാണ് റാമാത്തായിം എന്ന പേരിന്റെ അർത്ഥം.

എഫ്രേം മലനാട്ടിലെ ഒരു കുന്നിൻമുകളിലുള്ള നഗരമായിരുന്നു റാമാ. മധ്യധരണ്യാഴിയുടെ തീരത്തുള്ള യോപ്പാ പട്ടണത്തിൽനിന്ന് ഏകദേശം 30 കി.മീ. വടക്കുകിഴക്കായി സ്ഥിതിചെയ്യുന്നു. ഇന്ന് *റെന്റീസ്* എന്ന പേരിൽ അറിയപ്പെടുന്ന ഗ്രാമത്തിനടുത്ത് കാണുന്ന നഷ്ടാവശിഷ്ടങ്ങൾ റാമായുടേതായിരുന്നു എന്ന് പുരാവസ്തു ഗവേഷകർ കരുതുന്നു.

ഷീലോയിൽനിന്ന് പേടകം നഷ്ടപ്പെടുകയും ഏലിയുടെ പുരോഹിതകുടുംബം നശിച്ചുപോകുകയും ചെയ്തതിനുശേഷം ഇസ്രായേലിൽ ന്യായാധിപനായി പ്രവർത്തിച്ച സാമുവേലിന്റെ ആസ്ഥാനനഗരമായിരുന്നു റാമാ: "*ബെഥേൽ, ഗിൽഗാൽ, മിസ്പാ എന്നീ സ്ഥലങ്ങൾ വർഷംതോറും സന്ദർശിച്ച് അവിടെയും അവൻ നീതിപാലനം നടത്തിയിരുന്നു. അനന്തരം തന്റെ ഭവനം സ്ഥിതിചെയ്തിരുന്ന റാമായിലേക്ക് അവൻ മടങ്ങിപ്പോയി*" (1 സാമു 7,16).

റാമായിൽവന്നാണ് തങ്ങൾക്കു രാജാവിനെ വാഴിച്ചു തരണം

എന്നു പറഞ്ഞ് ഇസ്രായേൽ ജനം സാമുവേലിന്റെ അടുക്കൽ മുറവിളി കൂട്ടിയത് (1 സാമു 8,4-8). പിതാവിന്റെ കാണാതായ കഴുതകളെ തേടിയിറങ്ങിയ സാവൂൾ അവസാനം സാമുവേലിന്റെയടുക്കൽ എത്തിയതും രാജാഭിഷേകം സ്വീകരിച്ചതും റാമായിൽ വച്ചുതന്നെ. അവിടെ വച്ചാണ് സാവൂൾ ഒരു പുതിയ മനുഷ്യനായി മാറിയത്. "*ദൈവം അവന് ഒരു പുതിയ ഹൃദയം നല്കി*" (1 സാമു 10,9).

ആവർത്തിച്ചുകാട്ടിയ അനുസരണക്കേടിന്റെ പേരിൽ കർത്താവ് സാവൂളിനെ രാജസ്ഥാനത്തുനിന്ന് ബഹിഷ്ക്കരിച്ചിരിക്കുന്നു എന്നറിയിച്ചതോടെ സാവൂൾ സാമുവേലിനെ വെറുത്തു. ദാവീദിനെ രഹസ്യമായി അഭിഷേകം ചെയ്തതിനുശേഷം സാമുവേൽ തന്റെ പഴയ ആസ്ഥാനമായ റാമായിൽത്തന്നെ വാസമുറപ്പിച്ചു. അംഗരക്ഷകനായി സ്വീകരിച്ച ദാവീദിനെ പിന്നീട് ശത്രുവായിക്കണ്ട് വേട്ടയാടിയ സാവൂൾ റാമായിലെത്തിയത് ദാവീദ് അവിടെ സാമുവേലിന്റെയടുത്ത് അഭയം പ്രാപിച്ചിട്ടുണ്ട് എന്ന് കേട്ടതിനാലായിരുന്നു. എന്നാൽ റാമായിൽ എത്തിയതോടെ സാവൂൾ ദൈവാത്മാവിന്റെ ശക്തമായ പ്രവർത്തനത്തിനു വിധേയനായി; ഉന്മാദാവസ്ഥയിൽ സുബോധം നഷ്ടപ്പെട്ട് അയാൾ, താൻ അയച്ച മറ്റു പടയാളികളെപ്പോലെ, പ്രവചിച്ചു: "*റാമായിലെ നായോത്തിൽ എത്തുന്നതുവരെ അവർ പ്രവചിച്ചുകൊണ്ടിരുന്നു. അവനും പ്രവചിച്ചുകൊണ്ട് സാമുവേലിന്റെ മുമ്പാകെ ആ രാത്രിയും പകലും വിവസ്ത്രനായി കിടന്നു*" (1 സാമു 19,23). റാമായിൽ ജനിച്ച സാമുവേൽ റാമായിൽത്തന്നെയാണ് മരിച്ചു സംസ്ക്കരിക്കപ്പെട്ടത്.

പുതിയ നിയമത്തിൽ *അരിമത്തേയാ* എന്ന പേരിൽ അറിയപ്പെടുന്നത് ഈ റാമായാണെന്ന് കരുതപ്പെടുന്നു. ബൈബിളിന്റെ സുറിയാനി വിവർത്തനമായ പ്ശീത്തായിൽ കാണുന്ന "*റാംസ്*" എന്ന പേരിന് റാമായോടു കൂടുതൽ അടുപ്പമുണ്ട്. *റാമാത്തായിം, അരിമത്തേയേ, റാമാ, റാംസ* എന്നീ നാലു പേരുകളും ഒരേ പട്ടണത്തെത്തന്നെയാണ് സൂചിപ്പിക്കുന്നത്. ഇസ്രായേലിന്റെ അവസാനത്തെ ന്യായാധിപന്റെ ജനനവും മരണവും ആദ്യരാജാവിന്റെ അഭിഷേകവും നടന്ന റാമായിൽ നിന്നുവന്ന ധനാഢ്യനായ അരിമത്തേയാക്കാരൻ ജോസഫാണ് യേശുവിന്റെ ശരീരം കുരിശിൽ

നിന്നിറിക്കാൻ അനുവാദം വാങ്ങിയതും സ്വന്തം കല്ലറയിൽ അടക്കിയതും (മത്താ 27,57-60).

അഭിഷേകത്തിന്റെ മലയാണ് റാമാ - അതു രാജാഭിഷേകവും പ്രവാചകാഭിഷേകവും മാത്രമല്ല മൃതശരീരത്തിന്റെ അഭിഷേകവും സൂചിപ്പിക്കുന്നു. തന്നെയുമല്ല, ശിഷ്യന്മാർപോലും ഭയന്നൊളിച്ച ആ ഭീകരനിമിഷത്തിൽ, രാജദ്രോഹക്കുറ്റത്തിനു വധിക്കപ്പെട്ട യേശുവിന്റെ മൃതശരീരം ചോദിച്ചുവാങ്ങി സ്വന്തം കല്ലറയിൽ സംസ്കരിക്കാൻ മാത്രം ധൈര്യം കാട്ടിയ ജോസഫിന്റെ നാടാണ് റാമാ. ഉറ്റവർപോലും ഭീരുക്കളായി പലായനം ചെയ്യുന്നിടത്തും യേശുവിനോടു ചേർന്നു നില്ക്കുന്ന ശിഷ്യത്വത്തിന്റെയും വിശ്വാസധീരതയുടെയും പ്രതീകവുമാണ് *അരിമത്തേയാ* എന്ന *റാമാ.*

# 61

## മിസ്പാ
## കാവൽഗോപുരം

*നിരീക്ഷിക്കുക, ഒറ്റുനോക്കുക, കാവൽനില്ക്കുക* എന്നൊക്കെ അർത്ഥമുള്ള *സാഫ്* എന്ന ക്രിയാധാതുവിൽ നിന്നാണ് *മിസ്പാ* എന്ന ഹീബ്രു നാമത്തിന്റെ ഉത്ഭവം. "*കാവൽഗോപുരം*" എന്ന് ഇതിനെ വിവർത്തനെ ചെയ്യാം. ഈ അർത്ഥത്തിലാണ് സപ്തതി "*സ്കോപ്പിയാ*" എന്ന് ഇതിനെ ഗ്രീക്കിലേക്കു വിവർത്തനം ചെയ്തത്. "*സ്കോപ്പേയിൻ*" എന്ന ക്രിയാധാതുവിനുമുമ്പിൽ "*എപ്പി*" എന്ന ഉപസർഗ്ഗം ചേർത്താണ്. "*എപ്പിസ്കോപ്പോസ്*" എന്ന ഗ്രീക്കു നാമം ഉണ്ടായത്. അതിൽനിന്നാണ് ഇംഗ്ലീഷിലെ ബിഷപ്പ് എന്ന വാക്കിന്റെ ഉത്ഭവം. മേൽനോട്ടം വഹിക്കുന്നവൻ, കാവൽനിൽക്കുന്നവൻ എന്നൊക്കെ അർത്ഥം. ഉയർന്ന മലയിൽ ഉണ്ടായിരുന്ന ഒരു പട്ടണമായിരുന്നു മിസ്പാ. ശത്രുക്കൾ അകലെ നിന്നു വരുന്നത് കാണാൻ കഴിയുന്ന സ്ഥലമായതിനാലാവാം ഈ പേരുണ്ടായത്.

മിസ്പാ എന്ന പേരിൽ 5 വ്യത്യസ്ത സ്ഥലങ്ങൾ ബൈബിളിൽ പരാമർശിക്കപ്പെടുന്നുണ്ട്. അതിൽ ഏറ്റം പ്രധാനപ്പെട്ടതാണ് ഇവിടെ പഠനവിഷയമാക്കുന്നത്. സാമുവേൽ ആണ്ടുതോറും സന്ദർശിച്ച് ന്യായപാലനം നടത്തിയിരുന്ന ഒരു പട്ടണമാണ് മിസ്പാ (1 സാമു 7,16). അതിലുപരി, ദൈവത്തിന്റെ പ്രത്യേകമായ സംരക്ഷണം അനുഭവപ്പെട്ട ഒരു പട്ടണമാണത്.

പ്രാർത്ഥനയ്ക്കായി ഇസ്രായേൽ ജനം മുഴുവൻ മിസ്പായിൽ സമ്മേളിച്ചിരിക്കുന്നു എന്നറിഞ്ഞ ഫിലിസ്ത്യർ വലിയ സൈന്യ

സന്നാഹങ്ങളുമായി അവർക്കെതിരേ വന്നു. ഭയവിഹ്വലരായ ഇസ്രായേൽജനം ദൈവത്തോടു നിലവിളിച്ചപേക്ഷിച്ചു. സാമുവേൽ ഒരാട്ടിൻകുട്ടിയെ ബലിയർപ്പിച്ച് കർത്താവിനോടു പ്രാർത്ഥിച്ചു. ഉടനെ ഫലമുണ്ടായി. ആകാശത്തുനിന്ന് വെള്ളിടി വെട്ടി. കർത്താവിന്റെ സ്വരം ശത്രു സൈന്യത്തെ സംഭ്രാന്തരാക്കി. അവർ ചിതറിയോറി (1 സാമു 7,2-11).

ഏകദേശം 150 വർഷങ്ങൾക്കുശേഷം യൂദാരാജാവായ ആസാ (ബി.സി. 911-870) മിസ്പായിൽ സുശക്തമായ ഒരു കോട്ട പണിത് യൂദായുടെ അതിർത്തി സുരക്ഷിതമാക്കി (1 രാജാ 15,22) ബി. 587-ൽ ജറുസലേം നശിപ്പിച്ച നബുക്കദ്നേസർ മിസ്പായിൽ ബാബിലോണിന്റെ ഒരു ഭരണകേന്ദ്രം സ്ഥാപിച്ചു. ദേവാലയം നഷ്ടപ്പെട്ട യഹൂദർ ഇവിടെ പ്രാർത്ഥനയ്ക്കു സമ്മേളിക്കുമായിരുന്നു. മക്കബായരുടെ കാലത്തും മിസ്പായിൽ ഒരു പ്രാർത്ഥനാകേന്ദ്രം ഉണ്ടായിരുന്നു (1 മക്ക 3,46).

ഇത്രമാത്രം പ്രാധാന്യമുള്ള മിസ്പാ എവിടെയായിരുന്നു എന്ന കാര്യത്തിൽ പുരാവസ്തു ഗവേഷകർക്കിടയിൽ തർക്കമുണ്ട്. രണ്ടു സ്ഥലങ്ങൾ ചൂണ്ടിക്കാട്ടപ്പെടുന്നു. ജറുസലേമിൽനിന്ന് 8 കി.മീ. വടക്ക്, *നബി സാമ്വിൽ* എന്ന പേരിൽ അറിയപ്പെടുന്ന ഗ്രാമമാണ് പുരാതനകാലത്തെ മിസ്പാ എന്നു കരുതുന്നവരുണ്ട്. സാമുവേൽ പ്രവാചകന്റെ പേര് തെളിവായി എടുത്തുകാട്ടുന്നു. എന്നാൽ മറ്റു തെളിവുകളൊന്നുമില്ലാത്തതിനാൽ ജറുസലെമിൽനിന്ന് 13 കി.മീ. വടക്ക്, ജറുസലെം-സമറിയാ റോഡിനടുത്ത് ഉയർന്നു നിൽക്കുന്ന "*ടെൽ-എൽ-നസ്ബെ*"യാണ് മിസ്പാ എന്നു ഭൂരിഭാഗം ഗവേഷകരും അഭിപ്രായപ്പെടുന്നു. എഴുത്തിൽ വന്ന ഒരു പിശകായിരിക്കാം *മിസ്പാ* എന്നത് *നസ്ബാ* ആകാൻ കാരണം.

സമുദ്രനിരപ്പിൽ നിന്ന് 900 മീറ്റർ, ചുറ്റുമുള്ള സമതലത്തിൽനിന്ന് 150 മീറ്റർ, ഉയർന്നു നില്ക്കുന്ന വലിയൊരു മലയാണിത്. ഈ മലമുകളിൽ ഏകദേശം 800 മീറ്റർ ചുറ്റളവിൽ ഒരു കോട്ടയുണ്ട്. കോട്ടമതിലിന് 20 അടിയോളം വീതിയും 40 അടി ഉയരവും ഉണ്ടായിരുന്നതായി കരുതപ്പെടുന്നു. ചുറ്റിലും കിടങ്ങുണ്ടായിരുന്നു. ആസാ നിർമ്മിച്ച കോട്ടയാണിതെന്നു കരുതാൻ ന്യായമുണ്ട്.

ശത്രുവിന്റെ വരവ് മുൻകൂട്ടി അറിയിക്കാൻ പടയാളികൾ നിരന്തരം ജാഗ്രതയോടെ നോക്കി നില്ക്കുന്ന കാവൽ ഗോപുരമാണ് മിസ്പാ. അവിടെവച്ച് ദൈവം സംരക്ഷണം നല്കി; ശത്രുക്കളെ ചിതറിച്ചു. എന്നാൽ അതിനുമുമ്പേ ജനം ഒന്നടങ്കം മാനസാന്തരപ്പെട്ട്, വിഗ്രഹാരാധന ഉപേക്ഷിക്കുകയും പൂർണ്ണ ഹൃദയത്തോടെ ദൈവത്തിങ്കലേക്കു തിരിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്തു. (1 സാമു. 7,3-6). മാനസാന്തരത്തിന്റെയും ജാഗ്രതയുടെയും ആവശ്യത്തോടൊപ്പം കർത്താവിന്റെ ശക്തമായ സംരക്ഷണത്തെയും അനുസ്മരിപ്പിക്കുന്നു മിസ്പാ.

# 62

## അഫെക്ക്
## തകർന്നുവീഴുന്ന കോട്ട

ന്യായാധിപന്മാരുടെ കാലത്ത് ഇസ്രായേൽ ജനത്തെ ഫിലിസ്ത്യർ ദയനീയമായി പരാജയപ്പെടുത്തിയ സ്ഥലമാണ് അഫെക്ക്. കർത്താവു തങ്ങളുടെ കൂടെ ഇല്ലാഞ്ഞതിനാലാണ് യുദ്ധത്തിൽ തോറ്റത് എന്ന് കരുതിയ ഇസ്രായേൽ നേതാക്കന്മാർ ഷീലോയിലെ ആലയത്തിൽ നിന്ന് ഉടമ്പടിയുടെ പേടകം പടക്കളത്തിലേക്കു കൊണ്ടുവന്നു. പേടകത്തിലൂടെ കർത്താവിന്റെ സംരക്ഷണം ലഭിക്കും എന്നു വിചാരിച്ച ജനത്തിനു തെറ്റി. ഇസ്രായേലിന്റെ പടകുടീരങ്ങളിൽ അവരുടെ ദേവന്മാർ എത്തിയിരിക്കുന്നു എന്നുകേട്ട ഫിലിസ്ത്യർ ഭയന്നെങ്കിലും വർദ്ധിത വീര്യത്തോടെ യുദ്ധം ചെയ്തു; ഇസ്രായേൽക്കാരെ പറ്റെ പരാജയപ്പെടുത്തുക മാത്രമല്ല, അവരുടെ വിശ്വാസത്തിന്റെ കേന്ദ്രമായിരുന്ന പേടകം പിടിച്ചെടുക്കുകയും ചെയ്തു (1 സാമു 4,1-11). നേതാക്കന്മാരുടെ ഔദ്ധത്യം വഴി ജനത്തിന് എല്ലാം നഷ്ടപ്പെട്ട സ്ഥലമാണ് അഫെക്ക്.

വീണ്ടും ഒരിക്കൽക്കൂടി ഇസ്രായേലിന്റെ പരാജയത്തിന് അഫെക്ക് സാക്ഷിയായി (1 സാമു 29-31). ഇസ്രായേലിനെ ഉന്മൂലനം ചെയ്യാൻ തീരുമാനമെടുത്ത ഫിലിസ്ത്യ രാജാക്കന്മാർ അഫെക്കിൽ ഒരുമിച്ചുകൂടി. ഗത്തിലെ രാജാവായ അക്കീഷിന്റെ അനുചരനായി വന്ന ദാവീദിനെയും, സംഘത്തെയും അവിടെ വച്ച് ഫിലിസ്ത്യർ തിരിച്ചയച്ചു. തുടർന്നു ഫിലിസ്ത്യ സൈന്യം വടക്ക് ജെസ്രേലിലേക്കു നീങ്ങി. ഗിൽബോവാ കുന്നിൽവച്ച് സാവൂളിനെയും പുത്രന്മാരെയും വധിച്ചു. പരാജയത്തിന്റെയും

നഷ്ടത്തിന്റെയും നാശത്തിന്റെയും കഥകളാണ് അഫെക്കിന് പറയാനുള്ളത്.

*ഉറച്ച് അടിത്തറ, കോട്ട* എന്നൊക്കെയാണ് *അഫെക്ക്* എന്ന ഹീബ്രു വാക്കിനർത്ഥം. ഷാരോൺ സമതലത്തിൽ നിന്ന് എഫ്രേം മലനാട്ടിലേക്കുള്ള കയറ്റത്തിലാണ് അഫെക്ക് പട്ടണം സ്ഥിതി ചെയ്തിരുന്നത്. മധ്യധരണ്യാഴിയുടെ തീരത്തുള്ള യോപ്പായിൽനിന്ന് ഏകദേശം 16 കി.മീ. വടക്കു കിഴക്കാണിത്. ഇവിടെനിന്നും ഏകദേശം 40 കി.മീ. വടക്കുകിഴക്കാണ് ഷീലോ. ഗാസായിൽ നിന്ന് ഡമാസ്കസിലേക്കു പോകുന്ന രാജപാതയിലെ തന്ത്രപ്രധാനമായ ഒരു പട്ടണമായിരുന്നു അഫെക്ക്. പടിഞ്ഞാറോട്ടൊഴുകി മധ്യധരണ്യാഴിയിൽ പതിക്കുന്ന *യാർക്കോൺ* പുഴ ഇവിടെയാണുത്ഭവിക്കുന്നത്.

മധ്യധരണ്യാഴിയുടെ തീരത്ത് കേസറിയാ എന്ന പേരിൽ പുതിയൊരു തുറമുഖനഗരം പണികഴിപ്പിച്ച ഹേറോദേസ് മഹാരാജാവ് ബി.സി. 9-ൽ അഫെക്കിൽ ഒരു പട്ടണം നിർമ്മിച്ചു; തന്റെ പിതാവിന്റെ സ്മരണയ്ക്കായി അതിന് *അന്തിപാത്രിസ്* എന്നു പേരും നൽകി. കേസറിയായ്ക്കും ജെറുസലേമിനും മധ്യത്തിലാണ് ഈ നഗരം. ജറുസലേമിൽനിന്ന് തടവുകാരനായി കേസറിയായിലേക്കു പോയ പൗലോസും പടയാളികളും ഇവിടെയാണ് വിശ്രമിച്ചത് (അപ്പ. 23,31). ഈ പട്ടണത്തിന്റെ അവശിഷ്ടങ്ങൾ ഇന്ന് "*റാസ് എൽ അയിൻ*" എന്നറിയപ്പെടുന്ന ഗ്രാമത്തിനടുത്ത് ദൃശ്യമാണ്.

ദൈവത്തോടുള്ള വിശ്വസ്തതയും അവിടുത്തെ പ്രമാണങ്ങളനുസരിച്ചുള്ള ജീവിതവുമാണ് സംരക്ഷണം നല്കുന്നത്. ദേവാലയവും പേടകവും ഒന്നും അതിനു പകരമാവുകയില്ല. കർത്താവിന്റെ സിംഹാസനം എന്നു വിശേഷിപ്പിച്ചിരുന്ന ഉടമ്പടിയുടെ പേടകം തന്നെ ശത്രുകരങ്ങളിൽ പെട്ടതിന്റെ സ്മാരകമായി നില്ക്കുന്ന അഫെക്ക് നല്കുന്ന പാഠം വലുതാണ്. വിശുദ്ധജീവിതം നയിക്കാത്തവർക്ക് ഒരു വിശുദ്ധ വസ്തുവും വിശുദ്ധാചാരവും സംരക്ഷണം നല്കുകയില്ല!

# 63

## എബെനേസർ
## അഭയശില

ഉടമ്പടിയുടെ പേടകം ഫിലിസ്ത്യർ പിടിച്ചെടുത്ത യുദ്ധത്തിൽ ഇസ്രായേൽക്കാർ പാളയമടിച്ച സ്ഥലമാണ് എബെനേസർ. ഫിലിസ്ത്യ പാളയമായിരുന്ന അഫെക്കിൽ നിന്ന് ഏകദേശം 2 കി.മീ. കിഴക്കായിരുന്നു ഇസ്രായേൽ പാളയം. കർത്താവിന്റെ സംരക്ഷണം ഉറപ്പുവരുത്താനായി ഉടമ്പടിയുടെ പേടകം 40 കി.മീ കിഴക്കുള്ള ഷീലോയിലെ ആലയത്തിൽ നിന്ന് എബെനേസറിലേക്കു കൊണ്ടുവന്നു. പക്ഷേ പേടകം സഹായിച്ചില്ല; പരാജയം പൂർണ്ണമായിരുന്നു. പേരിന്റെ അർത്ഥത്തിനു കടകവിരുദ്ധമായിരുന്നു അനുഭവം.

"*സഹായം നല്കുന്ന കല്ല്*" എന്നാണ് *എബെനേസർ* എന്ന ഹീബ്രു നാമത്തിന്റെ അർത്ഥം. ഈ അർത്ഥം പുനഃസ്ഥാപിക്കുന്നതാണ് ഇസ്രായേൽ ജനത്തിന്റെ രണ്ടാമത്തെ അനുഭവം. പ്രാർത്ഥിക്കാനായി മിസ്പായിൽ ഒരുമിച്ചുകൂടിയ ഇസ്രായേൽക്കാർക്കെതിരേ യുദ്ധത്തിനു വന്ന ഫിലിസ്ത്യസൈന്യത്തെ കർത്താവുതന്നെ തുരത്തി. ഇടിമുഴക്കം കേട്ടു ഭയന്ന്, പിന്തിരിഞ്ഞോടിയ ഫിലിസ്ത്യരെ ഇസ്രായേൽക്കാർ എബെനേസർ വരെ അനുധാവനം ചെയ്തു വിജയം ഉറപ്പാക്കിയ സ്ഥലത്ത് സാമുവേൽ "*ഒരു കല്ല്, സ്ഥാപിച്ചു. ഇതുവരെ കർത്താവ് നമ്മെ സഹായിച്ചു എന്നു പറഞ്ഞ് ആ സ്ഥലത്തിന് എബെനേസർ എന്നു പേരിട്ടു*" (1 സാമു 7,12).

പേരിന്റെ ഉത്ഭവത്തെക്കുറിച്ചു നല്കുന്ന വിവരണം സ്ഥല

ത്തിന്റെ പ്രതീകാത്മകമായ അർത്ഥം വ്യക്തമാക്കുന്നു. ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും വിഗ്രഹങ്ങളെല്ലാം ഒഴിവാക്കി അനുതാപത്തോടെ പ്രാർത്ഥിക്കുകയും ചെയ്തപ്പോൾ കർത്താവിന്റെ സഹായം അവർക്ക് അനുഭവിക്കാൻ കഴിഞ്ഞു. അതിശക്തമായ ശത്രുസൈന്യത്തെ പരാജയപ്പെടുത്താൻ സാധിച്ചു. കർത്താവിൽ മാത്രം ആശ്രയിക്കുകയും പ്രാർത്ഥനയിലൂടെ അവിടുത്തെ സഹായം തേടുകയും ചെയ്യുന്നവരെ കർത്താവ് സംരക്ഷിക്കും എന്ന ഉറപ്പാണ് എബെനേസർ നല്കുന്നത്. കർത്താവു തന്നെയാണ് സഹായശില; അവിടുന്നിൽ മാത്രമാണ് അഭയം. അതിനാൽ എബെനേസർ ദൈവത്തിന്റെ തന്നെ ഒരു പര്യായമായി നിലകൊള്ളുന്നു.

# 64

## എൻദോർ
## പാതാളത്തിലേക്കുള്ള പാഥേയം

താബോർ മലയിൽനിന്ന് ഏകദേശം 10 കി.മീ തെക്ക്, ജെസ്രേൽ താഴ്‌വരയിലുള്ള ഒരു പട്ടണമാണ് *എൻദോർ*, "*തലമുറകളുടെ ഉറവ്*" എന്നാണ് പേരിന് അർത്ഥം. എന്നാൽ ഇസ്രായേലിലെ ആദ്യരാജാവായ സാവൂളിനെ സംബന്ധിച്ച് പേരിന് കടകവിരുദ്ധമായ അനുഭവമാണ് എൻദോറിൽ ഉണ്ടായത്.

കാനാൻദേശം ഇസ്രായേൽ ഗോത്രങ്ങൾക്കായി വീതിച്ചുകൊടുത്തപ്പോൾ മനാസ്സെ ഗോത്രത്തിന്, ജോർദാൻ നദിയുടെ പടിഞ്ഞാറ് അവകാശമായി നല്കിയ പട്ടണങ്ങളിൽ ഒന്നായിരുന്നു എൻദോർ. എന്നാൽ ജോഷ്വായുടെ കാലത്ത് ആ പട്ടണം പിടിച്ചടക്കാൻ മനാസ്സെക്കു കഴിഞ്ഞില്ല. പില്ക്കാലത്ത് ഇസ്രായേൽ ജനം ശക്തി പ്രാപിച്ചപ്പോൾ അവർ പട്ടണം കീഴടക്കുകയും നിവാസികളെ തങ്ങളുടെ അടിമകളാക്കുകയും ചെയ്തു. അതുവരെ കാനാൻകാരുടെ കേന്ദ്രമായിത്തന്നെ എൻദോർ കഴിഞ്ഞു (ജോഷ്വാ 17, 11-13).

മരണഭീതിയോടെയാണ് സാവൂൾ എൻദോറിൽ വന്നത്. അതിശക്തമായ ഫിലിസ്ത്യ സൈന്യം തനിക്കെതിരേ ഷൂനേമിൽ പാളയമടിച്ചിരിക്കുന്നു എന്നും ദാവീദും അവരോടു ചേർന്നിരിക്കുന്നുവെന്നും അറിഞ്ഞ സാവൂൾ ഭയചകിതനായി. ഇസ്രായേൽ സൈന്യത്തെ ഗിൽബോവ മലനിരകൾക്കു മുന്നിൽ ജെസ്രേലിൽ ഒരുമിച്ചുകൂട്ടി (1 സാമൂ 29,1). ഇക്കുറി ഫിലിസ്ത്യരെ

തോല്പിക്കാമെന്ന വിശ്വാസം സാവൂളിനില്ല. തന്റെ സൈന്യത്തിന്റെ ബലഹീനത അയാൾക്കു നന്നായറിയാം

യുദ്ധത്തിനുമുമ്പ് ദൈവഹിതം ആരായുക പതിവായിരുന്നു. അതിനായി തനിക്കു സാധ്യമായ സകല മാർഗ്ഗങ്ങളിലൂടെയും സാവൂൾ ശ്രമിച്ചു. "*സാവൂൾ ഫിലിസ്ത്യരുടെ പട്ടാളത്തെ കണ്ട് ഭയപ്പെട്ടു. മനസ്സ് അത്യധികം ഇളകിവശായി. അവൻ കർത്താവിനോടു ആരാഞ്ഞു. പക്ഷേ കർത്താവ് സ്വപ്നത്തിലൂടെയോ ഉറീമിലൂടെയോ പ്രവാചകന്മാരിലൂടെയോ ഉത്തരം നല്കിയില്ല*" (1 സാമു 28,5-6). അവസാനമാർഗ്ഗം എന്ന നിലയിൽ, തന്റെ ദാസന്മാരുടെ ഉപദേശമനുസരിച്ച്, സാമുവേലിനെ പാതാളത്തിൽ നിന്നു വിളിച്ചുവരുത്തി ഉപദേശം തേടാൻ തീരുമാനിച്ചു. അതിനുവേണ്ടിയാണ് എൻദോറിലേക്കു പോയത്.

മന്ത്രവാദികളെയും മരിച്ചവരിൽനിന്ന് രഹസ്യം ചോർത്താൻ കഴിവുണ്ടെന്ന് കരുതിയിരുന്ന മൃതസന്ദേശവാഹകരെയും നാട്ടിൽ നിന്നു തുടച്ചു നീക്കിയ സാവൂൾ ഇപ്പോൾ അങ്ങനെ ഒരാളെ തേടുന്നു എന്നതുതന്നെ സംഭ്രാന്തമായ അയാളുടെ മാനസികാവസ്ഥയ്ക്കു തെളിവാണ്. ഇസ്രായേൽ ദേശത്തുനിന്നു മന്ത്രവാദികളെ തുരത്തിയപ്പോൾ കാനാൻകാരുടെ തുരുത്തിൽ അഭയം തേടിയതായിരുന്നു എൻദോറിലെ മന്ത്രവാദിനി.

സാവൂളിന്റെ നിർദ്ദേശമനുസരിച്ചപ്പോൾ മന്ത്രവാദിനി കണ്ടത് പാതാളത്തിൽ നിന്നു കയറി വരുന്ന സാമുവേലിനെയാണ്. എന്നാൽ സാമുവേൽ സംസാരിച്ചത് മന്ത്രവാദിനിയോടോ അവൾ വഴിയോ അല്ല, സാവൂളിനോടു നേരിട്ടാണ്. അത് ഉപദേശമായിരുന്നില്ല, മറിച്ച് ഒരു വിധി പ്രസ്താവമായിരുന്നു. "*നീയും നിന്റെ പുത്രന്മാരും നാളെ എന്നോടു ചേരും. ഇസ്രായേൽ സൈന്യത്തെ കർത്താവ് ഫിലിസ്ത്യരുടെ കരങ്ങളിലേല്പിക്കും*" (1 സാമു 28,19).

ഭീകരമായ വിധിവാചകം കേട്ടു ഞെട്ടിയ സാവൂൾ ബോധമറ്റുവീണു. മനസ്സും ശരീരവും ഒരുപോലെ തളർന്നുപോയ സാവൂളിനുവേണ്ടി മന്ത്രവാദിനി ഒരു വിരുന്നൊരുക്കി. നിർബന്ധത്തിനു വഴങ്ങി സാവൂൾ അവൾ ഒരുക്കിയ വിരുന്നു ഭക്ഷിച്ചു, അത് മരണത്തിനു മുമ്പുള്ള തന്റെ ഒടുക്കത്തെ ഭക്ഷണം ആണെന്ന് അറിഞ്ഞുകൊണ്ടുതന്നെ. മരിച്ചവരിൽ നിന്ന് ഉപദേശം തേടിയെത്തിയ സാവൂളിന് കൊലച്ചോറൊരുക്കിയ സ്ഥലമാണ് *എൻദോർ*. മരി

ച്ചവരെ വിളിച്ചുവരുത്താൻ ശ്രമിക്കുന്നത് മൗഢ്യമല്ല, അപകടക രമായിരിക്കും എന്ന സൂചനയും എൻദോർ നല്കുന്നു. ഹോറെ ബിലേക്കുള്ള യാത്രയിൽ ഏലിയായ്ക്കു കിട്ടിയ അപ്പത്തിന്റെ കടകവിരുദ്ധമായ ഒന്നാണ് എൻദോറിൽവച്ച് സാവൂളിനു ലഭി ച്ചത് - പാതാളയാത്രയ്ക്കുള്ള പൊതിച്ചോറ്. വ്യക്തമായി അറി യാവുന്ന ദൈവഹിതത്തെ മനഃപൂർവ്വം ധിക്കരിക്കുന്നവർക്ക് അവ ശേഷിക്കുന്നത് പാതാളപാഥേയം മാത്രമാണെന്നും എൻദോർ അനുസ്മരിപ്പിക്കുന്നു.

# 65

## ഗിൽബൊവാ
## വില്ലൊടിച്ച മല

ഫിലിസ്ത്യരുമായുള്ള അന്തിമപോരാട്ടത്തിൽ സാവൂളും മൂന്നു പുത്രന്മാരും മരിച്ചുവീണ മലയാണ് *ഗിൽബൊവാ. "കുമിള പൊന്തുന്ന ഉറവ"* എന്നാണ് പേരിന് അർത്ഥം. ഇസ്രായേൽ ജനത്തിന്റെ രാജാവിൽ കേന്ദ്രീകൃതമായ സ്വപ്നങ്ങൾ നീർക്കുമിളപോലെ തകർന്നു പോയ മലയ്ക്ക് ഈ പേര് തികച്ചും അനുയോജ്യം തന്നെ. സമറിയാ മലനിരയുടെ വടക്കേ അറ്റത്താണ് ഗിൽബൊവാ. അതുകഴിഞ്ഞാൽ വടക്ക് ജെസ്രേൽ താഴ്വരയാണ്. ഗിൽബൊവായിൽ നിന്ന് ഏകദേശം 10 കി.മീ. വടക്കാണ് എൻദോർ. അവിടെനിന്ന് വീണ്ടും 10 കി.മീ. വടക്കാണ് താബോർമല. സാവൂളിന്റെ അന്ത്യവുമായി ബന്ധപ്പെടുത്തി മാത്രമേ ബൈബിളിൽ ഗിൽബൊവാ പരാമർശ വിഷയമാകുന്നുള്ളൂ.

സാമുവേൽ പ്രഖ്യാപിച്ച വധശിക്ഷ ഏറ്റുവാങ്ങി, തകർന്ന മനസ്സും തളർന്ന ശരീരവുമായി എൻദോറിൽനിന്നു മടങ്ങിയ സാവൂൾ പിറ്റേദിവസം ഫിലിസ്ത്യ സൈന്യത്തെ നേരിട്ടു. എൻദോറിൽ നിന്ന് ഏകദേശം 8 കിലോമീറ്റർ തെക്കുപടിഞ്ഞാറുള്ള ഷൂനേമിൽ ആയിരുന്നു ഫിലിസ്ത്യപാളയം. തോല്ക്കുമെന്നു തീർച്ചയായിട്ടും അവസാനശ്രമം എന്ന നിലയിലാണ് സാവൂൾ ഇസ്രായേൽ സൈന്യത്തെ നയിച്ചത്. ഗിൽബൊവാ കുന്നുകളിൽ ഫിലിസ്ത്യരുടെ കുതിരപ്പടയും തേരുകളും കാര്യക്ഷമമായിരിക്കുകയില്ല എന്ന പ്രതീക്ഷയും ഉണ്ടായിരുന്നിരിക്കാം. ന്യായാധിപന്മാരുടെ കാലത്ത് സിസേറായുടെ സൈന്യം താബോർ മലഞ്ചെരുവിൽ തകർന്നതുപോലെ (ന്യായ. 4,12-16), മിസ്പായിൽ ഫിലിസ്ത്യർ തുരത്തപ്പെട്ടതുപോലെ (1 സാമു 6,10-11), ഗിൽബൊവായിലും

വിജയം ലഭിച്ചേക്കാം എന്നു കരുതിയിട്ടുണ്ടാവാം. പക്ഷേ യുദ്ധ ത്തിന്റെ ഫലം നേരത്തെ തന്നെ പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു.

"*ഇസ്രായേല്യർ ഫിലിസ്ത്യരോട് തോറ്റോടി ഗിൽബൊവാ ക്കുന്നിൽ മരിച്ചുവീണു*" (1 സാമു. 31,1). ഫിലിസ്ത്യർ പാളയമടി ച്ചിരുന്ന ഷൂനേമിൽ നിന്ന് ഏകദേശം 2 കി.മീ. തെക്കുകിഴക്കാണ് ഗിൽബൊവാ. സാവൂളിന്റെ പുത്രന്മാർ മൂന്നുപേർ യുദ്ധത്തിൽ നിപതിച്ചു. സാവൂളിനു ചുറ്റും അതിരൂക്ഷമായ പോരാട്ടമുണ്ടായി. തോറ്റോടാതെ നിന്നു പൊരുതിയ സാവൂളിനും അവസാനം മാര കമായി മുറിവേറ്റു. ശത്രുകരങ്ങളാൽ വധിക്കപ്പെടുന്നത് അപമാ നകരമായി കരുതിയ ആ ധീരയോദ്ധാവ് "*സ്വന്തം വാളിൽ വീണു മരിച്ചു*" (1 സാമു. 31,4).

ഇസ്രായേൽ ജനം നേരിട്ട അതിഭീകരമായ ഒരു പ്രതിസ ന്ധിയായിരുന്നു അത്. ശത്രുകരങ്ങളിൽ നിന്ന് സംരക്ഷണം ലഭി ക്കാൻ തങ്ങൾക്കൊരു രാജാവു വേണം എന്നു ശഠിച്ച്, ന്യായാ ധിപനായ സാമുവേലിനെ നിർബന്ധിച്ച്, ഇസ്രായേൽ ജനം വാഴിച്ച ആദ്യ രാജാവായിരുന്നു സാവൂൾ. ജനം പ്രതീക്ഷിച്ച സംര ക്ഷണം നല്കാൻ അയാൾക്കു കഴിഞ്ഞില്ല. തന്നെയുമല്ല, കർത്താ വിന്റെ കല്പനകൾ ലംഘിച്ചുകൊണ്ട് നിരന്തരമായി അവിശ്വ സ്തത കാട്ടിയ സാവൂളിന് അവസാനം സ്വന്തം ജീവനും നഷ്ട പ്പെട്ടു. ദൈവത്തിൽ ആശ്രയിക്കാതെ രാഷ്ട്രീയ നേതാക്കളിലും ആയുധബലത്തിലും പ്രത്യാശവയ്ക്കുന്നതിന്റെ മൗഢ്യം വിളി ച്ചറിയിച്ചുകൊണ്ട് ഇന്നും തല ഉയർത്തി നില്ക്കുന്നു ഗിൽബൊവാ മല.

സാവൂളും പുത്രന്മാരും വധിക്കപ്പെട്ടു എന്നറിഞ്ഞ ഇസ്രായേൽ ജനം നാടും നഗരവും വിട്ട് കാടുകളിലും മലകളിലും ഒളിച്ചു. ഫിലിസ്ത്യർ വന്ന് അവിടെ വാസമുറപ്പിച്ചു (1 സാമു 31,7). സാവൂ ളിന്റെയും ജോനാഥന്റെയും മരണവാർത്തയറിഞ്ഞ ദാവീദ് ഹൃദയം തകർന്നു പാടി (2 സാമു 1,17-27). ആ വിലാപഗാനത്തിന്റെ മാറ്റൊലി ഇന്നും ഗിൽബൊവാ കുന്നുകളിൽ മുഴങ്ങി കേൾക്കാം.

"*ഇസ്രായേലേ, നിന്റെ മഹത്വം നിന്റെ ഗിരികളിൽ നിഹിത മായി. ശക്തന്മാർ നിപതിച്ചതെങ്ങനെ?*" (2 സാമു 1,19). ഒടിഞ്ഞ വില്ലും വാളും തകർന്ന പരിചയും പടയാളികളുടെ കബന്ധങ്ങളും ചിതറിക്കിടന്ന ഗിൽബൊവാ ഒരു യുഗത്തിന്റെ അന്ത്യം കുറിക്കുന്നു - ആയുധങ്ങളിൽ ആശ്രയമർപ്പിക്കുന്ന ഔദ്ധത്യത്തിന്റെ അന്ത്യം.

# 66

## ബേത്ഷാൻ
## ബീഭത്സമായ വിജയസ്മാരകം

സാവൂൾ മരിച്ചുവീണ ഗിൽബൊവാ മലയുടെ വടക്കു കിഴക്കെ അറ്റത്ത്, ജെസ്രേൽ താഴ്‌വരയിൽ ഉള്ള ഒരു പട്ടണ മാണ് *ബേത്ഷാൻ*. ഇന്ന് *ബയ്സാൻ* എന്ന പേരിൽ ആ പട്ടണം അറിയപ്പെടുന്നു. ബി.സി. 15-ാം നൂറ്റാണ്ടു മുതൽ ജനങ്ങൾ അധി വസിച്ചിരുന്ന ഒരു പട്ടണമാണ് ബേത്ഷാൻ. *ബേത്ഷെയാൻ* എന്നും പേരുണ്ട്.

കാനാൻദേശം വിഭജിച്ചുകൊടുത്തപ്പോൾ മനാസ്സേക്കു നല്കിയ പ്രദേശത്തുള്ള ഒരു പട്ടണമായിരുന്നു ബേത്ഷാൻ. (ജോഷ്വാ 17,11). എന്നാൽ അതു കീഴടക്കി സ്വന്തമാക്കാൻ അവർക്കു കഴിഞ്ഞില്ല. ദാവീദിന്റെ കാലത്താണ് ഈ പട്ടണം ഇസ്രായേൽക്കാർക്കു കീഴടങ്ങിയത്. നികുതി പിരിവും ഭരണവും എളുപ്പമാക്കാൻ വേണ്ടി കാനാൻ ദേശത്തെ 12 പ്രവിശ്യകളായി സോളമൻ തിരിച്ചപ്പോൾ അതിൽ ഒരു പ്രവിശ്യയുടെ തലസ്ഥാ നമായിരുന്നു ബേത്ഷാൻ (1 രാജാ 4,12).

അനേകം യുദ്ധങ്ങൾക്കു സാക്ഷ്യം വഹിച്ച ഒരു പട്ടണമാണ് ബേത്ഷാൻ. ഫിലിസ്ത്യരും ഇസ്രായേല്യരും ഈജിപ്തുകാരും അസീറിയാക്കാരും യുദ്ധം ചെയ്തു കീഴടക്കുകയും അവിടെ താവ ളമുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നിയമകാലത്ത് ഈ പട്ടണം *ഷീത്തോപോളിസ്* എന്ന പേരിൽ അറിയപ്പെട്ടിരുന്നു. *ദശഗ്രാമങ്ങൾ* അഥവാ *ഡെക്കാപോളിസ്* എന്നറിയപ്പെട്ടിരുന്ന പത്തു പട്ടണങ്ങളിൽ ഒന്നാണിത്.

സാവൂളിന്റെയും പുത്രന്മാരുടെയും അന്ത്യവുമായി ബന്ധപ്പെട്ടാണ് ബേത്ഷാൻ ഏറ്റം കൂടുതൽ അറിയപ്പെടുന്നത്. ഗിൽബൊവാ ക്കുന്നിൽ മരിച്ചുവീണ അവരുടെ മൃതദേഹങ്ങൾ പിറ്റേദിവസം ഫിലിസ്ത്യസൈന്യം കണ്ടെത്തി. തല വെട്ടിയെടുത്ത് വിജയസ്മാരകമായി താലത്തിൽ എഴുന്നള്ളിച്ചു. കബന്ധങ്ങൾ ബേത്ഷാൻ പട്ടണത്തിന്റെ മതിലിൽ തൂക്കിയിട്ടു. തോറ്റോടി മരിച്ചു വീണവരെ സംസ്ക്കരിക്കാനോ വെളിമ്പ്രദേശത്ത് ഉപേക്ഷിക്കാനോ മനസ്സാകാതെ മൃതശരീരങ്ങൾ മതിലിലിൽ തൂക്കി വിജയം ആഘോഷമാക്കുന്നവർ മനുഷ്യത്വത്തിന്റെ കണികപോലും അവശേഷിക്കാതെ, തിന്മയുടെ അവതാരങ്ങളായി അധഃപതിക്കുന്നു.

തലയറ്റ ശരീരങ്ങൾ തൂങ്ങുന്ന ബേത്ഷാൻ പട്ടണ മതിലുകൾ ഭീകരവും ബീഭത്സവുമായ താക്കീതുകൾ നല്കുന്നു. ദൈവകല്പനകളെ നിഷേധിക്കുന്നതിന്റെ തിക്തഫലം എന്തായിരിക്കും എന്നതിന്റെ സൂചനയാണ് ഒന്ന്. അതോടൊപ്പം ശത്രുതയും വിദ്വേഷവും മനുഷ്യനെ എത്രത്തോളം ക്രൂരമാക്കാം എന്നതിന്റെ ഒരു ഉദാഹരണവുമാണത്. പാർട്ടിയുടെയും പ്രത്യയ ശാസ്ത്രത്തിന്റെയും മതത്തിന്റെയും പേരിൽ അപരനെ ശത്രുവെന്നു മുദ്രകുത്തി അവഹേളിക്കുകയും വേട്ടയാടി നശിപ്പിക്കുകയും ചെയ്യുന്നിടത്തെല്ലാം ബേത്ഷാൻ ആവർത്തിക്കപ്പെടുന്നു.

*സർപ്പം* എന്നർത്ഥമുള്ള *നാഹാഷ്* എന്ന ഹീബ്രു വാക്കുമായി *ബേത്ഷാൻ* എന്ന പേരിനു ബന്ധമുണ്ട്. ഈ നിഗമനം ശരിയാണെങ്കിൽ *സർപ്പനഗരമെന്നോ നാഗപട്ടണമെന്നോ* ഇതിനെ വിശേഷിപ്പിക്കാം. വിഷം ചീറ്റുന്ന സർപ്പത്തെപ്പോലെയാണ് കബന്ധങ്ങൾ മതിലിൽ തൂങ്ങുന്ന ബേത്ഷാൻ എന്ന് പേരു സൂചിപ്പിക്കുന്നു. വിദ്വേഷവും പകയും കുത്തിവച്ച് അക്രമം പ്രചരിപ്പിക്കുന്നവർക്കെല്ലാം ചേരുന്ന പേരാണ് ബേത്ഷാൻ!

# 67

## യാബെഷ്ഗിലയാദ്
## മരണത്തെ മറികടന്ന കൃതജ്ഞത

ജോർദാൻ നദിയുടെ കിഴക്കുള്ള ഗിലയാദിലെ ഒരു പട്ടണ മാണ് യാബെഷ്. പ്രദേശത്തിന്റെ പേരും കൂട്ടിച്ചേർത്ത് *യാബെഷ് ഗിലയാദ്* എന്നു പറയുന്നു. ഗലീലി തടാകത്തിൽ നിന്ന് ഏകദേശം 30 കി.മീ തെക്ക്, സാവൂളിന്റെ ശരീരം മതിലിൽ തൂക്കിയ ബേത്ഷാനിൽ നിന്ന് 15 കി.മീ. തെക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന, കുന്നിൻ മുകളിലുള്ള ഒരു ചെറിയ പട്ടണമാണിത്. ഇന്ന് *ടെൽ അബുഖാരാസ്* എന്ന പേരിൽ അറിയപ്പെടുന്ന ഗ്രാമ മാണ് പഴയനിയമത്തിലെ യാബെഷ് ഗിലയാദ് എന്നു കരുതപ്പെടുന്നു.

ന്യായാധിപന്മാരുടെ പുസ്തകത്തിലാണ് (ന്യായാ 21), യാബെഷ് ഗിലയാദ് ആദ്യമായി പ്രത്യക്ഷപ്പെടുന്നത്. ഗിബെയായിലെ മ്ലേച്ഛതയുടെ പേരിൽ ബെഞ്ചമിൻ ഗോത്രത്തോടു പ്രതികാരം ചെയ്യാൻ മിസ്പായിൽ വിളിച്ചുകൂട്ടിയ ഇസ്രായേൽ സൈന്യത്തിന്റെ കൂടെ യാബെഷ് ഗിലയാദിൽ നിന്ന് ആരും ഉണ്ടായിരുന്നില്ല. പ്രതികാര നടപടിയിൽ പങ്കുചേരാൻ വിസമ്മതിച്ച അവർക്കെതിരേ ഇസ്രായേൽ ഗോത്രങ്ങൾ ഒത്തൊരുമിച്ചു പ്രതികാരം ചെയ്തു. അതിന് ഭാവാത്മകമായ ഒരു ലക്ഷ്യവുമുണ്ടായിരുന്നു.

ഗിബെയായിലെ യുദ്ധത്തിൽ ബെഞ്ചമിൻ ഗോത്രത്തിലെ സ്ത്രീകളെല്ലാം കൊല്ലപ്പെട്ടു; ഓടി രക്ഷപ്പെട്ട അറുന്നൂറു പുരുഷന്മാർ മാത്രം അവശേഷിച്ചു. അവർക്ക് ഭാര്യമാരായി തങ്ങളുടെ പുത്രിമാരെ കൊടുക്കരുത് എന്ന് ഇസ്രായേൽ ജനം ശപഥം ചെയ്തിരുന്നു. പ്രതികാരചിന്തയുടെ തീവ്രത അസ്തമിച്ചപ്പോൾ തങ്ങളുടെ ഒരു ഗോത്രം അറ്റുപോകുമല്ലോ എന്നു കരുതി ജനം അനുതപിച്ചു. ശപഥം ലംഘിക്കാതെ തന്നെ ബെഞ്ചമിൻ ഗോത്ര

ജർക്കു ഭാര്യമാരെ കണ്ടെത്താൻ വേണ്ടിയാണ് യാബെഷ് ഗില യാദിനെതിരേ പ്രതികാര നടപടി എന്ന പേരിൽ യുദ്ധം ചെയ്തത്. അവിടെ നിന്ന് 400 കന്യകമാരെ തടവുകാരാക്കി ബെഞ്ചമിൻ സൈനികർക്കു നല്കി. ശേഷിച്ച 200 പേർ ഷീലോയിലെ ഉത്സ വാവസരത്തിൽ തങ്ങൾക്കുവേണ്ടി ഭാര്യമാരെ കണ്ടെത്തി. അങ്ങനെ ബലപ്രയോഗത്തിലൂടെയാണെങ്കിലും യാബെഷ് ഗില യാദും ബെഞ്ചമിൻ ഗോത്രവും തമ്മിൽ ബന്ധുത നിലവിൽ വന്നു.

ഈ ബന്ധത്തെ അനുസ്മരിച്ചുകൊണ്ടു കൂടിയാവണം ബെഞ്ചമിൻ ഗോത്രജനായ സാവൂൾ അവരുടെ സഹായത്തിനെ ത്തിയത് (1 സാമു 11). അമ്മോന്യ രാജാവായ നാഹാഷ് യാബെഷ് ഗിലയാദിന് ഉപരോധമേർപ്പെടുത്തി. നഗരവാസികളുടെ മുഴുവൻ വലത്തു കണ്ണ് ചൂഴ്ന്നെടുക്കും എന്ന നിബന്ധനയിൽ സന്ധി ചെയ്യാൻ സമ്മതിച്ചെങ്കിലും അതിനു മുമ്പ് തങ്ങളെ സഹായി ക്കാൻ ആളുണ്ടോ എന്ന് യാബെഷ് ഗിലയാദുകാർ അന്വേഷിച്ചു. അമ്മോന്യർ അനുവദിച്ച ഏഴു ദിവസത്തെ അവുധി അവസാനി ക്കുന്നതിനുമുമ്പേ, അതിസാഹസികമായ വിധത്തിൽ സാവൂൾ സഹായത്തിനെത്തി, അമ്മോന്യരെ പരാജയപ്പെടുത്തി. രാജാ വായി അഭിഷേകം ചെയ്യപ്പെട്ടതിനുശേഷം സാവൂൾ ചെയ്ത ആദ്യത്തെ യുദ്ധമായിരുന്നു അത്. തന്റെ കഴിവും ധീരതയും തെളിയിക്കാൻ അതുവഴി സാവൂളിനു സാധിച്ചു.

യാബെഷ് ഗിലയാദുകാർ സാഹസികമായ ഈ കാരുണ്യം മറന്നില്ല. സാവൂളിന്റെയും പുത്രന്മാരുടെയും ശിരസ്സറ്റ ശരീരങ്ങൾ ഫിലിസ്ത്യർ പട്ടണമതിലിൽ തൂക്കി അവഹേളിച്ചത് അവർക്കു സഹിച്ചില്ല. ഇസ്രയേൽ സൈന്യം മുഴുവൻ ഭയന്നോടിയപ്പോൾ യാബെഷ് ഗിലയാദിലെ ധീരസേനാനികൾ രാത്രിയിൽ വന്ന് ശരീരം മതിലിൽ നിന്നെടുത്തു കൊണ്ടുപോയി തങ്ങളുടെ പട്ട ണത്തിൽ സംസ്ക്കരിച്ചു. അങ്ങനെ തങ്ങൾക്കുള്ള കൃതജ്ഞത വർഷങ്ങൾക്കു ശേഷവും അവർ പ്രകടിപ്പിച്ചു.

ആവശ്യം സാധിച്ചു കഴിയുമ്പോൾ ഉപകാരികളെ മറക്കുന്ന സ്വാർത്ഥതയും, എല്ലാറ്റിനും വില പറയുകയും എല്ലാ ജീവിത വ്യാപാരങ്ങളെയും ലാഭമെന്ന ഏകമാനദണ്ഡം വച്ചു വീക്ഷിക്കു കയും ചെയ്യുന്നിടത്ത് യാബെഷ് ഗിലയാദ് വലിയൊരു മാതൃക യാണ് – നഷ്ടം സഹിച്ചും നന്ദി കാട്ടുന്നതിന്റെ, മരണത്തെയും മറികടക്കുന്ന കൃതജ്ഞതയുടെ മാതൃക.

# 68

# മെഗിദോ
# അന്തിമപോരാട്ടത്തിന്റെ പർവ്വതം

കാർമ്മൽ പർവ്വതനിരയുടെ തെക്കു കിഴക്കേ അറ്റത്ത്, മലയിടുക്കിൽ പണിയപ്പെട്ട പട്ടണമാണ് മെഗിദോ. മധ്യധരണ്യാഴിയുടെ തീരത്തെ തുറമുഖ നഗരമായ ഹയ്ഫായിൽ നിന്ന് ഏകദേശം 30 കി.മീ. തെക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ഈ പട്ടണത്തിലൂടെയാണ് സുപ്രധാനമായ രണ്ടു വാണിജ്യപാതകൾ കടന്നുപോയിരുന്നത്. തെക്കുപടിഞ്ഞാറ് ഈജിപ്തിൽനിന്ന് വടക്കു കിഴക്ക് സിറിയായിലേക്കും മെസൊപൊട്ടാമിയായിലേക്കുമുള്ള രാജപാത ഇതിലേ കടന്നു പോകുന്നു. തെക്ക് കിഴക്ക് അറേബ്യയിൽ നിന്ന് വടക്കു പടിഞ്ഞാറ് ടയിർ, സീദോൻ മുതലായ ഫെനീഷ്യൻ നഗരങ്ങളിലേക്കുള്ള വാണിജ്യപാതയും ഈ പട്ടണത്തിലൂടെയാണ് കടന്നു പോയിരുന്നത്. അതിനാൽത്തന്നെ അനേകം യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച ഒരു പട്ടണമാണ് മെഗിദോ.

പാലസ്തീനായിൽ പുരാവസ്തു ഗവേഷകർ ഏറ്റം കൂടുതൽ പഠനംനടത്തിയ പട്ടണങ്ങളിലൊന്നാണ് മെഗിദോ. ഏകദേശം 13 ഏക്കർ വിസ്തീർണ്ണമുള്ള ഈ പട്ടണത്തിൽ ഗവേഷണം നടത്തിയവർ 20 വ്യത്യസ്ത കാലഘട്ടങ്ങളിൽ പണിയപ്പെട്ട നഗരങ്ങളുടെ അവശിഷ്ടങ്ങൾ ഒന്നിനു മുകളിൽ മറ്റൊന്നായി കണ്ടെത്തിയിട്ടുണ്ട്. ഏറ്റം അടിയിലത്തെ തട്ടിൽ കാണുന്ന അവശിഷ്ടങ്ങൾക്ക് അയ്യായിരത്തിൽപരം വർഷങ്ങൾ പഴക്കമുണ്ട്. ബി.സി. നാലാം സഹസ്രാബ്ദത്തിന്റെ ആരംഭം മുതൽ ഇവിടെ ജനവാസമുണ്ടായിരുന്നു.

ജോഷ്വാ കീഴടക്കിയ 31 പട്ടണങ്ങളുടെ പട്ടികയിൽ മെഗിദോയും ഉണ്ടെങ്കിലും (ജോഷ്വാ 12,21). മനാസ്സെ ഗോത്രത്തിന് അവകാശമായി കിട്ടിയ ആ നഗരത്തിൽ നിന്നു കാനാൻകാരെ തുരത്താൻ കഴിഞ്ഞില്ല എന്ന് ന്യായാ 1,27-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദാവീദിന്റെ കാലത്താണ് മെഗിദോ ഇസ്രായേലിന്റെ ആധിപത്യത്തിലായത്. സോളമൻ പുതുക്കിപ്പണിത ഒരു പ്രാദേശിക തലസ്ഥാനമായിരുന്നു മെഗിദോ (1 രാജാ 4,12).

ആഹാബിന്റെ കുടുംബത്തെ ഉന്മൂലനം ചെയ്ത യേഹുവിന്റെ ശരമേറ്റ യൂദാരാജാവ് അഹസിയാ മെഗിദോയിൽ വച്ചാണ് മരിച്ചത് (2 രാജാ 9,27). യൂദായിൽ മനനവീകരണത്തിന് മുൻകൈ എടുക്കുകയും ജെറമിയാ പ്രവാചകന്റെ പ്രശംസയ്ക്ക് അർഹനാവുകയും ചെയ്ത ജോസിയാ രാജാവും യുദ്ധത്തിൽ മരിച്ചത് മെഗിദോയിൽ വച്ചുതന്നെ. ബാബിലോണിനെതിരേ യുദ്ധം ചെയ്യുന്ന അസീറിയായെ സഹായിക്കാൻ വലിയൊരു സൈന്യവുമായി പോയ ഈജിപ്തിലെ ഫറവോ നെക്കോയെ തടയാൻ ശ്രമിച്ചതാണ് ജോസായിയ്ക്കു മാരകമായ മുറിവേല്ക്കാൻ കാരണം (2 രാജാ 23,29).

കോട്ടകളുടെയും കൊട്ടാരങ്ങളുടെയും അവശിഷ്ടങ്ങൾക്കിടയിൽ ഇന്ന് കാഴ്ചക്കാരെ പ്രത്യേകം ആകർഷിക്കുന്ന ഒന്നാണ് നഗരമധ്യത്തിലുള്ള ധാന്യസംഭരണിക്കുഴി. 21 അടി ആഴവും 37 അടി വ്യാസവുമുള്ള ഭീമാകാരമായ ഈ കിണർ ധാന്യം സംഭരിക്കാൻ ഉപയോഗിച്ചിരുന്നതാണ്. പട്ടണമതിലിനു പുറത്തുള്ള ഭൂഗർഭ ഉറവയിലേക്ക് പട്ടണത്തിനുള്ളിൽനിന്നുണ്ടാക്കിയ തുരങ്കവും ശ്രദ്ധേയമത്രെ. ശത്രുക്കൾ നഗരം ഉപരോധിക്കുമ്പോഴും വെള്ളം ഈ തുരങ്കത്തിലൂടെ നഗരത്തിനുള്ളിലെ വലിയ കിണറ്റിലേക്ക് ഒഴുകിക്കൊണ്ടിരിക്കും.

യുദ്ധത്തിന്റെയും വിലാപത്തിന്റെയും പ്രതീകമായിട്ടാണ് മെഗിദോ അറിയപ്പെടുന്നത് (സഖ 12,11). വെളിപാടു പുസ്തകത്തിൽ നന്മയും തിന്മയും തമ്മിൽ, സാത്താനും ക്രിസ്തും തമ്മിൽ നടക്കാൻ പോകുന്ന അന്തിമപോരാട്ടത്തിന്റെ സ്ഥലം എന്നു വിശേഷിപ്പിക്കുന്ന *ഹർമഗെദോൻ* (വെളി. 16,16; 19,17-21) *മെഗിദോ*യുടെ ഒരു പര്യായമായി കരുതുന്നവരുണ്ട്. *മെഗിദോമല* എന്നു അർത്ഥമുള്ള "*ഹർമെഗിദോ*" എന്ന ഹീബ്രു നാമം ഗ്രീക്കിലേക്കു

പകർത്തിയപ്പോൾ *ഹർമഗെദോൻ* എന്നായതാവാം. ഈ നിഗമനം ശരിയാണെങ്കിൽ മെഗിദോ വലിയൊരു പ്രതീകമാണ്. ജീവിതംതന്നെ യുദ്ധഭൂമിയാണെന്നും ഇവിടെ നന്മയോടു ചേർന്നു നില്ക്കുക ജീവൽ പ്രധാനമാണെന്നും അനുസ്മരിപ്പിക്കുന്ന പ്രതീകം. ഇന്നെടുക്കുന്ന തീരുമാനമാണ് അന്തിമവിധിയിലും പരിഗണിക്കപ്പെടുക. ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനു വേണ്ടിയുള്ള യുദ്ധം അതിന്റെ അന്തിമഘട്ടത്തിലെത്തിയിരിക്കുന്നു എന്നും മെഗിദോ-ഹർമഗെദോൻ അനുസ്മരിപ്പിക്കുന്നു.

# 69

## ജെസ്രേൽ
## രക്തം തളം കെട്ടിയ തോട്ടം

*ദൈവം വിതയ്ക്കുന്നു, ഫലപുഷ്ടമാക്കുന്നു*, എന്നാണ് *ജെസ്രേൽ* എന്ന ഹീബ്രു നാമത്തിന്റെ അർത്ഥം. കാനാൻദേശത്തെ ഏറ്റം ഫലപുഷ്ടമായ ഒരു താഴ്‌വര ആയതിനാലാവാം ഈ പേരു ലഭിച്ചത്. ഗലീലിയെയും സമറിയായെയും തമ്മിൽ വേർ തിരിക്കുന്ന ഈ സമതലത്തിന്റെ പടിഞ്ഞാറു ഭാഗം *എസ്ദ്രലോൺ* എന്നും കിഴക്കുഭാഗം *ജെസ്രേൽ* എന്നും അറിയപ്പെടുന്നു. അവിടെയുള്ള പട്ടണത്തിന്റെ പേരാണ് സമതലത്തിനും നല്കപ്പെട്ടത്.

ഗിൽബൊവാ മലയുടെ വടക്കെ ചരുവിൽ, താബോർ മലയിൽനിന്ന് ഏകദേശം 20 കി.മീ. തെക്കായി സ്ഥിതി ചെയ്തിരുന്ന ജെസ്രേൽ തന്ത്രപ്രധാനമായ ഒരു പട്ടണമായിരുന്നു. മെഗിദോയിൽ നിന്ന് ഏകദേശം 15 കി.മീ കിഴക്ക് സ്ഥിതിചെയ്യുന്ന ഈ പട്ടണം, മെഗിദോ പോലെ തന്നെ പ്രധാനപ്പെട്ടതായിരുന്നു. സുപ്രധാനമായ വാണിജ്യപാതകൾ കടന്നുപോയിരുന്നതിനാൽ അനേകം യുദ്ധങ്ങൾക്ക് ഈ പട്ടണവും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഫിലിസ്ത്യർക്കെതിരേയുള്ള അന്തിമപോരാട്ടത്തിന് സാവൂളിന്റെ സൈന്യം പാളയമടിച്ചത് ജെസ്രേലിലാണ് (1 സാമു 29,1).

നാബോത്ത് എന്ന കർഷകന്റെ മുന്തിരിത്തോട്ടവുമായി ബന്ധപ്പെട്ടാണ് ജെസ്രേൽ ഏറ്റം കൂടുതൽ അറിയപ്പെടുന്നത് (1 രാജാ 21). ആഹാബ് രാജാവിന്റെ വേനൽക്കാല വസതി ജെസ്രേലിയായിരുന്നു. തന്റെ കൊട്ടാരത്തിനടുത്തുള്ള മുന്തിരിത്തോട്ടം വില കൊടുത്തുവാങ്ങാൻ ആഹാബ് ശ്രമിച്ചെങ്കിലും ഉടമസ്ഥനായ

നാബോത്ത് വില്ക്കാൻ വിസമ്മതിച്ചു. ഇതറിഞ്ഞു കുപിതയായ രാജ്ഞി ജെസബെൽ കൊടുത്തയച്ച കല്പനപ്രകാരം ജെസ്രേയിലെ ശ്രേഷ്ഠന്മാർ നാബോത്തിനെതിരെ ഇല്ലാത്ത കുറ്റങ്ങൾ ആരോപിച്ച് വധശിക്ഷ വിധിച്ചു, അയാളെയും കുടുംബത്തെയും കല്ലെറിഞ്ഞു കൊന്നു. നിരപരാധനായ നാബോത്തിന്റെ രക്തം മുന്തിരിത്തോട്ടത്തിൽ നിന്നു പ്രതികാരത്തിനായി നിലവിളിച്ചു. നിലവിളി കേട്ട ദൈവം ഏലിയാ പ്രവാചകനിലൂടെ ശിക്ഷാവിധി അറിയിച്ചു. "*നാബോത്തിന്റെ രക്തം നായ്ക്കൾ നക്കി കുടിച്ച സ്ഥലത്തുവച്ചുതന്നെ നിന്റെ രക്തവും നായ്ക്കൾ നക്കി കുടിക്കും... ജെസ്രേലിന്റെ അതിർത്തികൾക്കുള്ളിൽ വച്ച് ജെസബെലിനെ നായ്ക്കൾ തിന്നും*" (1 രാജാ 21,19-24).

അതിഭീകരമാംവിധം പ്രവചനം പൂർത്തിയായി. സിറിയായുമായുള്ള യുദ്ധത്തിൽ ആഹാബു മരിച്ചു. "*കർത്താവ് അരുളിച്ചെയ്തതുപോലെ നായ്ക്കൾ അവന്റെ രക്തം നക്കിക്കുടിച്ചു*" (1 രാജാ 22,38). എലിഷാ പ്രവാചകൻ അയച്ച ശിഷ്യൻ രാജാവായി അഭിഷേകം ചെയ്ത യേഹു ജെസ്രേലിൽ വന്ന് ജെസബെലിനെ വധിച്ചു. ആഹാബിന്റെ കുടുംബത്തെയും പരിവാരങ്ങളെയും കൊന്നൊടുക്കി. സമറിയായിൽ വസിച്ചിരുന്ന ആഹാബിന്റെ എഴുപതു മക്കളുടെ ശിരസ്സുകൾ വെട്ടിയെടുത്തു കുട്ടകളിലാക്കി ജെസ്രേലിലേക്കു കൊണ്ടുവരാൻ കല്പിച്ചു. അങ്ങനെ ഏലിയാ പ്രവാചകൻ വഴി അറിയിച്ച ശിക്ഷാവിധി നിറവേറി (2 രാജാ 9-10).

നാബോത്തിന്റെ രക്തത്തിനു പ്രതികാരം ചെയ്ത യേഹു ജെസ്രേലിൽ ഒരു രക്തപ്പുഴ തന്നെ ഒഴുക്കി. അത് കർത്താവ് ആഗ്രഹിച്ചതോ കല്പിച്ചതോ ആയിരുന്നില്ല. ശിക്ഷാവിധി പ്രതികാരഭ്രാന്തായി മാറിയപ്പോൾ അത് യേഹുവിനും കുടുംബത്തിനും മീതേ വീണ്ടും ശിക്ഷയായി നിപതിച്ചു. ഹോസിയാ പ്രവാചകൻ ദൈവകല്പനപ്രകാരം തന്റെ ആദ്യജാതന് ജെസ്രേൽ എന്ന പേരു നല്കിക്കൊണ്ട് യേഹു കുടുംബത്തിന്റെ മേലുള്ള ശിക്ഷാവിധി അറിയിച്ചു. "*ജെസ്രേലിലെ രക്തച്ചൊരിച്ചിലിന് യേഹുവിന്റെ കുടുംബത്തെ താമസമെന്നിയേ ഞാൻ ശിക്ഷിക്കും*" (ഹോസി 1,4). നീതി നടപ്പിലാക്കുകയും നിരുപാധികം ക്ഷമിച്ച് സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പ്രതികാരത്തിന്റെ ശൃംഖല ഭേദിക്കാനാവൂ. ജെസ്രേലിൽ നിന്നുയരുന്ന രക്തത്തിന്റെ നിലവിളിക്ക് ക്ഷമിക്കുന്ന സ്നേഹം മാത്രമാണ് പ്രത്യുത്തരം.

# 70

# കാർമ്മൽ
# തീരുമാനത്തിന്റെ മല

*കർത്താവിന്റെ ഉദ്യാനം* എന്നാണ് "*കാർമ്മൽ*" എന്ന പേരിന്റെ അർത്ഥം. പലസ്തീനായുടെ പടിഞ്ഞാറ്, ഹയ്ഫാ തുറമുഖത്തിനടുത്ത്, മധ്യധരണ്യാഴിയിലേക്കു തള്ളിനില്ക്കുന്ന ഏകദേശം 600 മീറ്റർ ഉയരമുള്ള മലയാണ് കാർമ്മൽമല. ഇത് ഏകദേശം 20 കി.മീ. നീളവും 5–10 കി.മീ. വീതിയുമുള്ള പർവ്വതനിരയിലെ ഒരു കൊടുമുടിയാണ്. പലസ്തീനായുടെ പടിഞ്ഞാറുള്ള കടൽത്തീര സമതലത്തെ രണ്ടായി തിരിക്കുന്ന ഈ മലനിര ഒരു സ്വാഭാവിക അതിർത്തിയായിരുന്നു. ഇതിനു വടക്ക് *ആക്കോ* സമതലം, തെക്ക് *ഷാരോൺ* സമതലം. കാനാൻ ദേശം ഗോത്രങ്ങൾക്കായി വീതിച്ചപ്പോൾ ആഷേർ ഗോത്രത്തിന്റെ പടിഞ്ഞാറെ അതിർത്തിയായി ജോഷ്വാ നിശ്ചയിച്ചതാണ് കാർമ്മൽ മലനിര. ഒരുകാലത്ത് ഈ മലനിര ഇസ്രായേൽ രാജ്യത്തിന്റെ വടക്കു പടിഞ്ഞാറെ അതിർത്തിയായി പരിഗണിച്ചിരുന്നു.

പുരാതനകാലം മുതലേ കാർമ്മൽ ഒരു വിശുദ്ധ പർവ്വതമായി കരുതപ്പെട്ടിരുന്നു. ബി.സി. പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു ഈജിപ്തു രേഖയിൽ ഇതിനെ "*റോഷ്ഖിദ്ഷു*" (*വിശുദ്ധശിരസ്*) എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കടലിലേക്കു തല നീട്ടി നില്ക്കുന്ന ഒരു കലമാനിനെപ്പോലെയാണ് ഈ മലയെന്നും ഈജിപ്തു രേഖകളിൽ കാണുന്നു.

ഏലിയാ പ്രവാചകനുമായി ബന്ധപ്പെട്ടാണ് ബൈബിളിൽ കാർമ്മൽമല ഏറ്റം കൂടുതൽ അറിയപ്പെടുന്നത്. ബാൽ ആരാ

ധന ഒരു രാജകീയ നയമായി ജെസബെൽ രാജ്ഞി ഇസ്രായേലിൽ പ്രചരിപ്പിക്കുകയും യാഹ്‌വേയെ ആരാധിക്കുന്നതു വിലക്കുകയും ചെയ്ത സാഹചര്യത്തിൽ ജനത്തെ ഒരു തീരുമാനത്തിനായി ഏലിയാ പ്രവാചകൻ വെല്ലുവിളിച്ചത് കാർമ്മൽ മലയിൽ വച്ചാണ് (1 രാജാ 18). ഇടിയും മഴയും മണ്ണിനു ഫലപുഷ്ടിയും അയയ്ക്കുന്നത് ബാൽദേവനാണെന്നു പഠിപ്പിച്ച ജെസബെലിന്റെ പുരോഹിതന്മാരെയും പ്രവാചകന്മാരെയും ഒരു അഗ്നിപരീക്ഷണത്തിന് ഏലിയാ വെല്ലുവിളിച്ചു; ആകാശത്തുനിന്ന് അഗ്നിയിറക്കി ബലി സ്വീകരിക്കുന്നതാരോ അതായിരിക്കും യഥാർത്ഥ ദൈവം. മൂകസാക്ഷിയായി ജനം നോക്കിനിന്നു. ദിവസം മുഴുവൻ അലറിവിളിച്ചും ദേഹം വെട്ടി മുറിച്ചും ശ്രമിച്ചിട്ടും ബാലിന്റെ പുരോഹിതർക്ക് അഗ്നിയിറക്കാൻ കഴിഞ്ഞില്ല. സായാഹ്ന ബലിയുടെ സമയമായപ്പോൾ ഏലിയാ ബലിപീഠമൊരുക്കി, മൃഗത്തെമുറിച്ച് ബലിപീഠത്തിൽ വച്ചു; കർത്താവിനെ വിളിച്ചപേക്ഷിച്ചപ്പോൾ ആകാശത്തുനിന്ന് അഗ്നിയിറങ്ങി. ഏലിയാ വിശ്വസിക്കുന്ന യാഹ്‌വേ തന്നെ ദൈവം എന്ന് ഇസ്രായേൽ ജനം ഒന്നടങ്കം ഏറ്റു പറഞ്ഞു. അങ്ങനെ ആരാണ് യഥാർത്ഥ ദൈവം എന്നു തെളിയുകയും ജനം ഉറച്ച തീരുമാനമെടുക്കുകയും ചെയ്ത മലയാണ് കാർമ്മൽ.

ഏലിയായുടെ ശിഷ്യനായ എലീഷായും അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പ്രവാചകഗണങ്ങളും കാർമ്മൽ മലയിൽ വസിച്ചിരുന്നു (2 രാജാ 2,25; 4,25). ചരിത്രത്തിലുടനീളം ഈ വിശുദ്ധ പാരമ്പര്യം നിലനിന്നു. എ.ഡി. ഒന്നാം നൂറ്റാണ്ടിൽ അവിടെ സേവൂസ് ദേവന്റെ ഒരു ക്ഷേത്രമുണ്ടായിരുന്നു. യഹൂദരുടെ കലാപം അടിച്ചമർത്താനായി അയയ്ക്കപ്പെട്ട റോമൻ സൈന്യാധിപൻ വെസ്പാസിയാൻ ആ ക്ഷേത്രത്തിൽ ബലിയർപ്പിച്ചു; അദ്ദേഹം റോമാ ചക്രവർത്തിയാകും എന്ന് അവിടെവച്ച് അരുളപ്പാടുണ്ടായി. പില്ക്കാലത്ത് കാർമ്മൽ മലയിൽ ക്രിസ്തീയ താപസർ വസിച്ചിരുന്നു. അവരുടെ പിൻഗാമികളാണ് 12-ാം നൂറ്റാണ്ടുമുതൽ കർമ്മലീത്താ സന്യാസികൾ എന്ന പേരിൽ അറിയപ്പെടുന്നത്.

ദൈവത്തിന്റെ ഉദ്യാനം, ഫലപുഷ്ടമായ ഭൂമി എന്നൊക്കെയാണ് കാർമ്മൽ എന്ന പേരിന് അർത്ഥം. പഴയനിയമകാലത്ത്

നിബിഡവനമായിരുന്ന കാർമ്മൽ ഫലപുഷ്ടിയുടെ പ്രതീകമായിട്ടാണ് അറിയപ്പെടുന്നത് (ഏശ 35,2; ജറെ 50,19; ആമോ 1,2; നാഹു 1,4). ഇന്നും കാർമ്മൽ മലയോരം ഫലപുഷ്ടമാണ്. അവിടുത്തെ മുന്തിരിയും വീഞ്ഞും പ്രസിദ്ധമത്രെ.

രണ്ടു വഞ്ചിയിൽ കാൽവച്ചു യാത്ര ചെയ്യാതെ, ഉറച്ച തീരുമാനം എടുത്ത്, കർത്താവിനെമാത്രം ദൈവമായി ആരാധിക്കാനും അവിടുത്തെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാനും ആഹ്വാനം ചെയ്തുകൊണ്ട് ഇന്നും തല ഉയർത്തിനില്ക്കുന്നു കാർമ്മൽമല.

കാർമ്മൽ എന്ന പേരിൽ തെക്ക് യൂദായിൽ ഒരു പട്ടണമുണ്ട്. സാവൂളിനെ ഭയന്ന് ഒളിച്ചുനടന്ന കാലത്ത് ദാവീദ് തന്നെ അവഹേളിച്ച ധനാഢ്യനായ നാബാലിനെതിരേ പ്രതികാരത്തിനു മുതിരുകയും അയാളുടെ ഭാര്യ അബിഗായിലിന്റെ അഭ്യർത്ഥന മാനിച്ചു പിന്മാറുകയും ചെയ്തത് ഈ കാർമ്മലിൽ വച്ചാണ്. നാബാലിന്റെ മരണത്തിനുശേഷം അബിഗായിൽ ദാവീദിന്റെ ഭാര്യയായി (1 സാമു 25). പ്രതികാരത്തിൽനിന്ന് പിന്തിരിപ്പിക്കുന്ന വിവേകത്തിന്റെ മാതൃകയാണ് കാർമ്മൽ.

# 71

## ജറുസലെം
## സമാധാനത്തിന്റെ നഗരം

*"സമാധാനത്തിനുള്ള മാർഗ്ഗങ്ങൾ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നെങ്കിൽ!"* (ലൂക്കാ 19,42).

രക്ഷാചരിത്രത്തിന്റെ നാൾവഴികളിലൂടെയുള്ള ഈ തീർത്ഥാടനത്തിൽ നിർണ്ണായകമായൊരു സ്ഥലമാണ് ജറുസലെം. അബ്രാഹത്തിന്റെ വിശ്വാസപൈതൃകം അവകാശപ്പെടുന്ന ഇസ്രായേൽക്കാർക്കും ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കും ഏറെ പ്രാധാന്യമുള്ള നഗരമാണത്. തങ്ങളുടെ വിശ്വാസത്തിന്റെ കേന്ദ്രമായ ഉടമ്പടിയുടെ പേടകം സൂക്ഷിച്ചിരുന്ന ദേവാലയം ജറുസലെമിൽ ആയിരുന്നു എന്നതാണ് ഇസ്രായേൽക്കാർക്ക് ഈ നഗരം ഏറ്റം പ്രധാനപ്പെട്ടതാകാൻ കാരണം. മനുഷ്യനായി അവതരിച്ച ദൈവപുത്രനായ യേശുക്രിസ്തു തന്റെ കുരിശുമരണവും ഉത്ഥാനവും മഹത്വീകരണവും വഴി മനുഷ്യരക്ഷ സാക്ഷാൽക്കരിച്ചതും പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ട് സഭ സ്ഥാപിച്ചതും ജറുസലെമിൽ ആയതിനാൽ ക്രിസ്ത്യാനികൾക്ക് ഏറ്റം പ്രധാനപ്പെട്ട വിശുദ്ധ സ്ഥലമാണത്. ഇസ്ലാം മതസ്ഥാപകനായ മുഹമ്മദ് അവിടെനിന്നു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു എന്നു വിശ്വസിക്കുന്ന മുസ്ലീമുകൾക്കും ജറുസലെം ഏറെ പ്രധാനപ്പെട്ട നഗരമാണ്.

അബ്രാഹവുമായി ബന്ധപ്പെട്ടാണ് ജറുസലെം ആദ്യമായി ബൈബിളിൽ പരാമർശവിഷയമാകുന്നത്. യുദ്ധം ജയിച്ചു തിരി

ച്ചുവരുന്ന അബ്രാഹത്തെ സ്വീകരിക്കാൻ കാഴ്ചകളുമായി വന്ന മെൽക്കിസെദെക്ക് ജറുസലെമിലെ രാജാവായിരുന്നു (ഉൽപ 14,18). തന്റെ ഏകജാതനെ അർപ്പിക്കാൻ അബ്രാഹം ബലിപീഠം ഒരുക്കിയ മോറിയാ മലയിലാണ് ദാവീദ് ഉടമ്പടിയുടെ പേടകം കൂടാരത്തിൽ പ്രതിഷ്ഠിച്ചതും പിന്നീട് സോളമൻ ദേവാലയം നിർമ്മിച്ചതും. അതോടെ ഇസ്രായേൽ ജനത്തിന്റെ ഏറ്റം പ്രധാനപ്പെട്ട നഗരമായി മാറി ജറുസലെം.

*സമാധാനത്തിന്റെ നഗരം* എന്നാണ് ജറുസലെം എന്ന പേരിന്റെ അർത്ഥം. എന്നാൽ ഇത്രമാത്രം അസമാധാനത്തിലൂടെ കടന്നുപോയ മറ്റേതെങ്കിലും നഗരം ലോകത്തിൽ ഉണ്ടോ എന്നു സംശയിക്കണം. ആകെ 52 തവണ ജറുസലെമിൽ യുദ്ധമുണ്ടായി. 44 തവണ നഗരം കീഴടങ്ങി. 23 തവണ ദീർഘമായ ഉപരോധത്തിനു വിധേയമായി. രണ്ടുതവണ സമൂലം നശിപ്പിക്കപ്പെട്ടു. റോമാക്കാർ രണ്ടുതവണ നഗരം കീഴടക്കിയതിനുശേഷം ക്രിസ്ത്യാനികളും മുസ്ലീമുകളും മാറിമാറി അവിടെ ആധിപത്യം സ്ഥാപിച്ചു. 1948 മെയ് 14-ാം തിയതി ഇസ്രായേൽ എന്ന രാജ്യം നിലവിൽ വന്നപ്പോൾ ജറുസലെമിന്റെ കിഴക്കുഭാഗം ജോർദ്ദാൻ രാജ്യത്തിന്റെയും പടിഞ്ഞാറുഭാഗം ഇസ്രായേലിന്റെയും ആധിപത്യത്തിലായി. 1967 ജൂൺ 5-10 ൽ നടന്ന ആറുദിവസയുദ്ധത്തിൽ (Friday War) വിജയിച്ച ഇസ്രായേൽ ജറുസലെമിനെ വീണ്ടും ഒറ്റ നഗരമാക്കി, തങ്ങളുടെ രാജ്യത്തിന്റെ തലസ്ഥാനമായി പ്രഖ്യാപിച്ചു. പിന്നീട് എല്ലാവർക്കും അവിടെ മതസ്വാതന്ത്ര്യം അനുവദിച്ചു. എന്നാലും അസമാധാനം നീറിപ്പുകയുന്ന ഒരു നഗരമാണ് ഇന്നും ജറുസലെം.

യേശു തന്റെ പരസ്യജീവിതത്തിലെ അവസാനത്തെ ആഴ്ച ചിലവഴിച്ചത് ജറുസലെമിലായിരുന്നു. നിരന്തരമായ അവിശ്വസ്തതമൂലം നഗരത്തിനു സംഭവിക്കാൻ പോകുന്ന ദുരന്തത്തെക്കുറിച്ച് യേശു പലതവണ മുന്നറിയിപ്പുകൾ നല്കി, മാനസാന്തരത്തിനു ക്ഷണിച്ചായിരുന്നു. അതിൽ അവസാനത്തെ ആഹ്വാനമാണ് ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

"*ദാവീദിന്റെ പുത്രൻ ഹോസാന... കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതൻ*" (മത്താ 21,9; ലൂക്കാ 19,38) എന്ന് ആർത്തുവിളിക്കുന്ന ആയിരങ്ങളുടെ അകമ്പടിയോടെ, രാജകീയ

മായി, കഴുതപ്പുറത്തുവരുന്ന യേശു ഒലിവുമലയിൽനിന്നു ജറുസലെമിനെ നോക്കി വിലപിച്ചു. സമാധാനത്തിനുള്ള അവസാനത്തെ അവസരമായിരുന്നു അത്. "*എന്നാൽ അവ ഇപ്പോൾ നിന്റെ ദൃഷ്ടിയിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. ശത്രുക്കൾ നിനക്കു ചുറ്റും പാളയമടിച്ചുനിന്ന് വളയുകയും... നിന്നിൽ കല്ലിന്മേൽ കല്ലു ശേഷിപ്പിക്കാതിരിക്കുകയും ചെയ്യും. എന്തെന്നാൽ നിന്റെ സന്ദർശനദിനം നീ അറിഞ്ഞില്ല*" (ലൂക്കാ 19, 41-44).

മാനസാന്തരത്തിനുള്ള അവസാനത്തെ ആഹ്വാനവും തിരസ്കരിച്ച ജറുസലെം എ.ഡി. 70-ൽ നശിപ്പിക്കപ്പെട്ടു. യേശുവിന്റെ പ്രവചനം പൂർത്തിയായി. എന്നാലും നശിപ്പിക്കപ്പെട്ട നഗരം പലതവണ പുതുക്കിപ്പണിയപ്പെട്ടു. ആണ്ടുതോറും തീർത്ഥാടകരായി വരുന്ന അനേകായിരങ്ങൾക്കുമുമ്പിൽ ജറുസലെം ഇന്നും വലിയൊരു പ്രതീകവും തീക്ഷ്ണമായ ആഹ്വാനവുമായി നില്ക്കുന്നു; ഒരിക്കലും അസ്തമിക്കാത്ത ദൈവസ്നേഹത്തിന്റെ പ്രതീകവും, മാനസാന്തരത്തിനുള്ള ആഹ്വാനവും.

ദൈവം ഒരുവൻ മാത്രമേ ഉള്ളൂ. മനുഷ്യരെല്ലാം ആ ഏകദൈവത്തിന്റെ മക്കളും, അതിനാൽത്തന്നെ പരസ്പരം സഹോദരങ്ങളുമാണ്. ആകയാൽ എല്ലാവരും പരസ്പരം അംഗീകരിച്ചും സ്നേഹിച്ചും, ഐക്യത്തിലും സമാധാനത്തിലും ജീവിക്കണം എന്നതാണ് ദൈവഹിതം എന്നു സമാധാനത്തിന്റെ നഗരമായ ജറുസലെം അനുസ്മരിപ്പിക്കുന്നു. തകർന്നുപോയ ദേവാലയത്തിന്റെ പടിഞ്ഞാറേ മതിലിനുമുമ്പിൽ വിലപിക്കുന്ന യഹൂദരും, ദേവാലയഗിരിയിൽ പണിയപ്പെട്ടിരിക്കുന്ന മോസ്കുകളിൽ നിസ്കരിക്കുന്ന മുസ്ലീമുകളും, കാൽവരിയിലും തിരുക്കല്ലറയുടെ മുമ്പിലും പ്രാർത്ഥിക്കുന്ന ക്രിസ്ത്യാനികളും ഓർമ്മിക്കണം, തങ്ങൾ ആരും ശത്രുക്കളല്ല, സഹോദരങ്ങളാണ് എന്ന സത്യം.

ഐക്യരാഷ്ട്ര സംഘടനയുടെ കീഴിൽ ഒരു സ്വതന്ത്രനഗരമായി ജറുസലെമിനെ പ്രഖ്യാപിക്കണം എന്ന് പോൾ VI മാർപാപ്പാ മുന്നോട്ടുവച്ച നിർദ്ദേശം സ്വീകരിച്ചിരുന്നെങ്കിൽ ഈ പ്രതീക്ഷയും സ്വപ്നവും യാഥാർത്ഥ്യമാകുമായിരുന്നു. ഇനിയും ആ സാധ്യത നിലനില്ക്കുന്നു.

കണ്ണീരെല്ലാം തുടച്ചുമാറ്റുന്ന, മരണവും വേർപാടും ദുഃഖവും മുറവിളിയും ഇല്ലാത്ത, സമ്പൂർണ്ണമായ സന്തോഷവും ശാശ്വ

തമായ സമാധാനവും പ്രദാനം ചെയ്യുന്ന, പുതിയ ജറുസലെമിലേക്കു വിരൽചൂണ്ടുന്ന, ദാവീദിന്റെ നഗരമായ ഭൗതിക ജറുസലെമിൽ ഈ തീർത്ഥാടനത്തിന്റെ ആദ്യഘട്ടം സമാപിക്കാം, ശാശ്വതമായ സമാധാനം എന്ന സ്വപ്നം വേഗം സാക്ഷാൽക്കരിക്കപ്പെടും എന്ന പ്രതീക്ഷയോടെ, സമാധാനം നല്കണമേ എന്ന പ്രാർത്ഥനയോടെ...